Y1:352132:N5 32K01 INDIAN NADODI KATHAKAL

KUMARI SITHACHARI

Y1:351:13'2:N5
32K01

MUL
216233

**Madras University Library**

Call Number

Accession Number

Available for loan from

his book should be returned on or before the date last marked below.

# ഇന്ത്യയിലെ
# നാടോടി
# കഥകൾ

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,
തുറവൂർ.

MALAYALAM 58

# INDIAN NADODI KATHAKAL

**Folk Tales & Legends in India.**

*Compiled by:* KUMARI SITHACHARI

*Translated by:* N. GOPI

Copyright : The Oxford University Press, Mound Road, Madras-2.
Gotam the ungrateful
The Grumbler
Four Idlers
Leave not the path of God
All's well that ends well
The adventure of a merchant's son
The story of Birbal
Agaria tale of the creation of the world
Barga tale of sun, moon & stars
Dhurwa tale of water
Panka tale of fire
Kutha Kond birds No. 5.
Hill Saora Elephant No. 72
Origin of castes and tribes No. 18
The Indian Institute of World Culture,
6, North Public Square Road, Bangalore-4.
The Three Wise Men The Spirit and The Broomstick
M/s. Routledge and Kegan Paul, Broadway House,
68—74, carter Lane, LONDON E. C 4,
A Stupid Husband and His Clever Wife
Hind Kitabs Ltd., Church Gate House,
32—24, Vir Nariman Road, BOMBAY—1.
The Wily Dervish Meets His Fate
The Hutchinson Group, 178—202, Great Portland Street.
LONDON W. I.
The Sheep, The Lamb
The Story of The Lama's Servant

---

First Published November 1960
First Edition 3000

*Published by:*

SREE NARASIMHA VILASAM BOOK DEPOT
THURAVOOR, KERALA STATE.

1-50

# ഇന്ത്യയിലെ
# നാടോടി കഥകൾ

സമ്പാദനം:

**കുമാരി സീതാചാരി**

വിവർത്തനം:

**എൻ. ഗോപി**

UNIVERSITY LIBRARY
27 AUG 1964
MADRAS

ശ്രീ നർസിംഹവിലാസം ബുക്കഡിപ്പോ,
തുറവൂർ, കേരളം.

1-50

Published under the auspices of
Southern Languages Book Trust, Madras.

216233
Y1:351:13:2:N5
32 K01

# ആമുഖം

വായനക്കാർക്ക് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയെപ്പററി, ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ പ്രഥമഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു് നേടിയ പരിചയത്തിൻെറ അടിസ്ഥാനത്തിൽ രണ്ടാമതൊരുകൂട്ടം പുസ്തകങ്ങൾ ദ്രാവിഡഭാഷകളിൽ അവതരിപ്പിക്കുകയാണു്. വളരെ ശ്രദ്ധയോടുകൂടിയാണു് ഈ പുസ്തകങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു്. വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ ട്രസ്റ്റ് തിരഞ്ഞെടുക്കുകയെന്നതു സ്വാഭാവികം മാത്രമാണല്ലോ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിൻെറ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി വിലയേറിയ സേവനം ചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുകയെന്നതു് യുക്തംമാത്രമാണു്.

തത്വജ്ഞാനം, മതം, ശാസ്ത്രം, ക്ലാസിക്കുകൾ, ധനതത്വശാസ്ത്രം മുതലായവയ്ക്കെല്ലാം ഈ പരിപാടിയിൽ സ്ഥാനംകൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണവസ്തുഗവേഷണം, അനശ്വരകലാസൃഷ്ടികളായ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാർക്കു വേണ്ട വൈവിധ്യം ഈ പദ്ധതിയിലുണ്ടെന്നും അതു് അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകർഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻഭാഷകൾ തമ്മിലുള്ള സാഹിത്യൈകമാററമാണു് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിൻെറ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താല്പര്യമുള്ളവരുടെ എണ്ണം വളരെ വർദ്ധിക്കുന്നതാണു്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിനു് അതിൻെറ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററുവാൻ കഴിയുമെന്നു് ഞാൻ ആശിക്കുന്നു.

എ. എൽ. മുതലിയാർ.

*Printed at:* THE GOSRI SCOUT PRESS, COCHIN-2.
**November 1960 – Copies 3000**

# അവതാരിക

"പണ്ടു് ഒരു രാജാവുണ്ടായിരുന്നു" എന്ന വാക്കുകൾ കേൾക്കുന്ന ഏതു കുട്ടിയും പ്രത്യേകിച്ചു് അനേകം കഥകളുടെ നാടായ ഇൻഡ്യയിലെ ഏതു കുട്ടിയും—രാജകുമാരൻെറ ശൗര്യപരാക്രമംനിറഞ്ഞ കഥ കേൾക്കുവാൻ തയ്യാറാകും. എല്ലാ അമ്മൂമ്മമാരും കഥ പറഞ്ഞുകൊണ്ടു് ചെറുപ്രായമുള്ള കുട്ടികളുടെ കനത്ത കൺപോളകളിലേയ്ക്കു് ഉറക്കത്തെ ക്ഷണിച്ചുവരുത്താറുണ്ടു്. മനുഷ്യരുടെ ഇടയിലേയ്ക്കു ദേവന്മാരും ദേവതകളും കടന്നുചെല്ലുന്നതുൾപ്പെടെയുള്ള അത്ഭുതകൃത്യങ്ങളുടെയും വീരപരാക്രമങ്ങളുടേയും കഥകൾ ബാലികാബാലന്മാരുടെ മനസ്സിൽ ഉത്തേജജനകമായ സ്വപ്നങ്ങൾ സൃഷ്ടിക്കുന്നു. അവർ അത്തരം കഥകൾ വളരെ ആർത്തിയോടുകൂടി കേൾക്കുന്നു.

പ്രധാനമായി സംസ്കൃതമൊഴിച്ചു് പതിന്നാലുഭാഷകൾ സംസാരിക്കുന്ന ഇൻഡ്യയിലെ ജനങ്ങൾക്കു് ഈ പഴയ കഥകളിലും ഐതിഹ്യങ്ങളിലും ഇന്നും പ്രതിപത്തിയുണ്ടു്. ചിലപ്പോൾ ഈ കഥകൾക്കു് പുതിയ ജീവിതവും വേഷവും ലഭിച്ചിട്ടുണ്ടെങ്കിൽ അതു് ഇൻഡ്യയുടെ നീണ്ട ചരിത്രത്തിലെ അനിവാര്യമായ കീഴ്മേൽ മറിച്ചിലുകളുടെ ഫലമാണു്. ഇവയ്ക്കു ജനങ്ങളുടെയിടയിൽ പ്രചാരമുള്ള കാലത്തോളം നിരക്ഷരത്വം ജനങ്ങളുടെ മനോവികാസത്തിനു് വലിയ വിഘ്നമായി നില്ക്കുന്നില്ല. ഏററവും മഹത്തായ കൃത്യ

ങ്ങളും ഉത്തമമമായ ആശയങ്ങളും ഇത്തരം കഥകളിലൂടെയാണ് നിലനിർത്തി കൊണ്ടുവന്നിട്ടുള്ളതു്. അനേകം തലമുറകളായി ശ്രോതാക്കളുടെ ജീവിതസമ്പ്രദായത്തെ നിയന്ത്രിക്കുന്നതിനു് ഈ കഥകൾക്കു സാധിച്ചിട്ടുണ്ടു്.

ഈ ഗ്രന്ഥത്തിൽ അത്തരം ഗ്രാമീണകഥകളും ഐതിഹ്യങ്ങളുമാണുള്ളതു്. ആന്ധ്ര, ആസ്സാം, ബംഗാൾ, ഡെക്കാൻ, ഗുജറാറ്റ്, കർണ്ണാടകം, കാഷ്മീർ, മഹാരാഷ്ട്രം, മലബാർ, ഒറിയാ, തമിഴ്, തിബത്ത്, ഉത്തരപ്രദേശ്—ഇങ്ങിനെ പതിമൂന്നു പ്രവിശ്യകളിൽനിന്നും സംസ്കൃതത്തിൽനിന്നും ഏതാണ്ടു് സമാനരൂപമായ ആശയങ്ങളുൾക്കൊള്ളുന്ന സങ്കല്പകൃതികളാണു് ഇവ.

ഈ രാജ്യത്തിലെ എല്ലാഭാഗത്തുമുള്ള ജനങ്ങളെ രസിപ്പിച്ച കഥകളുടെ തർജ്ജമകൾ പഴയപടി സംതൃപ്തിയും ജിജ്ഞാസയും പുതിയ തലമുറകളിൽ വളർത്തുമെങ്കിൽ അവ പാഴായിട്ടില്ല. ഇൻഡ്യയുടെ ഫലഭൂയിഷ്ഠമായ ഭാവി ശ്രേഷ്ഠമായ ഭൂതകാലമായി ബന്ധപ്പെട്ടാണിരിക്കുന്നതു്. ഈ നാടൻകഥകൾക്കും ഐതിഹ്യങ്ങൾക്കും ശാശ്വതമായ ആദർശങ്ങളെക്കുറിച്ചു് പ്രതിപാദിക്കുവാൻ സാധിക്കുമെങ്കിൽ, ഇവയോടുള്ള പ്രത്യേക പ്രതിപത്തിയിൽ ഒരിക്കലും നിരാശപ്പെടേണ്ടതില്ല.

**കെ. ചന്ദ്രശേഖരൻ.**

# കഥകൾ

1. വിക്രമമഹാരാജാവ്
2. മൂന്നു വിജ്ഞാനികൾ (ആസ്സാം)
3. ഭൂതവും ചൂലും
4. മാണിക്യത്തിന്റെ ഉത്ഭവസ്ഥാനം.
5. ശിക്ഷിക്കു; പക്ഷേ, ശ്രദ്ധിക്കു. (ബംഗാൾ)
6. അന്തിമാഭിലാഷം
7. നന്ദികെട്ട ഗൗതമൻ. (തെലുങ്ക്)
8. ആക്ഷേപക്കാരൻ. (ഗുജറാത്തി)
9. നാലു മടിയന്മാർ. (കന്നട)
10. വിഡ്ഢിയായ ഭർത്താവും സമർത്ഥയായ ഭാര്യയും (കാശ്മീർ)
11. വികടയോഗിയുടെ കപടനാടകം. (കാശ്മീർ)
12. പറച്ചി പെററ പന്ത്രണ്ടാൾ (മലയാളം)
13. ഈശ്വരവിചാരം വിടരുത്. (മറാത്തി)
14. നന്നായിത്തീർന്നാൽ എല്ലാം നന്ന് (ഒറിയ)
15. വർത്തകപുത്രന്റെ ധീരകൃത്യങ്ങൾ. (തമിഴ്)
16. ആടും ആട്ടിൻകുട്ടിയും ചെന്നായും മുയലും (തിബത്ത്)
17. ലാമയുടെ ഭൃത്യൻ
18. വീരബലൻ (ഹിന്ദി)
19. ഗ്രാമീണനും രാക്കയിലും
20. വേടനും കുറുക്കനും

21. ചെന്നായ്, കാക്ക, കുറുക്കൻ, സിംഹം
22. അഗറിയ — ലോകസൃഷ്ടി (മധ്യപ്രദേശ്)
23. വൈഗ — സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും കഥ
24. ദുർവാ — വെള്ളത്തിന്റെ കഥ
25. പങ്ക — തീയിന്റെ കഥ
26. ഗോത്രവർഗ്ഗപരിഷ്കർത്താക്കൾ
27. പുകയിലമാഹാത്മ്യം.
28. പരലോകം
29. കുട്ടിയാ കോൺഡ് — പക്ഷി
30. ഹിൽസവോറ — ആന
31. ജാതികളുടെയും വർഗ്ഗങ്ങളുടെയും ഉത്ഭവം.

UNIVERSITY LIBRARY
27 AUG 1964
MADRAS

# വിക്രമ മഹാരാജാവു്

വിക്രമമഹാരാജാവിന്റെ മന്ത്രിയായിരുന്നു ഭട്ടി. കുട്ടിക്കാലത്തുതന്നെ അവരിരുവരുടേയും അച്ഛനമ്മമാർ മരിച്ചുപോയി. അതിനാൽ അവരുടെ വളർച്ചയും, കളികളും, പഠിപ്പും എല്ലാം ഒരുമിച്ചായിരുന്നു. അവർ ഏകോദര സഹോദരന്മാരെപ്പോലെ വളർന്നുവന്നു.

രണ്ടുപേരും ദയാശീലരായിരുന്നു. രാജാവിനെക്കാണാൻ ചെല്ലുന്നവരാരും വെറുംകയ്യോടെ മടങ്ങിയിരുന്നില്ല. സാധുക്കൾക്ക് അന്നവസ്ത്രാദികൾ ദാനംചെയ്യുന്നതു് അദ്ദേഹത്തിന്നു വളരെ സന്തോഷകരമായിരുന്നു. മന്ത്രി വിവേകമുള്ളവനും കാര്യങ്ങൾ സൂക്ഷ്മമായിക്കണ്ടറിയാൻ കഴിവുള്ളവനുമായിരുന്നു. രാജാവു് ധർമ്മംതന്നെ മൂർത്തീകരിച്ചവനും!

തികഞ്ഞ ശേഷിയോടും ശേമുഷിയോടുംകൂടി അവരിരുവരും ചേർന്നു ഭരണം നടത്തിയതിനാൽ നാട്ടിലെങ്ങും അഭ്യുദയമുണ്ടായി. അന്യായമോ അനാവശ്യമോ എവിടെയെങ്കിലും കണ്ടാൽ മന്ത്രി ഉടനെ അതടിച്ചമർത്തിയിരുന്നു.

വിക്രമന്റെ സാമ്രാജ്യത്തിൽനിന്നു കുറെയകലെയായിരുന്നു മാതളദേശം. അവിടുത്തെ രാജകുമാരിയായിരുന്നു അനാർ

റാണി. (മാതള റാണി) അവളുടെ മാതാപിതാക്കന്മാർ അവൾക്കുവേണ്ടി നല്ലൊരു തോട്ടമുണ്ടാക്കി. ആ തോട്ടത്തിന്റെ നടുവിലുള്ള മാതളച്ചെടിയിൽ മൂന്നു വലിയ പഴങ്ങളും അവയിലുള്ള പിളർപ്പുകൾക്കുള്ളിൽ ഓരോ ചെറിയ മെത്തകളുമുണ്ടായിരുന്നു. അനാർറാണി നടുവിലുള്ള പഴത്തിലും അവളുടെ സഖിമാർ ഇരുവശങ്ങളിലുള്ള പഴങ്ങളിലുമാണു് കിടന്നിരുന്നതു്.

നേരം പുലർന്നാൽ മാതളച്ചെടിയുടെ കൊമ്പു് നിലംവരെ താണുവരും. പഴങ്ങൾ തുറന്നു് അനാർറാണിയും സഖികളും പുറത്തുവന്നു് വൈകുന്നേരംവരെ മരങ്ങളുടെ തണലിൽ കളിക്കും. അപ്പോഴേക്കും ആ മാതളക്കൊമ്പു വീണ്ടും താണുവരും. പഴങ്ങൾ തുറന്നു അനാർറാണിയും സഖിമാരും അകത്തു കടക്കും. കൊമ്പുകളുയരുകയും ചെയ്യും.

അനാർ റാണി ലോകൈകസുന്ദരിയായിരുന്നതിനാൽ പല രാജകുമാരന്മാരും അവളെ കല്യാണം കഴിക്കാനാഗ്രഹിച്ചു. അവളുടെ കാർവേണിയും, പേടമാൻ മിഴികളും, മണിദന്തങ്ങളും, ശോണകപോലങ്ങളും ആരേയും ആനന്ദിപ്പിച്ചിരുന്നു അച്ഛനമ്മമാർ തോട്ടത്തിനു ചുററും ഏഴു മതിലുകൾ കെട്ടിച്ചു. ആർക്കും അതിനുള്ളിൽ കടക്കാനാവാത്തവിധമായിരുന്നു അതിന്റെ പണി. ആ ഏഴു മതിലുകളും കടന്നുചെന്നു മാതളംപഴം പറിക്കുന്നവനു മാത്രമേ തന്റെ മകളെ കല്യാണം കഴിച്ചു കൊടുക്കുകയുള്ളുവെന്നു രാജാവു് പ്രഖ്യാപിച്ചു. പല രാജകുമാരന്മാരും പ്രഭുകുമാരന്മാരും പരിശ്രമിച്ചു പരാജയമടഞ്ഞു

ചിലർ ആദ്യത്തെ മതിൽ കടന്നു. കൂടുതൽ ഭാഗ്യവാന്മാരായ ചിലർ രണ്ടാമത്തെ മതിലും കടന്നു. അങ്ങനെ മൂന്നും, നാലും അഞ്ചും ആറും കടന്നു ചിലർ. പക്ഷെ ഏഴാമത്തെ മതിലിന്റെയടുക്കലെത്തിയവരൊക്കെ മരിച്ചു. ആരും തോട്ടത്തിനുള്ളിലെത്തിയില്ല.

* * * *

വിക്രമ മഹാരാജാവിൻെറ പിതാവു് കൊട്ടാരത്തിൻെറ മുറ്റത്തു നല്ലൊരു ക്ഷേത്രം പണിയിച്ചിരുന്നു. അതു മുഴുവൻ വെണ്മക്കല്ലുകൊണ്ടു പണിതതായിരുന്നു. അതിൽ ഒരു സ്വർണ്ണ വിഗ്രഹവും അധിഷ്ഠാനം ചെയ്തിട്ടുണ്ടായിരുന്നു. കാലാന്തരത്തിൽ ആ ക്ഷേത്രത്തിനു ചുററും കാടുകെട്ടി. മുള്ളു നിറഞ്ഞ മരങ്ങൾ ആ ക്ഷേത്രത്തെ മൂടി. അവിടെയങ്ങനെ ഒരു ക്ഷേത്രമുണ്ടെന്നുതന്നെ ആരും അറിഞ്ഞില്ല.

ഒരു ദിവസം ഭട്ടി വിക്രമനോടു പറഞ്ഞു; "അങ്ങയുടെ പിതാവു് വളരെച്ചെലവുചെയ്തുണ്ടാക്കിയ ആ ക്ഷേത്രം ഉപയോഗശൂന്യമായിക്കിടക്കുകയാണു്. ഇങ്ങിനെയായാൽ അതു നശിച്ചുപോകും. അതിൻെറ ജീർണ്ണോദ്ധാരണം ഒരു ധർമ്മംകൂടിയാണു്." രാജാവു സമ്മതിച്ചു. ഉടനെ കാടുവെട്ടിത്തെളിച്ചു് ക്ഷേത്രം ശുദ്ധിചെയ്വാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു. വെണ്മക്കല്ലുകൊണ്ടു പണിതതും ഭംഗിയിൽ ചായപ്പണി കഴിച്ചതുമായ ആ സുന്ദരക്ഷേത്രം കണ്ടു ജനങ്ങൾ വിസ്മയിച്ചു. അതിൻെറ തട്ടിന്മേൽ രാജപിതാവിൻെറ പേർ കൊത്തിയിരുന്നു. അതിലെ അധിദേവതയായ ഗണപതിയുടെ സ്വർണ്ണവിഗ്രഹം നയനാനന്ദകരമായിരുന്നു.

ക്ഷേത്രം കണ്ടു വിക്രമൻ അത്യധികം സന്തോഷിച്ചു. അതിൻെറ മാഹാത്മ്യം കാരണം വിക്രമനും ഭട്ടിയും ദിവസേന രാത്രി അവിടെച്ചെന്നു കിടക്കാൻ തുടങ്ങി.

ഒരു ദിവസം വിക്രമൻ വിചിത്രമായൊരു സ്വപ്നംകണ്ടു. സ്വപ്നത്തിൽ അച്ഛൻ വന്നു പറഞ്ഞു: "വിക്രമ, എഴുന്നേൽക്കു. ഈ ക്ഷേത്രത്തിൻെറ മുമ്പിലുള്ള ദീപസ്തംഭത്തിൻെറയടുക്കെച്ചെല്ലു." (ക്ഷേത്രത്തിൻെറ മുമ്പിൽ ഒന്നാന്തരമൊരു ദീപസ്തംഭമുണ്ടായിരുന്നു. ഉത്സവകാലത്തു് കത്തിക്കുവാൻവേണ്ടി അതിൻെറ അടിമുതൽ മുടിവരെ ചുററും വിളക്കുകളുണ്ടായിരുന്നു. എല്ലാ വിളക്കുകളും കത്തിച്ചു കഴിഞ്ഞാൽ അതൊരു കൂററൻ ദീപഗോ

പുരംമാതിരി തോന്നിയിരുന്നു. അതിൻെറ ചുററം ഏഴ കമ്പി വേലികളുമുണ്ടായിരുന്നു.)

"വിക്രമ, ഏഴന്നേൽക്കു ദീപസ്തംഭത്തിൻെറയടുക്കെച്ചെല്ലു. അതിൻെറ അടിയിൽ വലിയൊരു നിധിയുണ്ട്. ഗണപതിയുടെ കോപം കൂടാതെ കഴിക്കാമെങ്കിൽ മാത്രമേ നിനക്കു് അതെടുക്കാനൊക്കു. അതിനാൽ നീ ഒരു വ്രതമനുഷ്ഠിച്ചു ദേവനെ പ്രസാദിപ്പിക്കണം."

"എന്തു വ്രതം?" വിക്രമൻ ചോദിച്ചു.

"അതായത്," (അച്ഛൻ പറഞ്ഞുവെന്നദ്ദേഹത്തിന്നു തോണി.) "ദീപസ്തംഭത്തിൻെറ തലയ്ക്കൽ ഒരു കയർ കെട്ടുക. കയറിൻെറ മറേറ അററത്തു് ഒരു കൂടയും. ആ കൂടയിൽ നീ തലകീഴായി കിടക്കണം. ആ കൂട വലിച്ചു പൊന്തിച്ചശേഷം നീ കയർ മുറിക്കണം. നീ തലകീഴായി വീഴും.

ശൂലങ്ങൾ തറച്ച കമ്പിവേലിയിൽ വീണാൽ നീ ഉടൻ മരിക്കും. പക്ഷെ കരുണാമൂർത്തിയായ ഭഗവാൻ അതിനിടവെയ്ക്കില്ല. നിനക്കു യാതൊരു കേടും പററിയില്ലെങ്കിൽ ഭഗവാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നുവെന്നർത്ഥം. പിന്നെ ആപച്ഛങ്കയില്ലാതെ ആ നിധിയെടുക്കുകയും ചെയ്യാം."

സ്വപ്നം തീർന്നു. വിക്രമൻ മറെറാന്നും കണ്ടില്ല. കുറച്ചു കഴിഞ്ഞു് അദ്ദേഹം ഉണർന്നു.

"ഭട്ടീ, ഞാൻ വിചിത്രമായൊരു സ്വപ്നംകണ്ടു. അച്ഛൻ എന്നോടൊരു വ്രതമനുഷ്ഠിക്കാനുപദേശിച്ചു. ദീപസ്തംഭത്തിന്മേൽ ഒരു കൂട കെട്ടിത്തൂക്കി ഞാനതിൽ തലകീഴായി കിടന്നു കൂട വലിച്ചുകയററി കയർ മുറിക്കണമെന്നും അങ്ങനെ ചെയ്തു ദേവനെ പ്രസാദിപ്പിച്ചാൽ ദീപസ്തംഭത്തിൻെറ അടിയിലുള്ള ഒരു നിധി എനിക്കെടുക്കാമെന്നും അദ്ദേഹം പറഞ്ഞു. താങ്കളുടെ അഭിപ്രായമെന്താണു്?" വിക്രമൻ ചോദിച്ചു.

"നിധി വേണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഭഗവൽകൃ

പയിൽ വിശ്വസിച്ചു് അച്ഛൻ പറഞ്ഞതു് അക്ഷരംപ്രതി ചെയ്യണമെന്നാണെന്റെ അഭിപ്രായം." ഭട്ടി പറഞ്ഞു.

അതനുസരിച്ചു രാജാവ് കൂട കെട്ടിത്തൂക്കി അതിൽതലകീഴായിക്കിടന്നു ഭട്ടിയെ വിളിച്ചു ചോദിച്ചു. "ഞാനെങ്ങനെ കയർ മുറിക്കും?"

"ഒരു പ്രയാസവുമില്ല. ഇതാ വാളെടുത്തോളൂ. ഞാൻ കയർ വലിക്കാം. അതു നിന്നയുടൻ വെട്ടിക്കോളൂ." ഭട്ടി പറഞ്ഞു.

വിക്രമൻ വാളെടുത്തു. ഭട്ടി കയർ വലിച്ചു. കൂട ഉയർന്നു മുകളിലെത്തിയപ്പോൾ രാജാവ് കയർ വെട്ടി. കൂട താഴെ വീഴുകയും ചെയ്തു. ദേവന്റെ കടാക്ഷമില്ലായിരുന്നെങ്കിൽ ആ കൂട നേരെ കൂർത്ത കമ്പികളിന്മേൽ വീണിരുന്നേനെ! പക്ഷെ തന്റെ ഭക്തന്റെ അപായം കണ്ടു ഗണപതി ഒരു വൃദ്ധയുടെ വേഷം പൂണ്ടു ക്ഷേത്രത്തിനുള്ളിൽനിന്നു പുറത്തുവന്നു്, കൂട കമ്പിയിൽ തട്ടുന്നതിനുമുമ്പ് അതു പിടിച്ചു നിലത്തൊരു ഭാഗത്തുവെച്ചു. അതുകഴിഞ്ഞു ഭഗവാനകത്തേക്കുതന്നെ പോകുകയും ചെയ്തു. കണ്ടുനിൽക്കുന്നവരാരും അതു ഗണപതിയാണെന്നു മനസ്സിലാക്കിയില്ല. "അമ്പടി കേമി" എന്നു മാത്രമാണു് അവർ ആ വൃദ്ധയുടെ പ്രവൃത്തികണ്ടു പറഞ്ഞതു്.

ഇതെല്ലാം കഴിഞ്ഞു വിക്രമമഹാരാജാവ് ദീപസ്തംഭത്തിന്റെ അടി കിളപ്പിക്കുകയും ആ മഹാനിധി പുറത്തെടുക്കുകയും ചെയ്തു. അതിൽ അനവധി സ്വർണ്ണവും നവരത്നങ്ങളുമുണ്ടായിരുന്നു. രാജാവ് അതൊന്നും തൊടുകപോലും ചെയ്തില്ല. അതെല്ലാം വിററു് കിട്ടിയ പണമത്രയും അദ്ദേഹം സാധുക്കൾക്കു വിതരണം ചെയ്തു. പലരും ജീവൻ കളഞ്ഞും നേടുവാനിച്ഛിക്കുന്ന പണം അദ്ദേഹത്തിന്നു് എത്ര നിസ്സാരം!

മറെറാരു ദിവസം അദ്ദേഹം ക്ഷേത്രത്തിൽ കിടക്കുമ്പോൾ വീണ്ടുമൊരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ അച്ഛൻ പറഞ്ഞു: "വിക്രമ, ദിവസേന ഈ ക്ഷേത്രത്തിൽ നീ വന്നു തൊഴുതാൽ ദേവൻ നിനക്കു വേണ്ടത്ര വിജ്ഞാനവും വിവേകവുമുണ്ടാക്കി

ത്തരും. ലോകത്തിൽ നിനക്ക് പലതും പഠിക്കാൻ കഴിഞ്ഞെന്നു വരാം. പക്ഷെ വിജ്ഞാനവും വിവേകവും മഹാപാണ്ഡിത്യത്തിൻെറയും ചിരാനുഭവങ്ങളുടെയും ഫലമായി മാത്രമെയുണ്ടാവുകയുള്ളു. നിനക്ക് ഈ നിത്യദർശനംകൊണ്ടു മനുഷ്യനോടും ദൈവത്തോടും കൂടുതലടുപ്പമുണ്ടാകും. അതിനാൽ നിത്യം ഇവിടെ വന്നു വിജ്ഞാനം വർദ്ധിപ്പിക്കുക. പഠിച്ചതു മറന്നെന്നു വരും, പക്ഷെ വിജ്ഞാനം ഒരു കാലത്തും നശിക്കുകയില്ല." രാജാവുണർന്നു. മന്ത്രിയോട് സ്വപ്നത്തെപ്പററി പറയുകയും, മന്ത്രി അതനുസരിച്ചു നടക്കാനുപദേശിക്കുകയും, രാജാവ് അതുപോലെ നടക്കുകയും ചെയ്തു.

ഗണപതി രാജാവിനെ പഠിപ്പിക്കാൻ തുടങ്ങി. വളരെയൊക്കെ പഠിപ്പിച്ചശേഷം ഒരു ദിവസം ഗണപതി പറഞ്ഞു. "വത്സ, ഞാൻ നിനക്കു വേണ്ടുന്നതെല്ലാം പഠിപ്പിച്ചുകഴിഞ്ഞു. ഇനി അവസാനമായി ഞാൻ നിനക്കൊരു വരം തരാം. ആവശ്യമുള്ളതു ചോദിച്ചുകൊള്ളുക. പണമോ, ബലമോ, ദീർഘായുസ്സോ, ആരോഗ്യമോ, സുഖമോ ഏതുവേണമെങ്കിലും ചോദിച്ചുകൊള്ളുക." രാജാവിനു് എല്ലാംകൂടി കുഴപ്പമായി. ആലോചിക്കാൻ അന്നത്തെ ഒരിടകൊടുക്കണമെന്നദ്ദേഹം അഭ്യർത്ഥിക്കുകയും ഗണപതി അതനുവദിക്കുകയും ചെയ്തു.

കൊട്ടാരത്തിൻെറയടുത്തു ഒരാശാരി താമസിച്ചിരുന്നു. അവൻ വലിയൊരു സൂത്രക്കാരനായിരുന്നു. രാജാവു ദിവസേന ക്ഷേത്രത്തിൽപോയി പഠിക്കുന്നതുകണ്ടു് അവനും സൂത്രത്തിൽ അതൊക്കെ പഠിക്കാൻ നിശ്ചയിച്ചു. ഗണപതി പാഠങ്ങൾ പറഞ്ഞുകൊടുക്കുമ്പോൾ ആശാരി ക്ഷേത്രത്തിൻെറ പിന്നിലൊളിച്ചുനിന്നു് അതെല്ലാം കേട്ടു മനസ്സിലാക്കി. അവനും മഹാജ്ഞാനിയായി. ഗണപതി വിക്രമനു വരംകൊടുക്കാമെന്നു പറഞ്ഞതും അവൻ കേട്ടു. രാജാവു് എന്തു വരമാണു് വാങ്ങുകയെന്നു നോക്കണമെന്നും അവൻ നിശ്ചയിച്ചു.

വിക്രമൻ ഭട്ടിയോടാലോചിച്ചു. "ഏതു വരമാണു് വേണ്ടു

ന്നതെന്നു നിശ്ചയിക്കാനാവുന്നില്ല." രാജാവു് അവസാനം പറഞ്ഞു.

"അഞ്ചു വല്ല അമാനുഷശക്തിയും വേണമെന്നാഗ്രഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു ചോദിക്കു." മന്ത്രിപറഞ്ഞു.

"ഉണ്ടു്." രാജാവു പറഞ്ഞു. "പരകായപ്രവേശനത്തിനുള്ള വിദ്യ പഠിക്കണമെന്നു ഞാൻ വളരെക്കാലമായി ആഗ്രഹിക്കുന്നുണ്ടു്. അതിനുള്ള സിദ്ധി വേണമെന്നാണെൻെറ മോഹം."

"എന്നാലതു ചോദിക്കു." മന്ത്രി ഉപദേശിച്ചു.

അടുത്തദിവസം രാവിലെ കുളിയും തേവാരവും കഴിഞ്ഞു രാജാവു് ദേവനെ ദർശിക്കാൻ ക്ഷേത്രത്തിലേയ്ക്കു പോയി. ആ തഞ്ചംനോക്കി ആശാരിയും പതുങ്ങി പിന്നാലെ ചെന്നു.

ഗണപതി രാജാവിനോടു് എന്തു വരമാണു് വേണ്ടതെന്നു ചോദിച്ചു.

"ഭഗവൻ, അവിടുന്നു് ഈയുള്ളവനെ, ഒരു രാജാവാക്കിയെന്നുള്ളതുകൊണ്ടുതന്നെ, വേണ്ടത്ര സമ്പൽസമൃദ്ധികളുണ്ടാക്കിത്തന്നിട്ടുണ്ടു്. ശക്തിയും അവിടുന്നു തന്നരുളിയിട്ടുണ്ടു്. ഉള്ളതിൽക്കവിഞ്ഞ സൌന്ദൎയ്യവും എനിക്കാവശ്യമില്ല. ദീർഘായുസ്സും, ആരോഗ്യവും സുഖവും എനിക്കു മററുള്ളവരെപ്പോലെ മതി. പക്ഷെ അവിടുന്നു് അരുളിച്ചെയ്തതിലൊന്നും പെടാത്തൊരു വരമാണു് ഈയുള്ളവനപേക്ഷിക്കുന്നതു്."

"എന്താണതു പറയൂ." ഭഗവാനരുളി.

"പരകായപ്രവേശത്തിനുള്ള ശക്തി. ആ വരം തരുമാറാകണം. അന്യദേഹങ്ങളിൽ എൻെറ ആത്മാവു് പ്രവേശിക്കുമ്പോഠം സ്വന്തം ജഡത്തിന്നു് ഞാൻ മടങ്ങി അതിൽപ്രവേശിക്കുന്നതുവരെ, അതെത്രകാലം കഴിഞ്ഞാലും ശരി, യാതൊരു കേടും വരാതിരിക്കാനുള്ള അനുഗ്രഹവും തരുമാറാകണം."

"വിക്രമ, ഇതാ ഞാനാവരംതരുന്നു." എന്നും പറഞ്ഞു ഭഗവാൻ പരകായപ്രവേശത്തിനുള്ള വിദ്യ ഉപദേശിച്ചുകൊടുത്തു. പുറമെ, വിട്ടുപോകുന്ന ദേഹത്തിന്നു കേടുതട്ടാതിരിക്കാനുള്ള ഒരൌഷധം കയ്യിൽ കൊടുക്കുകയും ചെയ്തു.

ആശാരി മുഴവൻ ഒളിച്ചുനിന്നു കേട്ടു. അവനും പരകായ പ്രവേശം പഠിച്ചു. പക്ഷെ ഗണപതി രാജാവിൻെറ കയ്യിൽ കൊടുത്ത ഔഷധമെന്തെന്നവനു മനസ്സിലായില്ല.

രാജാവു കൊട്ടാരത്തിലെത്തി വിവരങ്ങളെല്ലാം ഭട്ടിയെ അറിയിച്ചു.

"എന്നാലിനി അങ്ങു് മാതളദേശത്തിൽ പോയി അനാർറാണിയെ കൊണ്ടുപോരണം. അതാവട്ടെ ആദ്യത്തെ പ്രയോഗം." മന്ത്രിപറഞ്ഞു.

"അതെങ്ങിനെ?" രാജാവു ചോദിച്ചു.

"അങ്ങു് ഒരു കിളിയുടെ ദേഹത്തിൽ പ്രവേശിച്ചു് മതിലുകളേഴും കടന്നു് ആ മാതളംപഴങ്ങൾ കൊത്തിക്കൊണ്ടു പോരണം." മന്ത്രി ഉപദേശിച്ചു.

"ശരി" എന്നും പറഞ്ഞു രാജാവു് ഭഗവാൻകൊടുത്ത ഔഷധം സ്വന്തം ദേഹത്തിൽവച്ചു്, ഒരു കിളിയുടെ ദേഹത്തിൽ ആത്മാവിനെ പ്രവേശിപ്പിച്ചു പറന്നുപോയി.

കുന്നും മലകളും കടന്നു കിളി മാതളദേശത്തിലെ തോട്ടത്തിലെത്തി. ഏഴു മതിലുകളും കടന്നുചെന്നു മാതളംപഴങ്ങൾ മൂന്നും കൊത്തിയെടുത്തു പറന്നു തിരികെ സ്വന്തം അരമനയിലെത്തുകയും ചെയ്തു. കിളിയുടെ ദേഹംവിട്ടു രാജാവു് സ്വന്തം ദേഹത്തിൽ പ്രവേശിച്ചു.

വിക്രമൻെറ പ്രഥമസംരംഭം വിജയകരമായതു കണ്ടു ഭട്ടി പറഞ്ഞു. "സന്തോഷം. നല്ലൊരു പണിയാണു് ആദ്യമേ ചെയ്തു കഴിഞ്ഞതു്!" കണ്ടവരെല്ലാം അനാർ റാണിയുടെ സൗന്ദര്യത്തെ പുകഴ്ത്തി. അവൾ താമരപ്പൂപോലെയിരുന്നിരുന്നു. അവളുടെ കവിളുകൾക്കു് മാതളംപഴത്തിൻെറ നിറമായിരുന്നു. രാജാവു് അമ്മാതിരിയൊരു സർവ്വാംഗസുന്ദരിയെ ഭാര്യയായി സ്വീകരിച്ചതിൽ സകല ജനങ്ങളും സന്തോഷിച്ചു.

വിവാഹം ആഘോഷത്തോടെ കഴിഞ്ഞു. രാജദമ്പതികൾ കുറച്ചുകാലം സുഖമായി കഴിയുകയും ചെയ്തു.

ഒരു ദിവസം രാജാവു ഭട്ടിയോടു പറഞ്ഞു.

"എനിക്കു ലോകമൊന്നു ചുററിക്കാണുവാനുള്ള മോഹമുണ്ടു്."

"എന്തു് ഇത്രവേഗം നാടുവിടുകയോ? കല്യാണം കഴിഞ്ഞ ഉടൻ ഭാര്യയെവിട്ടു പോകാൻ മനസ്സുവരുന്നുവെന്നോ!"

മന്ത്രി പറഞ്ഞു.

"ഭാര്യയും എന്റെ പ്രിയപ്പെട്ട പ്രജകളുമാണെന്നതു വാസ്തവംതന്നെ. പക്ഷെ ഞാൻ പരകായപ്രവേശത്തിനുള്ള വിദ്യ പഠിച്ചിട്ടുണ്ടെന്നതു മറക്കാനാവില്ല. അതു വിനിയോഗിക്കാനാണു് പഠിച്ചതു്. അതിലുള്ള മോഹവും തടയാനാവില്ല" രാജാവു പറഞ്ഞു.

"എവിടെപ്പോകാനാണുദ്ദേശിക്കുന്നതു്?" മന്ത്രി ചോദിച്ചു.

"ആവുന്നത്ര ലോകം ചുററിക്കാണുവാൻ. ഞാൻ വീണ്ടും ഒരു കിളിയുടെ ദേഹത്തിൽ കടക്കാനാണുദ്ദേശിക്കുന്നതു്. അതും മററന്നാൾ."

രാജാവു പോകാൻ നിശ്ചയിച്ചു; രാജ്യത്തേയും ഭാര്യയേയും മന്ത്രിയുടെ സംരക്ഷണത്തിലേല്പിച്ചു. അതിനുശേഷം രാജാവു രാജ്ഞിയോടു പറഞ്ഞു: "ഞാൻ തിരിച്ചെത്തുവാൻ എത്ര കാലം പിടിക്കുമെന്നു പറയാനാവില്ല. ഒരു ദിവസമോ, ഒരു കൊല്ലമോ അതിലധികമോ ആകാം. ഞാനില്ലാത്തപ്പോൾ ഭവതിക്കു വല്ല വിഷമവും നേരിട്ടാൽ മന്ത്രിയോടു പറയുക. അദ്ദേഹം എനിക്കൊരു ജ്യേഷ്ഠനെപ്പോലെയോ അച്ഛനെപ്പോലെയോ ആണു്. അതുകൊണ്ടു ഭവതിയും അദ്ദേഹത്തെ ഒരു പിതാവിനെപ്പോലെ കരുതിക്കൊള്ളു. ഭവതിയെ ഒരു മകളെപ്പോലെ നോക്കണമെന്നു ഞാൻ അദ്ദേഹത്തോടും പറഞ്ഞിട്ടുണ്ടു്."

രാജാവു് ഒരു കിളിയെക്കൊല്ലിച്ചു. (അതു വളരെ ഭംഗിയുള്ള ഒന്നായിരുന്നു. അതിന്റെ തലയിൽ കൌതുകമുള്ള ഒരു ശിഖയും കഴുത്തിന്നുചുററും ചന്തമുള്ള വരയും ഉണ്ടായിരുന്നു.)

രാജാവു് തൻെറ കയ്യിൽ ചെറിയൊരു പോറലുണ്ടാക്കി ഗണപതി കൊടുത്തരുളിയ ദേഹസംരക്ഷണിയൌഷധം അതിലടക്കം ചെയ്തു. അതിനുശേഷം സ്വന്തം ദേഹംവിട്ടു കിളിയുടെ ദേഹത്തിൽ കടന്നു പറന്നുപോകയും ചെയ്തു.

രാജാവു ദേഹം വിട്ടുപോയ കഥ മനസ്സിലാക്കിയ ആശാരി തൻെറ പഠിപ്പൊന്നു പ്രയോഗിക്കുവാൻ നിശ്ചയിച്ചു. അവൻ രാജാവിൻെറ ദേഹത്തിൽ കടന്നു. രാജാവിന്നു് ഏതോ മോഹാലസ്യം വന്നതാണെന്നും അതു തീർന്നു് അദ്ദേഹം എണീറ്റുവെന്നും മാത്രമേ മററുള്ളവർ കരുതിയുള്ളു. പക്ഷെ അവരെക്കാളെല്ലാം ബുദ്ധിമാനായ മന്ത്രി വിചാരിച്ചു. "രാജാവിനെ കൂടാതെ വേറെയാരോ ഈ വിദ്യ മനസ്സിലാക്കിയിട്ടുണ്ടു്. ആ വ്യക്തി കുറച്ചു ദിവസം രാജാവായി അഭിനയിക്കാമെന്നു കരുതി ഇപ്പോൾ ആ വിദ്യ പ്രയോഗിക്കയും ചെയ്തിട്ടുണ്ടു്. ഏതായാലും അതു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു."

അദ്ദേഹം അന്നാർ റാണിയോടു് പറഞ്ഞു;- "രാജാവു് കിളിയുടെ ദേഹത്തിൽക്കടന്നുപോയിട്ടുള്ള വിവരം ഭവതിക്കറിയാമല്ലോ. പക്ഷെ അദ്ദേഹം പോയയുടനെ ദേഹം എഴുന്നേൽക്കുകയും, നടക്കുകയും, സംസാരിക്കുകയും ചെയ്യാൻ തുടങ്ങിയിട്ടുണ്ടു്. അതിലുള്ള ജീവൻ രാജാവിൻേറതല്ലെന്നാണു് എൻെറ അഭിപ്രായം. ഭഗവൽപ്രസാദംകൊണ്ടു് രാജാവിനു കിട്ടിയിട്ടുള്ള ആ മഹാവിദ്യ മററാരോ മനസ്സിലാക്കിയിട്ടുണ്ടു്. ആ വ്യക്തി ഇപ്പോഴതു പ്രയോഗിക്കുകയുമാണു്. നമുക്കതു കണ്ടുപിടിക്കേണ്ടതുണ്ടു്. അതിനാൽ ഞാൻ പറയുന്നതുപോലെ ചെയ്യു. എന്നാൽ ഭവതിക്കു ഞാൻ പറയുന്നതിൽ വിശ്വാസം വരും. ഇന്നു് ഊണു് വളരെ മോശമാക്കിയുണ്ടാക്കിക്കൂ. അതു കഴിച്ചു രാജാവു് കുററം പറഞ്ഞാൽ എൻെറ ധാരണ തെററാണു്. അല്ലെങ്കിൽ ഞാൻ പറഞ്ഞതു് ശരിയാണു്; ഈ ജീവൻ വിക്രമമഹാരാജാവിൻേറതല്ലെന്നതു തീർച്ച."

റാണി മന്ത്രി പറഞ്ഞതുപോലെതന്നെ എല്ലാം ചെയ്തുകഴിഞ്ഞശേഷം അദ്ദേഹത്തിൻെറയടുക്കെച്ചെന്നു പറഞ്ഞു: "അച്ഛാ, (അങ്ങനെയായിരുന്നു റാണി അദ്ദേഹത്തെ വിളിച്ചിരുന്നതു്.) നമ്മുടെ പരീക്ഷയുടെ ഫലം എന്നെ അത്ഭുതപ്പെടുത്തി! ഊണിന്നുള്ള വിഭവങ്ങളെല്ലാം വളരെ മോശമായിരുന്നു. പക്ഷെ രാജാവ് ഒരക്ഷരം പറഞ്ഞില്ല. അങ്ങയുടെ അഭിപ്രായം വളരെ ശരിയാണെന്നു് എനിക്കു ബോദ്ധ്യമായി. നാമിനി എന്തു ചെയ്യും?"

"നമുക്കവനെ തടവിലിടാൻ നിവൃത്തിയില്ല. കാരണം അവൻ ഭവതിയുടെ ഭർത്താവിൻെറ ദേഹത്തിലാണിരിക്കുന്നതു്. പക്ഷെ ഭവതിയോ, കൊട്ടാരത്തിൽ മററാരെങ്കിലുമോ അവനോടു യാതൊരു ബന്ധവും പുലർത്തരുതു്. സംസാരിക്കകൂടി ചെയ്യരുതു്. അവൻ നിങ്ങളോടാരോടെങ്കിലും സംസാരിക്കാൻ വന്നാൽ ഉടനെ ശണ്ഠകൂടണം. എന്നാൽ രാജാവിൻെറ പട്ടം അത്ര സുഖകരമല്ലെന്നു് അവന്നു തോന്നാൻ തുടങ്ങും. അപ്പോൾ അവൻ ഈ ദേഹം വിട്ടു പോകുകയും ചെയ്യും."

അനന്തരം റാണി അന്തഃപുരത്തിലെല്ലാവർക്കും നിർദ്ദേശങ്ങൾ കൊടുത്തു. ഫലവുമുണ്ടാകാൻ തുടങ്ങി. രാജാവിൻെറ ജീവിതം വിചാരിച്ചപോലെ സുഖകരമല്ലെന്നും തൻെറ ദേഹത്തിലേക്കു തന്നെ തിരിച്ചുപോകണമെന്നും തോന്നി ആശാരിക്കു്. പക്ഷെ അവിടെയൊരു വിഷമം! ദേഹം സൂക്ഷിച്ചുവെക്കാനുള്ള വിദ്യ അവനറിഞ്ഞിരുന്നില്ല. ആത്മാവ് വിട്ടയുടനെ അവൻെറ ദേഹം ചീയുവാൻ തുടങ്ങി. മൂന്നു ദിവസം കഴിഞ്ഞപ്പോഴേക്കും അതു തീരെ നാശമായിപ്പോയി. അതിനാൽ ആ നിർഭാഗ്യവാനു് രാജാവിൻെറ ദേഹം വിടാൻ നിവൃത്തിയില്ലാതെ അതിൽത്തന്നെ കൂടേണ്ടിവന്നു.

ഇതിനിടെ, വിക്രമരാജക്കിളി വളരെ ദൂരം പറന്നുപോയി അവസാനം ഒരു വലിയ ആലിന്മേൽ ചെന്നെത്തി. ആ മരത്തിൽ ആയിരം കിളികളുണ്ടായിരുന്നു. ആയിരത്തിയൊന്നാമ

ത്തെ കിളിയായി രാജാവും ആ കൂട്ടത്തിൽ കൂടി. എല്ലാ കിളികളും ദിവസേന നേരം പുലർന്നാൽ ഇരതേടിപ്പോകുകയും വൈകുന്നേരമായാൽ തിരിച്ചുവരികയും പതിവായിരുന്നു.

ഒരു വേടൻ ഇടക്കിടെ ആ വഴിയിൽക്കൂടെ പോയിരുന്നു. അവൻ ആലിന്മേലുള്ള കിളികളെ നോക്കി, "ഈ ആയിരത്തൊന്നു കിളികളെ പിടിക്കാൻ കിട്ടിയാൽ നല്ലൊരു ശാപ്പാടാകുമായിരുന്നു!" എന്നു പറയുക പതിവായിരുന്നു. പലകുറി അവൻ ശ്രമിച്ചുനോക്കി. പക്ഷെ പററിയില്ല. കാരണം ആലിൻെറ തടിയും കൊമ്പുകളും വളരെ നീണ്ടു് ഒഴുക്കൻ മട്ടിലുള്ളവയായിരുന്നു. അവൻ കുറച്ചു കയറുമ്പോഴെക്കും വഴുതി വീഴുകയും നിരാശനായി കിളികളെ നോക്കി വെള്ളമിറക്കിപ്പോവുകയുമായിരുന്നു പതിവു്.

ഒരു ദിവസം പെരുമഴ കാരണം എല്ലാ കിളികളും പതിവിലധികം നേരത്തെ തിരിച്ചെത്തി. വന്നു നോക്കുമ്പോൾ ആലിന്മേൽ ആയിരം കാക്കകൾ ഇരിക്കുന്നതു കണ്ടു. കൊടുങ്കാററു കാരണം അവ കൂടുകളിലേക്കു മടങ്ങാൻ നിവൃത്തിയില്ലാതെയാണു് ആലിന്മേൽ തങ്ങിയതു്.

വിക്രമക്കിളി മററു കിളികളോടു പറഞ്ഞു: "ഈ കാക്കകൾ അവയുടെ കുഞ്ഞുങ്ങൾക്കുവേണ്ടി കൊത്തിക്കൊണ്ടുപോകുന്ന പഴങ്ങളും വിത്തുകളും കൊക്കിൽവച്ചിരിക്കുന്നതു് നിങ്ങൾ കാണുന്നില്ലേ? ഉടനെ അവയെ ആട്ടിവിടണം. അല്ലെങ്കിൽ അവയുടെ കൊക്കിലുള്ള വല്ല വിത്തോ പഴമോ താഴെവീണു് മുളച്ചു് ചെടികളോ വള്ളികളോ ആയി ഈ മരത്തിൽ ചുററിപ്പടരും. അതു നമ്മുടെ ശത്രുവായ വേടന്നു കയറിവരാനുള്ള വഴിയുമാകും. എങ്കിൽ അവൻ നമ്മെയെല്ലാം കൊന്നൊടുക്കുകയും ചെയ്യും."

മറേറക്കിളികൾ പറഞ്ഞു: "ഇതു് വല്ലാത്തൊരു ദീർഘാലോചനയായിപ്പോയി! ഈ പെരുമഴയത്തു് ആ സാധുപ്പക്ഷി

കളെ ആട്ടിയോടിക്കരുതു്. അവ നനഞ്ഞു കഷ്ടത്തിലാവും." കാക്കകളെ ആട്ടിവിട്ടില്ല. വിക്രമൻ പറഞ്ഞതുപോലെ അവയുടെ കൊക്കുകളിൽനിന്നു ചില വിത്തുകഠം താഴെ വീഴുകയും അവ മുളച്ചു് വളർന്നു തഴച്ചു് മരത്തിൽ ചുററിപ്പിടിച്ചു കയറി കയറാനുള്ള കോണിപ്പടിപോലെ നിൽക്കുകയും ചെയ്തു.

പിന്നത്തെ തവണ വേടൻ ആവഴി കടന്നുപോകുമ്പോഠം ഇതു കണ്ടു. "ഹാ! അവസാനം എനിക്കൊരു വഴി കിട്ടി." എന്നുപറഞ്ഞു് അവൻ വള്ളികളിൽ പിടിച്ചു് മരത്തിൽ കയറി, ആയിരത്തൊന്നു കണ്ണികളുള്ള വലവെച്ചിറങ്ങിപ്പോയി.

അന്നു രാത്രി കിളികഠം വന്നു് മരത്തിലിരുന്നപ്പോഠം എല്ലാം വലയിൽപ്പെട്ടു.

അവ ചിലയ്ക്കുവാൻ തുടങ്ങി. "അയ്യോ നാമിനി എന്തു ചെയ്യും? വിക്രമ മഹാരാജാവേ, അങ്ങു പറഞ്ഞതു് ശരിക്കുകൊണ്ടു. ഞങ്ങഠംക്കു തെററുപററി. അയ്യോ!"

വിക്രമൻ പറഞ്ഞു. "ഭവിഷ്യൽഫലം ഞാനന്നേ പറഞ്ഞില്ലേ? ഇനിയെങ്കിലും ഞാൻ പറയുന്നതു കേഠംക്കുവിൻ. എന്നാൽ രക്ഷകിട്ടും. വേടൻ നമ്മെപ്പിടിച്ചുകൊണ്ടുപോകുവാൻ വരുന്നസമയത്തു് ഓരോരുത്തരും തലയൊരു ഭാഗത്തേക്കു തൂക്കിയിട്ടു് ചത്തതുപോലെ കിടക്കണം. എങ്കിൽ നാമെല്ലാം ചത്തുവെന്നു കരുതി അവൻ നമ്മുടെ കഴുത്തു് ഞെരിക്കുകയില്ല. ജീവനോടെ കൊണ്ടുപോകണമെന്നു് കരുതി അവൻ ആരേയും കൂട്ടക്കിട്ടു് അവൻെറ അരയിൽ കെട്ടുകയുമില്ല. നമ്മെപ്പിടിച്ചു് നിലത്തേക്കിടുകയേ ഉള്ളു. നിലത്തുവീണാലും നാമോരോരുത്തരും ഇളകാതെ കിടക്കണം, ആയിരത്തൊന്നെണ്ണത്തേയും പിടിച്ചിടുന്നതുവരെ. പിന്നീടു് വേടൻ മരത്തിൽനിന്നിറങ്ങുവാൻ തുടങ്ങിയാൽ നമുക്കെല്ലാവർക്കും ഒന്നിച്ചു പറന്നു് അവൻെറ തലയ്ക്കുമീതെ പോകുകയും ചെയ്യാം."

കിളികഠം വിക്രമൻ പറഞ്ഞതുപോലെ കേട്ടു. പിറേറ ദിവസം വേടൻവന്നു നോക്കുമ്പോഠം ഓരോ കിളിയും കണ്ണുമൂടി

തലചായ്ച്ച് ചത്തതുപോലെ കിടക്കുന്നു. "എല്ലാം ചത്തിരിക്കുന്നു. എനിക്കു നല്ലോരു ശാപ്പാടായി." എന്നും പറഞ്ഞു് വേടൻ ആദ്യത്തെക്കിളിയെ പിടിച്ചു കീഴ്പ്പോട്ടിട്ടു. അതു് കല്ലുപോലെ നിലത്തുവീണു് ഇളകാതെ കിടന്നു. രണ്ടാമത്തേതും അതുപോലെതന്നെ. മൂന്നും നാലും അഞ്ചും ആറും ഏഴും എട്ടും ഒമ്പതും പത്തും അങ്ങിനെ ആയിരാമത്തെ കിളിവരെ എല്ലാം വീണു. ദൈവഗത്യാ ആയിരത്തൊന്നാമത്തെ കിളി വിക്രമനായിരുന്നു. മററവയെല്ലാം താഴത്തു വീണു കഴിഞ്ഞു. വിക്രമക്കിളിയുടെ കാലിലുള്ള കുരുക്കഴിക്കുന്ന സമയത്തു് വേടന്റെ കയ്യിൽനിന്നു് കത്തി താഴത്തുവീണു. അതെടുക്കുവാൻ അവൻ താഴെയിറങ്ങി. നിലത്തുകിടക്കുന്ന ആയിരം കിളികളും അവനിറങ്ങിവരുന്നതുകണ്ടു് വിചാരിച്ചു:– "ആയിരത്തൊന്നാമത്തെക്കിളിയേയും ഇട്ടുകഴിഞ്ഞു് വേടനിതാ ഇറങ്ങിവരുന്നു. നമുക്കു പോകേണ്ട സമയമായി." എന്നു വിചാരിച്ചു് ആയിരം കിളികളും ഒന്നിച്ചു പറന്നു് കണ്ണിൽനിന്നു മറഞ്ഞു. സാധു വിക്രമമഹാരാജാവു് കുരുക്കിൽത്തന്നെ പെട്ടു.

കിളികൾ പറന്നതുകണ്ടു് വേടൻ ദേഷ്യം സഹിക്കാതെ വിക്രമക്കിളിയെപ്പിടിച്ചു പറഞ്ഞു:– "നികൃഷ്ടജന്തു, നീയാണിച്ചതി ചെയ്തതു്. അതെനിക്കറിയാം കാരണം നീയിവിടെ പുതുതായിവന്നതാണു്. നിനക്കു മററുള്ളവയിൽനിന്നു വ്യത്യാസവുമുണ്ടു്. നിന്നെ ഞാൻ ഞെരിച്ചുകളയും." പക്ഷെ അവനെ അത്ഭുതപ്പെടുത്തുമാറു് ആ കിളി മറുപടി പറഞ്ഞു. "എന്നെ കൊല്ലേണ്ട. കൊന്നതുകൊണ്ടെന്തു ഗുണമാണു് നിനക്കു കിട്ടുക? പകരം എന്നെ അടുത്തുള്ള പട്ടണത്തിൽക്കൊണ്ടുപോയി വിററുകൊള്ളുക. എനിക്കു നല്ല ഭംഗിയുള്ളതുകൊണ്ടു് നിനക്കു് ആയിരം സ്വർണ്ണവരാഹൻ കിട്ടും."

"ആയിരം സ്വർണ്ണവരാഹൻ!"

അത്ഭുതത്തോടെ വേടൻ പറഞ്ഞു. "ക്ഷുദ്രജീവി, ഒരു കിളിക്കു് ആയിരം വരാഹൻ കൊടുക്കുന്ന വിഡ്ഢി ലോകത്തിലുണ്ടാവുമോ?"

"എന്നെക്കൊണ്ടുപോയി ഒന്നു പരീക്ഷിച്ചുനോക്കൂ." കിളി പറഞ്ഞു.

വേടൻ കിളിയേയുംകൊണ്ടു് പട്ടണത്തിലെത്തി. "കിളിയെ വേണോ? കിളി. നല്ലവണ്ണം സംസാരിക്കുന്ന ഭംഗിയുള്ള കിളി. വേണ്ടവർ വന്നു വാങ്ങിക്കൊള്ളുവിൻ! ഇതിൻെറ ചന്തം നോക്കുവിൻ! അതിൻെറ കഴുത്തിനു ചുററുമുള്ള വരയുടെ ചന്തം നോക്കുവിൻ! കിളിയെ വേണോ? കിളി."

പലരും അവനോടു് കിളിയുടെ വില ചോദിച്ചു. ആയിരം സ്വർണ്ണവരാഹമെന്നു കേട്ടു് അവർ ചിരിച്ചു പറഞ്ഞു:— "വല്ല പമ്പരവിഡ്ഢികളുമല്ലാതെ ഒരു കിളിയ്ക്കിത്ര പണം കൊടുക്കുകയില്ല."

അവസാനം ദ്വേഷംവന്നു് വേടൻ വിക്രമനോടു് പറഞ്ഞു: "ഞാൻ നിന്നോടതു പറഞ്ഞു, നിന്നെ വാങ്ങാനാളുണ്ടാവില്ലെന്നു്."

പക്ഷെ കിളി പറഞ്ഞു: "പേടിക്കേണ്ട, ആളുണ്ടാവും. അതാ, ഈ വഴിയ്ക്കുവരുന്ന ഒരു കച്ചവടക്കാരനെ നോക്കൂ. അയാളെന്നെ വാങ്ങും തീർച്ച."

വേടൻ അയാളുടെ അടുക്കെച്ചെന്നു പറഞ്ഞു. "കിളിയെ വേണോ? ചന്തമുള്ള കിളി. വേണമെങ്കിൽ വാങ്ങിക്കൊള്ളൂ."

"എന്താണു് വില?" വ്യാപാരി ചോദിച്ചു. "രണ്ടു വരാഹനോ?"

"അല്ല. ആയിരം സ്വർണ്ണവരാഹൻ കിട്ടിയാലേ ഞാനിതിനെ വിൽക്കുകയുള്ളു."

"ആയിരം വരാഹനോ?" വ്യാപാരി പറഞ്ഞു. "ആയിരം വരാഹൻ!" എൻെറ ജീവിതത്തിൽ ഞാനിങ്ങിനെയൊന്നു കേട്ടിട്ടില്ല. ഒരു ചെറിയ കിളിക്കു് ആയിരം വരാഹൻ! ആ പണം കൊണ്ടു് ഒരു വീടോ, തോട്ടമോ, കുതിരയോ അല്ലെങ്കിൽ പതിനായിരം വാര ഒന്നാന്തരം തുണിയോ വാങ്ങാമല്ലോ. ആരാണു്

നിന്റെ കിളിയ്ക്കിത്ര വലിയ സംഖ്യ തരികേ? ഞാൻ തരില്ല, നിശ്ചയം. ഞാൻ തരികയാണെങ്കിൽ വെറും രണ്ടു വരാഹൻ. ഒട്ടും അധികം തരില്ല."

പക്ഷെ കിളി പറഞ്ഞു. "ഹേ, വർത്തകാ, എന്നെ വാങ്ങു വാൻ നിങ്ങൾ ശങ്കിക്കേണ്ട. ഞാൻ വിക്രമമഹാരാജക്കിളിയാ ണ്. ഇവൻ ചോദിക്കുന്ന സംഖ്യ കൊടുത്തുകൊള്ളു. അതിനുള്ള പ്രതിഫലം ഞാൻ തന്നുകൊള്ളാം. എന്നെ വാങ്ങിക്കൊള്ളു. ഞാൻ നിങ്ങളുടെ വ്യാപാരസ്ഥലം നോക്കിക്കൊള്ളാം."

"കിളി, എന്തസംബന്ധമാണ് നീ പറയുന്നത്?" വ്യാപാ രി ചോദിച്ചു. ഏതായാലും അയാൾക്ക് ആ കിളിയിൽ ഒരു താല്പര്യം തോന്നുകയും വേടന്ന് ആയിരം വരാഹൻ കൊടുത്ത് അതിനെ വാങ്ങി തന്റെ വ്യാപാരസ്ഥലത്തു കൊണ്ടുപോയി കൂട്ടിലിട്ടു തൂക്കുകയും ചെയ്തു.

കിളി വ്യാപാരിയുടെ ജോലികൾ നോക്കുവാൻ തുടങ്ങി. അതിന്റെ ബുദ്ധിപൂർവ്വമുള്ള സംസാരത്തെപ്പറ്റി നാട്ടിലെല്ലാ വരും കേട്ടു. ആരും മറെറാരു വ്യാപാരസ്ഥലത്ത് പോവുകയി ല്ലെന്ന മട്ടായി. എല്ലാവരും ഈ വ്യാപാരിയുടെ അടുക്കെ വരു വാൻ തുടങ്ങി. തത്തയുടെ സംസാരത്തിലുള്ള കൗതുകംകൊണ്ടു മാത്രം. വ്യാപാരി സാധനങ്ങൾക്ക് എന്തു വിലയെടുത്താലും ആരും അതിലൊന്നും അത്ര ശ്രദ്ധിച്ചില്ല. ചുരുക്കത്തിൽ ഒരാഴ്ച യ്ക്കുള്ളിൽ വ്യാപാരിക്ക് ആയിരം വരാഹൻ അധികലാഭമുണ്ടാ യി. അങ്ങനെ പലരുമായി പരിചയപ്പെട്ട് വിക്രമമഹാരാജാ വ് വളരെക്കാലം അവിടെ സുഖമായി കഴിച്ചുകൂട്ടി.

ആ പട്ടണത്തിൽ ചമ്പാറാണി എന്ന പേരായ ഒരനുഗ്ര ഹീത നർത്തകിയുണ്ടായിരുന്നു. അപ്രദേശത്തുള്ള സകലർക്കും അവളുടെ നൃത്തം വളരെ ഇഷ്ടമായിരുന്നു. വിശേഷദിവസങ്ങ ളിൽ എല്ലാവരും അവളെ വിളിച്ചു നൃത്തപരിപാടി നടത്തുക യും പതിവായിരുന്നു.

അതേ പട്ടണത്തിൽ സാധുവായ ഒരു വിറകുവെട്ടിയുമുണ്ടായിരുന്നു. ദിവസേന കാട്ടിൽപ്പോയി വിറകു വെട്ടിക്കൊണ്ടുവന്നു് പട്ടണത്തിൽ വിററു കിട്ടുന്ന കാശുകൊണ്ടായിരുന്നു അവനുപജീവിച്ചിരുന്നതു്.

ഒരു ദിവസം പതിവുപോലെ അവൻ കാട്ടിൽ വിറകിനു പോയി. ക്ഷീണം തോന്നിയപ്പോൾ അവനൊരു മരത്തിന്റെ ചുവട്ടിൽ കിടന്നുറങ്ങി. അവനൊരു സ്വപ്നംകണ്ടു. വിചിത്രമായ ഒന്നു്. അവനൊരു പണക്കാരനായെന്നും സുന്ദരിയായ ചമ്പാറാണിയെ കല്യാണം കഴിച്ചുവെന്നും, അവൾക്കു് വിവാഹസമ്മാനമായി ആയിരം വരാഹൻ കൊടുത്തുവെന്നും മററുമുള്ള ഒരു സ്വപ്നം!

അന്നു വൈകുന്നേരം പട്ടണത്തിൽ വിറകുവിൽക്കാൻ പോയപ്പോൾ അവൻ ചില സ്നേഹിതന്മാരോടു് തന്റെ സ്വപ്നത്തെപ്പററി പറഞ്ഞു: "ഞാനിന്നു കാട്ടിൽവെച്ചു് അസംബന്ധമായൊരു സ്വപ്നം കണ്ടു. ഞാനൊരു വലിയ പണക്കാരനായെന്നും ചമ്പാറാണിയെ കല്യാണം കഴിച്ചുവെന്നും, അവൾക്കായിരം വരാഹൻ സമ്മാനം കൊടുത്തുവെന്നും ഒരു സ്വപ്നം!"

"വിചിത്രമായൊരു സ്വപ്നം!" എന്നല്ലാതെ ആരും അതിനെപ്പററി മറെറാന്നും പറഞ്ഞില്ല.

ചമ്പാറാണിയുടെ വീട്ടിന്റെ ഉമ്മറത്തുവെച്ചായിരുന്നു ഈ സംഭാഷണമത്രയും. ജനലിന്നടുത്തു നിന്നിരുന്ന ചമ്പാറാണി ഇതെല്ലാം കേട്ടു. അവൾ വിചാരിച്ചു. "ആ മനുഷ്യനെക്കണ്ടാൽ വളരെ സാധുവായിത്തോന്നുന്നു. അയാളുടെ കയ്യിൽ ആയിരം വരാഹനുണ്ടാകുമോ? അയാളതു് എനിക്കു കൊടുത്തതായി സ്വപ്നം കണ്ടിരിക്കുമോ? എന്നാൽ നിയമപരമായി അതൊന്നു കിട്ടുവാൻ ശ്രമിക്കണം."

അവൾ ഭൃത്യന്മാരെ അയച്ചു് ആ വിറകുവെട്ടിയെ പിടിച്ചുകൊണ്ടുവരാൻ പറഞ്ഞു. അവരവനെ കൊണ്ടുവന്നപ്പോൾ ചമ്പാറാണി കരഞ്ഞുകൊണ്ടു പറഞ്ഞു: "എന്റെ പ്രിയപ്പെട്ട

ഭർത്താവെ, അങ്ങേക്കെന്തുപററിയെന്നറിയാതെ ഞാനിത്രകാലം ഇവിടെ കാത്തിരിക്കുകയായിരുന്നു. ഇത്രകാലം അങ്ങ് എവിടെപ്പോയി?"

അവൻ പറഞ്ഞു: "നിങ്ങൾ പറയുന്നതൊന്നും എനിക്ക് മനസ്സിലാവുന്നില്ലല്ലോ അമ്മ. നിങ്ങളാണെങ്കിൽ വലിയൊരാൾ, ഞാനോ ഒരു സാധു വിറകുവെട്ടി. നിങ്ങൾക്കെന്തോ തകരാറുപററി! എന്നെക്കണ്ടു വേറെയാരോ ആണെന്നു തെററിദ്ധരിച്ചിരിക്കയാണ്."

പക്ഷെ അവൾ വിട്ടില്ല. "അല്ല, ഇന്ന ദിവസം നമ്മുടെ കല്യാണം കഴിഞ്ഞതു് അങ്ങോർക്കുന്നില്ലേ? ആ വിവാഹാഘോഷം അങ്ങ് മറന്നുവോ? എന്നെ അങ്ങയുടെ മാളികയിലേക്കു കൊണ്ടുപോയതും ആയിരം വരാഹൻ സമ്മാനം തരാമെന്നു പറഞ്ഞതും ഓർമ്മയില്ലേ? പിന്നീട് അങ്ങ് ആ സമ്മാനം തരാൻ മറന്നു എങ്ങോട്ടോ ഓടിപ്പോയി. ഞാനെന്റെ അച്ഛന്റെ വീട്ടിൽ വന്ന് അങ്ങയുടെ വരവും കാത്തിരിക്കുകയും ചെയ്തു. അങ്ങയ്ക്കിത്ര ക്രൂരതയെങ്ങിനെയുണ്ടായി?"

വീണ്ടും താൻ സ്വപ്നം കാണുകയാണോ എന്നു തോന്നി ആ സാധു വിറകുവെട്ടിക്ക്. ചമ്പാറാണിയുടെ ബന്ധുക്കളും സ്നേഹിതന്മാരും മററും അവൾ പറയുന്നതു് ശരിയാണെന്നു പ്രഖ്യാപിച്ചു. കാര്യം അവിടംകൊണ്ടവസാനിച്ചില്ല. അവളതു കോടതിയിലെത്തിച്ചു. ന്യായാധിപന്നു വിധി പറയാൻ കഴിഞ്ഞില്ല. വിഷയം രാജാവിന്റെ തിരുമുമ്പാകെത്തന്നെയെത്തി. അവിടെയും കാര്യം തീർക്കാൻ ഒത്തില്ല. വിറകുവെട്ടി താനൊരു പരമസാധുവാണെന്നു തീർത്തുപറഞ്ഞു. മറിച്ചു ചമ്പാറാണിയും അവളുടെ ബന്ധുക്കളും അയാനൊരു പണക്കാരനാണെന്നും അവളുടെ ഭർത്താവാണെന്നും കയ്യിലുണ്ടായിരുന്ന പണമെല്ലാം നശിപ്പിച്ചിരിക്കയാണെന്നും വാദിച്ചു. ഏതായാലും അവൻ വാഗ്ദാനംചെയ്ത ആയിരം വരാഹൻമാത്രം കൊടുത്താൽ മററവകാശങ്ങളെല്ലാം വിടാമെന്നായി ചമ്പ. അങ്ങനെയൊരു

ളുതീർപ്പിന്നുള്ള സന്നദ്ധത പ്രകടിപ്പിച്ചു. ഉണ്ടായിരുന്നെങ്കിൽ കൊടുക്കാമായിരുന്നുവെന്നും പക്ഷെ ആദ്യം പറഞ്ഞപോലെ താൻ വെറും ഒരു സാധു വിറകുവെട്ടിയാണെന്നും തൻെറ നിത്യസമ്പാദ്യം വിറകുവിററു കിട്ടുന്ന വെറും ചില ചെമ്പുകാശുകളാണെന്നും തനിക്കൊരു മാളികയോ, സ്വത്തോ, ഭാര്യയോ ഒന്നുമില്ലെന്നും പറഞ്ഞു് വിറകുവെട്ടി അതിന്നുള്ള സാക്ഷികളെ ഹാജരാക്കി. ഈ വിചിത്രമായ വ്യവഹാരം നാടാകെ തമ്മില്ലുമുളവാക്കി. അതിൻെറ വിധിയെന്തായിരിക്കുമെന്നറിയാൻ സകലർക്കും കൌതുകമുണ്ടായി. ഇരുഭാഗക്കാർക്കും നാട്ടിൽ കക്ഷിക്കാരുമുണ്ടായി.

രാജാവിന്നു എന്തു ചെയ്യണമെന്നറിഞ്ഞില്ല. ഒടുവിൽ അദ്ദേഹം പറഞ്ഞു: "ഈ പട്ടണത്തിലെ ഒരു വ്യാപാരിയുടെ കയ്യിൽ നല്ലൊരു കിളിയുണ്ടെന്നും അതിന്നു് സാധാരണ മനുഷ്യരേക്കാറം ബുദ്ധിയുണ്ടെന്നും ഞാൻ കേട്ടു. ഉടനെ ആ കിളിയെ കൊണ്ടുവരിക. അതിവ്യവഹാരത്തിന്നു വിധി നിശ്ചയിക്കട്ടെ. ആ വിധി നമുക്കു് സ്വീകരിക്കുകയും ചെയ്യാം."

അങ്ങനെ വിക്രമരാജക്കിളി ന്യായാധിപസ്ഥാനത്തിരുന്നു വിചാരണ തുടങ്ങി.

കിളി ആദ്യം വിറകുവെട്ടിയോടു് അവൻെറ മൊഴി കൊടുക്കാൻ പറഞ്ഞു.

വിറകുവെട്ടി തുടങ്ങി. "ഞാൻ സത്യമാണു് പറയുന്നതു്. ഞാൻ വെറുമൊരു സാധുവാണു്. നിത്യം കാട്ടിൽ പോയി വിറകുവെട്ടിക്കൊണ്ടുവന്നു വിററുകിട്ടുന്ന കാശുകൊണ്ടാണു് ഞാൻ പിഴക്കുന്നതു്. വെറും ചില ചെമ്പുകാശുകളല്ലാതെ കൂടുതൽ ഒന്നും എനിക്കൊരു ദിവസവും കിട്ടാറില്ല. ഒരു ദിവസം ക്ഷീണം കൊണ്ടു ഞാൻ കാട്ടിൽക്കിടന്നുറങ്ങിപ്പോയി. അന്നു ഞാനൊരു അസംബന്ധമായ സ്വപ്നം കണ്ടു. ഞാൻ പണക്കാരനായെന്നും, ചമ്പാറാണിയെ കല്യാണം കഴിച്ചുവെന്നും, അവർക്കു് ആയിരം വരാഹൻ സമ്മാനം കൊടുത്തുവെന്നും മററും. ഇതുമാത്രമാ

ണ്ടായതു്. എൻെറ കയ്യിൽ ആയിരം വരാഹനെന്നുവേണ്ട, അരക്കാശുപോലുമില്ല. പിന്നെ ഞാനെങ്ങനെ ആയിരം വരാഹൻ കൊടുക്കും?"

"മതി. ഇനി നർത്തകി അവളുടെ കഥ പറയട്ടെ." വിക്രമമഹാരാജാവു് ആജ്ഞാപിച്ചു.

ചമ്പാറാണി അവളുടെ അവകാശവാദം മുഴുവൻ പറഞ്ഞു.

കിളി അവളോടു് ചോദിച്ചു:- "ഭർത്താവു് നിങ്ങളെ കൊണ്ടുപോയെന്നു പറയുന്ന ആ വീടു് എവിടെയാണു്?"

"ഓ, അതു് വളരെ ദൂരെയായിരുന്നു. ഏതോ ഒരു കാട്ടിൽ. എത്ര ദൂരമുണ്ടെന്നു എനിക്കറിയില്ല." അവൾ പറഞ്ഞു.

"എത്രകാലം മുമ്പാണതുണ്ടായതു്?" കിളി ചോദിച്ചു.

"'ഇന്ന' കാലത്തു്." അവൾ പറഞ്ഞു.

പിന്നീടു് കിളി സത്യസന്ധന്മാരായ ചില സാക്ഷികളെ വിസ്തരിച്ചു. ചമ്പാറാണി മൊഴികൊടുത്ത കാലത്തു് അവൾ ഈ നഗരംവിട്ടെങ്ങും പോയിട്ടില്ലെന്നു അവർ തെളിയിച്ചു. അതിനുശേഷം കിളി അവളോടു് പറഞ്ഞു: "നല്ലൊരു വീടും ധാരാളം പണവും വിട്ടു നിങ്ങൾ കാട്ടിലേക്കു പോയിയെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? നിങ്ങളത്ര വിഡ്ഢിയല്ലെന്നും അങ്ങനെ പോയിട്ടില്ലെന്നും സാക്ഷികൾ തെളിയിച്ചിട്ടുമുണ്ടു്. നിങ്ങളുടെ അവകാശവാദം ഉപേക്ഷിക്കുകയാണു് നല്ലതു്."

പക്ഷെ നർത്തകി സമ്മതിച്ചില്ല. ഉടനെ കിളി ആയിരം വരാഹനും ഒരു വലിയ കുപ്പിയും വരുത്തിച്ചു. പണം കുപ്പിയിലിട്ടു ഭദ്രമായടച്ചു് മുദ്രവച്ചു. അതാസ്ത്രീയുടെ കയ്യിൽ കൊടുത്തു പറഞ്ഞു. "ഈ കുപ്പിയിലെ മുദ്ര പൊട്ടിക്കാതെ അതിലെ പണമെടുക്കൂ."

"അതെങ്ങനെ കഴിയും?" അവൾ ചോദിച്ചു.

"നിങ്ങളുടെ ആഗ്രഹവും ഇതുപോലെത്തന്നെയാണു്. അരക്കാശിനു് ഗതിയില്ലാത്ത ഒരു സാധുവിനോടു് ആയിരം

വരാഹൻ തരണമെന്നു നിർബ്ബന്ധിക്കാൻ നിങ്ങൾക്കധികാരമില്ല."

"വിറകുവെട്ടിയെ വിട്ടുപോ. കൂത്താടിനടക്കുന്നവളാണു് നീ ചമ്പാറാണി. നുണച്ചിയും കള്ളിയുമാണു് നീ. പണക്കാരെ തട്ടിപ്പറിച്ചുകൊള്ളുക. പക്ഷെ സാധുക്കളെ അനാവശ്യമായി ഉപദ്രവിക്കാൻ നിന്നെ ആരും അനുവദിക്കുകയില്ല. പോ."

വിക്രമക്കിളിയുടെ വിധി കേട്ടു് ആളുകളാർത്തു. "എന്തൊരത്ഭുതം! ഇത്ര ബുദ്ധിയുള്ള പക്ഷിയുണ്ടാകുമോ?" അവരേവരും പുകഴ്ത്തി. പക്ഷെ രോഷാകുലയായ ചമ്പാറാണി കിളിയോടു് പറഞ്ഞു: "നോക്കിക്കോ, സാററക്കിളി. നിന്നെ ഞാനെന്റെ കയ്യിലാക്കും. അന്നു ഞാൻ നിന്റെ തലകടിക്കും!"

"കഴിയുന്നതും ശ്രമിക്കു ശ്രീമതി. പക്ഷെ ഒരു കാര്യം—നീ പിച്ചയെടുക്കും. നിന്റെ വീടു് നീതന്നെ തട്ടിനിരത്തും. സങ്കടം സഹിക്കാതെ നീ തലതല്ലിച്ചാവും. ഇതെല്ലാം ഞാനെന്റെ കണ്ണുകൊണ്ടു കാണുകയും ചെയ്യും."

"ശരി. നമുക്കു നോക്കാം. ആരുടെ വാക്കാണു് ശരിയാവുകയെന്നു നോക്കാം." എന്നുംപറഞ്ഞു അവൾ വീട്ടിലേക്കു പോയി.

വ്യാപാരി വിക്രമക്കിളിയെ വീട്ടിലേക്കു കൊണ്ടുപോയി. പ്രത്യേക സംഭവങ്ങളൊന്നുമില്ലാതെ രണ്ടാഴ്ച കഴിഞ്ഞു. അതിന്റെ അവസാനത്തിൽ വ്യാപാരിയുടെ മൂത്ത മകന്റെ കല്യാണമായി. കല്യാണദിവസം ചമ്പാറാണിയുടെ നൃത്തമുണ്ടായിരുന്നു. സകലരേയും ആനന്ദിപ്പിക്കുമാറു് അവൾ നൃത്തംചെയ്തു. വർത്തകനു വളരെ സന്തോഷമായി. അയാൾ അവളോടു് പറഞ്ഞു: "നിങ്ങളുടെ നൃത്തം വളരെ നന്നായി. എന്തു പ്രതിഫലം വേണമെങ്കിലും തരാൻ ഞാൻ തയ്യാറാണു്. ആഭരണങ്ങളോ, പട്ടുവസ്ത്രങ്ങളോ, അങ്ങനെ എന്തു വേണമെങ്കിലും തരാം."

അവൾ പറഞ്ഞു; "ആവകയൊന്നും എനിക്കാവശ്യമില്ല. ഉടയാഭരണങ്ങൾ എനിക്കു വേണ്ടത്രയുണ്ടു്. നിങ്ങളുടെ കയ്യി

ലുള്ള ആ കിളിയെ തന്നാൽ അതുമാത്രം മതി എനിക്കു പ്രതിഫലം. എനിക്കാകിളിയെ അത്രയ്ക്കിഷ്ടമാണ്. മറെറാരു സമ്മാനവും വേണ്ട."

വർത്തകന്നു വളരെ വ്യസനമായി. താനത്രയധികം സ്നേഹിച്ചിരുന്ന കിളിയെ ഈ നർത്തകി ആവശ്യപ്പെട്ടമെന്നു അയാൾ സ്വപ്നേപി കരുതിയിരുന്നില്ല. സ്നേഹത്തിന്നു പുറമെ ആ കിളി അയാൾക്കൊരു നേട്ടവുമായിരുന്നു. മറെറന്തു വേണമെങ്കിലും അയാൾ സന്തോഷപൂർവ്വം കൊടുക്കുമായിരുന്നു. എന്തായാലും വാക്കു കൊടുത്തുകഴിഞ്ഞു. നിറവേററാതെ തരമില്ല. നിറഞ്ഞ കണ്ണുകളോടെ അയാൾ കിളിയെപ്പിടിച്ചുകൊണ്ടുവരാൻ പോയി.

കിളി പറഞ്ഞു: "എന്നെ ആ സ്ത്രീക്കു് കൊടുത്തുകൊള്ളു. ബാക്കിയെല്ലാം ഞാൻ നോക്കിക്കൊള്ളാം."

ചമ്പാറാണി വിക്രമരാജക്കിളിയേയുംകൊണ്ടു വീട്ടിലെത്തി, ദാസിയെ വിളിച്ചു പറഞ്ഞു: "വേഗം ഈ കിളിയെ കൊന്നു് അത്താഴത്തിന്നു കറിയുണ്ടാക്കു്. പക്ഷെ ആദ്യം അതിൻെറ തലയറുത്തു ചുട്ടുകൊണ്ടുവാ. എനിക്കതാദ്യം തിന്നണം."

"കൊച്ചമ്മയെന്തസംബന്ധമാണു് പറയുന്നതു്! കിളിയുടെ തല ചുട്ടുതിന്നണംപോലും!" ആ ദാസി മറെറാരു ദാസിയോടു് പറഞ്ഞു. "എന്തോ ആയിക്കോട്ടെ. പറഞ്ഞപോലെ കേട്ടുകൂ. അല്ലെങ്കിൽ ദേഷ്യപ്പെടും." മററവൾ പറഞ്ഞു. ദാസി വിക്രമക്കിളിയുടെ തൂവൽ പറിക്കാൻ തുടങ്ങി. കിളി ആ സമയത്തു് ചത്തതുപോലെ തല തൂക്കിയിട്ടു കിടന്നു. അതു് ചത്തുവെന്നു കരുതി അവൾ അതിനെ പാത്രം കഴുകുന്നേടത്തു വെച്ചു വെള്ളം കൊണ്ടുവരാൻ പോയി. അടുക്കള താഴത്തെ നിലയിലായിരുന്നു. പാത്രങ്ങളും മററും കഴുകിയ വെള്ളം പോകാനുള്ള ഒരോവുണ്ടായിരുന്നു അതിൽ. അടുക്കളപ്പണി കഴിഞ്ഞാൽ എല്ലാം കഴുകിയടിച്ചു കളഞ്ഞിരുന്നതു് ആ ഓവിൽക്കൂ

ടെയായിരുന്നു. അവിടെയാണ് ദാസി കിളിയെ വിട്ടുപോയതു്. വിക്രമരാജാവ് ക്ഷണത്തിൽ ആ ദ്വാരത്തിലൊളിഞ്ഞിരുന്നു.

"അയ്യയ്യോ, ഞാനെന്താ ചെയ്യുക? കൊച്ചമ്മ എന്നെ തിന്നുമല്ലോ! ഞാനൊന്നു തിരിഞ്ഞിപ്പോഴേക്കു് കിളി പോയല്ലോ!" ദാസി മററവളോട്ട് പറഞ്ഞു: "വല്ല പൂച്ചയും കൊണ്ടുപോയിട്ടുണ്ടാവും. അതു പറന്നൊന്നും പോയിട്ടില്ല. ചത്തതു പറക്കുമോ? അല്ലെങ്കിൽ ഞാൻ കാണാതിരിക്കുമോ? ഏതായാലും നീ പേടിക്കുകയൊന്നും വേണ്ട. വേഗം ഒരു കോഴിക്കുഞ്ഞിനെ പിടിച്ചു ശരിപ്പെടുത്തിക്കോ." മററവളുപദേശിച്ചു.

അവർ രണ്ടുപേരുംകൂടി ഒരു കോഴിക്കുഞ്ഞിനെ കൊന്നു പാകംചെയ്തു. അതിൻെറ തലയറുത്തു ചുട്ടു കൊച്ചമ്മയ്ക്കു കൊണ്ടുപോയി കൊടുക്കുകയും ചെയ്തു. ചമ്പാറാണി ആ തല കടിച്ചുകൊണ്ടു പറഞ്ഞു:-

"എട കിളി, ഇപ്പോഴൊ? നിൻെറ കഥ കഴിഞ്ഞില്ലേ? നിൻെറ ഈ വിശേഷപ്പെട്ട തലച്ചോറല്ലേ എന്നെ ചതിച്ചതു! ഈ നാവല്ലേ എനിക്കു വിപരീതം പറഞ്ഞതു്! ഈ കഴുത്തിൽക്കൂടെയല്ലേ ആ ഭീഷണികൾ പുറപ്പെട്ടതു്! ആഹ! ഇപ്പോൾ ആരു ജയിച്ചു?"

ആ ദ്വാരത്തിലിരുന്നിരുന്ന വിക്രമൻ അതെല്ലാം കേട്ടു. "ഇനിയും അവളെന്നെ പിടിച്ചേക്കുമോ?" രാജാവ് ഓർത്തു്. കാരണം തൂവലുകൾ പറിച്ചുകളഞ്ഞിരുന്നതിനാൽ പറന്നുപോകാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഓവിൽക്കൂടെ ഒലിച്ചുവരുന്ന വല്ല എച്ചിലും കൊത്തിത്തിന്നും, അതിലൂടെ ഒഴുകിവരുന്ന അതിലൂടെ ഒഴുകിവരുന്ന വെള്ളത്തിൽപ്പെട്ടു ശ്വാസംമുട്ടുമോ എന്നു ഭയന്നു വിക്രമമഹാരാജാവിനു കുറച്ചുകാലം അവിടെത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. അവസാനം തൂവലുകൾ വീണ്ടും മുളച്ചുവന്നതോടെ കിളി പറന്നുപോയി അടുത്തുള്ള ഒരു ക്ഷേത്രത്തിലെ ബിംബത്തിൻെറ പിന്നിൽ ഒളിച്ചിരുന്നു.

ചമ്പാറാണി ആ ക്ഷേത്രത്തിൽ തൊഴാൻപോകുന്ന പതിവുണ്ടായിരുന്നു. കിളിയവിടെയെത്തി അധികം കഴിയുന്നതിനുമുമ്പു അവളും അവിടെച്ചെന്നു.

അവൾ പ്രാർത്ഥിച്ചു. അവളെ ഉടലോടെ സ്വർഗ്ഗത്തിൽ കൊണ്ടുപോകണമെന്നായിരുന്നു പ്രാർത്ഥന. (കാരണം അവൾക്കു മരണത്തെപ്പററി വലിയ ഭയമുണ്ടായിരുന്നു.) അവസാനം അവളുടെ പ്രാർത്ഥന ഉറക്കെത്തന്നെയായി. "ഈ മദനുഗ്രഹം തന്നരുളുമാറാകണം. ഞാനവിട്ടത്തെ എന്താജ്ഞയും ശിരസാവഹിച്ചുകൊള്ളാം."

ബിംബത്തിൻെറ പിന്നിലൊളിച്ചിരുന്ന വിക്രമൻ അതെല്ലാം കേട്ടശേഷം പറഞ്ഞു: "ഹേ നർത്തകി ചമ്പാറാണി, ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നിൻെറ അഭിലാഷം സാധിപ്പിക്കുന്നുണ്ട്. പക്ഷെ നിയൊരു കാര്യംചെയ്യണം. ആദ്യം ഐഹികബന്ധം മുഴുവനുംവിടണം. അതിനാൽ നിൻെറ സകല സ്വത്തും വിററു പണം സാധുക്കൾക്കു വിതരണം ചെയ്തുകൊടുക്കുക. ഭൃത്യർക്കു പണംകൊടുത്തു അവരെ പിരിച്ചുവിടുക. നിൻെറ മാളിക പൊളിച്ചു തട്ടിനിരത്തുക. അങ്ങനെ ഐഹികബന്ധങ്ങൾ മുഴുവനുമുപേക്ഷിച്ചാലെ നിനക്കു സ്വർഗ്ഗത്തിന്നർഹതയുള്ളു. അതുകൊണ്ടു ഞാൻ പറഞ്ഞതെല്ലാം വേണ്ടപോലെ ചെയ്തു അടുത്താഴ്ച ഇതേദിവസം ഇവിടെ വരിക. അന്നു ഞാൻ നിന്നെ ഉടലോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാം."

കേട്ടതെല്ലാം ഈശ്വരൻെറ തിരുമൊഴിതന്നെയാണെന്നു വിശ്വസിച്ചു അവൾ അതേപടിയെല്ലാം ചെയ്യാനായിക്കൊണ്ടു വീട്ടിലേക്കോടി. അന്നു വിക്രമമഹാരാജാവു കിളി പറഞ്ഞതെല്ലാം അവൾ മറന്നുകഴിഞ്ഞിരുന്നു. ഉള്ളതെല്ലാം വിററു അവൾ സാധുക്കൾക്കുകൊടുത്തു. വീടു പൊളിച്ചു തട്ടിനിരത്തി. ഭൃത്യരെയെല്ലാം പിരിച്ചയച്ചു. എല്ലാം കഴിഞ്ഞു നിശ്ചിതദിവസം ക്ഷേത്രത്തിലെത്തി അവൾ പുറത്തു മണ്ഡപത്തിൽക്കറിയിരുന്നു. ദേവൻ തന്നോടു പറഞ്ഞതിനെപ്പററിയും, തന്നെ സ്വർ

ർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ ദേവൻതന്നെ വരുന്നതിനെപ്പററിയും, സ്വർഗ്ഗാരോഹണംകൊണ്ടു തനിക്കുള്ളതിൽക്കവിഞ്ഞുണ്ടാകാൻപോകുന്ന കീർത്തിയെപ്പററിയും മററും അവൾ ചുററും കൂടിയവരോടു പ്രസംഗിക്കാൻ തുടങ്ങി. കേട്ടവരെല്ലാം അവൾ പറയുന്നതു വിശ്വസിച്ചു. കാരണം എല്ലാവർക്കും അവളെ ഭ്രമമായിരുന്നു. പട്ടണത്തിലുള്ള സർവ്വജനങ്ങളും അവളുടെ സ്വർഗ്ഗാരോഹണം കാണാൻ തടിച്ചുകൂടി. ആയിരക്കണക്കിലാളുകൾ—രാജാക്കന്മാർ, പ്രഭുക്കന്മാർ, വ്യാപാരികൾ, നാട്ടുകാർ, സഞ്ചാരികൾ — അങ്ങനെ ആയിരമായിരം ആളുകൾ കൂടി. ഓരോരുത്തർക്കും അത്ഭുതവും ജിജ്ഞാസയുമുണ്ടായിരുന്നു.

ആളുകൾ കൂടിനിൽക്കുന്ന സമയത്തു് ഒരു ചെറിയ ചിറകടി കേട്ടു. ഒരു കിളി ചമ്പാറാണിയുടെ തലക്കുമീതെ പറന്നുകൊണ്ടു പറഞ്ഞു. "എടി, കൂത്താടി നടക്കുന്നവളെ, നിയെന്തൊരു വിഡ്ഢിയാണ്." ചമ്പാറാണി ആ കിളിയുടെ ശബ്ദം തിരിച്ചറിഞ്ഞു. കിളി തുടർന്നു: "എടി, നി ഉടലോടെ സ്വർഗ്ഗത്തിലെത്തുമോ? അന്നു് ആ കിളിപറഞ്ഞതു നി മറന്നുവോ? പടുവിഡ്ഢി!"

ചമ്പാറാണി ഓടി ക്ഷേത്രത്തിനുള്ളിൽച്ചെന്നു ബിംബത്തിന്റെ മുമ്പിൽ വീണു കരഞ്ഞുപറഞ്ഞു: "കരുണാമൂർത്തിയായ ഭഗവാനെ, ഞാനവിടുത്തെ ശാസനകളെല്ലാം അക്ഷരം പ്രതി നിറവേററി. അവിടുത്തെ വാക്കു സത്യമാക്കുക. അവിടുന്നെന്നെ വേഗം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുക."

പക്ഷെ അവളുടെ തലക്കുമീതെയിരുന്നിരുന്ന കിളി പറഞ്ഞു: "നമസ്കാരം ചമ്പാറാണി. നീ തിന്നതു് കോഴിക്കുഞ്ഞിന്റെ തലയാണ്. എന്റേതല്ല. ഇന്നു നിന്റെ വീടെവിടെ? നിന്റെ ഭൃത്യവർഗ്ഗങ്ങളെവിടെ? സമ്പൽസമൃദ്ധികളെവിടെ? നമ്മിൽ ആരുടെ വാക്കാണ് ഫലിച്ചതു്? നീതന്നെ തീർച്ചപ്പെടുത്തുക."

ചമ്പാറാണിക്കെല്ലാം മനസ്സിലായി. തൻെറ വിഡ്ഢിത്തമോർത്തു പശ്ചാത്തപിച്ചു് ബോധംകെട്ടു് അവൾ താഴെ വീണു. കോപവും താപവും സഹിക്കാനാവാതെ അവൾ കല്ലിൽ തലതല്ലി മരിച്ചു.

വിക്രമമഹാരാജാവു് നാടുവിട്ടു രണ്ടുകൊല്ലം കഴിഞ്ഞു. രാജാവു് തിരിച്ചെത്താത്തതുകണ്ടു നിരാശനായ ഭട്ടി ആറുമാസമായി അദ്ദേഹത്തെത്തിരഞ്ഞു നടക്കുകയായിരുന്നു. പലയിടങ്ങളും ചുററി. ഫലമുണ്ടായില്ല. ഭാഗ്യവശാൽ ചമ്പാറാണിയുടെ പ്രസംഗം കേൾക്കാൻ തടിച്ചുകൂടിയ ജനങ്ങളുടെയിടയിൽ ഭട്ടിയും വന്നുപെട്ടു. രാജാവു് മന്ത്രിയെക്കണ്ടവുടൻ പറന്നുചെന്നു അദ്ദേഹത്തിൻെറ തോളിലിരുന്നു. മന്ത്രി കിളിയെ ഒരു കൂട്ടിലാക്കി നാട്ടിലേക്കു മടങ്ങി.

കുഴപ്പംപിടിച്ച മറെറാരു പ്രശ്നം പരിഹരിക്കേണ്ടതുണ്ടായിരുന്നു. രാജാവിൻെറ ആത്മാവു് കിളിയുടെ ദേഹത്തിലാണു്. രാജാവിൻെറ ദേഹത്തിലാണെങ്കിൽ ആശാരിയുടെ ജീവനും. രാജാവിന്നു സ്വന്തം ദേഹത്തിൽ കടക്കണമെങ്കിൽ മററവനെ എങ്ങനെയൊഴിക്കും? അവൻെറ ദേഹം നശിച്ചുപോയെന്നിനാൽ അവനു് പോകാൻ ഇടമില്ല. മന്ത്രിക്കു് ഒരു പോംവഴിയും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. വരുംപോലെ വരട്ടെയെന്നും കരുതി അദ്ദേഹം ക്ഷമിച്ചിരുന്നു.

കൃത്രിമരാജാവിനും ഭട്ടിക്കും ഓരോ ആട്ടുകളുണ്ടായിരുന്നു, പോരുപഠിപ്പിച്ച ആട്ടുകൾ. ഒരു ദിവസം രാജാവു് മന്ത്രിയോടു് പറഞ്ഞു: "ഇന്നു നമ്മുടെ ആട്ടുകളെ ഒന്നു മത്സരിപ്പിക്കണം. ഏതിനാണു് അധികം ശക്തിയെന്നു നോക്കാമല്ലോ." മന്ത്രി സമ്മതിച്ചു. ആട്ടുകൾ പോർതുടങ്ങി. ആ രണ്ടാട്ടുകൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. മന്ത്രിയുടെ ആടിന്റെ കൊമ്പു മുളക്കുന്ന പരുവത്തിൽ ഒരു നാരകത്തിന്മേലാണു് കെട്ടിയിട്ടിരുന്നതു്. ആട്ടിൻകുട്ടി നാരകത്തിൻെറ മുളംതടിയിലിടിച്ചു ശീലിച്ചു. അതിൻെറ കൊമ്പിനു് നല്ല ബലവും മൂർച്ചയും കൂടി.

ആശാരിയുടെ ആടിനെ ആ പരുവത്തിൽ വലിയൊരു തേക്കി ന്മേലാണു് കെട്ടിയിട്ടിരുന്നതു്. ആ ആട്ടിൻകുട്ടിക്കു് ആ മരത്ത തടിയിലിടിച്ചു ശീലിക്കാൻ പററിയില്ലെന്നു മാത്രമല്ല, ദുർല്ല ഭം ചില പരിശ്രമങ്ങൾ നടത്തിയതിൻെറ ഫലമായി അതി ൻെറ കൊമ്പിളകുകയും ഉള്ള ബലം പോകുകയും ചെയ്തിരുന്നു.

തൻെറ ഓമനമൃഗത്തിൻെറ ഈ ദൌർബ്ബല്യം കണ്ടു ആ ശാരി രാജാവിനു് പരിഭ്രമമായി. പോരിന്നു മൂർച്ച കൂടുന്തോറും അതു തോററു മാറുവാൻ തുടങ്ങി. മററെ ആടു് അതിനെ ഇടിച്ചു കൊല്ലുമെന്നു ഭയന്നു് ആശാരി അതിന്നു കൂടുതൽ ഉശിരും ധൈ ര്യവും ദൃഢതയും കൊടുക്കാൻവേണ്ടി രാജാവിൻെറ ദേഹം വിട്ടു അതിൻെറ അകത്തു കടന്നു.

തലയ്ക്കു മീതെയുള്ള കൂട്ടിൽ കിടന്നിരുന്ന വിക്രമൻ സംഗ തി മനസ്സിലാക്കി ഉടനെ കിളിയുടെ ദേഹംവിട്ടു തൻെറ ദേഹ ത്തിൽ പ്രവേശിച്ചു. അതിനിടെ ഭട്ടിയുടെ ആടു് മററെ ആടി നെ ആട്ടിയിടിച്ചുകൊണ്ടു് ഭട്ടിയുടെയടുക്കലെയെത്തിച്ചു. ഉടനെ മന്ത്രി വാളെടുത്തു ആ ആടിൻെറ തലവെട്ടി. അതോടെ ആശാ രിയുടെ കഥയും തീർന്നു.

വളരെക്കാലത്തിനുശേഷം രാജാവു് തിരിച്ചെത്തിയതുക ണ്ടു് റാണിയും മററെല്ലാവരും അതിരററു സന്തോഷിച്ചു. ഇനി മേൽ രാജാവു് കിളിയായി വല്ലേടത്തും പോകരുതെന്നു റാണി അപേക്ഷിക്കുകയും രാജാവതു് സ്വീകരിക്കുകയും ചെയ്തു.

രാജാവിന്നു ലോകം കാണുവാനുള്ള മോഹം വീണ്ടും തുട ങ്ങി. ആരും അകമ്പടിയില്ലാതെ തനിച്ചു് അടുത്തുള്ള കാട്ടിൽ ചുററിത്തിരിയുന്നതു് അദ്ദേഹത്തിന്നു സന്തോഷമുള്ള കാര്യമാ യിരുന്നു. ഒരു ദിവസം പൊരിവെയിലത്തു അദ്ദേഹം തനിച്ചൊ രു മൊട്ടപ്പുറമ്പിൽക്കൂടെ പോകുകയായിരുന്നു. അതു് കണ്ണെത്ത ാത്തത്ര വിസ്തൃതവും വരണ്ടതുമായിരുന്നു. ചുട്ടുപൊരിയുന്ന വെയിലത്തു് കാക്കക്കിരിക്കാനുള്ള തണലുപോലും അവിടെയെ വിടെയുമുണ്ടായിരുന്നില്ല. നടന്നു തളർന്ന രാജാവു് വഴിയിൽ

കണ്ട വലിയൊരു പാറയുടെ തണലിൽ വിശ്രമിക്കാനിരുന്നു. വിക്രമൻ അവിടെ വായുംപൊളിച്ചു കിടന്നുറങ്ങി. ആ സമയത്തു് ഒരു സർപ്പം അടുത്തുള്ള പോട്ടിൽനിന്നു പുറത്തുവന്നു. രാജാവിൻെറ പൊളിച്ച വായകണ്ടു് അതു് തണുപ്പുള്ള ഒരു പോടായിരിക്കുമെന്നു കരുതി ആ സർപ്പം അതിൽ നുഴഞ്ഞുകടന്നു തൊണ്ടയിൽച്ചെന്നു ചുരുണ്ടുകിടന്നു.

രാജാവു് പാമ്പിനോടു് പുറത്തുവരാൻ പറഞ്ഞു. "ഇല്ല, ഞാൻ വരില്ല. നിലത്തേക്കാൾ സുഖമുണ്ടിവിടെ." എന്നും പറഞ്ഞു് പാമ്പവിടെത്തന്നെ കൂടി. എന്തു ചെയ്യണമെന്നറിയാതെ രാജാവു് വിഷമിച്ചു. ചിലപ്പോൾ പാമ്പു് രാജാവിൻെറ വായിൽക്കൂടെ പുറത്തു തലയൊന്നു നീട്ടും; പിടിക്കാൻ കൈകൊണ്ടുപോയാൽ ഉടനെ അതു് തല വലിക്കുകയും ചെയ്യും.

"ഏതെങ്കിലുമൊരു രാജാവിനു് ഇമ്മാതിരിയൊരു ദുരിതമുണ്ടായിട്ടുണ്ടോ?" സവ്യസനം നെടുവീർപ്പിട്ടു് രാജാവു് ഭട്ടിയോടു് ചോദിച്ചു. "തൊണ്ടയിൽ ഒരു പാമ്പിനെവെച്ചു ജീവിക്കുന്ന കാര്യം ആലോചിക്കാനൊക്കുമോ?"

"എന്തിനാണു് നാടുതെണ്ടാൻ പോയതു്? ഇനിയെങ്കിലും അതു നിർത്തു." ഭട്ടി പറഞ്ഞു.

"ഈ പാമ്പിനെ പുറത്തുപിടിച്ചിട്ടാൽ പിന്നെ ഞാൻ സഞ്ചാരത്തിന്നു പോകുകയില്ല." രാജാവുപറഞ്ഞു. "ഇനി പോകുന്നതത്ര നല്ലതാണെന്നും തോന്നുന്നില്ല." പക്ഷെ പാമ്പിനെപ്പിടിക്കുന്ന കാര്യം അത്ര എളുപ്പമായിരുന്നില്ല. ആരു വിചാരിച്ചിട്ടും അതു നടന്നില്ല. ഈ വിഷമംകൊണ്ടു രാജാവിനു് ഏതാണ്ടു ഭ്രാന്തുപിടിച്ചുപോലെയായി. ഒരു ദിവസം അദ്ദേഹം പൊറുതിമുട്ടി കാട്ടിലേക്കോടിപ്പോയി. മന്ത്രി വിവരമറിഞ്ഞു വളരെ വ്യസനിച്ചു. "കഷ്ടം! രാജാവിൻെറ അപാരവിജ്ഞാനം കൊണ്ടെന്തു ഫലമുണ്ടായി! വരബലംകൊണ്ടെന്തുഫലം? അതിൻെറ പ്രഭാവം നാടുതെണ്ടാനും അന്യരുടെ കാര്യം നോക്കാനുമുള്ള ആസക്തിയുണ്ടാക്കാൻ മാത്രമെ സഹായിച്ചുള്ളു! സ്വന്തകാ

ര്യങ്ങളും രാജ്യഭരണവും നോക്കാതിരിക്കാനാണതുപകരിച്ചതു്. സ്നേഹനിധികളായ ജനങ്ങളെ അദ്ദേഹം മറക്കുകയാണുണ്ടായതു്. വിലമതിക്കാനാവാത്ത പല പ്രജകളും ഇന്നു് നാടുവിട്ടോടി പ്പോവുകയാണു്! കഷ്ടം!" മന്ത്രി തന്നത്താൻ പറഞ്ഞു.

ഭട്ടി രാജാവിനെ അന്വേഷിക്കാൻ നാടെങ്ങും ദൂതന്മാരെ അയച്ചു. ഒരു പ്രയോജനവുമുണ്ടായില്ല. ഒടുവിൽ ഭട്ടിതന്നെ തന്റെ ആത്മമിത്രത്തെ തേടി പുറപ്പെട്ടു. തന്റെ അഭാവത്തിൽ രാജ്യകാര്യങ്ങൾ നോക്കാനുള്ള ഏർപ്പാടുകളും അദ്ദേഹം ചെയ്തു.

അതിനിടെ വിക്രമൻ അനവധി ദൂരം പോയിക്കഴിഞ്ഞു. അദ്ദേഹം എങ്ങോ ഒരു നാട്ടിലെത്തി. ഒരുനാൾ വിക്രമൻ അവിടത്തെ രാജാവിന്റെ കൊട്ടാരത്തിന്റെ മുമ്പിൽ കൂടിയ ഭിക്ഷക്കാരുടെയിടയിൽ ചെന്നിരുന്നു.

ആ രാജാവിനു ബക്കാവലി എന്നു പേരായ ഒരു മകളുണ്ടായിരുന്നു. പല രാജാക്കന്മാരും അവളെ കല്യാണം കഴിക്കാനാഗ്രഹിച്ചു. പക്ഷെ ആരേയും അവൾ വരിച്ചില്ല. അവളുടെ മാതാപിതാക്കന്മാർ ചോദിച്ചു: "മകളെ, നീയൊരു ഭർത്താവിനെ തിരഞ്ഞെടുക്കില്ലേ? നിന്നെ കല്യാണം കഴിക്കാനാഗ്രഹിച്ചു വരുന്നരാജാക്കന്മാരിൽ പലരും പണവും ബലവും ധൈര്യവും സൗന്ദര്യവും പഠിപ്പും ഗുണവുമുള്ളവരുണ്ടു്. എന്തുകൊണ്ടാണു് നീ അവരെയെല്ലാവരെയും നിരസിക്കുന്നതു്?" രാജകുമാരി പറഞ്ഞു: "അവരിലാരേയും കല്യാണം കഴിക്കാനല്ല എന്റെ വിധി. എനിക്കു വിധിച്ചിട്ടുള്ള ഭർത്താവിനെ ഞാനിടക്കിടെ സ്വപ്നം കാണുന്നുണ്ടു്. ഞാനദ്ദേഹത്തെ കാത്തിരിക്കുകയുമാണു്." "ആരാണതു്?" അവർചോദിച്ചു. "അദ്ദേഹമാണു് വിക്രമമഹാരാജാവു്. ഒരുനാൾ അദ്ദേഹം ഇവിടെയെത്തും." രാജകുമാരി പറഞ്ഞു. "അങ്ങനെയൊരു രാജാവിനെപ്പററി ഞങ്ങളാരും കേട്ടിട്ടില്ലല്ലോ! മകളെ, നിന്റെ ഈ മനപ്പാൽ കുടിനിർത്തി നീ മററാരെയെങ്കിലും കല്യാണം കഴിക്കു." മാതാപിതാക്കൾ പറഞ്ഞു.

പക്ഷെ അവൾ "ഞാൻ വിക്രമരാജാവിനെ കാത്തിരിക്കും" എന്നും പറഞ്ഞുവന്ന വിവാഹാലോചനകളൊക്കെ തള്ളിക്കളഞ്ഞു. രാജാവും രാജ്ഞിയും വിചാരിച്ചു, "ഒരുപക്ഷെ അവൾ പറയുന്നപോലെത്തന്നെ വന്നുകൂടെന്ന് ആർക്കറിയാം? നമുക്കു പരിചയമുള്ള എല്ലാവരെക്കാളും മഹാനായ ഒരു രാജാവ് അവളെ കല്യാണം കഴിച്ചെന്നുവരാം. എന്നാൽ നാം അവളെ വല്ലവനും പിടിച്ചു കൊടുത്തുവെന്ന വേദനയുമില്ലല്ലൊ."

വിക്രമ മഹാരാജാവ് പിച്ചക്കാരുടെകൂടെ കൊട്ടാരപ്പടിക്കലിരുന്നതും ജനാലയിൽകൂടെ നോക്കിനിന്നിരുന്ന രാജകുമാരി വിളിച്ചുപറഞ്ഞതും ഒപ്പം കഴിഞ്ഞു. "അതാ എൻെറ ഭർത്താവ്. ഞാൻ സ്വപ്നം കാണുന്ന എൻെറ ഭർത്താവ്, വിക്രമ മഹാരാജാവ്!" "എവിടെ മകളെ എവിടെ?" അമ്മയും അച്ഛനും ചോദിച്ചു. "അവിടെ ഒരു രാജാവുമില്ല, ഒരുകൂട്ടം പിച്ചക്കാർ മാത്രമേയുള്ളു."

ആ പിച്ചക്കാരിലൊരാളാണ് വിക്രമമഹാരാജാവെന്നു രാജകുമാരി തീർത്തുപറഞ്ഞു. രാജ്ഞി ആ പിച്ചക്കാരനെ വരുത്തി വിവരങ്ങൾ ചോദിച്ചു.

പിച്ചക്കാരൻ താൻ വിക്രമ മഹാരാജാവാണെന്നു പറഞ്ഞു. രാജാവും രാജ്ഞിയും അതു വിശ്വസിച്ചില്ല. പക്ഷെ മകൾ അതുതന്നെയാണ് വിക്രമരാജാവെന്നും അദ്ദേഹത്തെയല്ലാതെ മററാരെയും താൻ കല്യാണം കഴിക്കയില്ലെന്നും ഉറപ്പിച്ചു പറഞ്ഞു. മാതാപിതാക്കന്മാർക്കു ദേഷ്യം വന്നു. "ശരി, നീയീ പിച്ചക്കാരനെത്തന്നെ കല്ല്യാണം കഴിച്ചോ, അതാണിഷ്ടമെങ്കിൽ. പക്ഷെ നീ അവൻെറ ഭാര്യയായിക്കഴിഞ്ഞാൽ പിന്നെ ഞങ്ങളുടെ മകളാണെന്നു കരുതരുത്. അവനെ കല്ല്യാണം കഴിച്ചാൽ നിൻെറഗതി പിച്ചതെണ്ടലും കാട്ടകയറലുംതന്നെയാവും. നിൻെറ തന്നിഷ്ടത്തിനു നീ പശ്ചാത്തപിക്കയുംചെയ്യും."

"ഞാനദ്ദേഹത്തിൻെറ പിന്നാലെ പൊയ്ക്കൊള്ളാം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകയും ചെയ്തുകൊള്ളാം." രാജകുമാരി പറഞ്ഞു.

വിക്രമമഹാരാജാവിൻെറയും ബക്കാവലിയുടെയും വിവാഹം കഴിഞ്ഞു. അച്ഛനമ്മമാർ അവളെ പുറത്താക്കി. പക്ഷെ അവൾക്കു കുറച്ചു പണം കൊടുത്തു. "ഒരു രാജാവിൻെറ മകളും തെണ്ടിയുടെ ഭാര്യയും തമ്മിലുള്ള വ്യത്യാസം അവളറിയും." അവർ പറഞ്ഞു.

വിക്രമനും ബക്കാവലിയും കാട്ടിലൊരു കുടിൽകെട്ടി താമസിച്ചു. സാധു രാജകുമാരി യാതനകളനുഭവിക്കാൻ തുടങ്ങി. കാരണം വെച്ചുവിളമ്പിയും, തുണി തിരുമ്പിയും അവൾക്കു ശീലമുണ്ടായിരുന്നില്ല. എങ്കിലും അവൾ നല്ലവണ്ണം പണിയെടുത്തു. അവൾ തളരാനും തുടങ്ങി. അവളതെല്ലാം സഹിച്ചു. പക്ഷെ വിക്രമൻെറ തൊണ്ടയിലുള്ള പാമ്പായിരുന്നു അവളുടെ തീരാവ്യഥ. രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരുന്ന് അവൾ അതിനെ കളയാനുള്ള സൂത്രങ്ങളാലോചിക്കുക പതിവായിരുന്നു, പക്ഷെ എല്ലാം നിഷ്ഫലം!

അവസാനം, ഒരു രാത്രി അവളതിനെപ്പററി ചിന്തിച്ചു മനസ്സു പുണ്ണാകുമ്പോൾ അടുത്തൊരു പോട്ടിൽനിന്നു രണ്ടു സർപ്പങ്ങൾ പുറത്തുവന്നു. സർപ്പങ്ങൾ ചിലതു സംസാരിച്ചു, അവളതു ശ്രദ്ധിച്ചു.

"ആരാണിവിടെ വന്നിട്ടുള്ള ഈ കൂട്ടർ?" ആദ്യത്തെ സർപ്പം ചോദിച്ചു.

"വിക്രമമഹാരാജാവും പത്നി ബക്കാവലിയും." രണ്ടാമത്തെ സർപ്പം പറഞ്ഞു.

"എന്താണവരിവിടെ ചെയ്യുന്നതു്? രാജാവു് നാടുവിട്ടിത്രദൂരം വന്നിരിക്കുന്നതെന്തിനാണു്?" ആദ്യത്തെ സർപ്പം ചോദിച്ചു.

"അദ്ദേഹം വലിയൊരു സങ്കടമനുഭവിക്കുന്നുണ്ടു്. അതു് സഹിക്കാതെ ഓടിവന്നിരിക്കയാണു്. അദ്ദേഹത്തിൻെറ തൊണ്ടയിൽ ഒരു സർപ്പം താമസിക്കുന്നുണ്ടു്." രണ്ടാമത്തെ സർപ്പം പറഞ്ഞു.

"ആർക്കും അതിനെപ്പിടിച്ച് പുറത്തിടാനാവില്ലേ?"

"ഇല്ല. കാരണം ആർക്കും അതിന്നുള്ള സൂത്രമറിയില്ല"

"എന്താണാസ്സൂത്രം?"

"നിനക്കറിയില്ലേ?" രണ്ടാമത്തെ സർപ്പം ചോദിച്ചു. "ഒരു പ്രയാസവുമില്ല. രാജാവിന്റെ മാറ്റ് കുറച്ചു ചേരിൻകുരു കൊണ്ടുവന്നു പൊടിച്ചു വെളിച്ചെണ്ണയിലിട്ടു അത് തിളപ്പിക്കണം. രാജാവിനെ തലകീഴായി കെട്ടിത്തൂക്കി ആ ആവി കൊള്ളിച്ചാൽ തൊണ്ടയിലുള്ള പാമ്പ് ചത്തു പുറത്തുവീഴും. അത്ര തന്നെ."

"ഞാനിതു മുമ്പ് കേട്ടിട്ടേയില്ല." ആദ്യത്തെ സർപ്പം പറഞ്ഞു.

"ഇല്ലേ? എന്തിന് ആ സർപ്പം മാത്രം? അവരിവിദ്യതന്നെ നിന്റെ പോട്ടിന്റെ മുമ്പിലും പ്രയോഗിച്ചാൽ നീയും ചാവും. ഒരുപക്ഷെ നിന്റെ പോട്ടിലുള്ള നിധിയും അവർക്കു കിട്ടും."

"ഈ സംസാരം എനിക്കത്ര പിടിക്കുന്നില്ല." എന്നും പറഞ്ഞ് അല്പം അലോഗ്യത്തോടെ ആദ്യത്തെ സർപ്പം അതിന്റെ പോട്ടിലേക്കിഴഞ്ഞുപോയി. രണ്ടാമത്തെ സർപ്പവും അതിന്റെ പിന്നാലെ പോയി.

അതു് കേൾക്കേണ്ട താമസം, രാജകുമാരി അതൊന്നു പരീക്ഷിക്കാൻ നിശ്ചയിച്ചു. പിറേറന്നു കാലത്ത് അവൾ അടുത്തുള്ള ഗ്രാമീണരെയൊക്കെ വിളിച്ചു. (അവർക്കെല്ലാവർക്കും അവളെ അറിയാമായിരുന്നു. എല്ലാവർക്കും അവളെ ഇഷ്ടവുമായിരുന്നു. രാജാവിന്റെ മകളായിരുന്നതിനാൽ അവൾ പറഞ്ഞതെല്ലാം അവർ കേൾക്കുകയും ചെയ്തിരുന്നു.) അവൾ അവരോട് വലിയൊരു കുട്ടകം നിറച്ചെണ്ണകൊണ്ടുവരാൻ പറഞ്ഞു. കുറെ ചേരിൻകുരു കൊണ്ടുവന്നു അതും പൊടിച്ചതിലിടുവാൻ പറഞ്ഞു. അവർ അതുപ്രകാരം ചെയ്തു. അവൾ കുട്ടകം അടുപ്പത്തു കയററി തീകത്തിച്ചു. മീതെയൊരു മരക്കൊമ്പിൽ വിക്രമനെ

തലകീഴായി കെട്ടിത്തൂക്കി. കുട്ടകത്തിൽനിന്ന ആവി പൊന്തി യവുടൻ വിക്രമൻെറ തൊണ്ടയിലെ പാമ്പു ചത്തു പുറത്തുവീ ണു. സന്തുഷ്ടനായ വിക്രമമഹാരാജാവ് ഭാൎയ്യയോട്ട് പറഞ്ഞു: "ആൎയ്യേ, ബക്കാവലി, എന്തൊരു സ്നേഹനിധിയാണ് ഭവതി! ഭവതി എൻെറ തൊണ്ടയിലുള്ള പാമ്പിനെ പുറത്തെടുത്തു! എ ൻെറ സാമ്രാജ്യത്തിലെ എല്ലാ മഹാന്മാരും ഒരുമിച്ചു ശ്രമിച്ചാൽ ക്കൂടി സാധിക്കാത്തൊരു കാൎയ്യമാണത്!"

ബക്കാവലി അവിടംകൊണ്ടും നിൎത്തിയില്ല. അവഠ ആ കുട്ടകമെടുത്തു തലേരാത്രി സംസാരിച്ച ഒന്നാമത്തെ പാമ്പി ൻെറ പോട്ടിലേക്ക കൊണ്ടുപോയി. അതിനെയും കൊന്നു.

പിന്നീട്ട് അവഠ ആളുകളോട്ട് അവിടെ കിളക്കാൻ പ റഞ്ഞു. കിളച്ചുനോക്കുമ്പോഠ വലിയൊരു നിധി കണ്ടു — സ്വ ൎണ്ണവും വെള്ളിയും രത്നങ്ങളും നിറയെ! ബക്കാവലി ഭൎത്താവി നും തനിക്കും വേണ്ട രാജകീയവസ്ത്രങ്ങഠ വാങ്ങിച്ചു. അവഠ ഭൎത്താവിനെ അണിഞ്ഞൊരുക്കി താനും ആടയാഭരണങ്ങളണി ഞ്ഞു. ബാക്കിയുള്ള നിധിയുമെടുത്തുകൊണ്ടു അവരിരുവരും അ വളുടെ അച്ഛൻെറ കൊട്ടാരത്തിലേക്ക ചെന്നു. അച്ഛനും അമ്മ യും പശ്ചാത്തപിച്ചു. ഇത്രയധികം സമ്പത്തും രാജകുമാരനെ പ്പോലെയുള്ള മരുമകനെയും കണ്ടു അവർ വളരെ സന്തോ ഷിച്ചു.

അങ്ങനെയിരിക്കുമ്പോഠ ഒരുനാഠ ആ രാജാവിൻെറ അ തിഥിയായി ഏതോ ഒരു മന്ത്രി വന്നിട്ടുണ്ടെന്നും, ആ മന്ത്രി ഒരു വ്യാഴവട്ടക്കാലമായി അദ്ദേഹത്തിൻെറ രാജാവിനെത്തേടി അ ലയുകയാണെന്നും, നിരാശനായി നാട്ടിലേക്ക മടങ്ങുകയാണെ ന്നും ഉള്ള വിവരം വിക്രമൻെറ കാതിലെത്തി. "അതു് ഭട്ടിയാ യിരിക്കുമോ?" എന്നും ഓൎത്തുകൊണ്ടു വിക്രമൻ ആ മന്ത്രിയെ ക്കാണാനോടിച്ചെന്നു.

അതു് ഭട്ടിതന്നെ. രാജാവിനെക്കണ്ട സന്തോഷത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞു: "വിക്രമ, അങ്ങു് ഞങ്ങളെ വിട്ടു് പോന്നിട്ടു് പന്ത്രണ്ടു കൊല്ലമായെന്ന ഓൎമ്മയുണ്ടോ?"

വിക്രമൻ താൻ ബക്കാവലിയെ കല്യാണം കഴിച്ചതും അവൾ തന്റെ തൊണ്ടയിലുണ്ടായിരുന്ന പാമ്പിനെ കൊന്നതും മററും വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. പിന്നെ അദ്ദേഹം നാട്ടിലേക്കു മടങ്ങാനൊരുങ്ങി. എല്ലാവരും പുറപ്പെട്ടു. ബക്കാവലിയുടെ മാതാപിതാക്കന്മാർ അനവധി സമ്മാനങ്ങൾ കൊടുത്തു. വളരെ നീണ്ടൊരു യാത്രയ്ക്കുശേഷം അവർ നാട്ടിലെത്തി. അനാർറാണി സന്തോഷത്തിലാറാടി. ഭർത്താവു് മരിച്ചുപോയിരിക്കുമോ എന്നുകൂടി ശങ്കിച്ചു അവർ തൊഴിച്ചു നാളുകൾ കഴിക്കുകയായിരുന്നു. അനാർറാണിയെ പരിചയപ്പെടുത്താൻ കൊണ്ടുപോകുമ്പോൾ ബക്കാവലി ഒന്നു ഭയന്നു. "ഒരു പക്ഷെ അവർക്കെന്നോടു അസൂയയും വെറുപ്പുമുണ്ടാവാം" അവൾവിചാരിച്ചു. പക്ഷെ കുലീനത നിറഞ്ഞ ചെറുപുഞ്ചിരിയോടെ അനാർറാണി അവളെ സ്വാഗതംചെയ്തു പറഞ്ഞു: "അനുജത്തി, നീയാണു് രാജാവിനെ രക്ഷിച്ചതെന്നും നീയാണു് ആ സർപ്പത്തെ കൊന്നതെന്നും ഞാനറിഞ്ഞു. എന്റെ ആയുഷ്ക്കാലം മുഴുവൻ ഞാനതിന്നു നിന്നോടു് നന്ദിയും സ്നേഹമുള്ളവളുമായിരിക്കും. എന്നാലും അതു് തീരുന്നതുമല്ല."

അന്നുമുതൽ വിക്രമമഹാരാജാവു് സർവ്വജനപ്രിയനായി നാടുവാണു് അവിടെത്തന്നെ താമസിച്ചു. വാർദ്ധക്യത്തിലെത്തിയശേഷവും വളരെക്കാലം ഭട്ടി രാജാവിനെ സഹായിക്കുകയും, അവരിരുവരും പരസ്പരസ്നേഹം പ്രതിദിനം കൂടുതൽക്കൂടുതൽ ദൃഢീകരിപ്പിച്ചു കഴിയുകയുംചെയ്തു. ആ നാട്ടിൽ 'ഇന്നവനും ഇന്നവനും സഹോദരന്മാരെപ്പോലെ സ്നേഹിക്കുന്നു' എന്നുപറയുന്നതിനു പകരം (വളരെ സ്നേഹിക്കുന്ന രണ്ടാളെപ്പററി പറയുമ്പോൾ) "ഇന്നവനും ഇന്നവനും വിക്രമമഹാരാജാവിനെപ്പോലെയും ഭട്ടിയെപ്പോലെയുമാണു്" എന്നൊരു പഴമൊഴികൂടിയുണ്ടായി.

# മൂന്നു വിജ്ഞാനികൾ

## (ആസ്സാംകഥ)

പണ്ടൊരു കാലത്തു് മൂന്നു യുവാക്കന്മാർ പേരുകേട്ട വിജ്ഞാന കേന്ദ്രമായ നവദ്വീപിൽപോയി പഠിപ്പും കഴിഞ്ഞു് നാട്ടിലേക്കു മടങ്ങുകയായിരുന്നു. വഴിയിൽ അവർ ഒരു പോത്തിൻെറ കാൽപ്പാടുകൾ കണ്ടു. അവരിലൊരുത്തൻ പറഞ്ഞു: "സഹോദരന്മാരെ, ഇതൊരു എരുമയുടെ കാലടിയാണു്." "അതിൻെറ കൂടെയൊരു കുട്ടിയുമുണ്ടു്" രണ്ടാമത്തവൻപറഞ്ഞു. മൂന്നാമത്തവൻപറഞ്ഞു: "ശരിയാണു്. ആ എരുമ ഇപ്പോൾ പെററിട്ടേയുള്ളു." തങ്ങൾ പറഞ്ഞതു ശരിയാണോ എന്നു നോക്കാൻ അവർ ആ കാൽപ്പാടുകൾ തുടർന്നു പോകുകയും എരുമയേയും കുട്ടിയേയും കണ്ടു് തങ്ങളുടെ നിഗമനങ്ങൾ ശരിയാണെന്നു തോന്നി സന്തോഷിക്കുകയും ചെയ്തു.

ആ എരുമ ഒരു രാജാവിൻെറതായിരുന്നു. മൂന്നു ദിവസമായി അതിനെ കാണാനില്ലാതായി രാജാവിൻെറ ആളുകൾ തിരഞ്ഞു നടക്കുകയായിരുന്നു. ഈ പഠിച്ച മൂന്നാളുകൾ എരുമയുടെ അടുക്കെ നിൽക്കുന്ന സമയത്തു് രാജകിങ്കരന്മാരവിടെ

യെത്തി' പണ്ഡിതന്മാർ എരുമയെ കട്ടുകൊണ്ടു പോരുവുക യാണെന്നു കരുതി കിങ്കരന്മാർ പിടികൂടി അവരെ രാജാവി ൻെറ മുമ്പിൽ കൊണ്ടുവന്നു. യാതൊരു വിചാരണയും കൂടാ തെ രാജാവു അവരെ തടവിലിടുവാൻ കല്പിച്ചു. ജയിലിൽ കി ടക്കുമ്പോൾ അവരിൽ ഒന്നാമത്തവൻ പറഞ്ഞു: "സഹോദരന്മാ രെ അവനിതല്ല; അതാണ്." രണ്ടാമത്തവൻപറഞ്ഞു "അവൻ അതല്ലെങ്കിൽ ഇതു ചെയ്യില്ലേ?" മൂന്നാമത്തവൻ പറഞ്ഞു: "അ പ്പോൾ അവൻ അതു ചെയ്തില്ലേ?"

ജയിലധികാരികൾ ഈ സംഭാഷണം കേട്ടു രാജാവിനോടു പറഞ്ഞു. രാജാവു അവരെ വരുത്തി അവർ പറഞ്ഞ വാചക ങ്ങളുടെ അർത്ഥം ശരിക്കു പറയണമെന്നും പറഞ്ഞില്ലെങ്കിലവ രെ തൂക്കിലിടുമെന്നും പ്രഖ്യാപിച്ചു. എങ്ങിനെയായാലും തങ്ങളെ തൂക്കിലിടുമെന്നു ബോദ്ധ്യമായ അവർ തങ്ങളുദ്ദേശിച്ച തു് തുറന്നുപറയാൻ തീർയാക്കി.

ആദ്യത്തെ ആൾ പറഞ്ഞു: "പ്രഭോ, ഞാൻ പറഞ്ഞതു" 'അവനിതല്ല അതാണ്'' എന്നാണ്. അതിൻെറ അർത്ഥം, ഇ ന്നാട്ടിലെ രാജാവു് മനുഷ്യനല്ല. കാളയാണ എന്നു്". രണ്ടാമ ത്തവൻ പറഞ്ഞു. "ഞാൻ പറഞ്ഞതു് 'അവനതല്ലെങ്കിൽ ഇതു ചെയ്യില്ലേ?' എന്നാണ്. അതിൻെറ അർത്ഥം രാജാവൊരു മനു ഷ്യനല്ലെങ്കിൽ പുല്ലുതിന്നില്ലേ" എന്നാണ്. പിന്നെ മൂന്നാമ ത്തവൻ പറഞ്ഞു. "പ്രഭോ ഞാൻ പറഞ്ഞതു് 'അവനതു ചെ യ്തില്ലേ?' എന്നാണ്. അതിൻെറ അർത്ഥം രാജാവു് വിഡ്ഢി ത്തം കാണിച്ചില്ലേ?" എന്നാണ്. അതിന്നുശേഷം ആ മൂന്നാ ളും മിണ്ടാതെ നിന്നു. താനൊരു കാളയാണെന്നു പറയാനെ ന്താണ് കാരണമെന്നു ചോദിച്ചു രാജാവു്. ആദ്യത്തവൻ പ റഞ്ഞു. "പ്രഭോ ഞങ്ങൾ മൂന്നു ബ്രാഹ്മണ യുവാക്കന്മാരാണ്". വളരെക്കാലം ജ്യോതിഷവും വേദങ്ങളും പഠിച്ചു നവദ്വീപിൽ നിന്നു മടങ്ങുകയാണ്. വഴിയിൽ ഞങ്ങളൊരു പോത്തിൻെറ കാല്പാടുകൾ കണ്ടു. അതൊരു എരുമയുടേതാണെന്നു് ഞാനെ

ന്റെ ചങ്ങാതികളോടു പറഞ്ഞു. രണ്ടാമത്തെയാൾ അതി നൊരു കുട്ടികൂടിയുണ്ടെന്നു പറഞ്ഞു. മൂന്നാമത്തവൻ അതി ന്റെ പ്രസവം കഴിഞ്ഞു അധികനേരമായിട്ടില്ലെന്നും പറഞ്ഞു. അങ്ങിനെ ഞങ്ങൾ പറഞ്ഞതു ശരിയാണോ എന്നു നോക്കുവാൻ ആ കാൽപ്പാടുകൾ നോക്കിച്ചെന്നു. പറഞ്ഞതുപോലെ എരുമ യേയും കുട്ടിയേയും കണ്ടു് ഞങ്ങളുടെ പഠിപ്പു സഫലമായെന്നു കരുതി സന്തോഷിക്കുകയും ചെയ്തു. ഞങ്ങളങ്ങിനെനിന്നു സം സാരിക്കുമ്പോൾ അങ്ങയുടെ കിങ്കരന്മാർവന്നു് ഞങ്ങളാ എരുമ യെ കട്ട കള്ളന്മാരാണെന്നു പറഞ്ഞു് ബന്ധനം ചെയ്തു. തുട ർന്നു, ഒരു ന്യായവും നോക്കാതെ അവിടുന്നു് ഞങ്ങളെ തടവി ലിട്ടു. അതിനാൽ അന്യായമായി ആളുകളെ ശിക്ഷിക്കുന്ന രാജാവു് മനുഷ്യനല്ല മൃഗമാണെന്നു ഞങ്ങൾ പറഞ്ഞതാണു്."

അതുകേട്ടു രാജാവു് പറഞ്ഞു. "അതെ. ഞാൻ ചെയ്തത ന്യായംതന്നെയാണു്. ഇന്നുമുതൽ ഞാനാരേയും അന്യായമാ യി ശിക്ഷിക്കുന്നതല്ല." അദ്ദേഹം സമ്മാനങ്ങൾകൊടുത്തു് അ വരെ സന്തോഷിപ്പിച്ചയച്ചു.

# ഭൂതവും ചൂലും

പണ്ടു് ഒരു സാധു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്നു് ഒരു ഭാര്യയും. പിച്ചയെടുത്താണു് അവർ ജീവിച്ചിരുന്നതു്. ബ്രാഹ്മണൻ അതികാലത്തെഴുന്നേററു പോയാൽ വളരെ വൈകിയേ വീട്ടിലേക്കു വന്നിരുന്നുള്ളൂ. ഭിക്ഷാടനംകൊണ്ടു കിട്ടിയതു് അദ്ദേഹം ഭാര്യക്കു കൊണ്ടുവന്നു കൊടുക്കുകയും അതുകൊണ്ടു് അവർ കഷ്ടപ്പെട്ടു ജീവിക്കുകയും ചെയ്തു. പക്ഷെ ബ്രാഹ്മണന്റെ ഭാര്യ അല്പം ശുണ്ഠിക്കാരിയായിരുന്നു. വല്ല ദിവസവും ബ്രാഹ്മണൻ കയ്യുംവീശി മടങ്ങിവന്നാൽ ആ സ്ത്രീ അദ്ദേഹത്തെ പച്ചത്തെറിപറഞ്ഞാട്ടിപ്പുറത്താക്കുക പതിവായിരുന്നു.

ഒരു ദിവസം ബ്രാഹ്മണൻ കയ്യിലൊന്നുമില്ലാതെ മടങ്ങിവന്നു. തലേദിവസവും അവർക്കു് വറപ്പട്ടിണിതന്നെയായിരുന്നതിനാൽ ഭാര്യ ദേഷ്യപ്പെട്ടു ചാടുകയും ഭർത്താവിനെ ചൂലെടുത്താട്ടിപ്പുറത്താക്കുകയും ചെയ്തു. ഭർത്താവു് ഓടടാ ഓട്ടം. അദ്ദേഹം ഒരുവിധം ചൂൽപ്രഹരത്തിൽനിന്നു് രക്ഷപ്പെട്ടു പട്ടണത്തിലെത്തി. പക്ഷെ ഭാര്യ ദേഷ്യം സഹിക്കാതെ അടുത്തുള്ള

ഒരാലിന്മേൽ അടിതുടങ്ങി. ആ മരത്തിൽ ഒരു ഭൂതം താമസിച്ചിരുന്നു. ആ സ്ത്രീയുടെ ദേഷ്യം തന്റെ നേരെയും എടുത്തുകൂട്ടുമെന്നു ഭയന്നു് ഭൂതവും ഓടി പട്ടണത്തിലെത്തി.

ബ്രാഹ്മണൻ പട്ടണത്തിൽ അലഞ്ഞുനടക്കുന്നകണ്ടു് ഭൂതം അടുത്തുചെന്നു ചോദിച്ചു. "ഭാര്യ ചൂലെടുത്തടിക്കാൻ വന്നപ്പോൾ പേടിച്ചോടിയ ആൾതന്നെയല്ലെ താങ്കൾ?"

ബ്രാഹ്മണൻ അത്ഭുതത്തോടെ പറഞ്ഞു: "അതെ, ഞാൻതന്നെ ആ ആൾ. പക്ഷെ താങ്കളാരാണു്?"

ഭൂതം പറഞ്ഞു. "ശരി, താങ്കൾ ഭാര്യയെ പേടിച്ചു് വീട്ടിൽനിന്നോടി. പക്ഷെ ആ സ്ത്രീ ആ ദേഷ്യമെല്ലാം ഞാൻ താമസിച്ചിരുന്ന ആലിന്മേൽ എടുത്തുകൂട്ടി. പേടിച്ചു വിറച്ചു് ഞാൻ അവിടംവിട്ടിങ്ങോട്ടോടി. ഏതായാലും നാം രണ്ടുകൂട്ടരും ഒരുപോലെയായതുകൊണ്ടു് ഞാൻ താങ്കൾക്കു് ചെറിയൊരു പകാരം ചെയ്യാം. ഞാൻ പ്രധാനമന്ത്രിയുടെ മകളുടെ മേൽ ബാധിക്കും. മന്ത്രി നാട്ടിലുള്ള വൈദ്യന്മാരേയും മന്ത്രവാദികളേയും മുഴവൻ വിളിച്ചുകാണിച്ചാലും ഞാനൊഴിയാതെ നില്ക്കാം. താങ്കൾ എങ്ങിനെയെങ്കിലും ആ കുട്ടിയെ വന്നു നോക്കിയാൽ ഉടനെ ഞാനൊഴിഞ്ഞുപൊയ്ക്കൊള്ളാം. എന്നാൽ മന്ത്രി താങ്കൾക്കു് ധാരാളം പ്രതിഫലം തരും. പക്ഷെ അതിന്നുശേഷം ഞാൻ രാജാവിന്റെ മകളെ ബാധിക്കുമ്പോൾ താങ്കളവിടെയെ വിടേയും വരരുതു്. കാരണം ഞാനവളെ സ്നേഹിക്കുന്നുണ്ടു്. വന്നാൽ ഞാൻ താങ്കളെ കൊല്ലും."

പിറേറദിവസം പ്രധാനമന്ത്രിയുടെ മകൾക്കു് ഭൂതബാധയുണ്ടായതു് പട്ടണത്തിലെങ്ങും കാട്ടുതീപോലെ പരന്നു. മന്ത്രി സകല വൈദ്യന്മാരേയും മന്ത്രവാദികളേയും വിളിച്ചു നോക്കിച്ചു. യാതൊരു പ്രയോജനവുമുണ്ടായില്ല. മകളുടെ ബാധയൊഴിക്കുന്നവനു് തന്റെ പകുതി സ്വത്തോടുകൂടി മകളെ കല്യാണം കഴിച്ചുകൊടുക്കാമെന്നു മന്ത്രി പ്രഖ്യാപിച്ചു. പിറേറന്നാൾ ബ്രാഹ്മണൻ ഒരു ദിവ്യന്റെ വേഷംധരിച്ചു് മന്ത്രിയുടെ വീട്ടി

ൽച്ചെന്നു. ബാധയൊഴിക്കാനാവുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു: "പരീക്ഷിച്ചുനോക്കാം." സേവകന്മാർ അദ്ദേഹത്തെ മന്ത്രിപുത്രിയുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി. ബ്രാഹ്മണൻ അകത്തുകടന്നവുടനെ ആ കുട്ടി നിലവിളിച്ചു. "അയ്യോ! എന്റെയടുത്തേക്കു വരണ്ട, ഞാൻ പൊയ്ക്കൊള്ളാം!" അവൾ മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. കുറച്ചുകഴിഞ്ഞ് മന്ത്രികുമാരിക്ക് ബോധം തെളിഞ്ഞു. മന്ത്രി വളരെ സന്തോഷിക്കുകയും വാഗ്ദാനമനുസരിച്ച് മകളെ ബ്രാഹ്മണന് കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്തു.

അതിനിടക്ക് ഭൂതം പോയി രാജകുമാരിയെ ബാധിച്ചു. രാജാവും എല്ലാ വൈദ്യന്മാരേയും മന്ത്രവാദികളേയും കൊണ്ടുവന്നു നോക്കിച്ചു. ഒരു ഫലവുമുണ്ടായില്ല. ഒടുവിൽ അദ്ദേഹവും മകളുടെ ഭൂതബാധയൊഴിക്കുന്നവന് പകുതി നാടോടുകൂടി മകളെ കല്യാണം കഴിച്ചുകൊടുക്കാമെന്നു വിളംബരം ചെയ്തു. പ്രധാനമന്ത്രി തന്റെ മരുമകനായ ബ്രാഹ്മണനെപ്പററി രാജാവിനോട് പറഞ്ഞു. രാജാവുടനെ ആ ബ്രാഹ്മണനാളെ അയച്ചു. പക്ഷേ ഭൂതത്തിന്റെ താക്കീത് ഓർത്തു ബ്രാഹ്മണൻ ഓരോ ഒഴികഴിവു പറഞ്ഞ് രാജാവിന്റെ മുമ്പിൽ ചെല്ലാതെ കഴിച്ചുകൂട്ടി. അവസാനം ചെന്നില്ലെങ്കിൽ തലപോകുമെന്നായി.

ഒഴിഞ്ഞുമാറാനൊക്കാത്ത നിലയിലായപ്പോൾ ബ്രാഹ്മണൻ പോകുവാൻ തീർച്ചയാക്കി. അദ്ദേഹം രാജകുമാരിയുടെ മുമ്പിൽ ചെന്ന സമയത്ത് ഭൂതം കുപിതനായി അലറി. "എന്ത്? ഞാൻ താക്കീതുതന്നിട്ടും നീ ഇവിടെ വന്നുവോ?" ബ്രാഹ്മണൻ പറഞ്ഞു. "ഞാൻ അതിനുവേണ്ടിയല്ല ഇങ്ങോട്ടു വന്നത്. മറെറാരു കാരണമുണ്ട്. അത് സ്വകാര്യമായി പറയാനെ നിവൃത്തിയുള്ളു." ഭൂതം പറഞ്ഞു. "ശരി. അതെന്താണെന്നു പറയൂ." ബ്രാഹ്മണൻ രാജകുമാരിയുടെ അടുക്കെച്ചെന്ന് അവളുടെ കാതിൽ മന്ത്രിച്ചു. "എന്റെ ആ പഴയ ഭാര്യ ഞാനിവിടെ വന്നു താമസിക്കുന്നതെങ്ങിനെയോ മനസ്സിലാക്കി. അവൾ

ചൂലുംകൊണ്ടു് പിന്നാലെ വരുന്നുണ്ടു്. ഞാനൊരുവിധം രക്ഷപ്പെട്ടു. ഇനി അവൾ താങ്കളെ തല്ലാനാണൊരുങ്ങുന്നതു്." ഇതു് കേട്ടു് പേടിച്ചുരണ്ട ഭൂതം പരിഭ്രമിച്ചു പറഞ്ഞു. "അവളിങ്ങോട്ടു വരുന്നുണ്ടോ? എവിടെയെത്തി? വേഗം പറയൂ!" ബ്രാഹ്മണൻ പറഞ്ഞു. "അവളിപ്പോൾ പടിക്കലെത്തിയിട്ടുണ്ടാവണം." അതു് കേട്ടവുടൻ ഭൂതം ഒരു നിലവിളിയോടെ രാജകുമാരിയെ വിട്ടു പറപറന്നു. രാജകുമാരി ബോധംകെട്ടു വീഴുകയും ചെയ്തു. കുറച്ചുകഴിഞ്ഞു് അവൾക്കു് ബോധം തെളിഞ്ഞു. സന്തുഷ്ടനായ രാജാവു് പ്രഖ്യാപനമനുസരിച്ചു് തന്റെ മകളേയും പകുതി നാടിനേയും ബ്രാഹ്മണന്നു് കൊടുത്തു. പിന്നീടു് ആ ബ്രാഹ്മണന്നു് യാതൊരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ല.

# മാണിക്യത്തിൻെറ ഉത്ഭവസ്ഥാനം

പണ്ടു ഒരു രാജാവ് തൻെറ നാലു പുത്രന്മാരേയും രാജ്ഞിയേയും വിട്ടു മരിച്ചുപോയി. രാജ്ഞിക്ക് അവസാനത്തെ പുത്രനോട് അതിവാത്സല്യമായിരുന്നു. അവർ ആ പുത്രന്നു് ചോദിച്ചതെല്ലാംകൊടുത്തു. എല്ലാററിലും വെച്ചു മികച്ച വസ്ത്രങ്ങൾ, സർവ്വോത്തമമായ കുതിര, ഭക്ഷണം, ഉപകരണങ്ങൾ—അങ്ങനെയെല്ലാം. മററു മൂന്നു രാജകുമാരന്മാർക്കു സഹിക്കാനാവാത്ത അസൂയയായി. അവർ ഗൂഢതന്ത്രംകൊണ്ടു് അനുജനേയും അമ്മയേയും മറെറാരു സ്ഥലത്താക്കി രാജ്യം കയ്യിലാക്കി. അതിലാളന കാരണം ആ ഇളയ രാജകുമാരൻ താന്തോന്നിയായിത്തീർന്നു. അവൻ, ആരു പറഞ്ഞതും കൂട്ടാക്കാതെയായി. അമ്മ പറഞ്ഞതുപോലും അങ്ങനെ എല്ലാം തന്നിഷ്ടംപോലെ ചെയ്തുപോന്നു. ഒരു ദിവസം അവൻ അമ്മയുടെയൊപ്പം പുഴയിൽ കുളിക്കാൻപോയി. /നങ്കൂരമിട്ടുന്ന സ്ഥലത്തു വലിയൊരു തോണികണ്ടു. അതിൽ തോണിക്കാരാരുമുണ്ടായിരുന്നില്ല. രാജകുമാരൻ തോണിയിൽക്കയറി അമ്മയോടും അതിലേക്കു വരുവാൻ പറഞ്ഞു. അന്യൻെറ തോണിയിൽ കയറരുതെന്നു

പറഞ്ഞു അമ്മ അവനെ അവിടെനിന്നിറങ്ങുവാൻ ശാസിച്ചു. പക്ഷെ രാജകുമാരൻ പറഞ്ഞു. “ഇല്ല അമ്മേ, ഞാനിറങ്ങുകയില്ല. ഞാനൊരു കപ്പൽയാത്രക്കു പോവുകയാണു്. അമ്മ വരാനിച്ഛിക്കുന്നുണ്ടെങ്കിൽ വേഗം ഇതിനുള്ളിൽ കയറൂ. ഞാനൊരു നിമിഷത്തിൽ പുറപ്പെടും.” അങ്ങിനെ ചെയ്യരുതെന്നും ഉടനെ താഴെയിറങ്ങണമെന്നും അമ്മ അവനോടു് അപേക്ഷിച്ചു പറഞ്ഞു. പക്ഷെ മകനതു കേട്ടില്ലെന്നു മാത്രമല്ല, തോണിയെടുക്കുവാനുംതുടങ്ങി. രാജ്ഞി ധൃതിയിൽ തോണിയിൽക്കയറി. ഉടനെ തോണി പുറപ്പെടുകയും ഒഴുക്കിൽപ്പെട്ടു് ശരവേഗത്തിൽ പോവുകയും ചെയ്തു. അവസാനം അതു കടലിൽ ചെന്നെത്തി. തുറന്ന കടലിൽ കുറെ ദൂരം ചെന്നശേഷം അതു ഒരു ചുഴിയുടെ വക്കത്തെത്തി. ചുഴിയിൽ രാജകുമാരൻ വളരെ വലിയ മാണിക്യങ്ങൾ പാറിക്കിടക്കുന്നതു കണ്ടു. ആരും അത്ര വലിയ മാണിക്യങ്ങൾ കണ്ടിട്ടുണ്ടാവില്ല. ഓരോന്നും ഏഴേഴു രാജാക്കരുടെ വിലയുള്ളവ! രാജകുമാരൻ അവയിൽനിന്നു് ആറെണ്ണമെടുത്തു തോണിയിലിട്ടു. അമ്മ പറഞ്ഞു. “മകനെ, ആ ചുവന്ന പന്തുകൾ എടുക്കേണ്ട. അവ കപ്പൽ പൊളിഞ്ഞുപോയ വല്ലവരുടേയുമായിരിക്കും. ഒടുവിൽ നാം കള്ളന്മാരാണെന്നു വരും.” അമ്മ പല പ്രാവശ്യം അപേക്ഷിച്ചതുകൊണ്ടു് രാജകുമാരൻ അവയെ കടലിലെറിഞ്ഞു. പക്ഷെ ഒന്നുമാത്രം അവൻ ഉടുത്ത വസ്ത്രങ്ങളിൽ മറച്ചുവെച്ചു. തോണി കരക്കുനേരെ തിരിച്ചു അവർ എവിടെയോ ഒരു തുറമുഖത്തിലെത്തി ഇറങ്ങി. അവരിറങ്ങിയ സ്ഥലം വലിയൊരു നാടായിരുന്നു. വലിയൊരു നഗരം. ഒരു വലിയ രാജാവിന്റെ തലസ്ഥാനമായിരുന്നു അതു്. അവിടെയടുക്കെ ആ രാജ്ഞിയും രാജകുമാരനും ഒരു ചെറിയ വീടെടുത്തു താമസിച്ചു. അപ്പോഴും ഒരു കുട്ടിയായിരുന്നതിനാൽ രാജകുമാരന്നു് ഗോലി കളിക്കുവാൻ വലിയ രസമായിരുന്നു. രാജാവിന്റെ മക്കൾ കൊട്ടാരത്തിന്റെ പുറത്തുള്ള ഒരു മൈതാനത്തിൽ കളിക്കാൻ വന്നപ്പോൾ ഈ രാജകുമാ

രത്നം അവരുടെകൂടെ കൂടി. അവന്നു് ഗോലിയുണ്ടായിരുന്നില്ല. അതിനാൽ അവൻ കയ്യിലുണ്ടായിരുന്ന മാണിക്യം കൊണ്ടു് കളിക്കാൻ തുടങ്ങി. മാണിക്യത്തിൻെറ ഉറപ്പുകാരണം അതുകൊണ്ടടിച്ചു എല്ലാം ഗോലികളും പൊട്ടുവാൻ തുടങ്ങി. കൊട്ടാരത്തിൻെറ മുകളിൽനിന്നിരുന്ന രാജകുമാരി ഈ പുതിയ കുട്ടിയുടെ കയ്യിലുള്ള ചുവന്ന ഉണ്ട കണ്ടത്ഭുതപ്പെടുകയും അതു് കിട്ടുവാനാഗ്രഹിക്കുകയും ചെയ്തു. തെരുവീഥിയിൽ കണ്ട ഒരു കുട്ടിയുടെ കയ്യിൽ അസാധാരണശോഭയുള്ള ഒരു കല്ലുണ്ടെന്നും അതു തനിക്കു വാങ്ങിക്കൊടുത്തില്ലെങ്കിൽ മരണംവരെ പട്ടിണിയിടുമെന്നും അവൾ രാജാവിനോടു പറഞ്ഞു. രാജാവു ആ കുട്ടിയെ പിടിച്ചുകൊണ്ടുവരുവാൻ കിങ്കരന്മാരെ അയച്ചു. കുട്ടിയെ കൊണ്ടുവന്നപ്പോൾ രാജാവു ആ മാണിക്യത്തിൻെറ വലുപ്പവും ശോഭയും കണ്ടു് അത്ഭുതപ്പെട്ടു. അദ്ദേഹം അങ്ങിനെത്തെ ഒന്നു കണ്ടിട്ടേ ഉണ്ടായിരുന്നില്ല. ലോകത്തിലുള്ള ഏതെങ്കിലും ഒരു രാജാവിൻെറ കയ്യിൽ അത്ര വലിയ ഒരു നിധി ഉണ്ടായിരിക്കുമോ എന്നദ്ദേഹം സംശയിച്ചു. അദ്ദേഹം ആ കുട്ടിയോടു അതെവിടെനിന്നു കിട്ടിയതാണെന്നു ചോദിച്ചു. കടലിൽ നിന്നു കിട്ടിയതാണെന്നു പറഞ്ഞു കുട്ടി. രാജാവു അവനോടു് അതിന്നു ആയിരം രൂപ കൊടുക്കാമെന്നു പറഞ്ഞു. അതിൻെറ വിലയെന്തെന്നറിയാത്ത കുട്ടി സമ്മതിക്കുകയും ചെയ്തു. അവൻ പണവുംകൊണ്ടു് അമ്മയുടെ അടുക്കൽചെന്നു. മകൻ ആ പണം വല്ല ധനികൻെറയും വീട്ടിൽനിന്നു കട്ടതായിരിക്കുമോ എന്നു വിചാരിച്ചു് അവർ അല്പം അമ്പരന്നു. പക്ഷെ താൻ കടലിൽനിന്നു കൊണ്ടുവന്ന ചുവന്ന ഗോലിക്കുപകരം രാജാവു കൊടുത്തതാണെന്നും മകൻ പറഞ്ഞതുകേട്ടു് അവർ സമാധാനിച്ചു.

രാജകുമാരി ആ രത്നം ശിരസ്സിലണിഞ്ഞു അവളുടെ ഓമനക്കിളിയുടെ മുമ്പിൽച്ചെന്നു പറഞ്ഞു. "എൻെറ ഓമനക്കിളി, ഈ മാണിക്യം ചൂടി നിൽക്കുന്ന ഞാൻ സുന്ദരിയല്ലേ?" "സൌ

ന്ദര്യം! ബീഭത്സമായിട്ടാണ് തോന്നുന്നതു്! ഏതു രാജകുമാരിയാ ണ് ഒരു മാണിക്യം മാത്രം തലയിൽ ചൂടുക? ചുരുങ്ങിയതു് രണ്ടെണ്ണമെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഒപ്പിക്കാമായിരുന്നു." തത്തയുടെ പരിഹാസം കേട്ട് വ്യസനം സഹിക്കാനാവാതെ രാജകുമാരി കൊട്ടാരത്തിലെ ദുഃഖാചാരണമുറിയിൽപോയി വെള്ളമോ ഭക്ഷണമോ തൊടാതെകിടന്നു. രാജാവ് മകളുടെ വർത്തമാനം കേട്ട് വ്യസനിച്ചു. അദ്ദേഹം ചെന്ന് അവളോട് സങ്കടത്തിന്നുള്ള കാരണം ചോദിച്ചു. രാജകുമാരി തത്തപറഞ്ഞ തു മുഴുവൻ കേൾപ്പിച്ച് പറഞ്ഞു. "അച്ഛാ, അവിടുന്നെനിക്ക മറെറാരു മാണിക്യംകൂടിയുണ്ടാക്കിത്തന്നില്ലെങ്കിൽ ഞാൻ ആത്മ ഹത്യചെയ്യും." രാജാവിന്നതിലേറെ സങ്കടമായി. എവിടെ നിന്നാണ് അങ്ങിനത്തെ മറെറാരു മാണിക്യം കിട്ടുക? ലോകം മുഴുവൻ തിരഞ്ഞാൽപോലും അങ്ങനെയൊന്നു കിട്ടുമോ എന്നദ്ദേ ഹം സംശയിച്ചു. അദ്ദേഹം ആദ്യം അതു കൊണ്ടുവന്ന കുട്ടി യോട് കല്പിച്ചു. "എടോ ചെറുപ്പക്കാരാ, തൻെറ കയ്യിൽ ഇ നിയും അമ്മാതിരിയൊരു മാണിക്യമുണ്ടോ? ഇല്ല." ആ കുട്ടി മറുപടി പറഞ്ഞു. "എൻെറ കയ്യിലില്ല. എന്തിനാണവിടു ത്തേക്ക് അമ്മാതിരി ഒന്നു? ആവശ്യമുണ്ടെങ്കിൽ ഞാനെത്രവേ ണമെങ്കിലും ഉണ്ടാക്കിത്തരാം. ദൂരെ ഒരു കടൽ ചുഴിയിൽ അ വയെത്രവേണമെങ്കിലും ഉണ്ടു്. വേണമെങ്കിൽ ഞാൻ അങ്ങയ്ക്കു കുറച്ചു കൊണ്ടുവന്നുതരാം." ആ കുട്ടിയുടെ വർത്തമാനംകേട്ട് അത്ഭുതപരതന്ത്രനായ രാജാവ്, അങ്ങിനത്തെ ഒന്നു കൊണ്ടുവ ന്നു കൊടുത്താൽ നല്ല പ്രതിഫലം കൊടുക്കാമെന്നു പറഞ്ഞു.

വീട്ടിൽച്ചെന്ന് രാജകുമാരൻ അമ്മയോട് താൻ രാജവി ന്നു കുറച്ചു മാണിക്യംകൊണ്ടുവന്നു കൊടുക്കാൻ കടലിലേക്ക പോവുകയാണെന്നു പറഞ്ഞു. രാജ്ഞി വല്ലാതെ ഭയപ്പെടുകയും മകനോട് പോകരുതെന്നു പറയുകയും ചെയ്തു. പക്ഷെ മകൻ പോകാൻ നിശ്ചയിച്ചു. ആർക്കും അവനെ തടുക്കാൻ കഴി ഞ്ഞില്ല. അങ്ങിനെ താനും അമ്മയും വന്ന ആ തോണിയിൽ

ത്തന്നെ അവൻ തനിച്ചു കയറിപ്പോയി, ആദ്യം മാണിക്യം എടുത്ത ആ ചുഴിയുടെ അടുക്കലെത്തി. ഇത്തവണ അവൻ മാണിക്യങ്ങൾവന്നിരുന്ന ചുഴിയുടെ ഉള്ളിലേക്കുതന്നെപോകുവാൻ നിശ്ചയിച്ചു. അവൻ ചുഴിയുടെ നടുവിൽച്ചെന്നു. അവിടെ കടലിന്റെ അടിയിലേക്കുള്ള ഒരു ഒഴിവുകണ്ടു. തോണി ചുഴിയിലിട്ടു് വെള്ളത്തിൽ മുങ്ങി, സമുദ്രത്തിന്റെ അടിയിലെത്തിയപ്പോൾ അവൻ അവിടെ നല്ലൊരു രാജധാനി കണ്ടു. അവനതിൽ കടന്നു. കൊട്ടാരത്തിന്റെ നടുമുറിയിൽ പരമേശ്വരൻ കണ്ണടച്ചു് ധ്യാനത്തിലിരിക്കുന്നുണ്ടായിരുന്നു. ശിവന്റെ തലയ്ക്കുമീതെ ഒരു തറയിൽ അതിസുന്ദരിയായ ഒരു സ്ത്രീ കിടന്നിരുന്നു. രാജകുമാരൻ ചെന്നു നോക്കിയപ്പോൾ ആ സ്ത്രീയുടെ തല ഉടലും വെവ്വേറെയായിരുന്നു. അതെന്താണെന്നു മനസ്സിലാവാതെ രാജകുമാരൻ ഭയന്നുപോയി. ആ തലയിൽനിന്നു് രക്തം ഇററിററു ശിവന്റെ ജടയിൽ വീഴുകയും അതിൽനിന്നു് മാണിക്യങ്ങൾ ഉണ്ടായി കടലിലേക്കു പോവുകയും ചെയ്തിരുന്നു. പിന്നീടു് ആ സ്ത്രീയുടെ തലയുടെ അടുക്കെ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉള്ള രണ്ടു ദണ്ഡുകൾ അവന്റെ ദൃഷ്ടിയിൽപ്പെട്ടു. അവൻ ആ ദണ്ഡുകളെടുത്തു. സംഗതിവശാൽ സ്വർണ്ണദണ്ഡു് കയ്യിൽനിന്നു ആ സ്ത്രീയുടെ തലയിൽ വീഴുകയും ഉടൻതന്നെ അതു് ദേഹത്തോടു ചേർന്നു് ആ സ്ത്രീ എഴുന്നേൽക്കുകയും ചെയ്തു. അവിടെ ഒരു മനുഷ്യനെക്കണ്ടു് ആ സ്ത്രീ അത്ഭുതപ്പെട്ടു്, അവനാരാണെന്നും അവിടെയെങ്ങിനെവന്നുവെന്നും ചോദിച്ചു. രാജകുമാരന്റെ വീരകൃത്യങ്ങൾ കേട്ടു് ആ സ്ത്രീ പറഞ്ഞു. "നിർഭാഗ്യവാനായ യുവാവേ, ഉടനെ ഇവിടെനിന്നു പോകു, കാരണം, പരമേശ്വരസ്വാമിയുടെ ധ്യാനം കഴിഞ്ഞാൽ അദ്ദേഹം താങ്കളെ മൂന്നാംതൃക്കണ്ണുകൊണ്ടുള്ള ഒരൊററ നോട്ടത്തിൽ ഭസ്മമാക്കും." ആ യുവാവു് ഏതായാലും അവൾകൂടിയില്ലാതെ പോകുകയില്ലെന്നായി. കാരണം അവൻ അവളുടെ സൌന്ദര്യത്തിൽ അത്രത്തോളം മുഗ്ദ്ധനായി, അവസാനം അവർ രണ്ടുപേരുംകൂടി

ആ രാജധാനിയിൽനിന്ന പോന്നു. സമുദ്രത്തിന്നുമീതെവന്നു് അവർ തോണിയിൽ കയറി കരയ്ക്കണഞ്ഞു. തോണിനിറയെ മാണിക്യങ്ങളും കയററിയിരുന്നു. ആ സുന്ദരതരുണിയെക്കണ്ടു് അമ്മയ്ക്കുണ്ടായ അത്ഭുതം ആലോചിക്കുകയാണു് ഭേദം. പിറേറ ദിവസം രാവിലെ രാജകുമാരൻ ഒരു പാത്രം നിറയെ മാണിക്യം രാജാവിന്നു കൊടുത്തയച്ചു. രാജാവിന്റെ അത്ഭുതം അതിരുക വിഞ്ഞു. ആ രാജകുമാരിയും തനിക്കു് അത്രവലിയ സമ്മാനങ്ങൾതന്ന "മാണിക്യവീര"നെത്തന്നെ കല്യാണം കഴിക്കുവാൻ നിശ്ചയിച്ചു. സമുദ്രത്തിന്റെ അടിയിൽനിന്നു കൊണ്ടുവന്ന ഒരു ഭാര്യ ഉണ്ടായിരുന്നെങ്കിലും രാജകുമാരൻ രണ്ടാമതൊരു ഭാര്യയെക്കൂടി സ്വീകരിക്കുവാൻ സമ്മതിച്ചു. അങ്ങിനെ അവർ കല്യാണം കഴിക്കുകയും സന്തതികളുണ്ടായി വളരെക്കാലം സുഖിച്ചിരിക്കുകയും ചെയ്തു.

# ശിക്ഷിക്കു; പക്ഷെ ശ്രദ്ധിക്കു.

(ബംഗാളിയിൽനിന്നു്)

പണ്ടൊരുകാലത്തു് ഒരു രാജാവിന്നു മൂന്നു പുത്രന്മാരുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ പ്രജകൾവന്നു പറഞ്ഞു. "നീതിസ്വരൂപനായ തമ്പുരാനെ, നാട്ടിൽ കള്ളന്മാരും കൊള്ളക്കാരും നിറഞ്ഞിരിക്കുന്നു. ഞങ്ങളുടെ സ്വത്തുക്കൾക്കു് രക്ഷയില്ല. അവിടുന്നു് കള്ളന്മാരെ പിടിച്ചു് ശിക്ഷിക്കണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു." രാജാവു് മക്കളെ വിളിച്ചു പറഞ്ഞു. "മക്കളേ, എനിക്കു വയസ്സായി. നിങ്ങൾക്കു പൂർണ്ണയൌവ്വനമാണു്. എന്റെ നാട്ടിൽ എങ്ങിനെ ഇത്രയധികം കള്ളന്മാരുണ്ടായി? നിങ്ങൾ കള്ളന്മാരെ മുഴുവൻ പിടിക്കുമെന്നു ഞാനാശിക്കുന്നു."

മൂന്നു രാജകുമാരന്മാരും ദിവസേന രാത്രി നഗരത്തിൽ കാവൽനടക്കുവാൻ നിശ്ചയിച്ചു. ഈ ഉദ്ദേശത്തോടുകൂടി അവർ നഗരത്തിന്റെ പുറത്തു് ഒരു സ്ഥലമൊരുക്കി. അവിടെ തങ്ങളുടെ കുതിരകളെ നിർത്തി. രാത്രിയിലെ ആദ്യയാമത്തിൽ മൂത്ത രാജകുമാരൻ കുതിരപ്പുറത്തുകയറി നഗരം മുഴുവൻ ചുററി. പക്ഷെ ഒരു കള്ളനേയും കണ്ടില്ല. അയാൾ മടങ്ങി താവള

Y1:351:B:2:N5
32K01
UNIV... 27 AUG 1964



ത്തിൽ വന്നു. ഏതാണ്ടു് പാതിരക്കു് രണ്ടാമത്തെ രാജകുമാരൻ കുതിരപ്പുറത്തു് കയറി നഗരത്തിൻെറ ഓരോഭാഗത്തും ചുററിനടന്നു. എവിടേയും കള്ളനെക്കാണാതെ അയാളും മടങ്ങിവന്നു. പാതിരകഴിഞ്ഞു് ഇളയരാജകുമാരൻ റോന്തിന്നു പുറപ്പെട്ടു. അയാൾ അച്ഛൻെറ കൊട്ടാരത്തിൻെറ പടിക്കലെത്തിയപ്പോൾ കൊട്ടാരത്തിൽനിന്നു് അതിസുന്ദരിയായ ഒരു സ്ത്രീ പുറത്തുവരുന്നതു കണ്ടു. രാജകുമാരൻ അവളാരാണെന്നും ആ രാത്രിസമയത്തു് എവിടെ പോകുന്നുവെന്നും ചോദിച്ചു. ആ സ്ത്രീ പറഞ്ഞു. “ഞാൻ ഈ കൊട്ടാരത്തിലെ അധിദേവതയായ രാജലക്ഷ്മിയാണു്. ഇന്നു രാത്രി രാജാവു കൊല്ലപ്പെടും. അതിനാൽ എനിക്കിവിടെ നില്ക്കാൻ വയ്യ. ഞാൻ പോകുന്നു.” ഇതിൽനിന്നെന്താണു് മനസ്സിലാക്കേണ്ടതെന്നു് രാജകുമാരന്നു മനസ്സിലായില്ല. ഒരു നിമിഷനേരത്തെ ചിന്തക്കുശേഷം രാജകുമാരൻ ആ ദേവിയോടു പറഞ്ഞു. “ഒരുപക്ഷെ രാജാവു് രാത്രി മരിച്ചില്ലെങ്കിൽ ഭവതിക്കു് ഇവിടെത്തന്നെ വന്നു താമസിക്കുന്നതിന്നു വല്ല വിരോധവുമുണ്ടോ?” “ഇല്ല.” ദേവി പറഞ്ഞു. രാജകുമാരൻ താൻ രാജാവിനെ രക്ഷിക്കാൻ ആവുന്നതും ശ്രമിച്ചുകൊ[illegible] ചെയ്തു് ദേവിയോടു് അകത്തേക്കുതി[illegible] ത്ഥിച്ചു. ദേവി അകത്തേക്കു പോവുക[illegible]

MUL
216233

രാജകുമാരൻ അച്ഛൻെറ കിടപ്പുറ[illegible] വു് ഗാഢനിദ്രയിലായിരുന്നു. അദ്ദേഹത്തിൻെറ ഇളയഭാര്യ, അതായതു് രാജകുമാരൻെറ ചെറിയമ്മ മുറിയിൽ മറെറാരു കട്ടിലിന്മേൽ കിടന്നുറങ്ങുന്നുണ്ടു്. ഒരു വിളക്കു് മങ്ങിപ്രകാശിക്കുന്നുണ്ടു്. ഒരു വലിയ സർപ്പം രാജാവിൻെറ കട്ടിൽകാലിൽകൂടെ ചുററിക്കയറുന്നതു് കണ്ടു് രാജകുമാരൻ ചകിതനായി. ഉടനെ അയാൾ വാളെടുത്തു് പാമ്പിനെ രണ്ടുതുണ്ടാക്കി. പാമ്പിനെ കൊന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ രാജകുമാരൻ അതിനെ നുറുകഷണമാക്കി നുറുക്കി ആ മുറിയിലുണ്ടായിരുന്ന വെററിലത്താലത്തിലിട്ടു. പാമ്പിനെ തുണ്ടുകളാക്കുന്ന സമയ

ത്തു് ഒരുതുള്ളി രക്തം അടുത്തുകിടന്നുറങ്ങുന്ന ചെറിയമ്മയുടെ മാറത്തുതെറിച്ചു രാജകുമാരന്നു് വലിയ അസഹ്യതയായി. അയാൾ തന്നെത്താൻ പറഞ്ഞു "ഞാനെന്റെ അച്ഛനെ രക്ഷിച്ചു. പക്ഷെ അമ്മയെ കൊന്നു. അമ്മയുടെ മാറത്തുവീണ ആ ചോരത്തുള്ളി എങ്ങിനെയെടുക്കും?" അയാൾ നാവിന്മേൽ ഏഴുമടക്ക തുണി ചുററി ആ ചോര നക്കിയെടുക്കാൻ തുടങ്ങി. പക്ഷെ അയാൾ അതു് നക്കുന്ന സമയത്തു് ചെറിയമ്മ ഉണർന്നു. കണ്ണുമിഴിച്ചു നോക്കുമ്പോൾ അതു് തന്റെ സപത്നിപുത്രനാണു്, ഇളയരാജകുമാരൻ! രാജകുമാരൻ മുറിയിൽനിന്നു് ക്ഷണത്തിൽ പോയി. രാജ്ഞി സ്വതവേ ഇളയ രാജകുമാരനെ വെറുത്തിരുന്നു. അയാളെ തുലയ്ക്കണമെന്നു കരുതി ആ സ്ത്രീ ഭർത്താവിനെ വിളിച്ചുണർത്തിപ്പറഞ്ഞു. "പ്രഭോ, പ്രഭോ, ഉണരു, ഉണരു, ഇതാ നല്ലൊരു വർത്തമാനം." രാജാവുണർന്നു വിവരം ചോദിച്ചു. "വർത്തമാനമോ? അങ്ങയുടെ അരുമ മകനായ ഇളയരാജകുമാരൻ അങ്ങയുടെ പ്രശംസാഭാജനം, ഇതാ ഇപ്പോളിവിടെ ഉണ്ടായിരുന്നു. അവൻ എന്റെ മാറത്തു് തൊട്ടതോടെ ഞാൻ പിടികൂടി. സംശയമില്ല, ദുർവ്വിചാരത്തോടെയാണു് അവനിവിടെ വന്നതു്. ഇതാണു് അങ്ങയുടെ തിരുമകൻ." രാജാവു് ഞെട്ടിപ്പോയി. രാജകുമാരൻ മടങ്ങി താവളത്തിലേക്കു ചെന്നു. പക്ഷെ ജ്യേഷ്ഠന്മാരോടൊന്നും പറഞ്ഞില്ല.

രാവിലെ നേരത്തെ രാജാവു് മൂത്ത മകനെ വിളിച്ചു പറഞ്ഞു. "വിശ്വസ്തനായ ഒരു വ്യക്തി വഞ്ചിച്ചാൽ എന്താണവന്നു് ശിക്ഷ?" മൂത്ത രാജകുമാരൻ പറഞ്ഞു. "അവന്റെ തല വെട്ടണം. സംശയമില്ല. പക്ഷെ കൊല്ലുന്നതിന്നുമുമ്പു് അവന്റെ വിശ്വാസവഞ്ചന തെളിയിക്കണം." "എന്താണു് നീ ഉദ്ദേശിക്കുന്നതു്?" രാജാവു ചോദിച്ചു. രാജകുമാരൻ പറഞ്ഞു:

പണ്ടു് ഒരു തട്ടാനുണ്ടായിരുന്നു. അവന്നൊരു പുത്രനും. ജന്തുഭാഷ മനസ്സിലാക്കാൻ കഴിവുള്ള ഒരു സ്ത്രീയെയാണു് ആ മകൻ കല്യാണം കഴിച്ചതു്. പക്ഷെ അവൾക്കിതറിയുമെന്നു്

അവളുടെ ഭർത്താവും മററുള്ളവരും അറിഞ്ഞില്ല. ഒരു ദിവസം രാത്രി അവൾ ഭർത്താവിൻെറകൂടെ കിടക്കുകയായിരുന്നു. അവരുടെ വീട്ട് ഒരു പുഴവക്കത്തായിരുന്നു. അവൾ ഒരു കുറുക്കൻ ഓരിയിടുന്നതു കേട്ടു. 'പുഴയിൽക്കൂടെ ഒരു ശവം ഒഴുകിവരുന്നുണ്ടു്. ആരെങ്കിലും ആ ശവത്തിൻെറ വിരലിൽ കിടക്കുന്ന രത്നമോതിരം ഊരിയെടുത്തു് ശവത്തെ എനിക്കു് തിന്നാൻ തരുമോ?' ആ സ്ത്രീക്കു് കുറുക്കൻെറ ഭാഷ മനസ്സിലാവുകയും എഴുന്നേററു് പുഴയരികിലേക്കു പോകുകയും ചെയ്തു. ഉറങ്ങാതെ കിടന്നിരുന്ന ഭർത്താവ് സംശയദൃഷ്ട്യാ ഒളിഞ്ഞു പിന്നാലെ ചെന്നു. ഭാര്യ വെള്ളത്തിലിറങ്ങി ഒഴുകിവരുന്ന ശവത്തെ കരക്കു വലിച്ചുകൊണ്ടുവന്നു. അതിൻെറ വിരലിലുള്ള മോതിരം കണ്ടു. ശവം വീർത്തിരുന്നതിനാൽ അവൾക്കു് മോതിരമൂരിയെടുക്കുവാൻ കഴിഞ്ഞില്ല. അതിനാലവളതു് കടിച്ചൂരി. ശവത്തെ കരയിലിടുകയും ചെയ്തു. അതുകഴിഞ്ഞു് അവൾ വീട്ടിലേക്കു് മടങ്ങി. ആ ചെറുപ്പക്കാരൻ ഞെട്ടാൻ പേടിച്ചു മരവിച്ചു. കാരണം തൻെറ ഭാര്യ ഒരു മനുഷ്യസ്ത്രീയല്ലെന്നും രാക്ഷസിയാണെന്നും അവനുറപ്പിച്ചു. അന്നു രാത്രി മുഴുവൻ ഉറക്കംവരാതെ അവൻ കിടക്കയിൽ കിടന്നുരുണ്ടു കഴിച്ചുകൂട്ടി. അതികാലത്തെഴുന്നേററു് ചെന്നു് അവൻ അച്ഛനോടു പറഞ്ഞു. "അച്ഛാ, ഞാൻ കല്യാണംകഴിച്ച സ്ത്രീ മനുഷ്യ സ്ത്രീയല്ല, രാക്ഷസിയാണു്. ഇന്നലെരാത്രി ഞാനും അവളും കൂടെക്കിടക്കുമ്പോൾ, ഒരു കുറുക്കൻ നദിയോരത്തുനിന്നു ഭയങ്കരമായി ഓരിയിടുന്നതു കേട്ടു അവളതു കേട്ടു്, ഞാനുറങ്ങുകയാണെന്നു കരുതി, എഴുന്നേററു് വാതിൽ തുറന്നു് പുഴവക്കത്തേക്കു പോയി. ആ അർദ്ധരാത്രി അവൾ തനിച്ചു പുറത്തുപോകുന്നതുകണ്ടു് അത്ഭുതപ്പെട്ടു് ഞാൻ സംശയത്തോടെ പിന്നാലെ ഒളിഞ്ഞുചെന്നു. അവൾ ചെയ്തതെന്താണെന്നറിയുമോ? മഹാഭയങ്കരം! അവൾ പുഴയിലിറങ്ങി ഒലിച്ചുവരുന്ന ഒരു ശവത്തെ കരയ്ക്കു വലിച്ചുകൊണ്ടുവന്നു് അതിനെ തിന്നുവാൻ തുടങ്ങി. ഞാനതെൻെറ കണ്ണുകൊണ്ടുതന്നെ

കണ്ടതാണ്. അവൾ ശവം തിന്നുതുടങ്ങിയപ്പോൾ ഞാൻ ഓടി വന്ന് കിടക്കയിൽത്തന്നെ കിടന്നു. കുറച്ചു നേരത്തിനുള്ളിൽ അവളും മടങ്ങിവന്നു വാതിലടച്ച് എൻെറയടുക്കെ കിടന്നു. അച്ഛാ, ഞാനെങ്ങനെയാണ് ഒരു രാക്ഷസിയോടൊപ്പം ജീവിക്കുക? ഒരു രാത്രി അവൾ എന്നേയും കൊന്നുതിന്നും. തീർച്ച." വയസ്സൻ തട്ടാന് ഇതുകേട്ട് ഒട്ടും പരിഭ്രമമുണ്ടായില്ല. അച്ഛനും മകനുംകൂടി അവളെ കാട്ടിൽക്കൊണ്ടുപോയി വിട്ടു ഹിംസ്രജന്തുക്കൾക്കിരയാക്കുവാൻ നിശ്ചയിച്ചു. അതനുസരിച്ച് മകൻ ഭാര്യയോടു പറഞ്ഞു: "എൻെറ പൊന്നേ, ഇന്നു നീ അധികമൊന്നും ഭക്ഷണങ്ങളുണ്ടാക്കേണ്ട. ഒരു ചോറും കൂട്ടാനും മതി. ഇന്നു നിന്നെ ഞാൻ നിൻെറ അച്ഛനമ്മമാരുടെ അടുക്കലേക്കു കൊണ്ടുപോകുന്നുണ്ട്. അവർക്ക് നിന്നെക്കാണാതെ കണ്ണു പൊരിയുന്നുണ്ടത്രെ." തൻെറ അച്ഛൻെറ വീട്ട് എന്നു കേട്ടപ്പോഴേക്കും അവൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി. ഒരു ഞൊടിനേരത്തിൽ വെപ്പുകഴിച്ചു. ഭാര്യയും ഭർത്താവും ക്ഷണത്തിൽ ഭക്ഷണം കഴിച്ച് പുറപ്പെട്ടു. ഒരു ഭയങ്കര കാട്ടിൽക്കൂടെയായിരുന്നു അവരുടെ പോക്ക്. ആ കാട്ടിൽ ഭാര്യയെ വിടണമെന്നായിരുന്നു തട്ടാൻെറ ചിന്ത. പക്ഷെ കാട്ടിൽക്കൂടെ പോകുമ്പോൾ ആ സ്ത്രീ ഒരു പാമ്പ് ഊതുന്നതു കേട്ടു. അവൾക്കതിൻെറ അർത്ഥം മനസ്സിലായി. "വഴിയാത്രക്കാരെ, അതാ അവിടെയുള്ള പോട്ടിൽക്കിടന്നു കരയുന്ന തവളയെ പിടിച്ചുതന്നാൽ ഞാൻ നന്ദിയുള്ളവനാവും. ആ പോട്ടിൽ നിറയെ സ്വർണ്ണവും രത്നങ്ങളുമുണ്ട്. നിങ്ങളതെല്ലാം എടുത്ത് തവളയെ എനിക്കു തന്നാൽ മതി." ഉടനെ ആ സ്ത്രീ ഒരു വടിയെടുത്ത് തവള കിടന്നിരുന്ന പോട് തോണ്ടുവാൻ തുടങ്ങി. ആ രാക്ഷസിഭാര്യ തന്നെക്കൊല്ലുവാൻ ഒരുമ്പെടുകയാണെന്നു കരുതി തട്ടാൻ നഖശിഖാന്തം വിറച്ചു. അവൾ അവനെ വിളിച്ചുപറഞ്ഞു. "ഇതാ ഈ സ്വർണ്ണവും രത്നങ്ങളും എടുക്കൂ." ഒന്നും മനസ്സിലാവാതെ തട്ടാൻ ഭയത്തോടെ അങ്ങോട്ടു ചെന്നു. അവൻ സ്വർണ്ണവും

രത്നങ്ങളും കണ്ടത്ഭുതപ്പെട്ടു് മിഴിച്ചുനിന്നു. അവർ ഏററാനാവുന്നത്ര സ്വർണ്ണമെടുത്തു് ഭാണ്ഡംകെട്ടി. അവിടെ നിധിയുണ്ടെന്നെങ്ങിനെ മനസ്സിലാക്കിയെന്നു ചോദിച്ചപ്പോൾ അവൾ തനിക്കു ജന്തുഭാഷയറിയുമെന്നും ആ സർപ്പമാണു് അതു പറഞ്ഞുകൊടുത്തതെന്നും പറഞ്ഞു. എത്ര കേമിയായ ഒരു ഭാര്യയേയാണു് തനിക്കു കിട്ടിയതെന്നോർത്തു് തട്ടാൻ പറഞ്ഞു. "പ്രിയെ, ഇന്നു നേരം വൈകി. ഇരുട്ടാവുന്നതിന്നുമുമ്പു് നിന്റെ അച്ഛന്റെ വീട്ടിലെത്തുവാൻ കഴിയുകയില്ല. ഇരുട്ടായാൽ വല്ല കാട്ടുജന്തുക്കളും നമ്മെ പിടിച്ചുതിന്നും. അതിനാൽ നമുക്കു് വീട്ടിലേക്കുതന്നെ മടങ്ങാം." തിരികെ വീട്ടിലെത്തുവാൻ അവർക്കു് വളരെ സമയം വേണ്ടിവന്നു. കാരണം അവർ അത്രയധികം സ്വർണ്ണവും രത്നങ്ങളും ഏററിയിട്ടുണ്ടായിരുന്നു. വീട്ടിലെത്തിയശേഷം തട്ടാൻ ഭാര്യയോടു് പറഞ്ഞു. "നീ പിന്നിലെ വാതിലിൽക്കൂടി കടക്കണം, ഞാൻ മുന്നിലത്തേതിൽക്കൂടെ വരാം. അച്ഛൻ ഈ സ്വർണ്ണവും രത്നങ്ങളും കണ്ടു് അന്തംവിടണം." അങ്ങനെ അവൾ പിൻവാതിലിൽക്കൂടെ വീട്ടിൽക്കടന്നു. ആ സമയത്തു് എന്തോ ആവശ്യത്തിന്നു് ഒരു ചുററികയും എടുത്തുകൊണ്ടു് വയസ്സൻ തട്ടാൻ അവിടെയെത്തി. ആ രാക്ഷസി മരുമകളെക്കണ്ട വയസ്സൻ, അവൾ തന്റെ മകനെ കൊന്നതിന്നുവെന്നു് തീർച്ചയാക്കി. ഉടനെ അയാൾ അവളെ ആ ചുററികവെച്ചടിച്ചു. അടികൊണ്ടവൾ വീണു മരിക്കുകയും ചെയ്തു. അപ്പോഴേക്കും മകനകത്തുകടന്നു. പക്ഷെ വൈകിപ്പോയി. അതിനാൽ അവിടുന്നു് ഒരുത്തനെ കൊല്ലാൻ കല്പിക്കുന്നതിന്നു മുമ്പു് അവൻ യഥാർത്ഥ കുററക്കാരനാണോ എന്നു് നോക്കണം."

രാജാവു് രണ്ടാമത്തെ മകനെ വിളിച്ചു പറഞ്ഞു: "വിശ്വാസവഞ്ചനയ്ക്കു് എന്തു ശിക്ഷയാണു് കൊടുക്കേണ്ടതു്?" "മരണശിക്ഷ. സംശയമില്ല. പക്ഷെ കുററം തെളിയിക്കണം." "എന്താണു് നീ ഉദ്ദേശിക്കുന്നതു്?" രാജാവു് ചോദിച്ചു.

രാജകുമാരൻ പറഞ്ഞു:

"നായാട്ടുപ്രിയനായ ഒരു രാജാവുണ്ടായിരുന്നു. ഒരിക്കൽ കാട്ടിൽ നായാടിക്കൊണ്ടിരിക്കുമ്പോൾ കുതിര അദ്ദേഹത്തെയും കൊണ്ടു് കൂട്ടംവിട്ടുപോയി. അദ്ദേഹം വളരെ വളരെ ദൂരെയായി. എന്നിട്ടും ഒരു ഗ്രാമമോ പട്ടണമോ കണ്ടില്ല. അദ്ദേഹത്തിനു് കലശലായ ദാഹമുണ്ടായി. പക്ഷെ ഒരു കുളമോ തടാകമോ അരുവിയോ കണ്ടില്ല. അവസാനം ഒരു മരത്തിന്റെ മുകളിൽ നിന്നു് എന്തോ ഇററിററു വീഴുന്നതു കണ്ടു. മരത്തിന്റെ പൊത്തിൽ തങ്ങിനിന്നിരുന്ന മഴവെള്ളമായിരിക്കും അതെന്നു കരുതി, രാജാവു് മരത്തിന്റെ ചുവട്ടിൽ കുതിരപ്പുറത്തിരുന്നു് ആ വീഴുന്ന സാധനം ഒരു ചെറിയ പാത്രത്തിൽ പിടിച്ചു. അതു് മഴവെള്ളമായിരുന്നില്ല. മരത്തിന്റെ മുകളിലുണ്ടായിരുന്ന ഒരു വലിയ സർപ്പം ക്രുദ്ധനായി വിഷപ്പല്ലുകൾവെച്ചു് മരത്തിലുരച്ചപ്പോൾ അതിന്റെ വിഷം വീണതായിരുന്നു. അതാണു് രാജാവു് മഴവെള്ളമാണെന്നു കരുതിയതു്. പക്ഷേ കുതിരയ്ക്കു് കാര്യം മനസ്സിലായി. വിഷം പാത്രത്തിൽ മുക്കാലും നിറഞ്ഞപ്പോൾ രാജാവു് അതു കുടിക്കുവാനൊരുങ്ങി. തന്റെ യജമാനന്റെ ജീവനെ സംരക്ഷിക്കണമെന്നു കരുതി കുതിര ദേഹമൊന്നു കുടയുകയും രാജാവിന്റെ കയ്യിലുള്ള പാത്രം വീണു് ദ്രാവകം മുഴവൻ താഴെപ്പോവുകയും ചെയ്തു. രാജാവിനു് വളരെ ദേഷ്യം വരുകയും വാളെടുത്തു് കുതിരയുടെ കഴുത്തു വെട്ടുകയും ചെയ്തു. അതിനാൽ ഒരു മനുഷ്യൻ കുററക്കാരനാണെന്നു് അറിയുന്നതിനുമുമ്പു് അയാളെക്കൊല്ലരുതെന്നാണു് ഞാൻ പറയുന്നതു്."

രാജാവു് മൂന്നാമത്തെ മകനെ വിളിച്ചു ചോദിച്ചു. "വിശ്വാസവഞ്ചന ചെയ്ത ഒരു മനുഷ്യന്നു് എന്തു ദണ്ഡനയാണു് കൊടുക്കേണ്ടതു്?"

രാജകുമാരൻ പറഞ്ഞു. "സംശയമില്ല, മരണദണ്ഡനതന്നെ. പക്ഷെ അയാളുടെ കുററം തെളിയിക്കണം."

"എന്നുവെച്ചാൽ?" രാജാവു് ചോദിച്ചു,

രാജകുമാരൻ പറഞ്ഞു:

ഒരു രാജാവിന്നു് നല്ലൊരു കിളിയുണ്ടായിരുന്നു. ഒരു ദിവസം കിളി പുറത്തു പറന്നുകളിക്കാൻ പോയപ്പോൾ അതിന്റെ മാതാപിതാക്കളെ കണ്ടു. അവ അതിനെ തങ്ങളുടെ കൂടെച്ചെന്നു് കുറച്ചു ദിവസം താമസിക്കുവാൻ നിർബ്ബന്ധിച്ചു. തനിക്കതു സന്തോഷമാണെങ്കിലും രാജാവിന്റെ സമ്മതമില്ലാതെ ചെയ്യുന്നതല്ലെന്നു കിളി പറഞ്ഞു. അന്നുതന്നെ താൻ രാജാവിനോടു് സമ്മതം ചോദിക്കാമെന്നും പിറേറദിവസം അതേ സ്ഥലത്തുവെച്ചു കണ്ടുമുട്ടി ഒരുമിച്ചു പോകാമെന്നും പറഞ്ഞു. കിളി രാജാവിനോടു് വിവരം പറഞ്ഞു. രാജാവു് വളരെ വൈമനസ്യത്തോടെ സമ്മതം കൊടുത്തു. കാരണം അദ്ദേഹത്തിന്നു് അതിനെ അത്ര ഇഷ്ടമായിരുന്നു. പിറേറ ദിവസം രാവിലെ തത്ത നിശ്ചയിച്ച സ്ഥലത്തു് മാതാപിതാക്കളെ കാണുകയും അവയോടുകൂടി വിദൂരത്തു് ഒരു മരത്തിന്റെ മുകളിലുള്ള അവയുടെ കൂട്ടിലേക്കു പോവുകയും ചെയ്തു. ആ മൂന്നു പക്ഷികളും രണ്ടാഴ്ച സുഖമായൊരുമിച്ചു് താമസിച്ചു. അതിന്നുശേഷം കിളി അച്ഛനമ്മമാരോടു് പറഞ്ഞു. "രാജാവു് എനിക്കു് രണ്ടാഴ്ച അവധിയേ തന്നിട്ടുള്ളു. ഇന്നതു കഴിഞ്ഞു. നാളെ എനിക്കു മടങ്ങിപ്പോകണം." അച്ഛനമ്മയും സമ്മതിച്ചു. രാജാവിന്നു് ഒരു തിരുമുൽക്കാഴ്ച കൊണ്ടുപോകണമെന്നു് അവ പറഞ്ഞു. അവരെല്ലാവരും കൂടി കുറച്ചുനേരം ആലോചിച്ചുശേഷം ആ തിരുമുൽക്കാഴ്ച രാജാവിന്നു് ചിരഞ്ജീവിയായിരിക്കാൻ പററുന്ന ഒരു പഴം ആവണമെന്നു തീർച്ചയാക്കി. അങ്ങനെ അടുത്ത ദിവസം രാവിലെ കിളി ശാശ്വതതരുവിൽനിന്നു് ഒരു പഴം പറിച്ചു് അതിനെ സശ്രദ്ധം കൊത്തിയെടുത്തു് തന്റെ വ്യോമയാനം തുടങ്ങി. ഭാരമേററിപ്പോകുന്നതിൽ വിഷമമുണ്ടായിരുന്നതിനാൽ കിളിക്കു് അന്നു് രാജാവിന്റെയടുക്കെ എത്തുവാൻ കഴിഞ്ഞില്ല. അന്നു രാത്രി വഴിയിൽ തങ്ങേണ്ടിവന്നു. അതു് ഒരു മരത്തിൽ

താമസിച്ചു. ആ പഴം എവിടെയാണ് വെക്കേണ്ടതെന്നായി. കൊക്കിൽത്തന്നെ വെച്ചാൽ ഉറക്കത്തിൽ വീണുപോകും. ഭാഗ്യവശാൽ അതു് ആ മരത്തിലൊരു പൊത്തുകണ്ടു. പഴം അതിൽ വെച്ചു. ആ പൊത്തിൽ ഒരു പാമ്പുണ്ടായിരുന്നു. രാത്രി പാമ്പ് ആ പഴത്തിൽ വിഷപ്പല്ലുരച്ചു. അതിൽ വിഷം പരന്നു. കാക്ക കരയുന്നതിന്നുമുമ്പ് കിളി ഇതൊന്നുമറിയാതെ പഴവും കൊത്തിപ്പറന്നു. അതു് അരമനയിലെത്തിയപ്പോൾ രാജാവ് മന്ത്രിമാരോടുകൂടി സഭാലോചനയിലായിരുന്നു. തന്റെ ഓമനക്കിളി മടങ്ങിവന്നതുകണ്ടു് രാജാവ് അത്യധികം സന്തോഷിച്ചു. മാത്രമല്ല അതു് തനിക്കു തിരുമുൽക്കാഴ്ച കൊണ്ടുവന്ന പഴംകണ്ടു് സന്തുഷ്ടനാവുകയും ചെയ്തു. ആ പഴം കാണാൻ വളരെ ഭംഗിയുള്ളതായിരുന്നു. ഭൂമിയിലുള്ള എല്ലാ പഴങ്ങളിലുംവെച്ച് ഭംഗികൂടിയതു്. അതിന്റെ പേരും അന്വർത്ഥമായിരുന്നു. കാരണം, അതു തിന്നുന്നവൻ ചിരഞ്ജീവിയാകും. രാജാവു് അതു് തിന്നാനൊരുങ്ങി. പക്ഷെ അദ്ദേഹത്തിന്റെ മന്ത്രിമാർ, ഒരു പക്ഷെ ആ പഴം വല്ല വിഷവുമുള്ളതായിരിക്കുമെന്നും അതിനാൽ രാജാവതു തിന്നരുതെന്നും ഉപദേശിച്ചു. അതു കേട്ടു് രാജാവ് പഴം ഒരു കാക്കയ്ക്കിട്ടുകൊടുത്തു. അതിന്റെ ഒരു കഷണം കൊത്തിത്തിന്ന ആ കാക്ക ഉടനെ വീണു ചാവുകയും ചെയ്തു. കിളി തന്നെ കൊല്ലുവാനാണ് ഉദ്ദേശിച്ചതെന്നു കരുതി രാജാവ് അതിനെ പിടിച്ചു കൊന്നു. വിഷമുള്ളതാണെന്നു വിചാരിച്ച ആ പഴത്തിന്റെ വിത്തു് നഗരത്തിന്റെ പുറത്തുള്ള ഒരു തോട്ടത്തിൽ കൊണ്ടുപോയി കുത്തിയിടുവാൻ രാജാവ് കല്പിച്ചു. വിത്തു് കാലക്രമേണ വലിയൊരു മരമായി കായതുടങ്ങി. രാജാവ് ആരെങ്കിലും അതിന്റെ കായതിന്നു ചാവരുതെന്നു കരുതി അതിനു ചുറവും വേലികെട്ടിച്ചു് കാവൽ നിർത്തി. അതേ പട്ടണത്തിൽ പിച്ചതെണ്ടി ജീവിച്ചിരുന്ന ഒരു ബ്രാഹ്മണനും ഉണ്ടായിരുന്നു. ഒരു ദിവസം തന്റെ ദുർവ്വിധിയോർത്തു് ബ്രാഹ്മണൻ വല്ലാതെ പരിതപിച്ചുകൊണ്ടു് ഭാര്യയോടു്, താൻ അമ്മാതിരി

ഒരു പിച്ചക്കാരനായി ജീവിക്കുന്നതിനേക്കാൾ രാജാവിൻെറ തോട്ടത്തിലുള്ള ആ വിഷമരത്തിലെ പഴം തിന്നു് ജീവിതം അവസാനിപ്പിക്കുകയാണു് നല്ലതെന്നു പറഞ്ഞു. അന്നു രാത്രി തന്നെ അയാൾ എഴുന്നേററു് രാജാവിൻെറ തോട്ടത്തിലേക്കു പോയി. സംശയം തോന്നിയ ഭാൎയ്യ, താനും ആ പഴം തിന്നു മരിച്ചുകളയാം എന്നു കരുതി പിന്നാലെച്ചെന്നു. ആ അർദ്ധരാത്രി കാവൽക്കാരന്നു് നല്ല ഉറക്കമായിരുന്നു. വൃദ്ധബ്രാഹ്മണൻ ഒരു പഴം പറിച്ചുതിന്നു. ഭാൎയ്യ പറഞ്ഞു. "അങ്ങു് മരിച്ചശേഷം ഞാനെന്തിനു ജീവിക്കുന്നു? ഞാനും ഈ പഴംതിന്നു മരിക്കും." എന്നുംപറഞ്ഞു് ആ സ്ത്രീയും ഒരു പഴം പറിച്ചുതിന്നു. വിഷം കയറുവാൻ കുറച്ചു സമയം പിടിക്കുമെന്നു കരുതി അവർ രണ്ടുപേരും വീട്ടിലേക്കു മടങ്ങി, ഇനി തങ്ങളൊരു കാലത്തും എഴുന്നേൽക്കുകയില്ലെന്നു കരുതി അവർ കിടന്നു. അടുത്ത നാൾ കാലത്തു്, അവർ മരിച്ചിട്ടില്ലെന്നു മാത്രമല്ല, അവർക്കു് യൌവ്വനവും ശക്തിയും വേണ്ടത്ര കൂടിയിരിക്കുന്നുവെന്നും കണ്ടപ്പോൾ അവർ അത്ഭുതപരതന്ത്രരായി. അവരുടെ അയൽവാസികൾക്കവരെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ അത്രയധികം മാറിയിരുന്നു. വൃദ്ധബ്രാഹ്മണൻ യൌവ്വനയുക്തനായ ഒരു സുഭഗനും ബലവാനുമായിരിക്കുന്നു. നരയില്ല, ജരയില്ല; അയാളുടെ ഭാൎയ്യ ഒരു രാജകന്യകയെപ്പോലെ യുവസുന്ദരിയായിരിക്കുന്നു. ഈ അത്ഭുതംകേട്ടു് രാജാവു് അവരെ കൊട്ടാരത്തിലേക്കു വരുത്തി. ബ്രാഹ്മണൻ നടന്ന സംഭവങ്ങളൊക്കെ പറഞ്ഞു. രാജാവു് കിളിയെയോർത്തു് വ്യസനിക്കുകയും കാൎയ്യമറിയാതെ അതിനെക്കൊന്നതിൽ സങ്കടപ്പെടുകയും ചെയ്തു.

അതിനാൽ ഒരാളെ വധിക്കാൻ ശിക്ഷിക്കുന്നതിന്നുമുമ്പു് കുററം തെളിയിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇന്നലെ രാത്രി ഞാൻ ദുവ്വിചാരത്തോടുകൂടി അവിടുത്തെ അറയിൽ കടന്നുവെന്നാണു് അവിടുത്തെ ശങ്ക എന്നെനിക്കറിയാം. അവിടുന്നു് വിധി കല്പിക്കുന്നതിന്നുമുമ്പു് ഞാൻ പറയുന്നതു

കേൾക്കുമാറാകണം. ഇന്നലെ രാത്രി ഞാൻ റോന്തുചുററുമ്പോൾ ഒരു സ്ത്രീ കൊട്ടാരത്തിൽനിന്നു പുറത്തു വരുന്നതു കണ്ടു. അവളെത്തടുത്തു ചോദിച്ചപ്പോൾ, അവൾ രാജധാനിയിലെ ദേവതയായ രാജലക്ഷ്മിയാണെന്നു പറഞ്ഞു. രാജാവു് രാത്രിതന്നെ മരിക്കുമെന്നറിഞ്ഞതുകൊണ്ടാണു് അവൾ പോകുന്നതെന്നും പറഞ്ഞു. രാജാവു് മരിക്കാതെ കഴിക്കാൻ ഞാൻ നോക്കിക്കൊള്ളാം എന്നുംപറഞ്ഞു് അവളോടു് അകത്തേക്കുതന്നെ പോകുവാൻ അപേക്ഷിച്ചശേഷം ഞാൻ നേരെ അവിടുത്തെ അറയിൽ വന്നു. അവിടുത്തെ കട്ടിൽക്കാലിൽക്കൂടെ ഒരു സർപ്പം ഇഴഞ്ഞുകയറുന്നതു കണ്ടു. ഞാൻ അതിനെ കൊല്ലുകയും നുറുതുണ്ടാക്കി വെററിലത്തളികയിലിടുകയും ചെയ്തു. പക്ഷെ അതിനെ വെട്ടിനുറുക്കുമ്പോൾ ഒരു തുള്ളി രക്തം അമ്മയുടെ മാററത്തു വീണു. അച്ഛനെ രക്ഷിച്ചുവെങ്കിലും, അമ്മക്കു് ജീവഹാനി വരുത്തിയല്ലോ എന്നോർത്തു ഞാൻ വ്യസനിച്ചു. ഉടനെ നാവിന്മേൽ ഏഴു മടക്കു തുണി ചുററി ഞാൻ ആ ചോര നക്കിയെടുത്തു. ഞാനതു നക്കുന്ന സമയത്തു് അമ്മ ഉണർന്നെന്നെക്കണ്ടു. ഇതാണു് സംഭവം. ഇനി വേണമെങ്കിൽ അവിടുന്നു് എന്റെ തല വെട്ടിക്കൊള്ളണം." രാജാവു് സന്തോഷഭരിതനായി. അദ്ദേഹം മകനെ കെട്ടിപ്പുണർന്നു. അന്നുമുതൽ അവനെ മുമ്പുണ്ടായിരുന്നതിനേക്കാൾക്കവിഞ്ഞു സ്നേഹിക്കുകയും ചെയ്തു.

# അന്തിമാഭിലാഷം

ഒരു ദിവസം രാജാവിന്റെ അമ്മയ്ക്കു് ദീനം വളരെ കലശലായി. മരിക്കുന്നതിന്നുമുമ്പു് ഒരു ആപ്പിൾപഴം തിന്നണമെന്ന മോഹം അവർ പ്രകടിപ്പിച്ചു. അക്കാലത്തു് വിദ്യുച്ഛക്തിയും, കമ്പിത്തപ്പാലും, ദൂരശ്രവണിയും, മോട്ടോർ വാഹനങ്ങളും, തീവണ്ടികളും ഒന്നുമില്ലാത്ത കാലമായിരുന്നു. വളരെ വളരെ ദൂരെ പോയെങ്കിൽ മാത്രമെ ആപ്പിൾ കിട്ടുകയുള്ളു. ഉടനെ രാജാവു് ആപ്പിൾ കൊണ്ടുവരുവാൻ ഒരു ദൂതനെ കുതിരപ്പുറത്തയച്ചു. ഏതായാലും ആപ്പിൾ എത്തുന്നതിന്നുമുമ്പു് ആ വൃദ്ധമാതാവു് അന്തിമശ്വാസം വലിച്ചു. രാജാവിന്നു് വളരെ വ്യസനമായി. അന്തിമാഭിലാഷം സാധിക്കാതെ മരിച്ചുപോയ തന്റെ അമ്മക്കു് നിത്യശാന്തി കിട്ടുമോ എന്നായി അദ്ദേഹത്തിന്റെ സംശയം. ഒരു കാരണംകൊണ്ടും അമ്മയുടെ പ്രേതം അരമനയിൽ ചുററിത്തിരിയുന്നതിന്നിടവെയ്ക്കരുതെന്നു അദ്ദേഹത്തിന്നു മോഹമുണ്ടായിരുന്നു. അതിനാൽ ഉടനെ പ്രധാന പുരോഹിതനെ വരുത്തി അതിന്നുള്ള പരിഹാരമാർഗ്ഗമാരാഞ്ഞു. രാജാവു് കുറെ സ്വർണ്ണംകൊണ്ടുള്ള ആപ്പിളുകളുണ്ടാക്കിച്ചു്

പുരോഹിതന്മാർക്ക് ദാനംചെയ്താൽ പ്രേതത്തിന്ന തൃപ്തിവരുമെന്നുംപിന്നീട് പ്രേതബാധയെപ്പററി ഭയപ്പെടേണ്ടതില്ലെന്നും പുരോഹിതൻ വിധിച്ചു. രാജാവതു ചെയ്തു. പുരോഹിതന്മാർക്ക് നല്ല സമ്പാദ്യവുമായി.

രാമൻ പുരോഹിതൻെറ സൂത്രം മനസ്സിലാക്കി. ഉടനെ അവൻ ഒരു വേല കാണിക്കാൻ നിശ്ചയിച്ചു. തൻെറ സേവനങ്ങൾക്ക നന്ദിയില്ലെന്ന മാത്രമല്ല, തന്നെ നിർദ്ദയം കൊല്ലാതെ കൊല്ലാൻ മുതിർന്ന ആ പുരോഹിതവർഗ്ഗത്തോട് പകവീട്ടുവാൻ അവൻ ആ സന്ദർഭം വിനിയോഗിക്കുകയും ചെയ്തു.

പിറേറ ദിവസം അവൻ കൊട്ടാരത്തിൽ ഹാജരായി വ്യസനം നടിച്ചു്, തൻെറ അമ്മ പെട്ടെന്ന മരിച്ചുപോയെന്നും അതിനാൽ കുറച്ചുനാളത്തെ അവധി വേണമെന്നും അപേക്ഷിച്ചു. അവധി കിട്ടി വീട്ടിലേക്ക പോകുന്നവഴി അവൻ അമ്പലത്തിൽ കയറി പുരോഹിതന്മാരോട്, അന്ന വൈകുന്നേരം തൻെറ അമ്മയുടെ ശവദഹനത്തിന്നു് തൻെറ വീട്ടിലേക്ക ചെല്ലണമെന്നഭ്യർത്ഥിച്ചു. വീട്ടിൽ ചെന്നവുടൻ അവൻ കുറച്ചു ഇരുമ്പുകമ്പികളെടുത്തു തീയിലിട്ടു. പുരോഹിതന്മാർ വന്ന ഉടനെ അവൻ പഴുത്ത ഇരുമ്പുകമ്പികൊണ്ടു് ഓരോരുത്തർക്കും ചൂടുവെച്ചു വിട്ടു. അവർ നിലവിളിച്ചോടി.

ഇതു് ഒരു കൊട്ടാരവിദൂഷകനെ സംബന്ധിച്ചേടത്തോളം കുറെ കവിഞ്ഞ തമാശയായിപ്പോയി! പുരോഹിതന്മാർ നേരെ രാജാവിനെച്ചെന്ന കാണുകയും വിദൂഷകനെപ്പററി കഠിനമായി ആക്ഷേപിക്കുകയും ചെയ്തു. രാജാവു് രാമനെ വിളിച്ചു ചോദിച്ചപ്പോൾ അവൻെറ വിചിത്രമായ മറുപടി ഇങ്ങിനെയായിരുന്നു:

"പൊന്നുതമ്പുരാനെ, എൻെറ അമ്മ രോഗം പിടിച്ചു കിടക്കുമ്പോൾ വൈദ്യൻ അവർക്ക ചൂടുവെക്കണമെന്ന പറഞ്ഞു. ദിനം ഭേദമാവണമെന്ന മോഹത്തോടെ അമ്മ എന്നോടതു ചെയ്യാൻ പറഞ്ഞതാണു്. പക്ഷെ ഇരുമ്പു പഴുപ്പിക്കുന്നതിനു മുമ്പു്

അമ്മ മരിച്ചു. അതിനാൽ അവിടുന്ന് സ്വർണ്ണാപ്പിളകളുണ്ടാക്കി പുരോഹിതന്മാർക്ക കൊടുത്തതുപോലെ ഞാനും അവർക്ക് ചൂടുകൊടുത്തു് മരിച്ചുപോയ അമ്മക്ക് ശാന്തിയുണ്ടാക്കാമെന്നു കരുതി. ഇതിലെന്താണ് എന്റെ തെററ്?" വിദൂഷകന്റെ സമർത്ഥമായ സൂത്രംകണ്ടു രാജാവു് വിസ്മയിച്ചു. പുരോഹിതന്മാരുടെ ദുഷ്പ്രവൃത്തിയിൽ അദ്ദേഹത്തിന്നു ഇഷ്ടമില്ലായിരുന്നെങ്കിലും നയോപായങ്ങൾക്ക് ഹാനിതട്ടരുതെന്നു കരുതി അവരെ മുഷിപ്പിച്ചില്ല. അതിനാലദ്ദേഹം ദ്വേഷ്യത്തോടെ രാമനെ നോക്കിപ്പറഞ്ഞു:

"കടന്നുപോകൂ. ഇനിയിവിടെ മുഖം കാണരുതു്." രാമൻ പോയി. പുരോഹിതന്മാർ തിരുമുമ്പാകെനിന്നു പോയപ്പോൾ അവൻ തലയിൽ ഒരു കുട കമിഴ്ത്തി രാജാവിന്റെ മുമ്പിൽ വന്നു.

"ഇതെന്തു വിഡ്ഢിത്തമാണ്?" രാജാവു് ചോദിച്ചു.

"മഹാപ്രഭോ, അവിടുന്ന് മുഖം കാട്ടരുതെന്നു അരുളിച്ചെയ്തിരുന്നു. മുഖം കണ്ടു് അവിടുത്തേക്ക് ദ്വേഷ്യം വരരുതെന്നു കരുതി ഇങ്ങിനെ ചെയ്തതാണ്." രാമൻ പറഞ്ഞു.

വിദൂഷകന്റെ ഫലിതംകേട്ടു് രാജാവു് വളരെ സന്തുഷ്ടനാവുകയും അയാൾക്ക് മാപ്പുകൊടുത്തു് വീണ്ടും അയാളെ കരുണാകടാക്ഷങ്ങൾക്ക് പാത്രമാക്കുകയും ചെയ്തു.

## നന്ദികെട്ട ഗൌതമൻ

(തെലുങ്കിൽനിന്നു്)

മദിരാശിയിൽ ഗൌതമൻ എന്നു പേരായ ഒരു സാധുബ്രാഹ്മണനുണ്ടായിരുന്നു. യാചനയായിരുന്നു അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം. ഒരു ദിവസം അദ്ദേഹം യാചിച്ചുകൊണ്ടു നടന്നിരുന്നതിന്നിടയിൽ മ്ലേച്ഛന്മാർ താമസിച്ചിരുന്ന ഒരു ഗ്രാമത്തിലെത്തി. അവിടെ ഒരു ബ്രാഹ്മണനുമുണ്ടായിരുന്നില്ല, മുഴുവൻ കൊള്ളക്കാരുടേയും കവർച്ചക്കാരുടേയും സങ്കേതം. ഗൌതമൻ ഒരു ഭേദപ്പെട്ട കൊള്ളക്കാരന്റെ വീട്ടിൽച്ചെന്നു് ഭിക്ഷ യാചിച്ചു. ആ കവർച്ചക്കാരൻ ധർമ്മിഷ്ഠനായിരുന്നു. അയാൾ ഗൌതമനെ സ്വാഗതംചെയ്തു. ആ ബ്രാഹ്മണന്നു് ഇരിക്കാനൊരു വീടില്ലെന്നും സഹായത്തിന്നു് മിത്രങ്ങളില്ലെന്നും അറിഞ്ഞു് അദ്ദേഹത്തോടു് അവിടെ താമസിച്ചുകൊള്ളുവാൻ പറഞ്ഞു. ബ്രാഹ്മണൻ സമ്മതിച്ചു. തസ്കരപ്രമാണി അദ്ദേഹത്തിന്നു് ഒരു വീടും ആവശ്യമുള്ള ഗൃഹോപകരണങ്ങളും ഏർപ്പാടുചെയ്തു കൊടുത്തു. അദ്ദേഹം എന്നും തന്നോടുകൂടിത്തന്നെയിരിക്കണമെന്നു കരുതി കള്ളപ്രമാണി അദ്ദേഹത്തിന്നു് നല്ലൊരു തുക മാസ

ശമ്പളമായി നിശ്ചയിക്കുകയും തൻെറ ജാതിയിലുള്ള ഒരു യുവവിധവയെ കല്യാണം കഴിച്ചു കൊടുക്കുകയും അദ്ദേഹത്തെ തസ്കരസംഘത്തിലെ ഒരംഗമായി ചേർക്കുകയും ചെയ്തു.

ഗൌതമൻ വളരെത്താമസിയാതെ മററുള്ള കള്ളന്മാരെപ്പോലെതന്നെ ഒരുത്തനായിത്തീർന്നു. മൃഗങ്ങളേയും നിർദ്ദോഷികളായ വഴിപോക്കരേയും കൊന്നു് പണമുണ്ടാക്കി അദ്ദേഹം സ്വയം ജീവിക്കുവാൻ തുടങ്ങി. കുറച്ചുകാലത്തിന്നുശേഷം അദ്ദേഹത്തിൻെറ നാട്ടിലെ മറെറാരു സാധുബ്രാഹ്മണൻ ഈ പട്ടണത്തിലെത്തി. ആ ബ്രാഹ്മണൻ ഉത്തമ ഭക്തനായിരുന്നു. നല്ലൊരാളുടെ വീടു് തേടിക്കൊണ്ടു നടക്കുമ്പോൾ അദ്ദേഹം സംഗതിവശാൽ ആ പഴയ സുഹൃത്തിൻെറ വീട്ടിൽച്ചെന്നു പെട്ടു. ആ സമയത്തു് ഗൌതമൻ വീട്ടിലുണ്ടായിരുന്നില്ല. പക്ഷെ അധികം നേരം കഴിയുന്നതിന്നുമുമ്പു് അയാൾ നായാട്ടിൽ കിട്ടിയ പക്ഷികളേയും മൃഗങ്ങളേയും ഏററിക്കൊണ്ടു് തിരിച്ചെത്തി. അയാളുടെ കയ്യിൽ അമ്പും വില്ലുമുണ്ടു്. നായാട്ടടിക്കിട്ടിയ വസ്തുക്കൾ തോളിൽ തൂക്കിയിട്ടുണ്ടു്. ദേഹത്തിൽ രക്തം പുരണ്ടിട്ടുണ്ടു്. തൻെറ ചങ്ങാതിയുടെ പ്രാകൃതവേഷം കണ്ടു് മറെറ ബ്രാഹ്മണൻ അന്തംവിട്ടു തുറിച്ചുനോക്കി നിന്നു. അവസാനം അദ്ദേഹം അയാളെ ശകാരിക്കുവാൻ തുടങ്ങി. "കഷ്ടം! എന്തൊരു നിലയിലേക്കാണു് നീ അധഃപതിച്ചിട്ടുള്ളതു്! നീ എൻെറ പഴയ സുഹൃത്തും നാട്ടുകാരനുമായ ഗൌതമനല്ലേ! കഷ്ടം! പവിത്രമായ ബ്രാഹ്മണജന്മം കിട്ടിയ നീ കർമ്മംകൊണ്ടു് ഒരു കവർച്ചക്കാരനായിത്തീർന്നിരിക്കുന്നു! നിൻെറ ഭക്തന്മാരായ പൂർവ്വികന്മാരേയും ബന്ധുക്കളേയുംപററി ഒന്നോർത്തുനോക്കു. നിൻെറ ഈ അധഃപതനം കണ്ടു് എൻെറ ഹൃദയം നീറുന്നു. ഉടനെ നാട്ടിലേക്കു മടങ്ങുക! വീണ്ടും ധാർമ്മികജീവിതമാരംഭിക്കുക."

ഗൌതമൻ സമ്മതിച്ചു. ഞാൻ നാളെത്തന്നെ ഈ കള്ളസംഘം വെടിഞ്ഞു് നാട്ടിലേക്കു മടങ്ങാം. പണത്തിന്നുള്ള

മോഹം ഒന്നുമാത്രമാണ് എന്നെ ഈ നിലക്ക് അധഃപതിപ്പിച്ചത്. പക്ഷെ അങ്ങയുടെ ശകാരം എന്റെ കണ്ണുതുറന്നു."

അതിഥി അന്നു രാത്രി ഗൌതമന്റെ വീട്ടിൽ കഴിച്ചുകൂട്ടി. പക്ഷെ യാതൊരാഹാരവും അവിടെനിന്നു കഴിച്ചില്ല. നേരം പുലരുന്നതിന്നു മുമ്പുതന്നെ അദ്ദേഹം ആ പട്ടണം വിട്ടു പോകുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ ഗൌതമനും സ്ഥലം വിട്ട് കടലോരത്തേക്കു യാത്രതുടങ്ങി. വഴിയിൽവെച്ച് അയാൾ കപ്പൽയാത്രക്ക് പുറപ്പെട്ടിരുന്ന ഒരു വർത്തകസംഘത്തോടൊപ്പം ചേർന്നു അവരുടെ കൂടെപ്പോയി. പണത്തിലുള്ള ദുർമ്മോഹത്തിന്നധീനനായിട്ടാണ് ഗൌതമൻ അവരുടെ സംഘത്തിൽ ചേരുവാൻ സമ്മതിച്ചത്. പക്ഷെ വഴിയിലുള്ള ഒരു താഴ്വരയിൽവെച്ച് ആ സംഘത്തെ മദിച്ചൊരാന ആക്രമിക്കുകയും സംഘത്തിലുള്ള അധികപേരേയും കൊല്ലുകയും ചെയ്തു. ഗൌതമൻ ജീവനെ കയ്യിൽപ്പിടിച്ചോട്ടുകയും വളരെ നേരം അങ്ങിങ്ങായി ചുററിയശേഷം മനോഹരമായ ഒരു കാട്ടിലെത്തുകയും ചെയ്തു. അവിടെ വലിയൊരു വടവൃക്ഷമുണ്ടായിരുന്നു. സഹിക്കാനാവാത്ത വിശപ്പും ദാഹവും ക്ഷീണവും കാരണം ഗൌതമൻ ആ മരത്തിന്റെ ചുവട്ടിൽ തളർന്നുകിടന്നു. ക്ഷണത്തിൽ ഉറങ്ങുകയും ചെയ്തു.

ആ കാട്ടിൽ കൊററികളുടെ രാജാവായ നരിജംഘൻ താമസിച്ചിരുന്നു. അത് വളരെ ഭക്തിയുള്ള ഒരു പക്ഷിയായിരുന്നു. വൈകുന്നേരം വീട്ടിലേക്കു വന്നപ്പോൾ അത് അവിടെ ഒരു മനുഷ്യൻ കിടക്കുന്നതു് കണ്ടു. ഏതൊരു ജീവിയേയും ഭയപ്പെടുത്തുമാറായിരുന്നു ഗൌതമന്റെ ആകൃതിയെങ്കിലും അയാൾ സങ്കടാവസ്ഥയിലാണെന്ന് കൊററിരാജാവിന്നു മനസ്സിലാവുകയും അനുകമ്പകൊണ്ട് അതിന്റെ ഹൃദയം ആർദ്രമാവുകയും ചെയ്തു. അത് അടുക്കെ വന്ന് ഗൌതമനെ ഉണർത്തി സൌമ്യമായിപ്പറഞ്ഞു. "ഹേ, മഹാത്മൻ, താങ്കളെപ്പോലുള്ള ഒരതിഥിയെ സ്വീകരിക്കുവാൻ സന്ദർഭം കിട്ടിയ ഞാൻ ഭാഗ്യവാൻ

തന്നെയാണു്. നേരം സന്ധ്യയായി. താങ്കൾക്കു് നല്ല വിശപ്പും ദാഹവും ഉണ്ടെന്നെനിക്കറിയാം. ഇന്നു രാത്രി ഇവിടെ വിശ്രമിച്ചു് എൻെറ അതിഥിയായിരിക്കാൻ ദയവുണ്ടാകണം. കഴിയുന്നതെന്തും ഞാൻ ചെയ്തുതരാം. നല്ലവണ്ണം വിശ്രമിച്ച ശേഷം താങ്കൾക്ക പോകേണ്ടിടത്തു പോകുകയും ചെയ്യാം."

ഈ സൌമ്യവചനങ്ങൾ കേട്ടു് ഗൌതമൻ എഴുന്നേററിരുന്നു. കുറച്ചു സമയത്തിന്നുള്ളിൽ ആ പക്ഷി പലവിധ പഴങ്ങളും കൊണ്ടുവന്നു. പൈദാഹപരവശനായ ആ മനുഷ്യൻ അതു് മുഴുവൻ തിന്നു. കൊററിരാജാവു് ഗൌതമന്നുവേണ്ടി ഒരു പൂമെത്തയുണ്ടാക്കി. ഗൌതമൻ അതിൽ കിടന്നപ്പോൾ ആ പക്ഷി തൻെറ ചിറകുകൊണ്ടു് വിശിക്കൊടുക്കുകയും അതേ സമയത്തു് അയാളുടെ വിശദവിവരങ്ങൾ ചോദിക്കുകയും ചെയ്തു.

"ഞാനൊരു സാധു ബ്രാഹ്മണനാണു്." ബ്രാഹ്മണൻ പറഞ്ഞു. "മദിരാശിയിലാണു് താമസം. കുറച്ചു പണമുണ്ടാക്കണമെന്നുള്ള മോഹംകൊണ്ടു് ഞാനൊരു കപ്പൽയാത്രക്കൊരുങ്ങി. പക്ഷെ വഴിയിൽവെച്ചു് അത്യാപത്തിൽപ്പെട്ടുകയാണുണ്ടായതു്."

"ഹേ ബ്രാഹ്മണോത്തമാ, അങ്ങു് എൻെറ ഉത്തമാതിഥിയാണു്. അങ്ങു് ആഗ്രഹം സാധിച്ചുകൊണ്ടു് തിരിച്ചു വീട്ടിലേക്കു പോകുന്നതു് എനിക്കു് അത്യാനന്ദകാണു്. ധാരാളം പണം കിട്ടാനുള്ള വഴി ഞാൻ പറഞ്ഞുതരാം." കൊററി പറഞ്ഞു.

ഗൌതമൻ രാത്രി സുഖമായി കഴിച്ചുകൂട്ടി. പിറേറന്നു കാലത്തു് അദ്ദേഹം പുറപ്പെടുന്ന സമയത്തു് നരിജംഘൻ പറഞ്ഞു. "മഹാബ്രാഹ്മണാ, ഈ വഴിക്കു പോകുക. ഇവിടെനിന്നു് മുപ്പത്തിയാറു നാഴികദൂരെ മരുവ്രജം എന്ന ഒരു നഗരമുണ്ടു്. അവിടെ വിരൂപാക്ഷൻ എന്ന പ്രബലനായ ഒരു രാക്ഷസരാജാവാണു് നാട്ടു് ഭരിക്കുന്നതു്. അദ്ദേഹം എൻെറ ഒരു ഉത്തമസുഹൃത്താണു്. അങ്ങു് അവിടെപ്പോയി എൻെറ പേർ പറഞ്ഞാൽ

അദ്ദേഹം അങ്ങയെ സ്വാഗതം ചെയ്യുകയും വേണ്ടത്ര സ്വർണ്ണം തരുകയും ചെയ്യും."

കൊററിയുടെ ഉപദേശപ്രകാരം ഗൌതമൻ മരുപ്രജനഗരത്തിലേക്കു പോയി. കൊററിരാജാവായ സുഹൃത്തിൻെറ ഒരതിഥി വന്നിട്ടുണ്ടെന്നു കേട്ട് വിരൂപാക്ഷൻ ചെന്ന് ഗൌതമനെ ഉപചാരപൂർവ്വം അരമനയിലേക്കു ആനയിച്ച് രാജകീയവിഭവങ്ങൾ കൊടുത്ത് സല്ക്കരിച്ചു.

ആ രാക്ഷസരാജാവ് വളരെയധികം ധനവാനായിരുന്നു. ജാതിയിൽ രാക്ഷസനായിരുന്നെങ്കിലും ദാനധർമ്മങ്ങളിൽ അദ്ദേഹം രണ്ടാം കല്പതരുതന്നെയായിരുന്നു. ഗൌതമൻ എത്തിയ ദിവസം കാർത്തികമാസത്തിലെ പൌർണ്ണമിയായിരുന്നു. അന്നേദിവസം രാക്ഷസപ്രഭു കയ്യും കണക്കുമില്ലാതെ ദാനങ്ങൾ ചെയ്യുക പതിവായിരുന്നു. നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും സാധുക്കളും യാചകന്മാരും കൂട്ടംകൂട്ടമായി വന്നിരുന്നു. രാജാവ് ജന്തുഹിംസ ഇല്ലാതാക്കി. മനുഷ്യരും രാക്ഷസരും ഇടചേർന്നു വാണിരുന്ന ആ നഗരത്തിലെങ്ങും ഉല്ലാസകോലാഹലങ്ങൾതന്നെയായിരുന്നു.

ഓരോ അതിഥിക്കും രാക്ഷസരാജാവ് വിലപിടിച്ച സമ്മാനങ്ങൾ കൊടുത്തു. ഗൌതമന്ന് വിശിഷ്ടദാനങ്ങൾ കൊടുത്ത് ബഹുമാനാദരങ്ങളോടെ അദ്ദേഹത്തെ യാത്രയാക്കി.

ഗൌതമൻ പോയി. കുറച്ചുസമയം കഴിഞ്ഞപ്പോൾ സമ്മാനങ്ങളേററിനടന്നു ക്ഷീണിച്ചു. അദ്ദേഹം വിശപ്പും ദാഹവും സഹിയാതെ ആ പഴയ ആലിൻെറ ചുവട്ടിൽ വിശ്രമിക്കാനിരുന്നു. കൊററിരാജാവ് ബ്രാഹ്മണൻ മടങ്ങിവന്നതുകണ്ടു് സന്തുഷ്ടനായി അദ്ദേഹത്തെ ആലിംഗനംചെയ്ത് തൻെറ ചിറകുകൊണ്ടു അദ്ദേഹത്തിന്നു വീശിക്കൊടുക്കുവാൻ തുടങ്ങി. വനമൃഗങ്ങളിൽനിന്ന് ഉപദ്രവം തട്ടരുതെന്നു കരുതി കൊററി ബ്രാഹ്മണൻ കിടക്കുന്നതിന്നു ചുററും തീകത്തിച്ചു. തൻെറ അതിഥിക്കുവേണ്ടി ആ പക്ഷി ആവുന്നതെല്ലാം ചെയ്തു. അദ്ദേഹം രാക്ഷ

സരാജാവിൻെറ കയ്യിൽനിന്നും അനവധി ധനം നേടിയിട്ടാണ് തിരിച്ചുവന്നിരിക്കുന്നതെന്നുകണ്ടു് കൊററിയുടെ സന്തോഷം നിസ്സീമമായി.

ഗൌതമൻ കിടന്നതിൻെറശേഷം കൊററിരാജാവും അടുക്കെ വിശ്രമിക്കാൻ കിടന്നു.

ഗൌതമൻ ആലോചിക്കുവാൻ തുടങ്ങി. "അതിമോഹം കൊണ്ടു് ഞാൻ എററാനാവുന്നതിൽക്കവിഞ്ഞ സ്വർണ്ണം എടുത്തു. ഇനിയും വളരെ ദൂരം ഈ ഭാരം ചുമന്നുകൊണ്ടു പോകണം. പക്ഷെ യാതൊരു ഭക്ഷണസാധനവും എൻെറ കയ്യിലില്ല. ഈ പക്ഷിയെ കൊന്നാൽ നല്ലൊരു ശാപ്പാ്ടാവും. ഞാൻ അതിനെ ക്കൊന്നു് കയ്യിലെടുത്തേക്കാം."

വിചാരവും പ്രവൃത്തിയും ഒപ്പം കഴിഞ്ഞു. ആ നന്ദികെട്ട മനുഷ്യൻ കത്തുന്നൊരു തീക്കൊള്ളിയെടുത്തു് ആ പക്ഷിയെ ഒരടിക്കു കൊന്നു. ആ ദുഷ്ടനെ വീശിത്തണുപ്പിച്ച ചിറകുകൾ വെട്ടിത്തുണ്ടുകളാക്കപ്പെട്ടു. അവൻെറ സങ്കടംകണ്ടുരുകിയ ആ ഹൃദയത്തിൽ അവൻെറ മൂർച്ചകൂടിയ കത്തി കുത്തിയിറങ്ങി. ഗൌതമൻ ആ മാംസം തീയ്യിലിട്ടു ചുട്ടു് വഴിയിലേക്കുള്ള ഭക്ഷണമായെടുത്തു് സ്ഥലംവിട്ടു. അതിനിടക്കു് രാക്ഷസരാജാവിനു് എന്തോ അപശകുനം തോന്നി. തനിക്കെന്തോ വലിയൊരാപത്തു പററിയപോലുള്ള ഒരു വ്യസനത്താൽ അദ്ദേഹം പരവശനായി. "എൻെറ ചങ്ങാതിയായ കൊററിയെപ്പററി എന്തുകൊണ്ടെനിയ്ക്കൊരു സൈ്വരക്കേടു തോന്നുന്നതു്?" അദ്ദേഹം വിചാരിച്ചു. "ദിവസേന രാവിലേയും വൈകുന്നേരവും ഈശ്വരാർച്ചനയ്ക്കുവേണ്ടി ആകാശത്തിലൂടെ പറന്നുപോകുമ്പോൾ, കൊററി ആദ്യം എന്നെ വന്നു കാണുക പതിവാണു്. ഇന്നെന്തുകൊണ്ടു് വന്നില്ല? അയാൾ എൻെറ അടുക്കലേക്കയച്ച മനുഷ്യൻ, ജാതിയിൽ ബ്രാഹ്മണനാണെങ്കിലും കാര്യ്യയിൽ ഒരു ദുഷ്ടനാണു്. ആ നന്ദികെട്ട നീചൻ വല്ല ദ്രോഹവും ചെയ്തിട്ടുണ്ടെന്നാണു് എൻെറ ഭയം." എന്നും വിചാരിച്ചു് അദ്ദേഹം തൻെറ മകനെ

വിവരമറിഞ്ഞു വരുവാൻ നിയോഗിച്ചു. രാജകുമാരൻ മിന്നൽപ്പിണരിൻെറ വേഗത്തിൽ പോയി. അവൻ കൊററിരാജാവിനെ അവിടെക്കണ്ടില്ല. മാത്രമല്ല, കൊററിയെക്കാണാത്ത വേദനയിൽ ആ കാട്ടുതന്നെ ശോകത്തിലാറാടിയിരിക്കുന്നു. മരത്തിൻെറ ചുവട്ടിൽ കുറച്ച് വെണ്ണീറും അതിനപ്പുറത്ത് ചിതറിക്കിടക്കുന്ന കാലുകളും ചിറകുകളും രാജകുമാരൻ കണ്ടു. ആ കാഴ്ച എല്ലാം തെളിയിച്ചു. ഉടനെ അവൻ ഗൌതമനെ പിടിക്കുവാൻ പുറപ്പെട്ടു. ക്ഷണത്തിൽ ആ മനുഷ്യനെപ്പിടിച്ച് രാക്ഷസരാജാവിൻെറ മുമ്പിൽ കൊണ്ടുവന്നു. ആ നന്ദികെട്ട നികൃഷ്ടൻെറ കയ്യിൽ തൻെറ സുഹൃത്തിൻെറ മാംസം കണ്ട് രാജാവ് വല്ലാതെ വ്യസനിക്കുകയും ഉടനെ ആ നിഷ്ഠൂരനെ തുണ്ടംതുണ്ടമാക്കി വെട്ടുവാൻ അനുചരന്മാർക്ക് കല്പന കൊടുക്കുകയും ചെയ്തു. ഭൃത്യന്മാർ ഉടനടി ആ കല്പന നിറവേററി മടങ്ങി വന്ന് അവർ പറഞ്ഞു. "പ്രഭോ, അവിടുന്ന് ഞങ്ങളെ കൊല്ലുമെന്ന് പറഞ്ഞാൽക്കൂടി ഈ ദുഷ്ടമനുഷ്യൻെറ മാംസം ഞങ്ങൾ തിന്നുകയില്ല." രാജാവ് ആ മാംസത്തെ കള്ളന്മാർക്ക് കൊടുക്കുവാൻ കല്പിച്ചു. അവരും അതു സ്വീകരിച്ചില്ല. മൃഗങ്ങൾക്കിട്ടു കൊടുക്കുവാൻ പറഞ്ഞു. അവ അത് തൊടുകപോലും ചെയ്തില്ല. അവസാനം ആ മാംസം കൃമികൾക്ക് ഇട്ടുകൊടുത്തു. അവയും അവജ്ഞകൊണ്ട് ആങ്ങോട്ട് തിരിഞ്ഞുനോക്കിയതുപോലുമില്ല.

രാജാവ് ബന്ധുമിത്രാദികളെ വിളിച്ചുകൂട്ടി കൊററിയുടെ അവശിഷ്ടങ്ങളെ ദഹിപ്പിക്കാനൊരുങ്ങി. തൻെറ സുഹൃത്തിൻെറ ശരീരം കത്തി ചാരമായതു കണ്ടപ്പോൾ അദ്ദേഹത്തിൻെറ വ്യസനം പൂർവ്വാധികം വർദ്ധിച്ചു.

പക്ഷെ ഒരത്ഭുതം! ഈശ്വരൻെറ മായാവിലാസങ്ങൾ ആർക്കറിയും! കാരണം ആ സമയത്ത് കാമധേനു ആകാശത്തിൽനിന്നിറങ്ങിയിരുന്നു. അതിൻെറ വായിൽനിന്ന് അല്പം അമൃത് ആ ചിതാഭസ്മത്തിൽ വീണു; ഒരു ഞൊടിനേരത്തിനുള്ളിൽ നരിജംഘൻ ആ ചിതയിൽനിന്ന് ഉയർന്നെഴുന്നേററു.

തൻെറ സുഹൃത്തു് പുനർജ്ജീവിച്ചതുകണ്ടു് രാക്ഷസരാജാവു് ആനന്ദതുന്ദിലനായി അയാളെ ആശ്ലേഷിച്ചു. ആ ശ്മശാനം ഒരു ത്സവസ്ഥലമായി മാറി. ഇന്ദ്രൻതന്നെ ആ രംഗത്തു പ്രത്യക്ഷപ്പെട്ടു് അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടു.

പക്ഷെ കൊററി, അവരുടെ ഇടയിൽ ഇന്ദ്രനെക്കണ്ടു് അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചു് വ്യസനപൂർവ്വം പറഞ്ഞു:

"ഹേ ദേവേശാ, ഈയുള്ളവനിൽ അങ്ങയ്ക്കു് വല്ല കരുണയുമുണ്ടെങ്കിൽ എൻെറ മാന്യാതിഥിയായ ഗൌതമനെ പുനർജ്ജീവിപ്പിച്ചുതരുമാറാകണം. അദ്ദേഹത്തിന്നു് വീണ്ടും ജീവൻ കിട്ടിയാൽ ഞാനവിടുത്തോടു് കൂടുതൽ കൃതജ്ഞനാവും." ഇന്ദ്രൻ ആ പ്രാർത്ഥന സാധിപ്പിച്ചുകൊടുത്തു. ഗൌതമന്നു് ജീവൻ കൊടുത്തു് ദേവേശൻ മറഞ്ഞു. തൻെറ അതിഥിക്കു് ജീവൻ ലഭിച്ചതുകണ്ടു് കൊററി സന്തോഷഭരിതനായി. അയാളെ ആലിംഗനം ചെയ്തു് പഴയമാതിരി ദയാമസൃണതയോടെ സല്ക്കരിച്ചു് സുഖമായി യാത്രപോകുവാനുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുത്തു.

# ആക്ഷേപക്കാരൻ

(ഗുജറാത്തിയിൽനിന്നു്)

ഒരു രാജാവുണ്ടായിരുന്നു. വേഷച്ഛന്നനായി നഗരത്തിൽ ഒരു സാധാരണക്കാരനെപ്പോലെ ചുററിനടക്കുന്നതു് അദ്ദേഹത്തിന്നു വലിയ സന്തോഷമായിരുന്നു. ഒരു ദിവസം അദ്ദേഹം തനിയെ ഒരു നഗരവീഥിയിൽക്കൂടി പോകുമ്പോൾ കുറെ ആളുകൾ കൂടിനിന്നു് സംസാരിക്കുന്നതു കണ്ടു. ജിജ്ഞാസകൊണ്ടു് അദ്ദേഹം അവരുടെയടുക്കെച്ചെന്നു. അക്കാലത്തെ പ്രധാനമായ ഒരു വിഷയത്തെപ്പററിയാണു് അവരുടെ സംസാരം. അല്പനേരം കഴിഞ്ഞു് അദ്ദേഹവും ആളെ അറിയിക്കാതെ ആ സംഭാഷണത്തിൽ ചേർന്നു.

അവരങ്ങിനെ നിന്നു സംസാരിക്കുമ്പോൾ പ്രധാനമന്ത്രി ഒരു വിശേഷപ്പെട്ട വണ്ടിയിൽക്കയറി ആ വഴിയിൽക്കൂടെ കടന്നുപോയി. ആ ആളുകളുടെ ശ്രദ്ധ ഉടനെ അങ്ങോട്ടു തിരിഞ്ഞു. അവർ മന്ത്രിയുടെ പണത്തേയും പ്രതാപത്തേയുംപററി സംസാരിക്കാൻ തുടങ്ങി.

"നോക്കൂ!" ആ കൂട്ടത്തിലധികം സംസാരിച്ചിരുന്നവൻ പറഞ്ഞു. "ആ പോകുന്ന മനുഷ്യൻ ഒരു പണിയും ചെയ്യുന്നില്ല. എന്നിട്ടും വലിയൊരു തുക ശമ്പളം വാങ്ങുന്നു! ആർക്കു വേണമെങ്കിലും ഒരു പ്രയാസവുമില്ലാതെ അയാളുടെ പണി ചെയ്യാൻ കഴിയും. കഷ്ടം, ഇമ്മാതിരി യാതൊരു പ്രയോജനവുമില്ലാത്ത ഒരു മനുഷ്യനെ രാജാവ് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതു് സങ്കടമാണു്."

ആ അഭിപ്രായത്തോടു് അയാളുടെ ചങ്ങാതികളും യോജിച്ചു. അവർ രാജാവിനെപ്പററി പല ദുരഭിപ്രായങ്ങളും പുറപ്പെടുവിച്ചു. തന്റെ ഉള്ളുകള്ളി അറിയിക്കാതെ രാജാവ് അതെല്ലാം കേട്ടു. അവർക്കാർക്കും യാതൊരു സംശയവും തോന്നിപ്പിക്കാത്തവിധം അദ്ദേഹം അവിടെനിന്നു് യാത്രപറഞ്ഞു കൊട്ടാരത്തിലേക്കു പോവുകയും ചെയ്തു. പക്ഷെ പോകുന്നതിനുമുമ്പു് അദ്ദേഹം ഏററവുമധികം ആക്ഷേപങ്ങൾ പുറപ്പെടുവിച്ച മനുഷ്യന്റെ വീടു് എവിടെയാണെന്നു മനസ്സിലാക്കി.

പിറേറന്നു രാവിലെ രാജാവ് ആ മനുഷ്യന്നു് ആളെ അയച്ചു. എന്തിനാണു് തന്നെ വിളിക്കുന്നതെന്നറിയാതെ അയാൾ ഭയന്നു. ഏതായാലും രാജകല്പന നിരസിക്കാനാകാത്തതിനാൽ അയാൾ അരമനയിൽച്ചെന്നു രാജാവിന്റെ മുമ്പിൽ ഹാജരായി.

രാജാവിന്റെ മുഖം കണ്ട മാത്രയിൽ ആ മനുഷ്യൻ താൻ തലേദിവസം ആരോടാണു് സംസാരിച്ചതെന്നു മനസ്സിലാക്കുകയും ഭയംകൊണ്ടു് വിറതുടങ്ങുകയും ചെയ്തു. അയാൾ രാജാവിന്റെ കാല്ക്കൽ വീണു് മാപ്പിരന്നു. രാജാവ് ശാന്തമായി അയാളെ എഴുന്നേല്പിച്ചു് ധൈര്യപ്പെടുത്തി പറഞ്ഞു.

"എന്റെ പ്രധാനമന്ത്രി ഒന്നും ചെയ്യുന്നില്ലെന്നും എന്നിട്ടും ഞാനദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നുവെന്നും നീ ആവലാതി പറയുന്നതു് ഞാൻ കേട്ടു. മാത്രമല്ല, ആർക്കു വേണമെങ്കിലും അദ്ദേഹത്തിന്റെ ജോലികൾ

നിഷ്പ്രയാസം ചെയ്യുവാൻ കഴിയുമെന്നും നീ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ സ്ഥാനത്തു് നിന്നെ നിയമിച്ചാൽ നീ ആ ഭാരമേറെറടുക്കമോ എന്നാണു് എനിക്കറിയേണ്ടതു്. ധൈര്യമായി പറയുക. ഞാൻ നിന്നെ യാതൊന്നും ചെയ്യുകയില്ല."

"ചെയ്യാം പ്രഭോ!" ധൈര്യം വന്ന ആ മനുഷ്യൻ പറഞ്ഞു.

"വളരെ നല്ലതു്." രാജാവു് പറഞ്ഞു. "ഇന്നുമുതൽ നിന്നെ ഞാൻ പ്രധാനമന്ത്രിയാക്കിയിരിക്കുന്നു. പുറത്തുനിന്നു് എന്താണൊരു ബഹളം കേൾക്കുന്നതു്. പോയി നോക്കൂ."

ആ മനുഷ്യൻ തൊഴുതു കുമ്പിട്ടു് പോയി. അല്പനേരം കഴിഞ്ഞു് മടങ്ങിവന്നു് അതൊരു വിവാഹഘോഷയാത്ര പോവുകയാണെന്നു പറഞ്ഞു.

"ആരുടെ?" രാജാവു് ചോദിച്ചു.

"അതു് ഞാനന്വേഷിച്ചില്ല." അയാൾ പറഞ്ഞു.

"എന്നാലതന്വേഷിച്ചുവരൂ." രാജാവു് പറഞ്ഞു.

ആ മനുഷ്യൻ പോയി കുറച്ചുനേരം കഴിഞ്ഞു മടങ്ങിവന്നു അതു് സേട്ടുവിന്റെ വിവാഹഘോഷമാണെന്നു പറഞ്ഞു.

"എന്താണു് സേട്ടുവിന്റെ പേർ?"

"തമ്പുരാനെ, അതു ഞാൻ ചോദിച്ചില്ല."

"എന്നാൻ പോയി ചോദിക്കൂ."

അയാൾ പോയി കുറച്ചുസമയം കഴിഞ്ഞു് മടങ്ങിവന്നു് സേട്ടുവിന്റെ പേർ ദേശായി എന്നാണെന്നു പറഞ്ഞു.

"അയാളെവിടെയാണു് താമസിക്കുന്നതു്?" രാജാവു് ചോദിച്ചു.

"അതു ഞാൻ മനസ്സിലാക്കിയില്ല."

"എന്നാൽ പോയന്വേഷിക്കൂ."

ആ മനുഷ്യൻ വീണ്ടും പോയി മടങ്ങിവന്നു് സേട്ടു താമസിക്കുന്നതു് കൊട്ടാരത്തിന്നടുക്കെയാണെന്നറിയിച്ചു.

"വിവാഹം എവിടെവെച്ചാണു് നടക്കുന്നതു്?"

"അതറിഞ്ഞില്ല പ്രഭോ!"

"പോയി ചോദിക്കു."

അയാഠം പോയി തിരികെവന്നു പറഞ്ഞു.

"അടുത്ത ഗ്രാമത്തിൽ, തമ്പുരാനേ."

"വധുവിന്നെത്രസംഖ്യയാണു് കിട്ടാൻ പോകുന്നതു്?"

"അറിഞ്ഞില്ല."

"എന്നാൽ പോയറിഞ്ഞുവരൂ."

അയാഠം പോയി കുറേനേരം കഴിഞ്ഞു് മടങ്ങിവന്നു് രാജാവിനോടു് ഒരു ലക്ഷം രൂപയാണെന്നു പറഞ്ഞു.

"നല്ലതു്. അവിടെയിരിക്കു." രാജാവു് പറഞ്ഞു. പിന്നീടദ്ദേഹം തൻെറ പ്രധാനമന്ത്രിയെ വരുത്തി. അദ്ദേഹത്തിനോടു് പുറത്തു കേട്ട ബഹളത്തെപ്പററി അറിഞ്ഞുവരാൻ പറഞ്ഞു. പതിനഞ്ചു നിമിഷത്തിനകം അദ്ദേഹം പോയി മടങ്ങിവന്നു് രാജാവിനോടുണർത്തിച്ചു.

"തമ്പുരാനെ, വലിയൊരു വിവാഹഘോഷയാത്ര. അരമനയ്ക്കടുത്തുകൂടെ കടന്നുപോകുകയാണതു്."

"ആരുടെ?" രാജാവു് ചോദിച്ചു.

"ഒരു സേട്ടുവിൻെറ."

"എന്താണയാളുടെ പേർ?"

"ദേശായി."

"എവിടെയാണയാഠം താമസിക്കുന്നതു്?"

"കൊട്ടാരത്തിന്നടുക്കെത്തന്നെ."

"എവിടെവെച്ചാണു് വിവാഹം നടക്കുന്നതു്?"

"അടുത്ത ഗ്രാമത്തിൽ."

"വധുവിന്നു് കിട്ടാൻപോവുന്ന സംഖ്യയെത്രയാണു്?"

"ഒരു ലക്ഷം രൂപ, പുറമെ വിലപിടിച്ച ആഭരണങ്ങളും കുറച്ചു ഭൂസ്വത്തും."

"വളരെ നല്ലതു്. ഇരിക്കൂ." രാജാവു് പറഞ്ഞു. അദ്ദേഹം ആ ആക്ഷേപക്കാരൻെറ നേർക്കു തിരിഞ്ഞു ചോദിച്ചു.

"നിനക്കും പ്രധാനമന്ത്രിക്കും തമ്മിലുള്ള വ്യത്യാസം മനസ്സിലായോ? എൻെറ വെറും ചില നിസ്സാര ചോദ്യങ്ങൾക്കു് മറുപടി പറയാൻ നീ വളരെയധികം സമയം ചെലവഴിക്കുകയും പല പ്രാവശ്യം പുറത്തുപോയി വരികയും ചെയ്തു. പക്ഷെ മന്ത്രി ഒരിക്കൽ മാത്രമെ പുറത്തുപോയുള്ളു. പതിനഞ്ചു നിമിഷനേരത്തിന്നു്. എൻെറ എല്ലാ ചോദ്യങ്ങൾക്കും തെററില്ലാതെ ഉത്തരം തന്നു. പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമായിരുന്നു ഇതെങ്കിൽ നീ എന്തുചെയ്യും? എൻെറ മന്ത്രി ഒരു പണിയും ചെയ്യാതെ ഉപയോഗശൂന്യനായ ഒരു ജീവിയാണെന്നു നീ കരുതി! ആ ധാരണ തെററാണു്. നിന്നെപ്പോലുള്ള ഒരു സാധാരണ മനുഷ്യനും എൻെറ പ്രധാനമന്ത്രിയെപ്പോലെ ഉന്നതപദവിയിലിരിക്കുന്ന ഒരു മനുഷ്യനും തമ്മിലുള്ള വ്യത്യാസമെന്താണെന്നു് നിനക്കു് ഞാൻ പ്രത്യക്ഷമായി കാണിച്ചുതന്നു. ഇനിയും നിനക്കു് അദ്ദേഹത്തിൻെറ സ്ഥാനത്തു കയറിയിരിക്കണോ?"

കണ്ണുതുറന്ന ആ മനുഷ്യൻ രാജാവിൻെറ പാദങ്ങളിൽ വീണു് മാപ്പിരക്കുകയും തൻെറ തെററിന്നു് പശ്ചാത്തപിക്കുന്നുവെന്നു പറയുകയും ചെയ്തു. അവനോടു് എഴുന്നേൽക്കുവാൻ പറഞ്ഞു് രാജാവു് ഉപദേശിച്ചു.

"ഒരിക്കലും അനാവശ്യമായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കരുതു്. വലിയവനാണെന്നു് മോഹമുണ്ടെങ്കിൽ എല്ലാ കഴിവുകളും ഉപയോഗിച്ചു് അതിന്നു് ശ്രമിക്കുക. വെറും വാക്കുകൾ കൊണ്ടു് ഒരുത്തനും വലുതാവുകയില്ല. സ്ഥിരപരിശ്രമംകൊണ്ടു മാത്രമെ വിജയം കൈവരിക്കുവാൻ കഴിയുകയുള്ളു. അസൂയ കൊണ്ടും പരദൂഷണങ്ങൾകൊണ്ടും അതു സാദ്ധ്യമല്ല. മനസ്സിലായോ? ഇനി പൊയ്ക്കൊള്ളു."

നാണംകെട്ട ആ മനുഷ്യൻെറ മുഖം വിളർത്തു. ഭക്ത്യാദരപുരസ്സരം രാജാവിനെ താണുതൊഴുതു് അവൻ വീട്ടിലേക്കു മടങ്ങി. രാജാവു് പഠിപ്പിച്ച പാഠത്തെപ്പററി എന്നും ഓർക്കുകയും ചെയ്തു.

# നാലു് മടിയന്മാർ

(കന്നടത്തിൽനിന്നു്)

വളരെക്കാലംമുമ്പു് മൈസൂറിലെ ഒരു ഗ്രാമത്തിൽ ഒരു മഹാപണ്ഡിതനുണ്ടായിരുന്നു. അദ്ദേഹം മഹാപണ്ഡിതനായിരുവെങ്കിലും വയർ കഴിയുവാൻ അദ്ദേഹത്തിന്നു അയൽവാസികളെ ആശ്രയിക്കേണ്ടിവന്നു. കിട്ടിയ ഭിക്ഷകൊണ്ടു് തൃപ്തിപ്പെട്ടു് പഠിപ്പും വായനയുമായി അദ്ദേഹം നാളുകൾ പോക്കി. പക്ഷെ അദ്ദേഹത്തിന്റെ ഭാര്യക്കു് അമ്മാതിരിയുള്ളൊരു ജീവിതം പിടിച്ചില്ല. വളരെക്കാലം ആ സ്ത്രീ ഒന്നും ഗുണദോഷിക്കാതെ കഴിച്ചുകൂട്ടി. പക്ഷെ ഒരു ദിവസം അവർ അദ്ദേഹത്തോടു് പറഞ്ഞു. "അവിടുന്നു് സദാ ഗ്രന്ഥപാരായണത്തിൽ മുഴുകിയിരിക്കുകയാണു്. നാളത്തെ ഭക്ഷണത്തിനുള്ള വഴിപോലും അങ്ങു് ചിന്തിക്കുന്നില്ല. നാട്ടുകാരുടെ കാരുണ്യംകൊണ്ടാണു് നാം നാളുകൾ കഴിക്കുന്നതു്. അവരുടെ ദാനധർമ്മങ്ങളാശ്രയിച്ചു് ജീവിതം കഴിക്കുന്നതിൽ എനിക്കു ലജ്ജതോന്നുന്നു. അങ്ങു് മഹാപണ്ഡിതനാണു്. എന്തുകൊണ്ടു് രാജാവിനെ ചെന്നു മുഖം കാണിച്ചുകൂടാ? ഒരു പക്ഷെ അവിടുത്തെ പാണ്ഡിത്യംകണ്ടു് അദ്ദേഹം വല്ലതും തന്നേക്കാം."

ഭർത്താവു് തൻെറ ദാരിദ്ര്യസ്ഥിതിയോർത്തു. അതു ശരിയാണു്! ഉടനെ അദ്ദേഹം ഉള്ളതിൽവെച്ചു് നല്ലതായ വസ്ത്രങ്ങളെടുത്തുടുത്തു് രാജാവിനെ കാണുവാൻ കൊട്ടാരത്തിലേക്കു പുറപ്പെട്ടു.

രാജാവു് അദ്ദേഹത്തെ ഉള്ളഴിഞ്ഞു് സ്വീകരിച്ചു്, പല വിഷയങ്ങളെപ്പററിയും സംസാരിച്ചു. മാത്രമല്ല, അദ്ദേഹത്തോടു കൂടി സംസാരിക്കുന്നതു് രാജാവിന്നു അത്യാനന്ദമായി തോന്നി. പണ്ഡിതൻ രാജാവിനെ സ്തുതിച്ചുകൊണ്ടു് നാലു പദങ്ങളിൽ ഒരു ഗീതമുണ്ടാക്കി. അതു കേട്ടു് സന്തുഷ്ടനായ രാജാവു് ഉടനെ അദ്ദേഹത്തിന്നു് വളരെ വിലപിടിച്ച രത്നങ്ങൾ സമ്മാനിച്ചു. സംതൃപ്തനായ പണ്ഡിതൻ തിരികെ വീട്ടിലെത്തി. പിന്നീടു് അദ്ദേഹത്തിന്നും ഭാര്യക്കും അയൽവക്കക്കാരുടെ കാരുണ്യംകൊണ്ടു ജീവിക്കേണ്ടിവന്നില്ലെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹവും ഭാര്യയും സുഖമായി ജീവിക്കാൻ തുടങ്ങി.

അതേ ഗ്രാമത്തിൽ പടുവിഡ്ഢികളായ നാലു ചെറുപ്പക്കാരുണ്ടായിരുന്നു. അവർ കുഴിമടിയന്മാരുമായിരുന്നു. പണിയെടുത്തു ജീവിക്കാനവർ കൂട്ടാക്കിയില്ല. മററുള്ളവരെപ്പോലെ ഇവരും നമ്മുടെ മഹാപണ്ഡിതൻെറ ഭാഗ്യാതിരേകത്തെപ്പററി കേട്ടു. കുറച്ചു പണമുണ്ടാകണമെന്നുള്ള ഒരു മോഹം അവരിൽ കടന്നു; കടക്കുക മാത്രമല്ല, സദാ അതുതന്നെയായി അവരുടെ വിചാരം. ഒരു ദിവസം രാവിലെ അവർ അച്ഛനമ്മമാരോടു്, തങ്ങൾ പണമുണ്ടാക്കുവാൻ വല്ല ദിക്കിലേക്കും പോവുകയാണെന്നു പറഞ്ഞു. രക്ഷിതാക്കൾക്കു് അത്യത്ഭുതമായി! പക്ഷെ അവർ സസന്തോഷം സമ്മതം കൊടുത്തു. ഒരു ചില്ലിക്കാശുണ്ടാക്കുവാൻ ആ വങ്കന്മാർക്കു് കഴിയില്ലെന്നു് ഉറപ്പാണു്. എന്നാലും ശല്യം ഒഴിയുമല്ലോ എന്നു കരുതി അവർ സമ്മതം കൊടുത്തു.

ആ ചെറുപ്പക്കാർ വീടുവിട്ടുപോയി. പണ്ഡിതന്നു് സമ്മാനം കൊടുത്ത രാജാവിൻെറ കൊട്ടാരത്തിലേക്കാണു് അവർ പോയതു്. രണ്ടോ മൂന്നോ ദിവസത്തെ യാത്രക്കുശേഷം അവർ

കുറെ പശുക്കളും കാളകളും മേഞ്ഞിരുന്ന ഒരു മൈതാനത്തിലെത്തി. അവിടെ രണ്ടു കാളകൾ തമ്മിലിടിക്കാനുള്ള വട്ടമായിരുന്നു. ചെറുപ്പക്കാർ ആ പോരു കാണുവാൻ നിന്നു. ഒരുത്തൻ കന്നുകാലികളുണ്ടാകേണ്ട ആവശ്യകതയെപ്പററി സംസാരിക്കുവാൻ തുടങ്ങി. പെട്ടെന്നു് അതിൽ ഒരു കാള അവരുടെ നേർക്കു് കുതിച്ചുവന്നു. അതുകണ്ടു് പേടിച്ചുരണ്ട ആ നാലു വീരന്മാരും പറപറന്നു. ഒരുവിധം ഓടി ആ ആപത്തിൽനിന്നു് രക്ഷപ്പെട്ടശേഷം അവർ ഒരു മരത്തിൻെറ ചുവട്ടിൽ ഒന്നു വിശ്രമിക്കാൻ നിന്നു.

കുറച്ചുകഴിഞ്ഞു് അതിലൊരുത്തൻ പറഞ്ഞു. "ഭാഗ്യം! എനിക്കു കിട്ടേണ്ടതു കിട്ടി. ആപത്തിൽനിന്നു് എൻെറ ബുദ്ധി പണിതുടങ്ങി. ഞാൻ ഒന്നാന്തരം ഒരു വരി കവിതയുണ്ടാക്കിയിട്ടുണ്ടു്. കേട്ടോളിൻ:—

"എൻെറ പൊന്നുകാളേ, നിൻെറ വരവു് ഭയങ്കരമായിരുന്നു,"

മററൊരുത്തൻ പറഞ്ഞു. "ഞാനും ഒരു വരി ഉണ്ടാക്കിയിട്ടുണ്ടു്. കേട്ടോളിൻ":—

"നീ കൊമ്പിളക്കിവന്നതു് ഞങ്ങളെ കുത്താൻതന്നെയാണു്."

"ഞാനും ഒരു വരിയുണ്ടാക്കിയിട്ടുണ്ടു്." മൂന്നാമത്തെ ചെറുപ്പക്കാരൻ പറഞ്ഞു. "ഇതാ കേട്ടോളിൻ":—

"നീ മൈതാനത്തിൽക്കൂടെ മുക്കറയിട്ടു വന്നപ്പോൾ ഞങ്ങളോടിയ ഓട്ടം!"

നാലാമത്തെ ചെറുപ്പക്കാരൻ സന്തോഷം കൊണ്ടു് മതിമറന്നു് ചാടിക്കളിച്ചു പറഞ്ഞു. "ഓ നമ്മുടെ ഭാഗ്യം! കാരണം നാലു വരികളുള്ള ഒരു പദ്യം നാം ഉണ്ടാക്കിക്കഴിഞ്ഞു! ഇതാ കേട്ടോളിൻ എൻെറ വരി":—

"നീ ഞങ്ങളെ പറപ്പിച്ചുവെന്നു കരുതി; ഇനിയും വരുമോ?"

ആദ്യത്തേവൻ പറഞ്ഞു. "നാം നാലു പാദത്തിൽ ഒരു പദ്യം ഉണ്ടാക്കിക്കഴിഞ്ഞു. ഇനി എന്തുവേണം? നമ്മുടെ ഗ്രാമത്തിലെ പണ്ഡിതൻ ഒരു പദ്യം എഴുതി രാജാവിൻെറ കയ്യിൽനിന്നു സമ്മാനം നേടി. നമുക്കും കിട്ടും. രാജാവിൻെറ മുമ്പിൽ ചെന്നു് ഈ ശ്ലോകമങ്ങു ചൊല്ലേണ്ട താമസമേയുള്ളൂ സമ്മാനം കിട്ടാൻ. പക്ഷെ നമുക്കു് ഈ കവിതക്കു് പ്രചോദനംതന്ന ആ കാളയെ ഒന്നഭിനന്ദിച്ചു പോകേണ്ടേ?"

അവൻ ആ നാശംപിടിച്ച ശ്ലോകം ഉച്ചത്തിൽ പാടി:—

"എൻെറ പൊന്നുകാളേ, നിൻെറ വരവു് ഭയങ്കരമായിരുന്നു,
നീ കൊമ്പിളക്കിവന്നതു് ഞങ്ങളെ കുത്താൻതന്നെയാണു്,
നീ മൈതാനത്തിൽക്കൂടെ മുക്രയിട്ടു വന്നപ്പോൾ ഞങ്ങളോടിയ ഓട്ടം!
നീ ഞങ്ങളെ പററിച്ചുവെന്നു കരുതി; ഇനിയും വരുമോ?"

"എന്തൊരു രസികൻ കവിത!" മററൊരുത്തൻ പറഞ്ഞു. "നാം വിഡ്ഢികളാണെന്നു കരുതിയ അച്ഛനമ്മമാർ ഇനി അവരുടെ വിചാരമൊന്നു മാററും! ഇത്ര വലിയ മഹാന്മാരെ പ്രസവിച്ചുവല്ലോ എന്നോർത്തു് അവർ ചാരിതാർത്ഥ്യമടയും. നമ്മുടെ പദ്യത്തേക്കാൾ നല്ലതായ ഒരു പദ്യം ആരും ഉണ്ടാക്കില്ലെന്നു ഞാൻ തീർത്തുപറയാം. പോകാം. ഇനി വേഗം കൊട്ടാരത്തിലേക്കു പോകാം."

ആ ചെറുപ്പക്കാർ തമ്മിൽത്തമ്മിൽ കെട്ടിപ്പിടിച്ചാലിംഗനം ചെയ്തും മററു കഴിയുന്ന എല്ലാ വഴികളിലൂടെയും അവരുടെ സന്തോഷം പ്രകടിപ്പിച്ചു. അപ്പോഴാണു് അതിലൊരുത്തൻ, തങ്ങളുടെ ഹൃദയത്തിലൊളിഞ്ഞുകിടന്നിരുന്ന കവിപ്രതിഭയെ തട്ടിയുണർത്തുവാൻ കാരണഭൂതനായ ആ കാളയെ ഒന്നഭിനന്ദിക്കണമെന്നു വിചാരിച്ചതു്. അങ്ങനെ അവർ കാളയുടെ അടുക്കെച്ചെന്നു. ഇപ്പോൾ ആ മൃഗം ശാന്തമായി മേഞ്ഞുകൊണ്ടിരിക്കുകയാണു്. ഈ നാലു മഠയന്മാർ അതിൻെറ മുമ്പിൽ മുട്ടുകുത്തിനിന്നു് അതിനെ സ്തുതിക്കുവാൻ തുടങ്ങി.

ഇവരുടെ അസാധാരണമായ പെരുമാററംകണ്ടു് കാള അമ്പരന്നു. അതിൻെറ സന്തോഷം കാണിക്കുവാൻ അതു് അവരുടെ അടുക്കലേക്കു പാഞ്ഞുവന്നു. ഒരു ചാട്ടവും, ഒരോട്ടവും—ആ നാലുപേർ പമ്പകടന്നു. സുരക്ഷിതമായ ഒരു സ്ഥലത്തെത്തുന്നതുവരെ അവർ തിരിഞ്ഞുനോക്കിയതേയില്ല. രക്ഷയായെന്നു തോന്നിയപ്പോൾ അവർ അവിടെനിന്നു് കാളയെ അഭിവാദ്യം ചെയ്തു് സന്തുഷ്ടഹൃദയരായി യാത്രതുടർന്നു.

അവസാനം അവർ കൊട്ടാരത്തിലെത്തി. കാവൽക്കാരൻെറ ചോദ്യത്തിന്നുത്തരമായി അവർ തങ്ങൾ പണ്ഡിതന്മാരാണെന്നും രാജാവിനെ മുഖംകാണിക്കാൻ വന്നതാണെന്നും പറഞ്ഞു. കാഴ്ചയിൽ അവർ, പറഞ്ഞപോലെയുള്ള കൂട്ടരല്ലെന്നു് കാവൽക്കാരനു് ഒരു സംശയം. അയാൾ അവരെ കടത്തിവിടില്ലെന്നു പറഞ്ഞില്ല. പക്ഷെ അന്നത്തെ രാജസദസ്സു് കഴിഞ്ഞുവെന്നും ഇനി പിറെറന്നാളെ ചെല്ലാൻ പാടുള്ളുവെന്നും, അപ്പോൾ രാജാവിനെ മുഖംകാണിച്ചു് സംസാരിക്കാൻ കഴിയുമെന്നും അറിയിച്ചു. അവർക്കല്ലം നിരാശതോന്നി. എങ്കിലും രാജാവിന്നു് ഒരു സന്ദേശമെത്തിക്കുവാനനുവദിക്കണമെന്നു് കാവൽക്കാരനോടു് പറഞ്ഞു. മനമില്ലാമനസ്സോടെ അയാൾ അവരെ ഒരു മുറിയിലേക്കു കൊണ്ടുപോയി. ഒരു ഭൃത്യൻ ആവഴി കടന്നുപോവുന്നതുകണ്ടു് ഈ കൂട്ടർ അവനോടു് തങ്ങൾ വന്ന വിവരം രാജാവിനെ അറിയിക്കണമെന്നഭ്യർത്ഥിച്ചു. ആ ഭൃത്യൻ സന്ദേശവുംകൊണ്ടുപോയി. പക്ഷെ അവർക്കിരിക്കപ്പൊറുതിയുണ്ടായില്ല. ഭൃത്യൻ രാജാവിൻെറ മറുപടിയുംകൊണ്ടു് വരുന്നതിന്നു മുമ്പു് അവർ മുറിയുടെ ചുമരിൽ അവരുടെ പദ്യം എഴുതിയിട്ടു. കുറച്ചുകഴിഞ്ഞു് ഭൃത്യൻ മടങ്ങിവന്നു് അവരെ അതിഥിമന്ദിരത്തിലേക്കു് കൊണ്ടുപോയി. അന്നവർ അവിടെ സുഖമായി താമസിച്ചു.

രാജ്ഞിയും പ്രധാനമന്ത്രിയുംകൂടി, രാജാവിനെക്കൊന്നു് സിംഹാസനം കയ്യിലാക്കുവാനുള്ള ഒരു ഗൂഢതന്ത്രം ആലോചി

ച്ചിരുന്ന കാലമായിരുന്നു അതു്. ഇതിന്നു് അവർ കൊട്ടാരം ക്ഷുരകനെയാണു് ഏർപ്പാടുചെയ്തതു്. ഒരു പ്രത്യേക ദിവസം അവൻ രാജാവിന്നു് ക്ഷൌരംചെയ്യുമ്പോൾ കത്തികൊണ്ടു് കഴുത്തറുത്തു് കൊല്ലണമെന്നായിരുന്നു നിശ്ചയം. ആദ്യം ആ സാധു ആ പാതകംചെയ്യാൻ സമ്മതിച്ചില്ല. പക്ഷെ ഭീഷണി കാട്ടിയും, ലഭ്യങ്ങൾ കൊടുക്കാമെന്നേററും അവർ അവനെ അവസാനം സമ്മതിപ്പിച്ചു.

ഈ നാലു് ചെറുപ്പക്കാരെത്തിയ ദിവസമാണു് ആ കൊലപാതകം നിശ്ചയിച്ചിരുന്നതു്. രാജാവു് പതിവുപോലെ കിടക്കയിൽനിന്നെഴുന്നേററു് കാലത്തെ കർമ്മങ്ങൾക്കുശേഷം ഉക്കവെലിക്കുവാനുള്ള മുറിയിലേക്കു ചെന്നു. അവിടെ ചുമരിന്മേലെന്തോ എഴുതിക്കണ്ടു. അദ്ദേഹം ആ വിചിത്രവാക്കുകൾ വായിച്ചു, വീണ്ടും വായിച്ചു, പിന്നേയും വായിച്ചു. പക്ഷെ ഒരക്ഷരം മനസ്സിലായില്ല. ഉടനെ അതെന്തോ ഒരു പാതകത്തിൻെറ സൂചനയാണെന്നു തോന്നി.

അതേ സമയത്താണു് ക്ഷുരകൻ എത്തിയതു്. രാജാവു് അവനോടു് കുശലപ്രശ്നം തുടങ്ങി. അതു് അവനെ അമ്പരപ്പിച്ചു: പരിഭ്രമംകൊണ്ടു് അവന്നു് കത്തി മൂർച്ചകൂട്ടുവാൻ സാധാരണയിൽ കവിഞ്ഞ സമയം വേണ്ടിവന്നു. ഈ അസാധാരണമായ പെരുമാററംകണ്ടു് രാജാവിന്നു സംശയം കൂടി. അദ്ദേഹം ക്ഷുരകൻെറ പ്രവർത്തിയേയും ആ ചുമരിലുള്ള എഴുത്തിനേയും തട്ടിച്ചുനോക്കി. ക്ഷുരകൻ കത്തി മൂർച്ചകൂട്ടിയശേഷം സാധാരണയിൽ കവിഞ്ഞ ധൃതിയിൽ രാജാവിൻെറ കഴുത്തിനുനേരെ കൊണ്ടുചെല്ലുന്നതു് അദ്ദേഹം ശ്രദ്ധിച്ചു. "കുമ്പളങ്ങ കട്ടവൻ തോൾ തുടയ്ക്കും" എന്നൊരു പഴമൊഴിയുണ്ടു്; അങ്ങനെ രാജാവു് തന്നെ ശ്രദ്ധിച്ചുനോക്കുന്നതുകണ്ടു് ക്ഷുരകന്നു് പരിഭ്രമം കൂടുതലായി. ഒരു പക്ഷെ, രാജാവു് തൻെറ ഉദ്ദേശം മനസ്സിലാക്കിയിരിക്കുമെന്നു കരുതി അവൻ ഭയന്നു. താൻ ചെയ്യാൻപോകുന്ന പ്രവർത്തിയുടെ ഭീകരതയോർത്തു് അവൻെറ കൈ വിറക്കാൻതുട

ങ്ങി. മുഖം ഒരു ഭാഗം വടിച്ചുതീരുന്നതിന്നു മുമ്പുതന്നെ അവ
ൻെറ കയ്യിൽനിന്നു് കത്തി താഴെവീണു. ക്ഷുരകൻെറ പെരു
മാററവും ചുമരിലെഴുതിയതിലെ നാലാമത്തെ വരിയും തമ്മി
ലൊരു ബന്ധമുണ്ടെന്നു രാജാവിന്നു തോന്നി. ആ എഴുതിയ
തിൻെറ അർത്ഥം തനിക്കു മനസ്സിലായെന്നു കാണിക്കുവാൻ
അദ്ദേഹം ഉറക്കെപ്പറഞ്ഞു:

"നീ ഞങ്ങളെ പററിച്ചുവെന്നു കരുതി; ഇനിയും വരുമോ?"

രാജാവെല്ലാം മനസ്സിലാക്കിയെന്നു കരുതി പേടിച്ചു വിറ
ച്ച ക്ഷുരകൻ പകുതി ക്ഷൌരംകഴിച്ച ആ നിലയിൽത്തന്നെ
അദ്ദേഹത്തെ വിട്ടു് ഓടിപ്പോയി.

രാജാവു് സന്തോഷത്തോടെ അവനെ തിരികെ വിളിച്ചു.
അവൻ ഓടുവാനുള്ള യഥാർത്ഥ കാരണത്തെപ്പററി രാജാവു്
ശങ്കിച്ചതുപോലുമില്ല. പക്ഷെ ആ എഴുത്തിൽ ക്ഷൌരത്തെ സം
ബന്ധിച്ച എന്തോ അത്ഭുതരഹസ്യം അടങ്ങിയിട്ടുണ്ടെന്നു് അ
ദ്ദേഹത്തിന്നു തോന്നി. ക്ഷുരകൻ മടങ്ങിവന്നില്ല. അവൻ പടി
യ്ക്കൽക്കൂടെ പോകുവാൻ ധൈര്യപ്പെട്ടില്ല. തന്നെ പിടിച്ചു്
ജയിലിലിടുമോ എന്നായിരുന്നു അവൻെറ ഭയം. അവൻ മതിൽ
ചാടി നഗരത്തിൽനിന്നു് വളരെ ദൂരത്തെത്തുന്നതുവരെ തിരി
ഞ്ഞുനോക്കാതെ ഓടി.

രാജാവു് ഒരു ഭൃത്യനെ വിളിച്ചു് ക്ഷുരകൻ ഓടിയതി
ൻെറ കാരണമെന്താണെന്നു് ചോദിച്ചു. പക്ഷെ ഗൂഢതന്ത്ര
ത്തിലെ ഒരംഗമായിരുന്ന ആ ഭൃത്യൻ അതു പറയാൻ കൂട്ടാക്കി
യില്ല. ഈ സമയത്തു് ഒരു ചാരൻ വന്നു് രാജാവിനോടു് ആ
ഗൂഢാലോചനയെപ്പററിയുള്ള വിവരം പറഞ്ഞു. രാജാവു്
അത്ഭുതപരതന്ത്രനായി. തന്നോടു് കൂറുള്ള എതോ ഒരുത്തൻ
ഈ വിവരമറിഞ്ഞു്, താൻ ക്ഷുരകൻെറ ചതിയിൽനിന്നു്
രക്ഷപ്പെടണമെന്നു കരുതി ചുമരിൽ ആ വരികൾ എഴുതിയിട്ട
താണെന്നു് അദ്ദേഹം നിശ്ചയിച്ചു. അന്വേഷണത്തിൽനിന്നു്
ആ നാലു് ചെറുപ്പക്കാരാണു് അതു ചെയ്തതെന്നു മനസ്സിലാ

യി. ഉടനെ അവരെ വരുത്തി രാജാവ് നന്ദി പ്രകടിപ്പിച്ചു. (തങ്ങളുടെ കവിതകണ്ടുള്ള അഭിനന്ദനമാണതെന്നേ അവർ കരുതിയുള്ളു.) രാജാവ് അവർക്ക് വളരെ സമ്മാനങ്ങൾ നൽകി. ഏതൊരു സമയത്തും എന്താവശ്യമുണ്ടെങ്കിലും തന്നെവന്നു കണ്ടു കൊള്ളുവാൻ സമ്മതവുംകൊടുത്ത് അവരെ യാത്രയാക്കി.

ഭക്ത്യാദരപൂർവ്വം രാജാവിനെ വണങ്ങി വിടവാങ്ങി, വീണ്ടും ഒന്നുരണ്ടുദിവസം അതിഥിമന്ദിരത്തിൽ സുഖമായി താമസിച്ചശേഷം ആ നാലുപേർ അച്ഛനമ്മമാരേയും ബന്ധുമിത്രാദികളേയും അമ്പരപ്പിക്കുമാറ് പണവും പേറി സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തി.

# വിഡ്ഢിയായ ഭർത്താവും സമർത്ഥയായ ഭാര്യയും

(കാശ്മീർ പഴങ്കഥ)

ഒരു വ്യാപാരി മരിക്കുന്ന സമയത്തു് തന്റെ സ്നേഹഭാജനമായ ഏകപുത്രനെ അരുകിൽ വിളിച്ചു പറഞ്ഞു. പ്രിയപ്പെട്ട മകനെ, ഞാൻ നിന്നെ വിട്ടു പോകുകയായി. ഇനിയൊരിക്കലും മടങ്ങി വരുന്നതല്ല. നീ ഈ ലോകത്തിൽ തനിച്ചാവും. ഞാൻ നിനക്കു് അഞ്ചുപദേശങ്ങൾ തരാം. നീ അവയെന്നും ഓർമ്മവെക്കണം. വെയിലത്തു് വീട്ടിൽനിന്നു വ്യാപാരസ്ഥലത്തേക്കു നടന്നുപോകരുതു്. പുലാവു് (ഒരു ഭക്ഷണം) ആയിരിക്കണം നിന്റെ ഭക്ഷണം. ആഴ്ചതോറും ഓരോ പുതിയ ഭാര്യയെ സ്വീകരിക്കുക. മദ്യം കുടിക്കണമെന്നു തോന്നിയാൽ വലിയ പീപ്പയിൽനിന്നു കുടിക്കണം. ചൂതു കളിക്കണമെന്നു തോന്നിയാൽ നല്ല കളിക്കാരോടുകൂടി കളിക്കണം."

ഇത്രയും പറഞ്ഞു് വ്യാപാരി അന്തിമശ്വാസം വലിച്ചു.

മകൻ നല്ലവനും എല്ലാ കാര്യങ്ങളിലും അനുസരണയുള്ളവനുമായിരുന്നെങ്കിലും ഒരു വിഡ്ഢിയായിരുന്നു. അച്ഛൻ പറ

ഞതിൻെറ ആന്തരാർത്ഥം അവന്ന ലവലേശം മനസ്സിലായില്ല. ആ ഉപദേശങ്ങളെല്ലാം അക്ഷരാർത്ഥമനുസരിച്ചാണു് അവൻ മനസ്സിലാക്കിയതു്. ഉടനെ വീട്ടിൽനിന്നു് വ്യാപാരസ്ഥല ത്തേക്കു് ഒരു നടവഴിയുണ്ടാക്കുവാൻ തീരുമാനിച്ചു. അതിന്നു് അയാൾക്കു് വളരെ പണം വ്യയംചെയ്യേണ്ടിവന്നു. ഒടുവിൽ അതു അനാവശ്യമാണെന്നു തോന്നി. ചില ചങ്ങാതികൾ അ യാൾക്കു് ഭ്രാന്താണെന്നും മററു ചിലർ അയാൾക്കു് പണത്തി ൻെറ തിളപ്പാണെന്നും പറഞ്ഞു. ഏതായാലും അവരുടെ അ ഭിപ്രായങ്ങളൊന്നും അയാൾ വകവെച്ചില്ല. നടവഴിയുടെ പ ണികഴിഞ്ഞു. വീട്ടിലേക്കും വ്യാപാരസ്ഥലത്തേക്കും അതിലൂ ടെ പോകാനും തുടങ്ങി.

വ്യാപാരി ഭൃത്യനോടു് ദിവസേന തനിക്കു് പുലാവല്ലാ തെ മറെറാരു ഭക്ഷണവുമുണ്ടാക്കരുതെന്നു പറഞ്ഞു.

ഓരോ ആഴ്ചയും ഓരോ പുതിയ ഭാര്യയെ കിട്ടുന്നതിന്നു് അയാൾക്കു് വലിയ വിഷമമായി. ചില ഭാര്യമാരെ വൈരൂ പ്യം, ദുസ്വഭാവം, തുമ്പുകേടു്, അവിശ്വാസം, ധൃഷ്ടത എന്നെ ന്തെങ്കിലും പറഞ്ഞുപേക്ഷിക്കാനൊത്തു. പക്ഷെ ചിലർ സുന്ദ രികളും, നല്ലവരും സ്നേഹമുള്ളവരും, വൃത്തിയും വെടിപ്പുമുള്ളവ രും ആയിരുന്നു. അവരെ ഉപേക്ഷിക്കാൻ ആ യുവവ്യാപാ രിക്കു് വളരെ വിഷമം തോന്നി. അവരെ പറഞ്ഞയക്കുവാനു പായം ഒന്നും കണ്ടില്ല. പക്ഷെ എങ്ങനെയെങ്കിലും അവരെ ദേഷ്യപ്പെടുത്തിയോ, വെറുപ്പിച്ചോ അയാൾ അതും സാധിച്ചു. ഇങ്ങിനെ പല സാധു സ്ത്രീകളേയും അയാൾ നശിപ്പിക്കുക തന്നെ ചെയ്തു.

അവസാനം അതിസമർത്ഥയായ ഒരു സ്ത്രീ മരിച്ചുപോയ വ്യാപാരിയുടെ ഉപദേശങ്ങളെപ്പററി കേൾക്കുകയും അവയുടെ സാരാംശം മനസ്സിലാക്കുകയും ആ യുവവ്യാപാരിയെ കല്യാണം കഴിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. സൌന്ദര്യവും സാമ ർത്ഥ്യവും തികഞ്ഞ അവൾ ക്ഷണത്തിൽ വിജയിക്കുകയും ചെ

യ്യു. വ്യാപാരിയുടെ പുത്രന്ന് എത്രതന്നെ ശ്രദ്ധിച്ചുനോക്കിയിട്ടും അവളിലോ അവളുടെ പ്രവർത്തികളിലോ ഒരു തെററും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അവളെല്ലാം അയാളുടെ അഭിലാഷങ്ങൾക്കനുസരിച്ചു കൃത്യമായി ചെയ്തുതീർത്തു. സംസാരത്തിലും വസ്ത്രധാരണത്തിലും പെരുമാററത്തിലും പ്രവർത്തിയിലും അവൾ വളരെ ശ്രദ്ധ ചെലുത്തി. അങ്ങിനെ ആറു ദിവസങ്ങളും കഴിഞ്ഞു. അവസാനത്തെ ഏഴാം ദിവസം, ഒരവസാനത്തെ പരിശ്രമമായി ആ യുവവർത്തകൻ അവളോട്ട് അന്നു വൈകുന്നേരം തനിക്ക് മത്സ്യപ്പുലാവ് ഉണ്ടാക്കണമെന്നു പറഞ്ഞു. അതുണ്ടാക്കിയാൽ താനിച്ഛിച്ചതു് മറെറാരുതരം മത്സ്യമാണെന്നും പറഞ്ഞു് കുററപ്പെടുത്താമെന്നായിരുന്നു അയാളുടെ ഉദ്ദേശം. വ്യാപാരി വൈകുന്നേരം വരുമ്പോഴേക്ക് അതു് തയ്യാറാക്കാമെന്നു് ഭാര്യ പറഞ്ഞു.

അയാൾ പോയ ഉടനെ അവൾ അങ്ങാടിയിൽപോയി രണ്ടു മൂന്നു തരത്തിലുള്ള മത്സ്യം വാങ്ങി. കൃത്യസമയത്തിന്നു് അവൾ പലതരത്തിൽ മത്സ്യപ്പുലാവുണ്ടാക്കി. കുറെ മസാല ചേർത്തതു്, കുറെ മസാല ചേർക്കാത്തതു്, കുറച്ചു പഞ്ചസാര ചേർത്തതു്, ഉപ്പിട്ടതു് അങ്ങിനെ പല തരത്തിലും വ്യാപാരി മടങ്ങിവന്നപ്പോഴേക്ക് അത്താഴം തയാറായി.

"ഊണായോ?" അയാൾ നിലവിളിച്ചു ചോദിച്ചു.

"ഉവ്വ്" എന്നു പറഞ്ഞു് ഭാര്യ ക്ഷണത്തിൽ ചൂടുള്ള മധുരപ്പുലാവ് അയാളുടെ മുമ്പിൽവെച്ചു.

"ഓ, എനിക്കുപ്പിട്ട പുലാവാണ് വേണ്ടതു്." അയാൾ ദേഷ്യപ്പെട്ടു തുറിച്ചുനോക്കിപ്പറഞ്ഞു.

"ആവാമല്ലോ! ഒരു പക്ഷെ അങ്ങയ്ക്കു് അതായിരിക്കും ഇഷ്ടമെന്നു കരുതി ഞാനതും ഉണ്ടാക്കിയിട്ടുണ്ടു്." എന്നും പറഞ്ഞു അവൾ ആവി പൊന്തുന്ന ഉപ്പുപുലാവ് അയാളുടെ മുമ്പിൽ വെച്ചുകൊടുത്തു.

"ശരി, ശരി" അപ്പോഴും ദേഷ്യത്തോടെത്തന്നെ അയാൾ പറഞ്ഞു. "പക്ഷെ ഇമ്മാതിരി മത്സ്യമല്ല എനിക്കു വേണ്ടതു് ഇതു മുഴുവൻ മുള്ളുള്ളതാണു്."

"ശരി എന്നാൽ ഇതായിക്കോട്ടെ." എന്നു പറഞ്ഞു് അവൾ മറ്റൊന്നുകൊടുത്തു.

"ഇതുമല്ല എനിക്കുവേണ്ടതു്." അയാളാക്രോശിച്ചു. പാത്രത്തിലുള്ളതു മുഴുവൻ അവളുടെ തലയിലെറിയുമെന്ന നിലക്കു് അയാൾ തുറിച്ചുനോക്കി. "ഇതിനേക്കാൾ നല്ലതു് ചാണകം തിന്നുകയാണു്."

"എന്നാലതാവാമല്ലോ" എന്നും പറഞ്ഞു് അവൾ കാലുകൊണ്ടു് ഒരു കുട തട്ടിനീക്കി, അതിൽനിന്നു ഏതോ ജന്തുവിൻെറ ചാണകം പുറത്തെടുത്തു. അയാളമ്പരന്നു. അവൾ അത്താഴം പാകം ചെയ്യുമ്പോൾ ഒരു പശു അതിലെ കടന്നുപോയിരുന്നു. അതു് അവിടെയിട്ട വളം വാരിക്കളയുവാൻ അവൾക്കു് സമയം കിട്ടിയിരുന്നില്ല. അതിനാലവൾ തൻെറ ഭർത്താവു് അതുകണ്ടു് ദേഷ്യപ്പെടരുതെന്നു കരുതി അതിൻെറ മീതെ ഒരു കുടയിട്ടു മൂടിയതാണു്.

പാടെ പരാജിതനായ യുവവർത്തകൻ പിന്നീടൊന്നും പറഞ്ഞില്ല. രണ്ടോ മൂന്നോ പാത്രങ്ങളിൽനിന്നു് അല്പാല്പം എന്തോ തിന്നു് അയാൾ കിടക്കുവാൻ പോയി. രാത്രി അവൾ ഭർത്താവിനെപ്പറഞ്ഞു മയക്കി, പിറേറദിവസം അയാൾ അവളുടെ പിതാവിൻെറ വീട്ടിലേക്കു കൂടെച്ചെല്ലാമെന്നും അന്നവിടെക്കഴിച്ചുകൂട്ടാമെന്നും സമ്മതിച്ചു.

അടുത്ത ദിവസം കാലത്തു് വ്യാപാരിയും ഭാര്യയുംകൂടി അവളുടെ വീട്ടിലേക്കുപോയി. അവിടെച്ചെന്നു് അവൾ എല്ലാം അച്ഛനമ്മമാരോടു് പറഞ്ഞു. തങ്ങൾ വന്നതിന്നുവേണ്ടി യാതൊരു പ്രത്യേക വിഭവവും ഉണ്ടാക്കരുതെന്നും അവളഭ്യർ

ത്ഥിച്ചു. പക്ഷെ കുറച്ചു പൂരി മാത്രമുണ്ടാക്കി അവർ ചോദിക്കുന്ന സമയത്തു് കൊടുക്കണമെന്നു പറഞ്ഞു. അവരതു സമ്മതിച്ചു.

കുറച്ചു നേരത്തിനുശേഷം അവൾ തന്റെ ഭർത്താവിനെ ഒരു ചെറിയ മുറിയിലേക്കു കൊണ്ടുപോയി. ഭക്ഷണം ഉടനെ തയ്യാറാകുമെന്നും അയാൾ ആ മുറിയിൽത്തന്നെ കാത്തിരിക്കണമെന്നും അവൾ പറഞ്ഞു. ഭർത്താവു് വളരെനേരം കാത്തു. അയാൾക്കു വിശപ്പു സഹിക്കാതായി. അവസാനം ഭാര്യയെ വിളിച്ചു് തനിക്കെന്തെങ്കിലും തിന്നാൻ വേണമെന്നു പറഞ്ഞു.

"ഇനിയധികം താമസമില്ല. മററു ചില അതിഥികളേക്കൂടി കാക്കുന്നുണ്ടു്. അവർ കുറേമുമ്പു് വരേണ്ടതായിരുന്നു. അവരെത്തിയവുടൻ ഭക്ഷണം കഴിക്കാം."

"പക്ഷെ എനിക്കു വല്ലാതെ വിശക്കുന്നു" അയാൾ പറഞ്ഞു. "വേഗം എന്തെങ്കിലും തിന്നാൻ തരു. മററതിഥികളോടൊപ്പമിരുന്നു ഭക്ഷണം കഴിക്കുവാനെനിക്കിഷ്ടമില്ല. നിന്റെ അച്ഛനമ്മമാരോടു മാപ്പുതരാൻ പറയണം."

"ശരി, ഇവിടെ പൂരിയല്ലാതെ മറെറാന്നുമില്ല. അതു മതിയെങ്കിൽ ഞാൻ കൊണ്ടുവരാം." അവൾ പറഞ്ഞു.

"മതി, അതു കൊണ്ടുവരു." അയാൾ പറഞ്ഞു.

അവൾപോയി കുറച്ചു പൂരികൊണ്ടുവന്നു. അയാളതാർത്തിയോടെ തിന്നു. പാത്രത്തിലുള്ളതു മുഴുവൻ തിന്നുകഴിഞ്ഞപ്പോളയാൾ പറഞ്ഞു. "ഈ സമയത്തു പുലാവിനേക്കാൾ രുചിയുണ്ടു് ഈ പൂരിയ്ക്കു്."

ആ സന്ദർഭം പാഴാക്കാതെ അവൾ പറഞ്ഞു. "നിങ്ങളെന്നും പുലാവാണോ കഴിക്കുന്നതു്?"

"അച്ഛൻ മരിക്കുന്നതിന്നുമുമ്പതാണുപദേശിച്ചതു്." അയാൾ പറഞ്ഞു.

"നിരർത്ഥകം! അദ്ദേഹം പറഞ്ഞതിന്റെ സാരം നിങ്ങൾ തെററിദ്ധരിച്ചു." അവൾ പറഞ്ഞു.

"ഇല്ല. ഞാൻ തെററിദ്ധരിച്ചിട്ടില്ല. മററു പല കാൎയ്യങ്ങളും അദ്ദേഹം ഉപദേശിച്ചിട്ടുണ്ടു്." എന്നും പറഞ്ഞു് അയാൾ അച്ഛൻ കൊടുത്ത സകല ഉപദേശങ്ങളും അവളോടു പറഞ്ഞു.

"കഷ്ടം! ഇതുകൊണ്ടാണോ നിങ്ങൾ വീട്ടിൽനിന്നു് അങ്ങാടിയിലേക്കു നടവഴികെട്ടിയതും, ദിവസേന പുലാവു് തിന്നിരുന്നതും, ഓരോ ആഴ്ചയും കല്യാണം കഴിക്കുന്നതും! നിങ്ങളിത്ര വിഡ്ഢിയാണോ? വിവേകിയും സ്നേഹനിധിയുമായ ആ പിതാവു് നിങ്ങൾ അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്കു് ഇമ്മാതിരി അർത്ഥം കല്പിക്കുമെന്നു് ഒരിക്കലും കരുതിയിരിക്കില്ല. അദ്ദേഹം അങ്ങനെ കരുതിയെന്നു വിചാരിക്കത്തക്ക വിഡ്ഢിയാണോ നിങ്ങൾ? ഇമ്മാതിരിയൊരു ജീവിതം നിങ്ങളെ നശിപ്പിക്കും. പുറമെ, നിങ്ങൾ യാതനകളനുഭവിക്കുമെന്നു മാത്രമല്ല, നിങ്ങൾക്കു് ദുഷ്പേരുണ്ടാകുകയും ചെയ്യും. കേൾക്കു. അച്ഛൻ തണലിൽക്കൂടി വ്യാപാരസ്ഥലത്തേക്കു പോയി മടങ്ങണമെന്നു പറഞ്ഞതിനർത്ഥം, നിങ്ങൾ വലുതാകാനാഗ്രഹിക്കുന്നുണ്ടെങ്കിൽ അതികാലത്തെഴുന്നേററു് പ്രവർത്തി തുടങ്ങണമെന്നും, വൈകിയിട്ടേ കിടക്കാവൂ എന്നും ആണു് അർത്ഥം. ദിവസേന പുലാവു തിന്നണമെന്നു പറഞ്ഞതിന്നു്, ഭക്ഷണകാൎയ്യത്തിലധികം ചെലവഴിക്കരുതെന്നും വിശപ്പുടക്കുവാൻ നല്ല ഭക്ഷണം മാത്രമെ കഴിക്കാവൂ എന്നുമാണർത്ഥം. ഓരോ ആഴ്ചയും കല്യാണം കഴിക്കണമെന്നു പറഞ്ഞതിന്നു്, നിങ്ങൾ സദാ ഭാൎയ്യയുമായി കഴിയരുതെന്നാണർത്ഥം. ഭാൎയ്യ ദൂരത്തായിരിക്കുമ്പോൾ നിങ്ങൾക്കവളെക്കാണാൻ അധികം ആഗ്രഹമുണ്ടാകും. ആഴ്ചയിൽ ഒരിക്കൽ മാത്രമെ അവളെ കാണുള്ളുവെങ്കിൽ കാണുമ്പോഴൊക്കെ അതിൽ പുതുമയും അവളുടെ സാഹചൎയ്യത്തിൽ അധികം സന്തുഷ്ടിയുമുണ്ടാകും." അവൾ വിശദീകരിച്ചു.

"കഷ്ടം, കഷ്ടം!" അയാളുറക്കെപ്പറഞ്ഞു. "ഞാനെന്താണു് ചെയ്തതു്? എന്തു വിഡ്ഢിത്തമാണു് ഞാൻ കാണിച്ചതു്? എൻെറ പ്രിയ പിതാവെ, ഞാനങ്ങയെ തെററിദ്ധരിച്ചു. എൻെറ

പ്രിയപ്പെട്ട പ്രേയസീ, നീ എൻെറ ബുദ്ധി തെളിയിച്ചു. ഇനി ഞാനാവിഡ്ഢിത്തം തുടരുകയില്ല. പക്ഷെ അച്ഛൻ പറഞ്ഞ ബാക്കി ഉപദേശങ്ങളെ നീ വ്യാഖ്യാനിച്ചില്ല. അതുകൂടി പറയു."

"അതും പറയാം." അവൾപറഞ്ഞു, "പക്ഷെ ആദ്യം എൻെറ അച്ഛനമ്മമാരോട്ട് പോയി യാത്ര പറയാം. വീട്ടിലേക്ക് പോകുന്ന വഴി ഞാനതെല്ലാം വിശദീകരിക്കാം."

വീട്ടിലേക്ക പോകുന്നവഴി അവൾ ചൂതന്മാരുടെ ഒരു ഗുഹയിലേക്ക തിരിഞ്ഞു. അവിടെയുള്ള ഓരോരുത്തരുടേയും മുഖത്തുള്ള നികൃഷ്ടതാവും ദുഷ്ടതയും അവൾ ഭർത്താവിന് കാണിച്ചു കൊടുത്തു.

"നോക്കു." അവൾ പറഞ്ഞു. "അവരുടെ ഭീകരസ്ഥിതി. അതിൽനിന്നു പഠിക്കു. നിങ്ങളുടെ പിതാവ് തീർച്ചയായും നിങ്ങളിമ്മാതിരി ഒരു രംഗം കാണണമെന്നും ഇമ്മാതിരി ഒരു നിലയിലേക്ക് നിങ്ങൾ വീഴുന്നതു് തടയണമെന്നുമാഗ്രഹിച്ചിട്ടുണ്ട്."

പിന്നെ അവൾ അയാളെ വീട്ടിനടുക്കെയുള്ള ഒരു വലിയ കള്ളുകടയിലേക്ക കൂട്ടിക്കൊണ്ടുപോയി. അവിടെയുള്ള നിരവധി കള്ളുപീപ്പകൾ കാണിച്ച് അതിൽ ഒന്നിൽനിന്നു തൃപ്തിയാവോളം കുടിക്കുവാൻ പറഞ്ഞു. അയാൾ ഒരു വലിയ പീപ്പയിലേക്ക കോണിവച്ചു കയറി. അതിലേക്കൊന്നു നോക്കി. അതിൻെറ ദുർഗ്ഗന്ധംകൊണ്ടു അയാൾക്ക് ഒരു നിമിഷംപോലും അവിടെ നിൽക്കുവാൻ കഴിഞ്ഞില്ല. കള്ളു കുടിക്കണമെന്ന മോഹമേ ഉണ്ടായില്ല.

"ഞാൻ മദ്യം തൊടുകയില്ല." കോണിയിറങ്ങിയവുടൻ അയാൾ പറഞ്ഞു.

"ഇതുതന്നെയാണ്' നിങ്ങളുടെ പിതാവ്' ആഗ്രഹിച്ചതും. അതിനാലാണ്' അദ്ദേഹം നിങ്ങളോട്ട്' കുടിക്കണമെന്നു തോന്നിയാൽ വലിയ പാത്രത്തിൽനിന്നു കുടിക്കണമെന്നു പറഞ്ഞത്'." അവർ പറഞ്ഞു.

"എല്ലാം എനിക്കു മനസ്സിലായി. നമുക്കു വീട്ടിലേക്കു പോകാം." അയാൾ പറഞ്ഞു.

# വികടയോഗിയുടെ കപടനാടകം

(കാശ്മീർ പഴങ്കഥ)

പണ്ടൊരു കാലത്തു് കാശ്മീരിൽ ഒരു മുസ്ലിം സന്ന്യാസി ഉണ്ടായിരുന്നു. അയാൾ പണ്ഡിതനും ദൈവഭക്തനുമാണെന്നു നാടെങ്ങും പരന്നു. നാനാഭാഗങ്ങളിൽനിന്നും ശിഷ്യന്മാർ ഈ പുണ്യാത്മാവിനെ സന്ദർശിക്കുവാനും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വാങ്ങുവാനും വന്നുകൂടുക പതിവായി.

ഒരു ദിവസം വൈകുന്നേരം ഒരു ശിഷ്യൻവന്നു നമസ്കരിച്ചു കണ്ണീരോടെ പറഞ്ഞു: "ഗുരോ, എന്റെ മകൾക്കു് പ്രായപൂർത്തിയായി. അവളെ കല്യാണം കഴിച്ചു കൊടുക്കാനുള്ള സ്ത്രീധനത്തിന്നു് ഞാനെവിടെപ്പോകും? ഈ ദരിദ്രന്റെ മകളെ കല്യാണം കഴിക്കാൻ ആരാണു് വരിക.?"

ഫക്കീർ ഒന്നു രണ്ടു നിമിഷം ഗാഢാലോചനയിൽപ്പെട്ട പോലെ തോന്നി. "വത്സാ, വീട്ടിലേയ്ക്കു പൊയ്ക്കൊള്ളു." എന്നും പറഞ്ഞു് അദ്ദേഹം ആ സാധുമനുഷ്യനെ വിശ്വസിപ്പിച്ചു. "എല്ലാം നന്നായിവരും. അള്ളയുടെ കാരുണ്യം അഗാധമാണു്! നാളെ ഞാൻ നിന്റെ മകൾക്കുവേണ്ടി പ്രാർത്ഥന നടത്താം."

പിറേറ ദിവസം ഉച്ചതിരിഞ്ഞു് ഫക്കീർ തൻെറ ഉമ്മറത്തുവന്നു നിൽക്കുന്നതു കണ്ടു് ആ ശിഷ്യൻ അത്ഭുതപ്പെട്ടു. ആ ചെറിയ വീട്ടിൽ ആകപ്പാടെയൊരു ബഹളമായെന്നു പറയേണ്ടതില്ലല്ലോ. അത്ര വലിയൊരു ബഹുമതി ആ സാധുകുടുംബത്തിന്നു ആലോചിക്കാനാകുമോ? അവർ തങ്ങളുടെ കീറിപ്പൊളിഞ്ഞ പരവതാനിയെടുത്തു് പൊടിതട്ടി അതിഥിയ്ക്കിട്ടുകൊടുത്തു. സ്വാദുള്ള മധുര പലഹാരങ്ങളും ശർബ്ബത്തും അതിഥിയുടെ മുമ്പിൽ ഭക്ത്യാദരപൂർവ്വം വെച്ചുകൊടുത്തു. ആവേശഭരിതയായ ഗൃഹനായിക ഒരായിരം പ്രാവശ്യം ഓരോന്നിന്നായി അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു.

അതിഥി അല്പനേരത്തെ വിശ്രമംകഴിഞ്ഞിരിക്കുമ്പോൾ ശിഷ്യൻ അയാളുടെ മകൾ ഫാത്തിമയെ ആ പുണ്യപുമാൻെറ മുമ്പിൽ കൊണ്ടുവന്നു. യൌവ്വനസഹജമായ ലജ്ജാസംഭ്രമങ്ങളോടെ അവൾ വന്നു് ഫക്കീറിൻെറ കാൽ തൊട്ടുവാൻ കുമ്പിട്ടു. ഫക്കീർ അവളെ തലയിൽ തൊട്ടുതന്നെ ആനുഗ്രഹിച്ചു.

ആളുകളെല്ലാം മാറിയെന്നു കണ്ടപ്പോൾ ഫക്കീർ ശിഷ്യനോടു പറഞ്ഞു. "വത്സാ നീ ദരിദ്രനാണു്. പക്ഷെ നിൻെറ മകൾക്കു് അവളുടെ സൌന്ദര്യത്തിന്നനുരൂപനും യോഗ്യനുമായ ഒരു വരനെ കിട്ടും. അള്ളാവിൻെറ വഴികൾ ആർക്കും കാണാനാവില്ല. നശ്വരജീവികളായ നമുക്കു്, സംശയമില്ലാതെ, 'അവനെ' വിശ്വസിക്കുകയും 'അവൻെറ' കല്പനകളനുസരിച്ചു് നടക്കുകയും ചെയ്യാനേ നിവൃത്തിയുള്ളു." അയാളുടെ സ്വരത്തിൽ ഉദ്ദേശിച്ചതിലധികം ഗാംഭീര്യമുണ്ടായിരുന്നു.

"എല്ലാം ഞാൻ ഒരു സ്വപ്നത്തിൽകണ്ടു—എന്തുചെയ്തും നിൻെറ മകളെ സുഖമാക്കിയിരുത്തണം." ഫക്കീർ തുടർന്നു. "ഞാൻ പറയുന്നതു കേൾക്കു. ധൈര്യവും ഉറച്ച വിശ്വാസവും നിനക്കുണ്ടാകണം. നിൻെറ മകളെ ഒരു മരപ്പെട്ടിയിലിട്ടടച്ചു് മുദ്രവെക്കുക. നാളെ സന്ധ്യക്കു് പെട്ടി നദിയിലൊഴുക്കുക. നിൻെറ മകൾ കർമ്മാനുസാരം ജീവിച്ചു കൊള്ളട്ടെ! അതിന്നു

ശേഷം വീട്ടിൽവന്നു് രാത്രിമുഴുവൻ പ്രാർത്ഥിക്കുക. എല്ലാം ആറഹ്മാനിൽ അർപ്പിച്ചു സന്തോഷിക്കുക!"

ഉപദേശം കൊടുത്തു് ഗുരുപോയി. ആ ഫക്കീർ ജനങ്ങൾ കണക്കാക്കിയപോലുള്ള വിശുദ്ധാത്മാവല്ലെന്നു് നിങ്ങൾ ഊഹിച്ചുകഴിഞ്ഞിരിക്കണം. അയാൾ ദുഷ്ടനും ചതിയനുമായിരുന്നു. വളരെ സൂത്രക്കാരനുമായിരുന്നു. ഫാത്തിമ പൂർണ്ണേന്ദുമുഖിതന്നെയായിരുന്നു. അവളുടെ സൌന്ദര്യത്തിൽ ഫക്കീർ അത്യാസക്തനായി. "അവളെ ഞാനെൻെറ ഭാര്യയാക്കും." അയാൾ ഉറപ്പിച്ചും കഴിഞ്ഞു. ഈ ദുഷ്ടവിചാരം ഉള്ളിൽക്കടന്നവുടൻ അയാൾ അതിന്നുള്ള സൂത്രങ്ങളും തുടങ്ങി. അയാൾ ബുദ്ധിയുള്ളവനുമായിരുന്നു.

ആശ്രമത്തിൽ മടങ്ങിയെത്തിയ ഫക്കീർ തൻെറ മററു ശിഷ്യന്മാരെ വിളിച്ചു. "കുട്ടികളെ, നിങ്ങൾക്കു് നാളെ വലിയൊരു കാര്യം ചെയ്തുതീർക്കാനുണ്ടു്." അവരെല്ലാവരും അടുത്തുവന്നപ്പോൾ അയാൾ പറഞ്ഞു. "നാളെ സന്ധ്യക്കു് നമ്മുടെ ഗ്രാമത്തിലുള്ള നദിയിൽക്കൂടെ ചെയ്ത്താൻ പോകുന്നതാണു്. അതെ—വലിയൊരു മരപ്പെട്ടിയിൽ. അവിടെക്കാണുന്ന ആ പാലത്തിൻെറയടുക്കെ നിങ്ങളെല്ലാവരും നില്ക്കണം. ആ പെട്ടി ഒഴുകി വരുമ്പോൾ അതെടുത്തു് എൻെറ മുറിയിൽ കൊണ്ടുവരണം. വാതിലടച്ചു് അകത്തിരുന്നു് ഞാൻ തനിച്ചു് ചെയ്ത്താനെ ശരിയാക്കിക്കൊള്ളാം. അങ്ങനെയേ ചെയ്ത്താനോടു് പെരുമാറാൻ പററു. നിങ്ങൾ പുറത്തുനിന്നു് ഭേരികളും കാഹളങ്ങളും ഉറക്കെ ശബ്ദിപ്പിക്കയും എല്ലാവരും ഒരുമിച്ചു് ഉറക്കെ പ്രാർത്ഥനകൾ ചൊല്ലുകയും വേണം. എങ്കിൽ മാത്രമെ ചെയ്ത്താൻെറ സർവ്വശക്തിയും അടക്കാനാവു. അവൻ നിലവിളിക്കും, ശപിക്കും, ബഹളംകൂട്ടും, കിടന്നു് വീട്ടുപൊളിയുമാറട്ടഹസിക്കും. പല ഭ്രാന്തുകളും കാണിച്ചുകൂട്ടാം! പക്ഷെ എന്തു കേട്ടാലും നിങ്ങളാരും ശ്രദ്ധിക്കേണ്ട. അവൻെറ അശുദ്ധശബ്ദത്തെ പവിത്രമായ മന്ത്രോച്ചാരണംകൊണ്ടു് പുറ

ത്തു കേൾക്കാനയക്കരുതു്. അവൻെറ ശബ്ദം കൂടുന്തോറും മന്ത്രോച്ചാരണങ്ങളും ഭേരിയും അധികം മുഴക്കണം. ധൈര്യമായിരിക്കുവിൻ! ഈ രഹസ്യം ആരോടും പറയരുതെന്നു് ഞാൻ നിങ്ങൾക്കു താക്കീതു തരുന്നു." കാര്യങ്ങളെല്ലാം ചിട്ടപോലെയായെന്നു് സന്തോഷിച്ചു ആ കപടയോഗി.

പിറേറദിവസം സന്ധ്യയോടുകൂടി പച്ചപ്പരമാർത്ഥിയും വിഡ്ഢിയുമായ ആ ശിഷ്യൻ, ഫാത്തിമയുടെ പിതാവു്, ഗുരുവിൻെറ നിർദ്ദേശങ്ങൾ അക്ഷരംപ്രതി നിറവേററി. ഭയന്നു ബോധംകെട്ട ആ പെൺകുട്ടി നിസ്സരണയായി പതുക്കെ ഒഴുകി പാലത്തിൻെറ അടുക്കലെയെത്താറായി.

ഈശ്വരൻ ഫാത്തിമയെ കടാക്ഷിച്ചു. പെട്ടിയൊഴുക്കിയ സ്ഥലത്തുനിന്നു് അധികം ദൂരെയല്ലാതെ പുഴയരുകിലെ ഒരു തോട്ടത്തിൽ അടുത്ത നാട്ടിലെ രാജകുമാരൻ നായാട്ടുകഴിഞ്ഞു് വിശ്രമിക്കുകയായിരുന്നു. സംഗതിവശാൽ അദ്ദേഹത്തിൻെറ ദൃഷ്ടികൾ വെള്ളത്തിൽക്കൂടി ഒഴുകിവരുന്ന ഈ വിചിത്രവസ്തുവിൽ പതിഞ്ഞു. അതെന്തായിരിക്കുമെന്നദ്ദേഹം അത്ഭുതപ്പെട്ടു.

അടുത്ത നിമിഷത്തിൽ പെട്ടി കരയ്ക്കുകയററി അദ്ദേഹം അതു തുറന്നുനോക്കി. ഒരു വനദേവതയെപ്പോലെയുള്ള ഫാത്തിമ ഭയവിവശയായി അതിൽനിന്നു എഴുന്നേററുതുകണ്ടു്, രാജകുമാരൻ അത്ഭുതപ്പെട്ടു് ഒരടി പിന്നോക്കം മാറി. തുടർന്നു് എല്ലാം ഒരു ചുഴലിക്കാററുപോലെ തോന്നി. രാജകുമാരൻ ഫാത്തിമയെ കല്യാണം കഴിക്കാമെന്നു പറയുകയും സന്തോഷത്തിൽ്റോടിയ അവൾ ഉടനെ തൻെറ ചരിത്രങ്ങൾ അദ്ദേഹത്തെ കേൾപ്പിക്കുകയും ചെയ്തു.

"ദുഷ്ടൻ" രാജകുമാരൻ പറഞ്ഞു. കാരണം അദ്ദേഹം വിഡ്ഢിയായിരുന്നില്ല. "ആ കപടസന്യാസിയെ ഞാൻ നല്ലൊരു പാഠം പഠിപ്പിക്കും!" അദ്ദേഹം തൻെറ ഭയങ്കരനായ നായാട്ടുനായയെ ആ പെട്ടിയിലിട്ടടച്ചു് പുഴയിലൊഴുക്കിവിട്ടു. അതു കഴിഞ്ഞു് അദ്ദേഹം ഫാത്തിമയോടുകൂടി യാത്രയായി. ഫക്കീർ

എത്ര കപടം നിറഞ്ഞവനായാലും, ഫാത്തിമയെസ്സംബന്ധിച്ചിടത്തോളം അയാളുടെ പ്രവചനം ഫലിക്കുകതന്നെ ചെയ്തു.

പാലത്തിന്റെ കീഴെവെച്ച് ഫക്കീർശിഷ്യന്മാർ ആ മരപ്പെട്ടി പിടിച്ചെടുത്തു. രാത്രി ഫക്കീർ മുറിയിൽ തനിച്ചായി. വാതിലടച്ച് തഴുതിട്ടു. മുമ്പിൽ തന്റെ മഹാനിധിയുണ്ടെന്നയാൾ വിശ്വസിച്ചു.

ശേഷമുള്ളതു ചിന്തിക്കുകയാണ് ഭേദം. ഭ്രാന്തുകയറിയ ആ ഉഗ്രജന്തു ചാടി ഫക്കീറിന്റെ കഴുത്തിൽ പിടികൂടി അയാളെ കടിച്ചുചീന്തി. ശിഷ്യന്മാർ പുറത്തുനിന്ന്, പറഞ്ഞതെല്ലാം മുറക്കു ചെയ്തു. കാരണം ഗുരുവിന്റെ ആജ്ഞയല്ലേ! മരണവേദനയിൽ ഫക്കീർ നിലവിളിക്കുന്തോറും ഭേരികളും കാഹളങ്ങളും സ്തുതികളും ഉയർന്നു!

ആ കപടയോഗിയുടെ പാപങ്ങൾ അങ്ങിനെ തീർന്നു.

## പറച്ചിപെററ പന്ത്രണ്ടാരം

(കേരളക്കഥ)

"ഏതാണു് രാമായണത്തിലെ ഉത്തമശ്ലോകം?" ഒരു ദിവസം രാജാവു് തന്റെ സഭയിലുള്ള മഹാപണ്ഡിതനായ വരരുചിയോടു ചോദിച്ചു. "രാമായണത്തിലെ ഉത്തമശ്ലോകം! രാമായണത്തിൽ ഉത്തമങ്ങളായ എത്രയോ ശ്ലോകങ്ങളുണ്ടല്ലോ." വരരുചി തന്നെത്താൻ പറഞ്ഞു. രാജാവിന്നു ദേഷ്യം വന്നു. അദ്ദേഹം പറഞ്ഞു. "അങ്ങേക്കറിയില്ലെങ്കിൽ കൂടുതൽ പാണ്ഡിത്യമുള്ള വല്ലവരോടും ചോദിച്ചു് നാല്പത്തൊന്നു ദിവസത്തിന്നുള്ളിൽ ഇതിന്നു മറുപടി തരണം."

വരരുചി അരമനയിൽനിന്നു പോയി. പല പണ്ഡിതന്മാരേയും കണ്ടും ആലോചിച്ചും പലനാരം നാടുനീളെ നടന്നു. ആർക്കും അദ്ദേഹത്തിന്റെ പ്രശ്നത്തിന്നു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം രാത്രി അദ്ദേഹം തളർന്നു വിവശനായി ഒരു വടവൃക്ഷത്തിന്റെ ചുവട്ടിൽ കിടന്നു.

ആ വൃക്ഷത്തിൽ ചില ഭൂതങ്ങളധിവസിച്ചിരുന്നു. പ്രസവിക്കുന്ന സ്ത്രീകളുടെ രക്തമൂററിക്കുടിക്കലാണു് ആ പിശാചുക്ക

ളുടെ പതിവ്. അടുത്ത ഗ്രാമത്തിൽനിന്നു മടങ്ങിവന്ന ചില പിശാചുക്കൾ ആലിന്മേലുള്ള ചങ്ങാതികളെ, അധികം ദൂരമല്ലാത്ത മറെറാരു സ്ഥലത്തുള്ള സദ്യക്കു ക്ഷണിച്ചു. "ഇന്നു അവിടെ ഒരു സ്ത്രീ പ്രസവിക്കുന്നുണ്ടു്. നമുക്കു് നല്ല വകയുണ്ടു്." ആലിന്മേലുള്ള ഭൂതങ്ങൾ പറഞ്ഞു. "വയ്യ. ഇന്നു വയ്യ. ഒരു പണ്ഡിതനായ ബ്രാഹ്മണശ്രേഷ്ഠൻ ഈ മരത്തിന്റെ ചോട്ടിൽ കിടന്നുറങ്ങുന്നുണ്ടു്. അദ്ദേഹം ഈ വിജനപ്രദേശത്തു തനിച്ചായതുകൊണ്ടു് കാത്തുരക്ഷിക്കേണ്ടതു നമ്മുടെ കടമയാണു്." മററു ഭൂതങ്ങൾ പോയി മടങ്ങിവന്നു പ്രസവവർത്തമാനം പറഞ്ഞുകൊള്ളാമെന്നു് ഏററുകൊണ്ടു പോകുകയും ചെയ്തു.

നാലാം യാമം തുടങ്ങിയപ്പോഴേക്കും ഭൂതങ്ങൾ മടങ്ങിവന്നു. പ്രസവം ഒരു ചണ്ഡാലന്റെ വീട്ടിലായിരുന്നുവെന്നും, കുട്ടി പെണ്ണായിരുന്നുവെന്നും, രാമായണത്തിൽ "രാമം ദശരഥം വിദ്ധി...." എന്നതാണുത്തമശ്ലോകമെന്നറിയാത്ത ഒരു ബ്രാഹ്മണനായിരിക്കും അവളെ കല്യാണം കഴിക്കുകയെന്നും മററുമുള്ള വിവരങ്ങൾ ആ ഭൂതങ്ങൾ ചങ്ങാതികളോടു പറഞ്ഞു. താനത്രകാലം തേടിക്കൊണ്ടു നടന്നിരുന്ന ആ മഹാഭാഗ്യം ആകസ്മികമായി സിദ്ധിച്ചതിൽ വരരുചി അത്യധികം സന്തുഷ്ടനായി. പക്ഷെ തനിയ്ക്കൊരു ചണ്ഡാലപ്പെണ്ണിനെ കല്യാണം കഴിക്കേണ്ടിവരുമെന്നു് ഭൂതങ്ങൾ പ്രവചിച്ചതു് അദ്ദേഹത്തെ വളരെ വ്യാകുലപ്പെടുത്തി.

ഏതായാലും വരരുചി രാജാവിന്റെയടുക്കെച്ചെന്നു് രാമായണത്തിലെ ഉത്തമശ്ലോകം ചൊല്ലുകയും സന്തുഷ്ടനായ രാജാവു് അദ്ദേഹത്തിന്നു് വളരെയധികം സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു.

തുടർന്നു വരരുചി രാജാവിനോടു്, ഒരു ചണ്ഡാലക്കുടിലിൽ ഒരു പെൺകുട്ടി പിറന്നിട്ടുണ്ടെന്നും അവളെ നശിപ്പിച്ചില്ലെങ്കിൽ രാജ്യത്തിനും രാജാവിനും അനിഷ്ടമാണെന്നും പറഞ്ഞു. അതനുസരിച്ചു് രാജാവു് സേവകന്മാരെ വിളിച്ചു് ആ

കുട്ടിയെ കണ്ടുപിടിച്ചു കൊല്ലാനാജ്ഞാപിച്ചു. ആ സാധുക്കുട്ടിയുടെ തലയിലൊരു കോൽവിളക്കുവെച്ചു് ഉണ്ണിപ്പിണ്ടികൊണ്ടുണ്ടാക്കിയ ഒരു പാണ്ടിയിൽവെച്ചു് പുഴയിലൊഴുക്കിവിട്ടു. ആ കുഞ്ഞിനെപ്പററി പിന്നെയാരും ചിന്തിച്ചുതേയില്ല.

കാലചക്രം തിരിഞ്ഞുകൊണ്ടുതന്നെയിരുന്നു. വരരുചി പല നാടുകളും സന്ദർശിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അദ്ദേഹം ഒരു ബ്രാഹ്മണൻെറ വീട്ടിൽ കയറിച്ചെന്നു. ആ ബ്രാഹ്മണൻ അത്യാദരവോടെ അദ്ദേഹത്തെ സ്വാഗതംചെയ്തു. അതിഥി മഹാപണ്ഡിതനായ വരരുചിയല്ലാതെ മററാരുമല്ലെന്നു ആതിഥേയന്നു മനസ്സിലായി. അദ്ദേഹം വരരുചിയുടെ എന്താവശ്യവും നിറവേററിക്കൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. വരരുചി പറഞ്ഞു: "അഞ്ചു കാര്യങ്ങളിൽ എനിക്കു വലിയ നിർബ്ബന്ധമാണു്. ആ അഞ്ചും കിട്ടാൻ പ്രയാസമാണെന്നെനിക്കറിയാം. കുളി കഴിഞ്ഞയുടനെ എനിക്കുടുക്കുവാൻ വീരാളിപ്പട്ടു വേണം. അതാണാദ്യത്തെ ആവശ്യം. താങ്കൾ നൂറുപേർക്കു ഊട്ടിയ ശേഷമേ ഞാനുണ്ണുള്ളു. എൻെറ ഊണിന്നു നൂററെട്ടു കറികൾ വേണം. അതാണു് മൂന്നാമത്തേതു്. നാലു്, ഊണു കഴിഞ്ഞാൽ എനിക്കു മൂന്നു് ആളുകളെ തിന്നണം. അവസാനം അഞ്ചാമതായി, എന്നെ നാലാൾ എററിനിൽക്കുകയും വേണം."

ഈ അസാധാരണ ആവശ്യങ്ങൾകേട്ടു് ആതിഥേയൻ അമ്പരന്നു. അദ്ദേഹത്തിൻെറ ഏകപുത്രി ഇതെല്ലാം കേട്ടുനിന്നിരുന്നു. അവൾ അച്ഛനെ സമാധാനിപ്പിച്ചു: "അച്ഛാ, അതിഥിയോടു് കുളിച്ചുവരാൻ പറയൂ. എല്ലാം ഇവിടെയുണ്ടെന്നു പറയൂ." കുട്ടതലന്തംവിട്ടു പിതാവു് പുത്രിയോടു പറഞ്ഞു. "എന്തു വിഡ്ഢിത്തമാണു് നീ പറയുന്നതു്? എങ്ങിനെയാണു് നാമിതെല്ലാം ഒരുക്കുക?" മകൾ പറഞ്ഞു: "അച്ഛാ, പരിഭ്രമിക്കേണ്ട. അദ്ദേഹം പറഞ്ഞതു മനസ്സിലായോ? അവയെല്ലാം നിസ്സാര സംഗതികളാണു്. വീരാളിപ്പട്ടെന്നു പറഞ്ഞതു് അദ്ദേഹം കോണകത്തെ

യാണ്. വൈശ്വദേവം എന്ന ക്രിയ നൂറുപേരെ ഊട്ടുന്നതിന്നു തുല്യമാണ്. കാരണം അതുകൊണ്ടു് നൂറു ദേവന്മാരാണ് പ്രസാദിക്കുന്നതു്. ഇഞ്ചിക്കറി മാത്രം നൂറെറട്ടു കറികൾക്കു തുല്യമാണ്. അദ്ദേഹം മൂന്നാളുകളെ തിന്നണമെന്നു പറഞ്ഞതു് വെററില, അടക്ക, ചുണ്ണാമ്പു് എന്നിവയാണ്. കിടക്കാനുള്ള കട്ടിലിന്റെ നാലു കാലുകളെയാണ് അദ്ദേഹം എററാനുള്ള നാലാളാക്കിയതു്."

അങ്ങനെ ആ പ്രശ്നം നിഷ്പ്രയാസം പരിഹരിക്കപ്പെട്ടു. വരരുചി അത്യധികം സന്തുഷ്ടനായി. ആതിഥേയൻ തന്നെത്താനോ അതോ വീട്ടിലുള്ള മററു വല്ലവരുടേയും നിർദ്ദേശപ്രകാരമോ ആ ഏർപ്പാടുകളെല്ലാം ചെയ്തതെന്നു വരരുചി ചോദിച്ചു. ആതിഥേയൻ സംഗതികളെല്ലാം തുറന്നുപറഞ്ഞു. ആ മഹാപണ്ഡിതൻ അതീവ സന്തുഷ്ടനാവുകയും ആ പെൺകുട്ടിയെ കല്യാണം കഴിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അത്ര വലിയൊരു മഹാനു് തന്റെ മകളെ കൊടുക്കുന്നതിൽ ആതിഥേയന്നു സന്തോഷമേ ഉണ്ടായുള്ളു.

ഒരു ദിവസം വരരുചി ഭാര്യയുടെ മുടി ചീകുകയായിരുന്നു. അദ്ദേഹം അവളുടെ തലയിൽ ഒരാണി തറച്ച പാടുകണ്ടു് അതെന്താണെന്നു ചോദിച്ചു. അവൾ പറഞ്ഞു: "എന്റെ ജനയിതാവു് ആ ബ്രാഹ്മണനല്ല. എന്റെ അച്ഛനമ്മമാർ എന്നെ നെററിയിലൊരു കുഞ്ഞുവിളക്കു തെച്ചു് ഉണ്ണിപ്പിണ്ടിപ്പാണ്ടിയിലാക്കി പുഴയിലൊഴുക്കിവിട്ടു. ആ ബ്രാഹ്മണൻ പുഴയിൽ കുളിക്കുമ്പോൾ ഒഴുകിവരുന്ന എന്നെക്കണ്ടു് കരകയററി സ്വന്തം മകളെപ്പോലെ വളർത്തിയതാണ്." എവിടെയായാലും എത്ര ശ്രമിച്ചാലും ആർക്കും വിധിവിലാസം തടയുവാനാവില്ലെന്നു വരരുചിക്കു ബോദ്ധ്യമായി. തന്റെ ഭാര്യ പറച്ചിയാണെന്നു അദ്ദേഹത്തിന്നു മനസ്സിലായി.

ആ ദമ്പതികൾ പിന്നെ അവിടെത്താമസിച്ചില്ല. അവർ കേരളത്തിലേക്കു പോകാൻ തീർച്ചയാക്കി. അവിടെ ആരും

അവരെത്തിരിച്ചറിയില്ലെന്നു കരുതി പറച്ചി ഗർഭംധരിച്ചു. അവൾക്കു് പ്രസവവേദന തുടങ്ങിയപ്പോൾ അടുത്ത കാട്ടിൽപ്പോയി പ്രസവിക്കാനാണു് വരരുചി പറഞ്ഞതു്. അവൾ ഒരാൺകുഞ്ഞിനെ പ്രസവിച്ചു. വരരുചി ചോദിച്ചു. "കുട്ടിക്കു് വായുണ്ടോ?" "ഉണ്ടു്." ഭാര്യ പറഞ്ഞു. ഉടനെ വരരുചി അവളോടു് ആ കുട്ടിയെ അവിടെ ഉപേക്ഷിക്കാൻ പറഞ്ഞു. വായുണ്ടെങ്കിൽ അതു പിഴച്ചുകൊള്ളുമെന്നദ്ദേഹം തീർച്ചയാക്കി! ആ ബ്രാഹ്മണൻെറ ഭാര്യ നിർദ്ദേശമനുസരിച്ചു കുട്ടിയെ അവിടെയുപേക്ഷിച്ചു് തിരിഞ്ഞുനോക്കാതെ പോയി. വിശിഷ്ടനായ ഭർത്താവു് എന്തോ മരുന്നുകൊടുത്തതുകാരണം അവൾക്കു് മറെറാരു പ്രസവചികിത്സയും വേണ്ടിവന്നില്ല.

അങ്ങിനെ അവൾ പതിനൊന്നു പ്രാവശ്യം പ്രസവിക്കുകയും ഓരോ തവണയും കുട്ടികളെ അതാതിടത്തു് ഉപേക്ഷിച്ചു പോകുകയും ചെയ്തു. ഓരോ പ്രാവശ്യവും വരരുചി ഭാര്യയോടു് കുട്ടിക്കു വായുണ്ടോ എന്നു ചോദിക്കുകയും, ഉണ്ടെന്നവൾ മറുപടി പറയുകയും പതിവായിരുന്നു. പന്ത്രണ്ടാമത്തും ഗർഭമുണ്ടായി അവൾ പെററു. പതിവുപ്രകാരം വരരുചി അവളോടു ചോദിച്ചു "കുട്ടിക്കു വായുണ്ടോ, ഉണ്ടെങ്കിൽ അതിനെ ഉപേക്ഷിച്ചേക്കു. അതു പിഴച്ചുകൊള്ളും." ഇത്തവണ അവൾ കുട്ടിക്കു വായില്ലെന്നു പറഞ്ഞു. വരരുചി ആ കുട്ടിയെ തൻെറയടുക്കെ കൊണ്ടുവരാനാവശ്യപ്പെട്ടു. വാസ്തവത്തിൽ കുട്ടിക്കു വായുണ്ടായിരുന്നു. അതിനെ എടുത്തു വളർത്തണമെന്ന മോഹംകൊണ്ടു അവൾ കല്പിച്ചുകൂട്ടി നുണപറഞ്ഞതാണു്. പതിനൊന്നു മക്കൾ അതിന്നുമുമ്പുണ്ടായെങ്കിലും ഒരു കുട്ടിയേയും വളർത്താനുള്ള ഭാഗ്യം അവൾക്കുണ്ടായില്ല. അവസാനത്തെ കുട്ടിയെ വരരുചിയുടെയടുക്കെ കൊണ്ടുവന്നപ്പോൾ അവളത്ഭുതപ്പെട്ടു, അതിന്നു വായില്ല. ഒരു പതിവ്രത നുണപറഞ്ഞാലുള്ള അനുഭവം ഈശ്വരൻ അതിലൂടെ തെളിയിച്ചു!

വിധിവശാൽ അവസാനത്തെ ആ കുട്ടിയൊഴികെ മററെ

ല്ലാ കുട്ടികളേയും പലരും എടുത്തു അവനവൻെറ മക്കളെപ്പോലെ വളർത്തി. ആ രക്ഷിതാക്കന്മാർ വിവിധജാതിമതങ്ങളിലുൾപ്പെട്ടവരായിരുന്നു. വായില്ലാത്ത ആ അവസാനത്തെ മകനെ അച്ഛനമ്മമാർ ഈശ്വരനായി സങ്കല്പിച്ച് "വായില്ലാക്കുന്നിലപ്പൻ" എന്ന പേരും കൊടുത്തു. ഒരു കുന്നിൻെറ മുകളിൽ ക്ഷേത്രമുണ്ടാക്കി അവിടെ അധിഷ്ഠിക്കുകയും ചെയ്തു. അങ്ങിനെ ആ കുട്ടി "കുന്നിന്മേലുള്ള വായില്ലാത്ത ദൈവ"മായി.

ആദ്യത്തെ കുട്ടിയെ അഗ്നിഹോത്രി ഗോത്രത്തിൽപ്പെട്ട ഒരു നമ്പൂരിയാണെടുത്തു വളർത്തിയത്. അങ്ങിനെ ആ കുട്ടി മേളത്തോൾ അഗ്നിഹോത്രിയെന്ന പേരാലറിയപ്പെട്ടു. നായന്മാരുടെ പുരോഹിതനായ ഒരു എളയതാണ് രണ്ടാമത്തെ കുട്ടിയായ നാരായണത്തു് ഭ്രാന്തനെ വളർത്തിയത്. മൂന്നാമത്തേത് ഒരു പെൺകുട്ടിയായിരുന്നു, കാരക്കൽ അമ്മ. ഒരു ക്ഷത്രിയൻ എടുത്തു വളർത്തിയതിനാൽ ആ കുട്ടി രാജകുമാരിയായി. പിന്നത്തെ കുട്ടി അകവൂർ ചാത്തൻ ഒരു വൈദ്യനായിരുന്നു. അദ്ദേഹം ഒരു ഇല്ലത്തു് ഭൃത്യനായിക്കൂടി. അടുത്ത വടുതലനായർ, നായർജാതിയിലുൾപ്പെട്ടവനായിരുന്നു. പിന്നത്തവൻ ഉപ്പുകൊററനായിരുന്നു. മാപ്പിളജാതിയാണെന്നാണ് വയ്പ്പ്. രജകനും, പെരുന്തച്ചനും, വള്ളുവനും, പാണനാരും, പാക്കനാരും ആയിരുന്നു മററമക്കൾ. പേരിൽനിന്നവരുടെ ജാതിയുമറിയാമല്ലൊ. രജകൻ വെളുത്തേടനും, പെരുന്തച്ചൻ ആശാരിയും, വള്ളുവൻ ചാലിയനും, പാണനാർ പാണനും, പാക്കനാർ പറയനുമാണ്.

പറച്ചിപെററ ഈ പന്ത്രണ്ടു മക്കളെപ്പററി നിരവധി ഐതിഹ്യങ്ങളുണ്ടു്. കാലക്രമത്തിൽ അവർ പന്ത്രണ്ടുപേരും പരസ്പരം തിരിച്ചറിഞ്ഞുവെന്നും അവരുടെ യഥാർത്ഥ മാതാപിതാക്കളാരെന്നറിഞ്ഞുവെന്നും പറയപ്പെടുന്നുണ്ടു്. അച്ഛൻെറ (വരരുചിയുടെ) ശ്രാദ്ധത്തിൻദിവസം ഇവരെല്ലാവരും ജ്യേഷ്ഠപുത്രനായ അഗ്നിഹോത്രിയുടെ ഇല്ലത്തു് ഒത്തുചേരുക പതിവാ

യിരുന്നു. ഇല്ലത്തു് ഇവർക്കെല്ലാം അന്നേദിവസം വെവ്വേറെ ഓരോ മുറി കൊടുക്കുകയും അച്ഛന്റെ ശ്രാദ്ധം എല്ലാവരുംകൂടി ഊട്ടുകയും പതിവായിരുന്നു. അഗ്നിഹോത്രിയുടെ അന്തർജ്ജനം വലിയ യഥാസ്ഥിതികയായിരുന്നു. നാനാജാതികളിലുൾപ്പെട്ട ഈ സഹോദരന്മാരെ ഇല്ലത്തു കടത്താൻ അവർക്കത്ര തൃപ്തിയുണ്ടായിരുന്നില്ല. കുറേക്കാലം അവർ മിണ്ടാതെ കഴിച്ചുകൂട്ടി. പക്ഷെ ബന്ധുക്കളുടെ ഉപദ്രവം സഹിക്കാതെ ഒരു ദിവസം ആ സ്ത്രീ ഭർത്താവിനോടു്, അയിത്തക്കാരായ സഹോദരന്മാരുമായുള്ള കൂട്ടുകെട്ടു ഭംഗിയല്ലെന്നു പറയാൻ നിർബ്ബന്ധിതയായി. അന്നു രാത്രി അഗ്നിഹോത്രി അന്തർജ്ജനത്തെ കൂട്ടിക്കൊണ്ടു പോയി അവരോരോരുത്തരും കിടന്നുറങ്ങുന്ന മുറിയുടെയടുക്കെച്ചെന്നു്, തന്നെ തൊട്ടുകൊണ്ടു ജനലിൽക്കൂടെ എത്തിനോക്കാൻ പറഞ്ഞു. അവരോരോരുത്തരും ഒരേപോലെ നാലു തൃക്കയ്യുകളിൽ ശംഖ, ചക്ര, ഗദാ, പത്മങ്ങൾ ധരിച്ചു് അനന്തശയനം ചെയ്യുന്നതാണു് ആ അന്തർജ്ജനം കണ്ടതു്. അവർ അത്ഭുതപരതന്ത്രയായി. ആ പന്ത്രണ്ടു സഹോദരന്മാരും സാക്ഷാൽ വിഷ്ണുവിന്റെ അവതാരമാണെന്നു ആ സ്ത്രീക്കു ബോദ്ധ്യമായി.

ഈ പന്ത്രണ്ടുപേരിൽ പെരുന്തച്ചനും, നാരായണത്തുഭ്രാന്തനും, പാക്കനാരുമാണു് വളരെ പ്രശസ്തന്മാർ. ശില്പകലാനിപുണനായ പെരുന്തച്ചനാണു് കേരളത്തിലെ പ്രധാന പല ക്ഷേത്രങ്ങളും പണിതതെന്നാണു് കേൾവി. ഭദ്രകാളിയെപ്പോലും തലകുനിപ്പിച്ച കേമനാണു് നാരായണത്തുഭ്രാന്തൻ. അദ്ദേഹത്തിന്നു മരണഭയമേയുണ്ടായിരുന്നില്ല. ഒരു ദിവസം അദ്ദേഹം ഭദ്രകാളിയോടു തന്റെ മരണം ഒരു ദിവസം മുമ്പോ പിമ്പോ ആക്കണമെന്നപേക്ഷിച്ചു. ആ അനുഗ്രഹം കൊടുക്കാൻ തനിക്കു ശക്തിയില്ലെന്നു ദേവിക്കു സമ്മതിക്കേണ്ടിവന്നു. പാക്കനാർക്കു് ലോകത്തിലൊ സ്വത്തിന്നും ആഗ്രഹമുണ്ടായിരുന്നില്ല. ഒരു ദിവ

സം ശ്രീപരമേശ്വരൻ പാക്കനാരുടെ മുമ്പിൽ കുറെ സ്വർണ്ണം വിതറിപ്പരീക്ഷിച്ചുനോക്കി. പാക്കനാർ ഭാൎയ്യയോടു, പണം ആളെക്കൊല്ലിയാണെന്നു പറഞ്ഞു അതു തൊടാതെപോയി. (ഭാൎയ്യ അത്ര മഹതിയൊന്നുമായിരുന്നില്ല, പണത്തിന്നാഗ്രഹവു മുണ്ടായിരുന്നു.) ആ സമയത്തു പിന്നാലെച്ചെന്ന രണ്ടു കള്ളന്മാർ ആ സ്വർണ്ണമെടുക്കുകയും, അതിന്നുവേണ്ടി തമ്മിൽത്തല്ലി രണ്ടുപേരും മരിക്കുകയും ചെയ്തു.

പല ജാതിയിലുൾപ്പെട്ട പല വീരസന്തതികളുടെയും ജന്മഭൂമിയാണു് കേരളം. പറച്ചിപെററ പന്ത്രണ്ടുമക്കൾക്കും അവൾ സ്തന്യമൂട്ടി.

# ഈശ്വരവിചാരം വിടരുതു്

(മറാത്തിയിൽ നിന്നു്)

പണ്ടൊരു രാജാവുണ്ടായിരുന്നു. വിജയശ്രീലാളിതനായദ്ദേഹം മഹാഗർവ്വിഷ്ഠനായി. താൻ ഈശ്വരനിലും കവിഞ്ഞവനാണെന്ന അഹംഭാവത്തിൽ അദ്ദേഹം എല്ലാവരേയും അവഗണിച്ചു പെരുമാറുവാൻ തുടങ്ങി.

അദ്ദേഹം ഒരുദിവസം ദർബാറിലിരിക്കുമ്പോൾ ഒരു കുട്ടി അകത്തു കടക്കാനനുവാദത്തിന്നുവേണ്ടി പാറാവുകാരോടു് കെഞ്ചുന്നതു കണ്ടു. രാജാവു് ആ കുട്ടിയെ അകത്തു വിടുവാൻ കല്പനകൊടുത്തു. കുട്ടി അകത്തുകടന്നു് രാജാവിനെ വന്ദിച്ചു് അദ്ദേഹത്തിന്റെ കാല്ക്കൽ ഒരു കഷണം കടലാസുവെച്ചു. പ്രധാനമന്ത്രി ആ കടലാസെടുത്തു് രാജാവിനെ വായിച്ചു കേൾപ്പിച്ചു:

"ഈശ്വരവിചാരം വിടരുതു്."

അതു വായിച്ചുകേട്ടു് രാജാവു് അത്ഭുതപ്പെടുകയും അവന്റെ ആവശ്യമെന്താണെന്ന ചോദിക്കുകയും ചെയ്തു.

"ഒരു സമ്മാനം തമ്പുരാനെ." ധൈര്യസമേതം അവൻ മറുപടി പറഞ്ഞു.

"എന്തിന്?" രാജാവ് ചോദിച്ചു.

"ഉപദേശം തന്നതിന്ന്."

മഹാരാജാവ് പൊട്ടിച്ചിരിച്ച് പ്രധാനമന്ത്രിയോട് എന്തോ സ്വകാര്യം പറഞ്ഞു. മന്ത്രി ഒരു കടലാസിൽ ചില വരികളെഴുതി, അതു മടക്കി ആ കുട്ടിക്കു കൊടുത്തു് അതു് പോലിസ് മേധാവിയുടെ കയ്യിൽകൊണ്ടുപോയി കൊടുക്കാൻ പറഞ്ഞു. അയാൾ നല്ലൊരു സമ്മാനം കൊടുക്കുമെന്നും പറഞ്ഞു. കുട്ടി താണുതൊഴുതു് അത്യധികം സന്തുഷ്ടനായി കൊട്ടാരത്തിൽ നിന്നുപോയി.

അധികദൂരം പോകുന്നതിന്നുമുമ്പ് ഒരാൾ വന്ന് അവനെ പിടിച്ചു നിർത്തി. അതു് രാജാവിൻെറ ഒരു സേവകനല്ലാതെ മററാരുമായിരുന്നില്ല. ആ സേവകൻ പ്രധാനമന്ത്രി പറഞ്ഞതെല്ലാം കേട്ടിരുന്നു. അയാൾക്കു് ആ കുട്ടിയുടെ ഭാഗ്യത്തിലസൂയതോന്നി. എങ്ങിനെയെങ്കിലും ആ കത്തു് കയ്യിലാക്കി സമ്മാനം തട്ടിയെടുക്കണമെന്നു കരുതിയാണ് അയാൾ പിന്നാലെ ചെന്നതു്.

അല്പം പണിപ്പെട്ടു് അയാൾ ആ കത്തു കയ്യിലാക്കി. വീട്ടിൽച്ചെന്നു് അയാൾ തൻെറ മകൻെറ കയ്യിൽ ആ കത്തുകൊടുത്തു് അവനെ പോലീസുമേധാവിയുടെ അടുക്കലേക്കയച്ചു. മകൻ അതിവേഗത്തിൽ പോലീസു മേധാവിയുടെ വീട്ടിലെത്തി കത്തുകൊടുത്തു. കത്തിതാണ്: 'ഈ കത്തുകൊണ്ടുവരുന്നവൻെറ തല ഉടൻ വെട്ടുക. അതു മാത്രമാണ് ഇവൻെറ അധികപ്രസംഗത്തിന്നുള്ള പ്രതിഫലം."

പോലീസധികാരി കല്പന നടത്തിയെന്നു പറയേണ്ടതില്ലല്ലോ. കത്തുകൊണ്ടുപോയിക്കൊടുത്ത കുട്ടിയുടെ തലവെട്ടി. മകൻെറ മരണവാർത്തകേട്ടു് സേവകൻ മോഹാലസ്യപ്പെട്ടു വീണു. ആ കത്തു കൊടുത്ത ചെറുക്കനാണ് കുററക്കാരനെന്നോർത്തു് അയാൾ രാജാവിൻെറ അടുക്കെ ഓടിച്ചെന്നു് അവനെപ്പററി ആവലാതി ബോധിപ്പിച്ചു. അതേസമയത്തു് തൻെറ ക

യ്യിൽനിന്നു് സേവകൻ കത്തു വാങ്ങിയതിനെപ്പററി ആവലാതി പറയാൻ ആ കുട്ടിയും കൊട്ടാരത്തിലെത്തി.

രണ്ടാവലാതികളും രാജാവു് ശ്രദ്ധിച്ചുകേട്ടു. സേവകൻ അവൻെറ ദുരയ്ക്കു് തക്കതായ ശിക്ഷയനുഭവിച്ചുവെന്നു് രാജാവു് തീരുമാനിച്ചു. പിന്നീടു് അദ്ദേഹം കുട്ടിയോടു് പൊയ്ക്കൊള്ളാൻ പറഞ്ഞു. പക്ഷെ അവൻ പോയില്ല. നേരെ മറിച്ചു് തൊഴുതു കൊണ്ടു് അവൻ ചോദിച്ചു. "പ്രഭോ എൻെറ സമ്മാനമെവിടെ?"

"ഇനിയും നിനക്കൊരു സമ്മാനം വേണമോ? എന്തിനു്?" രാജാവു് ചോദിച്ചു.

"ഉപദേശത്തിനു്." അവൻ പറഞ്ഞു.

"അസംബന്ധം! എന്നെക്കാൾ പ്രബലനായ ഒരു ഈശ്വരൻ ഉണ്ടെന്നാണോ നീ പറയുന്നതു്?"

"ഉണ്ടു്, തിരുമേനി." കുട്ടി ധൈര്യമായി പറഞ്ഞു.

"ഞാൻതന്നെ നിൻെറ തല വെട്ടുകയാണെങ്കിൽ ആ ഈശ്വരൻ നിന്നെ രക്ഷിക്കുമോ?

"തീർച്ചയായിട്ടും."

"ശരി എന്നാൽ നില്ക്കു." എന്നും പറഞ്ഞു് രാജാവു് അദ്ദേഹത്തിൻെറ ഒന്നാന്തരം ഒരു കുതിരയെ കടിഞ്ഞാണിട്ടുകൊണ്ടു വരുവാൻ ഭൃത്യനോടു കല്പിച്ചു. കുതിരയെക്കൊണ്ടുവന്നവുടൻ രാജാവു് കുതിരപ്പുറത്തു കയറി ആ കുട്ടിയേയും ചില ഭൃത്യന്മാരേയും കൂട്ടി കൊട്ടാരത്തിൽനിന്നു് രണ്ടുനാഴികയപ്പുറത്തുള്ള ഒരു വിജനസ്ഥലത്തേക്കു് പോയി.

പരിചാരകന്മാരുടെ ശ്രദ്ധക്കുറവുകൊണ്ടു് കുതിരയുടെ ലാടത്തിലെ ഒരാണി ഇളകിയിരുന്നു. അതു് വഴിയിൽ വീണു പോയി. അതുകാരണം കുതിര കാൽവഴുതി വീണു. കൂടെ രാജാവും മറിഞ്ഞു. രാജാവിന്നു് നല്ല പരുക്കുപററി. അദ്ദേഹത്തെ ഉടനെ കൊട്ടാരത്തിലേക്കു് കൊണ്ടുപോവുകയും ചെയ്തു. അചിരേണ രാജാവിന്നു് രോഗം സുഖപ്പെട്ടു. വീണ്ടും ഒരുദിവസം

ആ കുട്ടിവന്നു് അവന്റെ സമ്മാനം ആവശ്യപ്പെട്ടു. അപ്പോഠം രാജാവു് പറഞ്ഞു. "നിന്റെ ഉപദേശം വിലയുള്ളതാണെന്നു തെളിയിച്ചാൽ ഞാൻ സമ്മാനം തരാം."

"പ്രഭോ," ആ കുട്ടി തൊഴുതുകൊണ്ടു് മറുപടി പറഞ്ഞു;" രണ്ടു തെളിവുകഠം അവിടുന്നു കണ്ടുകഴിഞ്ഞു—ഒന്നു്, അവിടുത്തെ ഭൃത്യന്റെ കാൎയ്യത്തിൽ. മറേറതു്, അവിടുത്തെത്തന്നെ കാൎയ്യത്തിൽ. പ്രഭോ, ഞാൻ നിർദ്ദോഷിയായിരുന്നെങ്കിലും അവിടുന്നു് എന്റെ തല വെട്ടുവാൻ ഉദ്ദേശിച്ചു. ഈശ്വരൻ അവിടുത്തെ കുതിരയുടെ ലാടം ഇളക്കി. അതുകാരണം അവിടുന്നു് വീഴുകയും അവിടുത്തെ ഉദ്ദേശം നിറവേററുവാൻ തരപ്പെടാതാവുകയും ചെയ്തു. അവിടുന്നു് ഈശ്വരവിചാരം വിട്ടു നടക്കുവാൻ മുതിർന്നു. ഈശ്വരൻ അങ്ങയെ തടുക്കുകയും ചെയ്തു. ഇതിൽ കവിഞ്ഞെന്തു തെളിവാണു് അവിടുത്തേക്കു വേണ്ടതു്?"

ഈ വാക്കുകഠം രാജാവിന്റെ ഉള്ളിൽക്കൊണ്ടു. നമ്മുടെ ചെയ്തികളെല്ലാം കാണുന്ന ഒരു ഈശ്വരനുണ്ടെന്നും ആ ഈശ്വരനെ നാം മറക്കരുതെന്നും തെളിയിക്കുമാറാണു് ആ സംഭവങ്ങളുണ്ടായതു്. ഈശ്വരൻ തന്നെയാണതു് വ്യക്തമാക്കിയതു്.

അന്നു മുതൽ രാജാവു് ആകെ മാറി, സൽഭരണം തുടങ്ങി. ജനങ്ങഠം പാരാട്ടി ആ പുതുഭരണത്തെക്കൊണ്ടാടി. അന്നേദിവസം രാജാവു് ആ കുട്ടിക്കു് നല്ലൊരു സമ്മാനവും ഉദ്യോഗവും കൊടുത്തു.

# നന്നായിത്തീർന്നാൽ എല്ലാം നന്ന്

(ഒറിയയിൽ നിന്നു്)

ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾക്കു് നാലു പുത്രന്മാരും. മരിക്കുന്നതിന്നുമുമ്പു് അയാൾ മക്കളെ അരികെവിളിച്ചു. കാരണം താൻ പോയാൽ അവർ ഭിന്നിക്കുമെന്നും തന്റെ സ്വത്തെല്ലാം മററു വല്ലവരുടേയും കയ്യിൽ പോകുമെന്നും അയാൾ വിചാരിച്ചു. പുത്രന്മാരെല്ലാമെത്തി. ഭാവിയെപ്പററി പറയാൻ കഴിവുള്ള ഒരമ്മാവനുണ്ടായിരുന്നു അവർക്കു്. വർത്തകൻ ആ അമ്മാവനെ ഓർമ്മിപ്പിച്ചുകൊണ്ടു് പറഞ്ഞു. "മക്കളേ, ഇത്രയും കാലം നിങ്ങൾക്കൊന്നിനെപ്പററിയും ചിന്തിക്കേണ്ടിയിരുന്നില്ല. ഇനി ഞാൻ മരിക്കാറായി. നിങ്ങൾക്കെന്നെങ്കിലും സ്വത്തു ഭാഗിക്കണമെന്നു തോന്നിയാൽ നിങ്ങളുടെ അമ്മാവനെ വിളിക്കണം. അദ്ദേഹം നിങ്ങൾക്കെല്ലാം വേണ്ടപോലെ ഭാഗിച്ചുതരും. സമാധാനത്തോടുകൂടി ജീവിക്കണം. ഒരിക്കലും കലഹിക്കരുതു്." അധികനാൾ കഴിയുന്നതിന്നുമുമ്പു് വ്യാപാരി മരിക്കുകയും ചെയ്തു.

മൂത്ത മകൻ ഒരു പുസ്തകപ്രിയനാണു്. രണ്ടാമത്തേവൻ

തർക്കശാസ്ത്രത്തിൽ കമ്പമുള്ളവനാണു്. മററു രണ്ടു മക്കൾ കൃഷിക്കാരാണു്. അവർ പാടത്തു പണിയെടുത്തു. മൂത്തരണ്ടു സഹോദരന്മാരും പുറമെ നടക്കാൻ പോവുകയും കിടക്കാൻ തിരിച്ചുവരികയും ചെയ്യുക പതിവായിരുന്നു. അതേസമയത്തു് മററു രണ്ടുപേർ പകൽ മുഴവൻ പാടത്തു പണിയെടുത്തു് രാത്രി വീട്ടിൽ വന്നു് വല്ലതും കഴിച്ചു് കിടക്കുകയുമാണു് പതിവു്. മൂത്തവരുടെ ഭാര്യമാർ യാതൊരു പണിയും ചെയ്തിരുന്നില്ല. ചെയ്തെങ്കിൽത്തന്നെ അല്പം വല്ലതും മാത്രം. പക്ഷെ താഴെയുള്ളവരുടെ ഭാര്യമാർ ദിവസം മുഴവൻ പണിയെടുത്തിരുന്നു. ആ രണ്ടു സ്ത്രീകൾ രാത്രി അവരുടെ ഭർത്താക്കന്മാരോടു് തലയണമന്ത്രം തുടങ്ങി. ഭാഗം കഴിക്കാനും നിർബ്ബന്ധിച്ചു. എങ്കിലവർക്കു് സുഖമായി കഴിയാമല്ലോ എന്നു കരുതി. ആ ഭർത്താക്കന്മാർ കുറച്ചുകാലം മുള്ളുവാക്കുകൾ സഹിച്ചു. പക്ഷെ അവസാനം സഹിക്കവയ്യെന്ന നിലയിലെത്തി. അങ്ങിനെ ഒരുദിവസം അവർ മൂത്ത സഹോദരന്മാരോടു് ഭാഗം വേണമെന്നാവശ്യപ്പെട്ടു. ജ്യേഷ്ഠന്മാർ അതിന്നു സമ്മതിക്കുകയും മരണശയ്യയിൽ വെച്ചു് അച്ഛൻ കൊടുത്ത ഉപദേശത്തെ ഓർമ്മിപ്പിക്കുകയും ചെയ്തു. അച്ഛൻെറ ആഗ്രഹത്തിന്നനുസരിച്ചു് അവർ അമ്മാവൻെറ അടുക്കലേക്കു പുറപ്പെട്ടു. ദിവ്യദൃഷ്ടിയുള്ള ആ അമ്മാവൻ മരുമക്കളുടെ ഉദ്ദേശം ആദ്യമേ മനസ്സിലാക്കി. പക്ഷെ ഒന്നുമറിയാത്തതുപോലെ നടിച്ചു് വീട്ടുകാര്യങ്ങളെപ്പററി കുശലപ്രശ്നങ്ങൾ തുടങ്ങി. അവസാനം അവരുടെ ഭാഗക്കുട്ടം കേൾക്കുകയും ചെയ്തു.

"ഇന്നു നിങ്ങൾ വരുമെന്നു് ഞാൻ ഇന്നലെ സ്വപ്നം കണ്ടു. നിങ്ങളേയും നിങ്ങളുടെ ഭാര്യമാരേയും ജഗന്നാഥക്ഷേത്രത്തിലേക്കുകൊണ്ടുപോവണമെന്നും അവിടെനിന്നു് മടങ്ങിവന്നശേഷം ഭാഗം കഴിക്കണമെന്നും സ്വപ്നത്തിൽ ആരോ എന്നോടു പറഞ്ഞു." അയാൾ പറഞ്ഞു. ഈ അഭിപ്രായത്തോടു് എല്ലാ സഹോദരന്മാരും യോജിക്കുകയും ഭാര്യമാരോടുകൂടി പുരിയിൽച്ചെ

ന്നു് എല്ലാവരും ജഗന്നാഥദർശനം കഴിക്കുകയും ചെയ്തു.

മടക്കത്തിൽ ഒരു ദിവസം ഏതാണ്ടുച്ചക്കു് അവർ ഒരു വലിയ മൈതാനത്തിലെത്തി. എല്ലാവരും വിശന്നു തളർന്നിരുന്നു. ആ അമ്മാവൻ പറഞ്ഞു. "ഇനി ഒരടി നടക്കാനെനിക്കു വയ്യ. ഞാനിവിടെ അല്പം വിശ്രമിക്കട്ടെ."

എന്നും പറഞ്ഞു് അയാൾ തൻെറ സഞ്ചി തുറന്നു. അതിൽ മടിശ്ശീലകണ്ടില്ല. തൻെറ നഷ്ടമോർത്തു വ്യസനിച്ചു. പക്ഷെ കുറച്ചുകഴിഞ്ഞു ആധിയടക്കി അയാൾ മരുമക്കളോടു പറഞ്ഞു. നിങ്ങളെല്ലാവരും മുതിർന്നവരാണു്. ഓരോരുത്തരും ഓരോ വഴിയ്ക്കുപോയി വല്ലതുംകൊണ്ടുവരുവിൻ. വല്ല ഭക്ഷണവുംകൊണ്ടുവന്നു തന്നാൽ മാത്രമെ നിങ്ങൾക്കുവേണ്ടി എനിക്കു വല്ലതും ചെയ്യാനൊക്കു."

നാലു സഹോദരന്മാരും നാലുവഴിക്കു പുറപ്പെട്ടു. നല്ലൊരു കൃഷിക്കാരനായിരുന്ന ഒടുവിലത്തെ സഹോദരൻ വഴിയിൽ ഒരു മനുഷ്യൻ നിലമുഴുതുന്നകണ്ടു. പക്ഷെ അയാളുടെ കാളകൾ ഉഴുതുശീലമില്ലാത്തവയാണു്. നേരം ഉച്ചതിരിഞ്ഞു. ഒരടിനിലംപോലും ഉഴുതു കഴിഞ്ഞിട്ടില്ല. എന്തുചെയ്യണമെന്നറിയാതെ അയാൾ കുഴങ്ങി. വ്യാപാരിയുടെ മകൻ ഒരുമണിക്കൂറുകൊണ്ടു് നിലം മുഴുവനും ഉഴുതുകൊടുക്കാമെന്നു പറഞ്ഞു. അതിന്നെന്തു കൂലികൊടുക്കുമെന്നും ചോദിച്ചു. അഞ്ചുസേർ അരിയും പരിപ്പും മററു പച്ചക്കറികളും പുറമെ ഒരു കെട്ടു വിറകും കൊടുക്കാമെന്നേററു, മറേറയാൾ. ആ ഇളയസഹോദരൻ സമ്മതിച്ചു. മററവൻ കൊടുക്കാമെന്നേററ സാധനങ്ങൾ കൊണ്ടുവരുവാൻപോയി. അവൻ മടങ്ങിവന്നപ്പോഴേക്കും നിലം മുഴുവൻ ഉഴുതുകഴിഞ്ഞിരുന്നു. ഇളയസഹോദരൻ തൻെറ പ്രതിഫലം വാങ്ങി കുറച്ചുസമയത്തിന്നുള്ളിൽ അമ്മാവൻെറ അടുക്കെ തിരിച്ചെത്തി.

മൂന്നാമത്തെ സഹോദരൻ പോയിരുന്ന വഴിയിൽ ഒരു വയലിൽ ഏഴാളുകൾ സംസാരിച്ചു നിൽക്കുന്നതു കണ്ടു. അവൻ

അടുത്തെത്തിയപ്പോൾ അതിലൊരാൾ പറഞ്ഞു. "ഈനിലത്തു് എന്നും വെള്ളം കെട്ടിനില്ക്കുകയാണു്. പഞ്ചപിടിക്കുകയേ ഇല്ല. എന്നാലും ജന്മി പാട്ടം മുഴുവനും വാങ്ങാതെ വിടില്ല. എങ്ങിനെയാണു് ഈ നിലത്തിത്തിരി പണമയുണ്ടാക്കുക?" "മണ്ണും വളവും ചേർത്തു് ചെറുചെറു ഉരുളകളുണ്ടാക്കി ഓരോന്നിലും ഈരണ്ടു മണി "കൈയ്യ്‌ലിബായ്" നെല്ലുവിത്തിട്ടു് ആ വെള്ളത്തിലേക്കെറിയുവിൻ. അതു് വെള്ളത്തിൽ മുങ്ങിക്കൊള്ളും. നെല്ലുവളർന്നു് വിളയുണ്ടാകും." വ്യാപാരിയുടെ മകൻ പറഞ്ഞു. ആ ആളുകൾക്കു് അയാൾ പറഞ്ഞതു പിടിച്ചു. ഉപദേശത്തിന്നു് അവർ രണ്ടു റുപ്പ പ്രതിഫലവും കൊടുത്തു. കിട്ടിയ പണം കൊണ്ടു് ഭക്ഷണംവാങ്ങി അവനും തിരിച്ചുവന്നു.

രണ്ടാമത്തെ സഹോദരൻ പോകുന്നവഴിയിൽ ഒരാൾ ഒരു മരത്തിന്റെ തണലിലിരുന്നു് കരയുന്നതുകണ്ടു. അയാൾ ഒരു സുഭഗനായിരുന്നു. കാഴ്ചയിൽ ഒരു ധനികന്റെ മകനാണെന്നും തോന്നിക്കും. രണ്ടാമത്തെ സഹോദരൻ അയാൾ കരയുന്നതെന്തിനാണെന്നു ചോദിച്ചു.

"ഞങ്ങൾ നാലുസഹോദരന്മാരാണു്. അച്ഛൻ മരിച്ചശേഷം ഞങ്ങൾ ഭാഗം കഴിച്ചു. ഓരോരുത്തന്നും ലക്ഷംറുപ്പ ഓഹരികിട്ടി. എല്ലാം ഭാഗിച്ചശേഷം ഒരു കറുത്തപൂച്ച ബാക്കിയായി. ഞങ്ങൾ ഓരോരുത്തരും അതിനെ വേണമെന്നായി. കാര്യം മദ്ധ്യസ്ഥന്റെ മുമ്പിലെത്തി. മദ്ധ്യസ്ഥൻ ഞങ്ങൾക്കോരോരുത്തർക്കും അതിന്റെ ഓരോ കാലുവീതം ഭാഗിച്ചുതന്നു. അതിന്റെ ദേഹം പൊതുസ്വത്തായും വെച്ചു. ഒരു ദിവസം പൂച്ച ചുമരിൽനിന്നു ചാടിയപ്പോൾ അതിന്റെ ഒരു കാലൊടിഞ്ഞു. ആ കാൽ എന്റെ വീതമായിരുന്നു. ഞാൻ ഒരു എണ്ണത്തുണി കൊണ്ടു് അതു കെട്ടി. പൂച്ച അടുത്ത വീട്ടിലെ അടുപ്പിന്റെയടുക്കെപ്പോയി കിടക്കുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ തുണിയിൽ തീപ്പിടിച്ചു. പേടിച്ചുമ്പരന്ന ആ ജന്തു ഒരു കുട്ടിന്റെ മുകളിലേക്കും, അവിടെനിന്നു് മേൽപ്പുരയിലേക്കും ചാടി

ക്കയററി. പുരയിൽ തീ പടർന്നു കത്തി. തീ മററു പുരകളി ലേക്കും കടന്നു. ക്ഷണത്തിൽ ആ ദിക്കിലുള്ള വീട്ടുകളെല്ലാം കത്തിയമർന്നു. വളരെ പ്രയാസപ്പെട്ടു് ആളുകഠം തീക്കെടു ത്തി. ആ നാശത്തിന്നു് മദ്ധ്യസ്ഥൻ എന്നെ കുററപ്പെടുത്തുക യും എൻെറ ചെലവിൽ ആ വീട്ടുകളൊക്കെ കെട്ടിക്കൊടുക്കണ മെന്നു നിശ്ചയിക്കുകയും ചെയ്തു. എനിയ്ക്കുതു ചെയ്യേണ്ടിവ ന്നാൽ എൻെറ മുക്കാലും സ്വത്തുതീരും. അതാണെൻെറ സങ്കടം. രാജാവിനോടു് ആവലാതി പറയണമെന്നു കരുതി പുറപ്പെട്ടു. പക്ഷെ അതുകൊണ്ടു് വലിയ പ്രയോജനമൊന്നുമില്ലെന്നു് വഴി യിൽവെച്ചുതോന്നി. കാരണം, രാജാവു് മററുള്ളവർ പറയുന്ന തേ കേഠംക്കുള്ളു. ഞാൻ പറയുന്നതുകേഠംക്കില്ല. ഞാനിനി യെന്തുചെയ്യും? ആരെങ്കിലും ഈ വിഷമത്തിലെന്നെ സഹായി ച്ചാൽ ഞാനവർക്കു തക്കതായ പ്രതിഫലം കൊടുക്കാം."

വർത്തകൻെറ പുത്രൻ ചോദിച്ചു. "വീട്ടുകഠം കെട്ടിക്കൊ ടുക്കാനുള്ള ചെലവു കൊടുക്കേണ്ടിവന്നാൽ നിങ്ങളെനിക്കെ ന്തുതരും?" "അഞ്ഞൂറുരൂപ്പിക." "എന്നാൽ പോയി എല്ലാആളുക ളോടും ഒരു മൈതാനത്തിൽ വന്നു കൂടുവാൻ പറയൂ." ആ യു വാവു പറഞ്ഞു. "ഞാൻ നിങ്ങളുടെ പിന്നാലെത്തന്നെ വരാം." എന്നും പറഞ്ഞു് അയാഠം ആ മനുഷ്യൻെറ വീട്ടിലേക്കു ചെ ന്നു. ആളുകളെല്ലാവരുംവന്നു. അവരിൽനിന്നും അയാഠം കാ ര്യത്തിൻെറ വിശദവിവരങ്ങഠം മനസ്സിലാക്കി. അറിയേണ്ട തെല്ലാമറിഞ്ഞശേഷം അയാളവരോടു പറഞ്ഞു. "നിങ്ങഠം പ റയുന്നതു് പൂച്ചഓടിയതു് അതിൻെറ ഒരു കാലിൽ തീപ്പിടിച്ച തുകൊണ്ടാണെന്നും ആ ഓട്ടം കാരണം വീട്ടുകളെല്ലാം നശിച്ചു വെന്നും ആണു്, അല്ലേ? മുറിഞ്ഞകാലും വെച്ചോടുവാൻ പൂച്ച ക്കു് സാദ്ധ്യമല്ലെന്നു് നിങ്ങളോർക്കണം. മറ്റു മൂന്നു കാലുക ളുടെ സഹായംകൊണ്ടാണതോടിയതു്. അങ്ങനെ ഓടിയതു കൊണ്ടാണു് വീട്ടിനു് തീപ്പിടിച്ചതു്. അതുകൊണ്ടു് ഞാൻ നിങ്ങളോടു ചോദിക്കുന്നു, നല്ല മൂന്നു കാലുകളേയോ അതോ

മുറിഞ്ഞ ഒരു കാലിനേയോ, ഏതിനെയാണിതിന്നു കുററപ്പെടുത്തേണ്ടതു്? നിങ്ങൾതന്നെ വിധി നിശ്ചയിക്കുവിൻ!"

ആ ന്യായം സകലരേയും അത്ഭുതപ്പെടുത്തി. ആർക്കും ഒരു മറുപടിയും പറവാൻ കഴിഞ്ഞില്ല. നല്ല മൂന്നുകാലുകളെയല്ലാതെ മുറിഞ്ഞകാലിനെ കുററപ്പെടുത്തുവാൻ പാടില്ലെന്നു് അവരേവരും സമ്മതിച്ചു. അതിനാൽ നാശനഷ്ടങ്ങൾക്കു് മററു മൂന്നു സഹോദരന്മാരാണുത്തരവാദികളെന്നും വീട്ടുകൾ കെട്ടാനുള്ള ചെലവു് അവരാണു് വഹിക്കേണ്ടതെന്നും തീരുമാനിക്കപ്പെട്ടു. ആ പണക്കാരൻ സന്തോഷഭരിതനായി, വ്യാപാരിയുടെ മകനു് അഞ്ഞൂറു ഉറുപ്പികയും പലവിധ ഭക്ഷണസാധനങ്ങളും സമ്മാനിച്ചു. അവനതുംകൊണ്ടു് അമ്മാവൻെറയടുക്കലേക്കു മടങ്ങിവരുകയും ചെയ്തു.

മൂത്തസഹോദരൻ മറെറാരു വഴിയ്ക്കാണു് പോയതു്. പോകുന്നവഴിൽ അയാൾ അന്നാട്ടിലെ മന്ത്രിയുടെ വീട്ടിൽനിന്നൊരു ദീനരോദനം കേട്ടു. അന്വേഷിച്ചപ്പോൾ രാജാവിൻെറ ഒററക്കൊമ്പനാനയുടെ ഘനം എത്രയാണെന്നു് കണക്കാക്കണമെന്നു് രാജാവു് മന്ത്രിയോടു് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പിറേറദിവസം കാലത്തു് അതു ചെയ്തില്ലെങ്കിൽ മന്ത്രിയുടെ തല വെട്ടുമെന്നു് കല്പിച്ചിട്ടുണ്ടെന്നും ഉള്ളതാണതിനു കാരണമെന്നു മനസ്സിലായി.

മന്ത്രി തൊഴിസ്സുകതന്നെയായിരുന്നു. അദ്ദേഹത്തിന്നോ അദ്ദേഹത്തിൻെറ ബന്ധുക്കൾക്കോ ആ വിഷമഘട്ടത്തിൽനിന്നെങ്ങിനെയാണു് രക്ഷപ്രാപിക്കേണ്ടതെന്നറിഞ്ഞില്ല.

കച്ചവടക്കാരൻെറ മകൻ ഉടനെ മന്ത്രിയെക്കണ്ടു. ആനയുടെ ഘനം കണക്കാക്കികൊടുത്താൽ ആയിരം ഉറുപ്പിക ഇനാം കൊടുക്കുന്നതാണെന്നു് മന്ത്രി പറഞ്ഞു. ആ ചെറുപ്പക്കാരൻ മന്ത്രിയോടു് പുഴയരികിലേക്കു് വലിയൊരു തോണിയെത്തിക്കുവാനാവശ്യപ്പെട്ടു. തോണിയെത്തി. അയാൾ ആനയെ അതിൽക്കയററി. തോണി വെള്ളത്തിൽ താണപ്പോൾ വ്യാ

പാരിയുടെ മകൻ വെള്ളത്തിന്റെ വര അടയാളപ്പെടുത്തി ആനയെ അതിൽനിന്നിറക്കി. പിന്നീട് അതേ അടയാളംവരെ തോണിതാഴുമാറ് അതിൽ മണൽ നിറച്ചു. ആ മണൽ പുറത്തെടുത്തു തൂക്കിനോക്കി. അതു് നൂറുമന്നുണ്ടായിരുന്നു. അതുതന്നെയാണ് ആനയുടെ ഘനമെന്നും പറഞ്ഞു. മന്ത്രി വളരെ സന്തോഷിച്ചു് ആ ചെറുപ്പക്കാരനു് ആയിരം രൂപയും മററു പല സമ്മാനങ്ങളും കൊടുത്തു. അതുകൊണ്ടു് അയാളും അമ്മാവന്റെയടുക്കലേക്കു തിരിച്ചു.

നാലു സഹോദരന്മാരും അമ്മാവന്റെയടുക്കെ തിരിച്ചെത്തി. എല്ലാവരുംകൂടി ഭക്ഷണമുണ്ടാക്കി കഴിച്ചശേഷം അമ്മാവൻ അവരോടു് ഓരോരുത്തരുടേയും സമ്പാദ്യങ്ങളെപ്പററി ചോദിച്ചു. ഇളയ സഹോദരൻ തൊട്ടു് മേലോട്ടു് ഓരോരുത്തരും അവനവന്റെ കഥ ആദ്യം മുതൽ അവസാനംവരെ പറഞ്ഞു കേൾപ്പിച്ചു.

പിന്നെ അമ്മാവൻ അവരെ വീട്ടിലേക്കയക്കുകയും താൻ വീടെച്ചെന്നു ഭാഗിച്ചുകൊടുക്കാമെന്നു പറയുകയും ചെയ്തു. പക്ഷെ മൂത്ത രണ്ടു സഹോദരന്മാരുടേയും വിജയംകണ്ടു് ഇളയസഹോദരന്മാരുടെ കണ്ണു തുറന്നു. അവർക്കു അവരുടെ കൊള്ളരുതായ്മ ബോദ്ധ്യമായി. അവരും അവരുടെ ഭാര്യമാരും ജ്യേഷ്ഠന്മാരുടെ കാല്ക്കൽ വീണു് മാപ്പിരന്നു. ഭാഗത്തെപ്പററിയുള്ള വിചാരം തന്നെ കളഞ്ഞു് അവർ നാൽവരും സന്തോഷപുരസ്സരം വീട്ടിലേക്കു മടങ്ങി. പിന്നീടാവീട്ടിൽ മത്സരമുണ്ടായില്ല. അവരെല്ലാവരും ഒന്നിച്ചു് സംതൃപ്തിയോടെ കഴിഞ്ഞു.

## വർത്തകപുത്രൻെറ വീരകൃത്യങ്ങൾ

(തമിഴിൽനിന്നു്)

പണ്ടു് വളരെ ധനികനായ ഒരു വർത്തകനുണ്ടായിരുന്നു. അയാൾക്കു് ഭാര്യയും ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളു. അയാളുടെ വാർദ്ധക്യത്തിൽ ഭാര്യ ഒരു ദിവസം പറഞ്ഞു. "നമുക്കു വയസ്സായി. ഇനി അധികംകാലം നാമിരിക്കില്ല. വീട്ടും മുതലും ഇട്ടേച്ചു പോകേണ്ടിവരും. ഒന്നും നമുക്കു കൂടെക്കൊണ്ടു പോവാൻ കഴിയില്ല. അങ്ങയുടെ സ്മാരകമായി എന്തെങ്കിലും ഒന്നു ചെയ്യണം."

വ്യാപാരി ഭാര്യ പറഞ്ഞതിനെപ്പററി ചിന്തിക്കുകയും തൻെറ സ്മാരകമായി ഒരു കുളം കുഴിപ്പിക്കുവാൻ തീർച്ചയാക്കുകയും ചെയ്തു. കാൽ നാഴിക നീളവും അത്രതന്നെ വീതിയുമുള്ള ഒരു കുളം കുഴിപ്പിച്ചു.

ആണ്ടുകൾ പലതും കഴിഞ്ഞു. പക്ഷെ കുളത്തിൽ വെള്ളം നിറഞ്ഞില്ല. തൻെറ പ്രവർത്തിയുടെ ഫലത്തെപ്പററി വ്യാപാരിക്കു വലിയ ഉൽക്കണ്ഠയായി. ഒരു ദിവസം ഒരു സന്യാസി അയാളുടെ വീട്ടിൽവന്നു പറഞ്ഞു. "നിങ്ങളുടെ പുത്രൻെറ

ഭാര്യയെ ബലികഴിച്ചാൽ കുളത്തിൽ വെള്ളമുണ്ടാകും." വർത്തകൻ പുത്രഭാര്യയെ ബലികഴിക്കാൻ നിശ്ചയിച്ചു. ഒരു ഭൃത്യ ഈ വിവരം ആ സ്ത്രീയെ അറിയിച്ചു. അവൾ തന്റെ ഭർത്താവിനോടതിനെപ്പററി ചോദിച്ചു. അയാൾ ഉടനെ തന്റെ 'പക്ഷിരാജ്' എന്ന പേരായ കുതിരയെ തയാറാക്കി. വേണ്ടത്ര പണവും എടുത്തു് ഭാര്യയോടുകൂടി കുതിരപ്പുറത്തു കയറി ഒളിച്ചോടിപ്പോയി.

ഒരു ദിവസം ഉച്ചക്കു് അയാൾ ഒരു കാട്ടിലെത്തി. ഒരു മരത്തിൽ കയറി നോക്കിയപ്പോൾ അധികം ദൂരത്തല്ലാതെ കുറേ വീടുകളും തോട്ടങ്ങളും ഉള്ള വലിയൊരു ഗ്രാമം കണ്ടു. താഴെയിറങ്ങി ആ ഗ്രാമത്തിലേക്കു ചെന്നപ്പോൾ അവിടെ ആളുകളെക്കണ്ടില്ല. ഒഴിഞ്ഞൊരു വീട്ടിൽക്കടന്നു് ഭാര്യയെ അവിടെയാക്കി അയാൾ ഭക്ഷണമന്വേഷിച്ചു് പുറത്തുപോയി.

അങ്ങനെ പൊയ്ക്കൊണ്ടിരിക്കുമ്പോൾ അയാൾ വഴിയിൽ പെട്ടെന്നു് ഒരു വലിയ രാക്ഷസൻ വിലങ്ങടിച്ചു നിൽക്കുന്നതു കണ്ടു. ആ ഗ്രാമത്തിലുള്ള സകല ജനങ്ങളേയും തിന്നുതീർത്തതു് ഈ രാക്ഷസനാണു്. രാക്ഷസൻ വർത്തകപുത്രനെയും തിന്നുവാൻ നിശ്ചയിച്ചു. പക്ഷെ ആ ചെറുപ്പക്കാരൻ വാളൂരി അവനോടു് പോരാടി. അവസാനം രാക്ഷസൻ ഭയന്നു് അയാളുടെ കാല്ക്കൽവീണു പറഞ്ഞു.

"എന്നെക്കൊല്ലാതെ കുറച്ചുദിവസംകൂടി ജീവിക്കുവാനനുവദിക്കണമെന്നപേക്ഷിക്കുന്നു. ഏഴു ദിവസം എന്നെ ഒരു മുറിയിലിട്ടടച്ചു് പിന്നെ കൊന്നുകൊള്ളുക."

വ്യാപാരിയുടെ മകൻ ആ അപേക്ഷ സ്വീകരിച്ചു. അവനെ വീട്ടിലെ ഒഴിഞ്ഞൊരു മുറിയിലിട്ടു പൂട്ടുകയും ചെയ്തു. കുറച്ചുകഴിഞ്ഞു് പുറത്തുപോകുമ്പോൾ അയാൾ താക്കോൽ ഭാര്യയുടെ കയ്യിൽ കൊടുക്കുകയും ആ ഒരു മുറിയൊഴിച്ചു് മറേറതു വേണമെങ്കിലും തുറക്കാമെന്നു പറയുകയും ചെയ്തു. ആ മുറിയിലായിരുന്നു രാക്ഷസനെ പൂട്ടിയിട്ടിരുന്നതു്.

ഒരു മുറിമാത്രം തുറക്കാൻ പാടില്ലെന്നു നിർബ്ബന്ധിച്ചതെന്തുകൊണ്ടാണെന്നായി ഭാര്യയുടെ ചിന്ത. അതിൽ എന്തെങ്കിലും വിലപിടിച്ച സാധനം ഒളിച്ചുവെച്ചിട്ടുണ്ടാവുമെന്നവൾ നിശ്ചയിച്ചു. അതിനാൽ അവൾ ചെന്ന് ആ രാക്ഷസനെയിട്ടിരുന്ന മുറി തുറന്നു.

അവളകത്തു കടന്നവുടൻ രാക്ഷസൻ പറഞ്ഞു. "നിൻെറ മുമ്പിൽ കാണുന്ന പെട്ടികളിലുള്ള സകല സമ്പത്തിൻേറയും ഏകാവകാശി ഞാനാണ്. നീ എന്നോടുകൂടിയിരിക്കുമെങ്കിൽ ഞാൻ നിന്നെ സകല തരത്തിലും സന്തുഷ്ടയാക്കാം." ആദ്യം അവൾ സമ്മതിച്ചില്ല. പക്ഷെ അവസാനം സമ്മതിച്ചു.

"നിൻെറ ഭർത്താവിനെ കൊന്നല്ലാതെ നമുക്ക് സുഖമായിരിക്കുവാൻ ഒക്കുകയില്ല." രാക്ഷസൻ പറഞ്ഞു. "അതിനാൽ ഒരു കാര്യം ചെയ്യൂ. അയാൾ മടങ്ങിവരുന്നതിന്നുമുമ്പ് നീ കണ്ണിൽ കുറച്ചു കർപ്പൂരമിട്ട് കണ്ണു ചുവക്കുന്നതുവരെ തിരുമ്പുക. നിനക്ക് കണ്ണിൽ ദീനമാണെന്നു പറയണം. അയാൾ വല്ല മരുന്നും കൊണ്ടുവന്നാൽ, കുട്ടിക്കാലത്തു നിനക്കു ഇതേ രോഗമുണ്ടായപ്പോൾ പുലിപ്പാലുകൊണ്ടാണ് ഭേദമായതെന്നും മറെറാന്നുകൊണ്ടും ഭേദമാവില്ലെന്നും പറയണം."

വർത്തകപുത്രൻ മടങ്ങിവന്ന് അവളുടെ കണ്ണിനെപ്പററി ചോദിച്ചപ്പോൾ അവൾ രാക്ഷസൻ പഠിപ്പിച്ചപോലെയൊക്കെ പറഞ്ഞു. തനിക്കുവേണ്ടി അത്രയൊന്നും ബുദ്ധിമുട്ടരുതെന്ന് അവൾ ആദ്യം അയാളോടു പറഞ്ഞുവെങ്കിലും അയാൾ അതൊന്നും കൂട്ടാക്കാതെ കുതിരപ്പുറത്തു കയറി പുലിപ്പാലിന്നുവേണ്ടി പോയി.

പോകുന്ന വഴിയിൽ ഒരു കാട്ടിൽ തീപ്പിടിച്ചുകണ്ടു. ഒരു ദിക്കിൽ രണ്ടു പുലിക്കുട്ടികൾ വേദനകൊണ്ടു് നിലത്തുകിടന്നു പിടഞ്ഞിരുന്നു. അയാൾക്ക് ആ കാഴ്ചകണ്ട് അലിവുതോന്നി ക്ഷണത്തിൽ അവയെ തീയിൽനിന്ന് പുറത്തു കൊണ്ടുവന്നു. ദൂരെ സുരക്ഷിതമായ ഒരു സ്ഥലത്തെത്തിയശേഷം അയാൾ കു

തിരപ്പുറത്തുനിന്നിറങ്ങി നിലത്തു ഒരു പരവതാനി വിരിച്ചു് പുലിക്കുട്ടികളോടുകൂടെ അതിൽ വിശ്രമിക്കുവാൻ കിടന്നു.

കുറച്ചു സമയത്തിന്നുള്ളിൽ പുലിക്കുട്ടികളുടെ മാതാപിതാക്കൾ അവിടെയെത്തി. ആ മനുഷ്യൻ തങ്ങളുടെ കുഞ്ഞുങ്ങളേയുംകൊണ്ടു കടന്നുകളയുകയാണെന്നു കരുതി അവ അയാളെ തിന്നുവാൻ ചാടി. പുലിക്കുട്ടികൾ തടഞ്ഞു്, അയാൾ കാട്ടുതീയിൽനിന്നു് തങ്ങളെ രക്ഷിച്ച കഥ പറഞ്ഞു. ആ പുലികൾ കൃതജ്ഞതയോടെ അയാൾക്കു് പലവിധ പഴങ്ങളും കുതിരയ്ക്കു വേണ്ട തീററകളും ഉണ്ടാക്കിക്കൊടുത്തു് ആവുന്നരീതിയിലെല്ലാം അവയുടെ നന്ദി പ്രകടിപ്പിച്ചു. പക്ഷെ വർത്തകപുത്രൻ പറഞ്ഞു. "ഒരപേക്ഷ നിറവേററിത്തരുന്നതുവരെ നിങ്ങളുടെ യാതൊരുപഹാരങ്ങളും ഞാൻ സ്വീകരിക്കുന്നതല്ല." "അതെന്താണു്?" പുലികൾ ചോദിച്ചു. "എനിക്കു കുറച്ചു പുലിപ്പാൽ അത്യാവശ്യമായിരിക്കുന്നു." അയാൾ പറഞ്ഞു. ലവലേശം സംശയമില്ലാതെ പെൺപുലി അയാളോടു് ഇഷ്ടംപോലെ തന്നിൽനിന്നു് പാൽ കറന്നെടുത്തുകൊള്ളാൻ പറഞ്ഞു. അയാൾ ഒരു പാത്രം പാൽ കറന്നെടുത്തു. പുലികൾ തങ്ങളുടെ നന്ദിയുടെ ചിഹ്നമായി ഒരു പുലിക്കുട്ടിയേയും അയാൾ സ്വീകരിക്കണമെന്നു് അപേക്ഷിച്ചതനുസരിച്ചു് അതിനേയുംകൊണ്ടു് അയാൾ പുറപ്പെട്ടു. ഒരു പക്ഷെ ആ പുലിക്കുട്ടി ഭാവിയിലൊരുകാലത്തു് അയാൾക്കു് ഉപയോഗപ്രദമാകുമെന്നും അവ പറഞ്ഞു.

ഗ്രാമത്തിൽ മടങ്ങിയെത്തി അയാൾ ഭാര്യക്കു് ആ പാൽ കൊടുത്തു. വളരെ തളർന്നിരുന്നതുകൊണ്ടു് ക്ഷണത്തിൽ കിടന്നുറങ്ങുകയും ചെയ്തു. തന്റെ ഭർത്താവു് ചെയ്ത കാര്യങ്ങളെപ്പററി ഭാര്യ രാക്ഷസനോടു് പറഞ്ഞു. വീണ്ടും കണ്ണു സുഖപ്പെട്ടില്ലെന്നുംപറഞ്ഞു നിലത്തുവീണുരുണ്ടു നിലവിളിക്കണമെന്നു രാക്ഷസൻ അവളെ ഉപദേശിച്ചു. അയാൾ അതിനെപ്പററി ചോദിച്ചാൽ, പുലിപ്പാലുകൊണ്ടു സുഖപ്പെട്ടില്ലെങ്കിൽ ദേവകുണ്ഡത്തിലെ തീർത്ഥംകൊണ്ടേ അതു സുഖപ്പെടുകയുള്ളുവെന്നും

അല്ലെങ്കിൽ കണ്ണു പോകുമെന്നും കുട്ടിക്കാലത്തവളുടെ അച്ഛൻ പറഞ്ഞിട്ടുണ്ടെന്നും അവൾ പറയണമെന്നു രാക്ഷസനുപദേശി ച്ചു. ദേവകുണ്ഡം സ്വർഗ്ഗത്തിലാണു്. ദേവന്മാരാണു് അതിന്നു കാവല്ക്കാർ. അവിടെച്ചെന്നു മനുഷ്യർ ജീവനോടെ മടങ്ങുക യില്ല. അതിനാലവളുടെ ഭർത്താവു് ഒരിക്കലും തിരികെ വരി കയില്ല.

രണ്ടുദിവസം കഴിഞ്ഞപ്പോൾ ഭാര്യ, രാക്ഷസൻ പഠിപ്പി ച്ചതെല്ലാം ഭർത്താവിനോടു് പറഞ്ഞു. ആ യുവാവു് ഉടനെ ആ തീർത്ഥം കൊണ്ടുവരാൻ പുറപ്പെട്ടു.

ഉച്ചയായപ്പോൾ ഒരിടത്തു് ഒരു മരത്തിന്റെ ചുവട്ടിൽ അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി. ആ മരത്തിൽ രണ്ടു ഗന്ധ ഭൈരവപ്പക്ഷികൾ താമസിച്ചിരുന്നു. അയാൾ ചെന്ന സമയ ത്തു അവ ഇരതേടിപ്പോയിരുന്നു. അവയുടെ രണ്ടു കുഞ്ഞുങ്ങളെ തനിച്ചു് അവിടെ വിട്ടിരുന്നു. വർത്തകപുത്രൻ തന്റെ കുതിര യെ കെട്ടിയിടുന്ന സമയത്തു് ഒരു പാമ്പു് നിലത്തു മാളത്തിൽ നിന്നു പുറത്തുവന്നു് ആ മരത്തിൽ കയറുന്നതു കണ്ടു. ആ രണ്ടു പക്ഷിക്കുഞ്ഞുങ്ങൾ പാമ്പിനെക്കണ്ടു ഭയന്നു് ചിലവാൻ തുട ങ്ങി. വ്യാപാരിയുടെ മകൻ വാളൂരി ആ പാമ്പിനെക്കൊന്ന ശേഷം മരത്തിന്റെ താഴെ ഉറങ്ങുവാൻ കിടന്നു.

അധികനേരം വിശ്രമിക്കുന്നതിന്നുമുമ്പു് വലിയ പക്ഷിക ളെത്തി. "ഞങ്ങളുടെ ജീവനെ രക്ഷിച്ച ആ മനുഷ്യനെ വേണ്ട പോലെ സല്ക്കരിച്ചല്ലാതെ ഞങ്ങൾ യാതൊന്നും തിന്നുകയില്ല." ആ പക്ഷിക്കുഞ്ഞുങ്ങൾ പറഞ്ഞു.

പക്ഷികൾ അയാൾക്കു വേണ്ട ഭക്ഷണങ്ങൾ കൊണ്ടുവന്നു. അയാൾ എഴുന്നേററപ്പോൾ അവ തങ്ങളുടെ കൃതജ്ഞതയുടെ അ ടയാളമായി ആ ഭക്ഷണം സ്വീകരിക്കണമെന്നപേക്ഷിച്ചു.

അയാൾ പറഞ്ഞു. "ദേവകുണ്ഡത്തിലെ തീർത്ഥം കിട്ടുന്ന തുവരെ ഞാൻ യാതൊന്നും കഴിക്കുകയില്ല."

"അത്രയെളുപ്പമുള്ള കാര്യമല്ല." ആൺപക്ഷി പറഞ്ഞു.

"പക്ഷെ താങ്കൾ ഞങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ചതിന്നു ഞങ്ങളുടെ ജീവൻ ബലികഴിച്ചും താങ്കളോടുള്ള കടം വീട്ടുവാൻ ശ്രമിക്കാം. താങ്കൾ ഇവിടെത്തന്നെ ഇരിക്കു. മൂന്നു ദിവസത്തിന്നുള്ളിൽ ഞാൻ തിരിച്ചെത്തിയില്ലെങ്കിൽ ദേവന്മാർ എന്നെ കൊന്നുവെന്നു കണക്കാക്കിക്കൊള്ളണം. പിന്നെ എൻെറ ഇണ പൊയ്ക്കൊള്ളും. അവളും തിരികെ വന്നില്ലെങ്കിൽ എൻെറ കുഞ്ഞുങ്ങൾ പൊയ്ക്കൊള്ളും. അവയും വന്നില്ലെങ്കിൽ താങ്കൾ വിധിയനുസരിച്ച് ചെയ്തുകൊള്ളണം."

എന്നും പറഞ്ഞു് ആൺപക്ഷി ഏഴായിരം മുഴം നീളമുള്ള ഒരു കയറു കൊണ്ടുവന്നു അതിൻെറ അററത്തു ഒരു പാത്രം കെട്ടി. കയറിൻെറ മറേറതല കൊത്തി അതു് പറന്നു ലക്ഷ്യസ്ഥാനത്തേക്കു പുറപ്പെട്ടു. ദേവന്മാർതന്നെ സംശയിക്കരുതെന്നു കരുതി ആ പക്ഷി ദേവകുണ്ഡത്തിൽനിന്നു് ഏഴായിരം മുഴം മീതെയാണു് പറന്നതു്. സമയം വൈകുന്നേരമായിരുന്നു. കാവൽക്കാർ ഭക്ഷണം കഴിഞ്ഞു് ഉറങ്ങുന്ന സമയം. ആ തഞ്ചം നോക്കി പക്ഷി മെല്ലെ ആ പാത്രം കുണ്ഡത്തിൽ മുക്കി നിറയെ തീർത്ഥം കോരി തിരികെവന്നു് വർത്തകപുത്രന്നു കൊടുത്തു.

ആ യുവാവു് തൻെറ കൃതജ്ഞത രേഖപ്പെടുത്തി തീർത്ഥവും കൊണ്ടു പുറപ്പെട്ടപ്പോൾ പക്ഷികൾ പറഞ്ഞു.

"താങ്കൾ ഞങ്ങൾക്കു ചെയ്ത ഉപകാരത്തിന്നു പാരിതോഷികമായി ഞങ്ങളുടെ ഒരു കുഞ്ഞിനെ സ്വീകരിക്കുമെങ്കിൽ ഞങ്ങൾ സംതൃപ്തരാകും. ഒരു കാലത്തു് അതു് താങ്കൾക്കു് ഉപയോഗപ്രദമാവുകയും ചെയ്യും." വർത്തകപുത്രൻ പുലിക്കുട്ടിയേയും പക്ഷിക്കുഞ്ഞിനേയുംകൊണ്ടു് ആ സ്ഥലം വിട്ടു. യാത്രാമദ്ധ്യേ അയാൾ ഒരു നാട്ടിലെത്തി. അവിടുത്തെ രാജാവിൻെറ പുത്രി പന്ത്രണ്ടുകൊല്ലം തപസ്സുചെയ്തു് ശിവനെ പ്രസാദിപ്പിച്ചു് ചിരഞ്ജീവിയാകാനുള്ള വരം നേടിയിരുന്നു.

"നീ ഒരു കാലത്തും മരിക്കുകയില്ല." മഹാദേവൻ അവളോടു പറഞ്ഞു. "പക്ഷെ നീ ഒരു മൃതദേഹത്തെയാണു് ഭർത്താ

വായി വരിക്കുക. അയാൾക്ക് നീ ആയുസ്സുകൊടുക്കുകയും ചെയ്യും. പിന്നെ നിങ്ങൾ രണ്ടുപേരും ചിരഞ്ജീവികളായി സസുഖം വാഴുകയും ചെയ്യും."

രാജകുമാരിക്ക് ജ്യോതിഷമറിയാമായിരുന്നു. വർത്തകപുത്രൻ നഗരത്തിലെത്തിയ വർത്തമാനംകേട്ട് അവൾ അയാളെ വരുത്തി തന്നെ കല്യാണം കഴിക്കണമെന്നഭ്യർത്ഥിച്ചു. പക്ഷെ അയാൾ നിരസിച്ചു. രാജകുമാരി അയാളുടെ ഭാര്യയുടെ കുതന്ത്രങ്ങളെല്ലാം മനസ്സിലാക്കുകയും അയാളെ അതിൽനിന്നു രക്ഷിക്കണമെന്നു തീർച്ചയാക്കുകയും ചെയ്തു. അവൾ അയാൾ കൊണ്ടുവന്ന പുണ്യതീർത്ഥം മറെറാരു പാത്രത്തിലാക്കിവെക്കുകയും ആ പാത്രത്തിൽ സാധാരണ വെള്ളം നിറയ്ക്കുകയും ചെയ്തു. അവൾ പുലിക്കുട്ടിയേയും പക്ഷിക്കുഞ്ഞിനേയും ഒരു ഭാഗത്തേക്കു വിളിച്ചു പറഞ്ഞു. "ഇന്നു രാത്രി ഈ മനുഷ്യൻെറ ഭാര്യ അയാളെ കൊല്ലും. ശവം വലിച്ചെറിയുമ്പോൾ നിങ്ങളിൽ ഒരാൾ തലയും മററവൻ ദേഹവും എടുത്തുകൊണ്ട് എൻെറ അടുക്കെ വരണം."

വർത്തകപുത്രൻ ഈവക യാതൊന്നുമറിഞ്ഞില്ല. കയ്യിലുള്ള പാത്രത്തിൽ പുണ്യതീർത്ഥമാണെന്നും കരുതി ഭാര്യയുടെ അടുക്കലേക്കു മടങ്ങിച്ചെന്നു. അയാൾ മടങ്ങിവരുകയാണെങ്കിൽ തങ്ങൾതന്നെ അയാളെ കൊല്ലണമെന്നു ആ ഭാര്യയും രാക്ഷസനുംകൂടി നിശ്ചയിച്ചിരുന്നു. വീട്ടിലെത്തിയപ്പോഴേക്കും അയാൾ വല്ലാതെ തളർന്നിരുന്നു. അതിനാൽ നേരത്തെ കിടന്നു ക്ഷണത്തിൽ ഗാഢനിദ്രപ്രാപിച്ചു. ഭാര്യ അരികെവന്നു അയാളുടെ കഴുത്തു വെട്ടി മുറിക്കുകയും ചെയ്തു. പിന്നീടവൾ ആ രാക്ഷസനെ തടവിൽനിന്നു തുറന്നുവിട്ടു.

പുലിക്കുട്ടിയും പക്ഷിക്കുഞ്ഞും അതെല്ലാം നോക്കിക്കൊണ്ടിരുന്നു. തഞ്ചംനോക്കി അവ വർത്തകപുത്രൻെറ തലയും ദേഹവും എടുത്ത് രാജകുമാരിയുടെ അടുക്കെച്ചെന്നു. അതിനിടെ അവൾ തന്നെ പാതിവഴി അങ്ങോട്ടു ചെന്നിരുന്നു. അവൾ

ആ പുണ്യതീർത്ഥം ശവത്തിന്റെ ഇരുഭാഗങ്ങളിലും തളിച്ചു. ഹരന്റേയും പാർവ്വതിയുടേയും നാമവും ജപിച്ചു. തീർത്ഥം അതിന്റെ പ്രഭാവം കാണിച്ചു. അയാൾ എഴുന്നേററിരുന്നു് കണ്ണു തിരുമ്പി പറഞ്ഞു. "ഹൌ! എത്ര സുഖമായിട്ടാണു് ഞാനുറങ്ങിയതു്!"

അയാൾ ഭാര്യയെവിടെയെന്നു നോക്കി. പക്ഷേ രാജകുമാരി സംഭവിച്ചതെല്ലാം പറഞ്ഞു. ആദ്യം അയാളതു വിശ്വസിച്ചില്ല. കണ്ടേ വിശ്വസിക്കൂ എന്നും കരുതി അയാൾ വീട്ടിൽ ചെന്നു നോക്കി. തന്റെ ഭാര്യയും രാക്ഷസനും മേളിച്ചിരിക്കുന്നതുകണ്ടു് അയാൾ വാളൂരി അവരെ രണ്ടുപേരേയും കൊന്നു. പിന്നീടു് അയാൾ രാജകുമാരിയെ കല്യാണം കഴിക്കുകയും എന്നെന്നും സുഖമായി വാഴുകയും ചെയ്തു.

# ആടും, ആട്ടിൻകുട്ടിയും, ചെന്നായും, മുയലും

(തിബത്തിലെ പഴങ്കഥ)

തിബത്തിലെ ഒരടിവാരത്തിൽ ഒരാട്ട് താമസിച്ചിരുന്നു. ഓരോ കൊല്ലവും ആ ആട്ട് തന്റെ കുട്ടിയോടുകൂടി വേനൽക്കാലമായാൽ താഴ്വരവിട്ട്, പുല്ല് സുലഭമായി വളരുന്ന വടക്കേ മലയിലേക്ക് കയറിപ്പോവുക പതിവായിരുന്നു. അവിടെ വേനൽക്കാലം മുഴുവനും മററു വളരെ ആടുകളും ചെന്നു മേയുക പതിവായിരുന്നു.

ഒരിയ്ക്കൽ പതിവുപോലെ ആട്ട് വടക്കോട്ടുപോയി. തുള്ളിക്കളിച്ചുകൊണ്ട് കുട്ടിയും അതിന്റെക്കൂടെയുണ്ടായിരുന്നു. വഴിയിൽക്കൂടെയങ്ങിനെ പോകുമ്പോൾ പെട്ടെന്നൊരു ദിവസം വലിയ ഭയങ്കരനായ ഒരു ചെന്നായ ആട്ടിന്റെ മുമ്പിൽ ചാടിവീണു.

"നമസ്കാരം, ചേച്ചി." ചെന്നായ പറഞ്ഞു. "എവിടേക്കാ പോകുന്നതു്?"

"ഓ ചെന്നായ അമ്മാവനോ?" പേടിച്ചുവിറച്ച ആടു പറഞ്ഞു. "ഞങ്ങളൊരുപദ്രവവും ചെയ്യുന്നില്ല. ഞാനെന്റെ കു

ഞതിനെയുംകൊണ്ടു് വടക്കൻ മലയിലേക്കു് മേയുവാൻ പോവുകയാണു്."

"ശരി" ചെന്നായ പറഞ്ഞു. "എനിക്കു് നിങ്ങളോടു് അനുകമ്പയുണ്ടു്. പക്ഷെ എനിക്കു വല്ലാത്ത വിശപ്പുണ്ടു് നിങ്ങളെ രണ്ടുപേരേയും തിന്നേണ്ടിവരും."

"ചെന്നായ അമ്മാവാ, ദയവുചെയ്തു് അതു ചെയ്യരുതേ! ഞങ്ങളെ ഇപ്പോൾ തിന്നേണ്ട. നിങ്ങൾ ശരൽക്കാലംവരെ ക്ഷമിച്ചിരുന്നാൽ കൂടുതൽ ഗുണമുണ്ടാവും. കാരണം ഞങ്ങൾ രണ്ടുപേരും അപ്പോഴെക്കും ഇന്നത്തെക്കാൾ കവിഞ്ഞതടിയുണ്ടാകും. അന്നു തിന്നാൽ നിങ്ങൾക്കധികഗുണവുമുണ്ടാകും."

അതു് നല്ലൊരാശയമാണെന്നു തോന്നി ചെന്നായക്കു്.

"ശരി, ചേച്ചി, ഞാനിപ്പോൾ നിങ്ങളെ വിടാം. പക്ഷെ ഒരു കരാറു്. ശരൽക്കാലത്തു് മടങ്ങിവരുമ്പോൾ നിങ്ങൾ എന്നെ ഇതേസ്ഥലത്തുവെച്ചു കാണണം."

എന്നും പറഞ്ഞു് ചെന്നായപോയി. ആടുംകുട്ടിയും വടക്കോട്ടു യാത്ര തുടർന്നു. വഴിയിൽവെച്ചു് ചെന്നായെക്കണ്ടതെല്ലാം മറക്കുകയും ചെയ്തു.

വേനൽക്കാലം മുഴവനും അവ വടക്കൻ മലയിലുള്ള കൊഴുത്തു വളർന്ന പുല്ലുതിന്നു മേഞ്ഞു. ശരൽക്കാലമടുക്കാറായപ്പോഴേക്കും അവ രണ്ടും വളരെ തടിച്ചുകൊഴുത്തു. ആ ചെറിയ ആട്ടിൻ കുട്ടി ഒരു വലിയ ആടായിത്തീർന്നു.

തെക്കോട്ടു മടങ്ങാനുള്ള സമയമായപ്പോൾ തള്ളയാടിന്നു് ചെന്നായയുമായുള്ള കരാറിനെപ്പററി ഓർമ്മവന്നു. ഓരോദിവസവും തെക്കോട്ടണയുന്തോറും അതിന്നു് വ്യസനം കൂടിക്കൂടി വന്നു.

ഒരുദിവസം, അവ ചെന്നായയെക്കണ്ട സ്ഥലത്തെത്താറായപ്പോൾ മുമ്പിൽ ഒരു മുയൽ വരുന്നതു കണ്ടു. മുയൽ ആടിനോടു് വന്ദനം പറഞ്ഞു. ആട്ടിന്റെ മൌഢ്യംകണ്ടു് മുയൽ പറഞ്ഞു.

"നമസ്കാരം സഹോദരി, ഇത്ര നല്ല തടിയും ഒന്നാതരം ഒരു കുട്ടിയും ഉള്ള നിങ്ങൾക്കെന്താണിത്ര വലിയൊരു മൌഢ്യം?"

"സഹോദരാ, എന്റെ കഥ വളരെ ദയനീയമാണ്. കാൎയ്യമിതാണ്. കഴിഞ്ഞവസന്തത്തിൽ ഞാനും എന്റെ കുട്ടിയും കൂടെ ഇതേവഴിയിൽ വരുന്ന സമയത്തു് ഞങ്ങൾ ഭയങ്കരനായ ഒരു ചെന്നായയെക്കണ്ടു. അതു ഞങ്ങളെ തിന്നാൻവന്നു. പക്ഷെ മടങ്ങുമ്പോഴേക്കു് ഞങ്ങൾ കുറെക്കൂടി തടിക്കുമെന്നും എന്നിട്ടുതിന്നാൽ അതിന്നു് കുറെക്കൂടി ഫലമുണ്ടാവുമെന്നും പറഞ്ഞു് ഞാൻ തല്ക്കാലം രക്ഷനേടി. ചെന്നായ സമ്മതിക്കുകയും മടങ്ങിവരുമ്പോൾ അതേസ്ഥലത്തുവെച്ചു് കാണണമെന്നു് കരാറു ചെയ്യിക്കുകയും ചെയ്തു. ഞങ്ങളാസ്ഥലത്തെത്താറായി. ഒന്നോ രണ്ടോ ദിവസത്തിന്നുള്ളിൽ ഞങ്ങളെ രണ്ടാളേയും ആ ചെന്നായ കൊല്ലുമല്ലോ എന്നാണെന്റെ ഭയം."

എന്നുംപറഞ്ഞു് ആ സാധുമൃഗം കരയാൻ തുടങ്ങി.

"കഷ്ടംതന്നെ! തികച്ചും ദയനീയമായ കഥ. പക്ഷെ സോദരീ, ധൈൎയ്യമായിരിക്കു. ആ കാൎയ്യം എനിക്കുവിട്ടു. അതിന്നുത്തരം ഞാൻ പറഞ്ഞുകൊള്ളാം. ഞാൻ ചെന്നായയെ പറഞ്ഞൊപ്പിച്ചുകൊള്ളാം."

അങ്ങിനെ പറഞ്ഞു സമാധാനിപ്പിച്ചു് മുയൽ ചില ഏർപ്പാടുകളെല്ലാം ചെയ്തു. മുയൽ നന്നായി വസ്ത്രം ധരിച്ചു. പുതിയ രോമത്തുണികൾകൊണ്ടുള്ള ഉടുപ്പ്, ഇടത്തെ കാതിലൊരു നീണ്ട വളയം, മോടിയുള്ളൊരു തൊപ്പി, എന്നിതൊക്കെ ധരിച്ചു. ആടിന്റെ മേൽ ഒരു ജീനിവെച്ചു കെട്ടി, രണ്ടു ചെറിയ കെട്ടുകളുണ്ടാക്കി ആട്ടിൻകുട്ടിയുടെ മീതെ വിലങ്ങനെവെച്ചു് കയർകൊണ്ടു് കെട്ടി. ഈ ഏർപ്പാടുകളെല്ലാം കഴിഞ്ഞു മുയൽ കയ്യിൽ ഒരു വലിയ കടലാസെടുത്തു. ചെവിയിൽ ഒരു പേന തിരുകിവെച്ചു. എന്നിട്ടു് അതു് ആട്ടിൻപുറത്തു് കയറിയിരുന്നു് യാത്രതുടങ്ങി.

അവ ചെന്നായയെ കാണേണ്ട സ്ഥലത്തെത്തി. പറഞ്ഞ സ്ഥലത്തു് ചെന്നായ കാത്തുനിൽപ്പുണ്ടു്.

ചെന്നായ നിന്നിരുന്നേടത്തുനിന്നു പറഞ്ഞാൽ കേൾക്കുന്ന ദൂരത്തെത്തിയപ്പോൾ മുയൽ അധികാരസ്വരത്തിൽ ചോദിച്ചു.

"ആരാണു് നീ? എന്താണിവിടെ ചെയ്യുന്നതു്?"

"ഞാൻ ചെന്നായയാണു്. കരാറനുസരിച്ചു് ഞാൻ ഈ ആടിനേയും കുട്ടിയേയും തിന്നാൻ കാത്തുനിൽക്കുകയാണു്. താങ്കളാരാണാവോ?"

"ഞാനാണു് ലോംഡൻ എന്ന മുയൽ. ചീനാചക്രവർത്തി എന്നെ ഒരു പ്രത്യേക ദൌത്യവുംതന്നു് ഇന്ത്യക്കയച്ചിരിക്കുകയാണു്. ഓ, കൂട്ടത്തിലൊന്നു പറഞ്ഞേക്കാം. ഇന്ത്യാരാജാവിന്നു പാരിതോഷികമായി പത്തു ചെന്നായത്തോലുകൾ കൊണ്ടുപോകണമെന്നും എനിക്കു കല്പനയുണ്ടു്; നിന്നെ ഇവിടെക്കണ്ടതു് ഭാഗ്യമായി! ഒന്നു് നിന്റെ തോലുതന്നെയാക്കിക്കളയാം."

എന്നുംപറഞ്ഞു് മുയൽ കടലാസ്സും പേനയുമെടുത്തു. "1" എന്നു് വലുതാക്കിയെഴുതി.

ഇതുകേട്ടു് പേടിച്ചരണ്ട ചെന്നായ വാലും നെറുകിൽപ്പിടിച്ചു് ആത്മഭീതിയോടെ ഓടിമറഞ്ഞു. ആടും കുട്ടിയും മുയലിനെ ഹൃദയംഗമമായി അഭിനന്ദിച്ചു് പോവുകയും ചെയ്തു.

# ലാമയുടെ ഭൃത്യൻ

തിബത്തിലെ വിജനപ്രദേശത്തെ ഒരു കുന്നിൻെറ നെറുകിലുള്ള ഒരു ചെറിയ വീട്ടിൽ വൃദ്ധനായ ഒരു ലാമ താമസിച്ചിരുന്നു. അദ്ദേഹം പരമഭക്തനായിരുന്നു. സദാ നാമവും ജപവും ധ്യാനവുമായി കഴിഞ്ഞിരുന്ന ഒരു പുണ്യവാൻ. നീചകുലത്തിൽ പിറന്ന ഒരു ചെറുപ്പക്കാരനെ മാത്രമെ അദ്ദേഹം തൻെറ വീട്ടിൽ പെരുമാറുവാനനുവദിച്ചുള്ളു. ആ ചെറുപ്പക്കാരൻ അദ്ദേഹത്തിൻെറ ഭൃത്യനായി, അദ്ദേഹത്തിനുള്ള ഭക്ഷണം പാകം ചെയ്യുകയും മററു വീട്ടുജോലികൾ ചെയ്യുകയും പതിവായിരുന്നു. ഈ മനുഷ്യൻ ഒരു പ്രത്യേക വ്യക്തിയായിരുന്നു. ഒരു വിചിത്രമനുഷ്യൻ. വലിയ തമാശക്കാരൻ. പക്ഷെ ആശ്രമോചിതമായ ജോലിക്കു് ഒട്ടും പററാത്തവനായിരുന്നു.

ലാമയുടെ ഭക്ഷണം മതാചാരമനുസരിച്ചുള്ളതും വളരെ ലഘുവുമായിരുന്നു. അദ്ദേഹം അഹിംസാവ്രതം അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ ഭക്ഷണം ഗോതമ്പു്, വെണ്ണ മുതലായ സാധനങ്ങളായിരുന്നു. ഒരു തരത്തിലുള്ള മാംസവും അദ്ദേഹം തൊട്ടിരുന്നില്ല. ഈ ജീവിതരീതി

ഭൃത്യൻ, റിൻസിംഘന്നു് അത്ര പിടിച്ചില്ല. അവന്നു് നല്ല ദഹനമുണ്ടായിരുന്നു. മാംസമില്ലാതെ അവന്നു് വല്ലാതെ വിറളി പിടിച്ചു. ഒരാടിനെക്കൊല്ലുവൻ അവൻ ലാമയോടു പറഞ്ഞു നോക്കി. ലാമ സമ്മതിച്ചില്ല. ഒരു കാരണത്തിലും ഒരു ജീവിയേയും കൊല്ലരുതെന്നു ശാസിക്കുകയും ചെയ്തു.

ഒരുദിവസം കൂട്ടംപിരിഞ്ഞ ഒരാടു് ലാമയുടെ വീടിന്നു ചുറ്റും കിടന്നു തിരിയുന്നതു് ഭൃത്യൻ കണ്ടു. അവനതിനെ ആട്ടിപ്പിടിച്ചു അതിനെ വീട്ടിലെ താഴത്തൊരു മുറിയിലിട്ടു് അവൻ മുകളിലെ മുറിയിലേക്കു കയറിച്ചെന്നു. അവിടെ നിലത്തുള്ള ഒരു ദ്വാരത്തിൽക്കൂടെ ഒരു കയറിട്ടു് ആട്ടിൻെറ കഴുത്തിൽ കുടുക്കിട്ടുവെച്ചു. ഈ ഏർപ്പാടുകളെല്ലാം ചെയ്തശേഷം, അവൻ, ഐഹികചിന്തയില്ലാതെ ധ്യാനനിരതനായിരിക്കുന്ന ലാമയുടെ മുറിയിലേക്കു ചെന്നു.

"ലാമ, ഞാൻ അവിടുത്തോടൊരു കാര്യം പറവാൻ വന്നതാണു്. കുന്നിൻെറ അടിവാരത്തിൽ താമസിക്കുന്ന ഒരാളുടെ ആടു് നമ്മുടെ വീട്ടിന്നുചുറ്റും കിടന്നു തിരിയുന്നകണ്ടു്, വല്ല ചെന്നായയും പിടിച്ചു തിന്നുമെന്നു ഭയന്നു് ഞാൻ അതിനെ കൊണ്ടുവന്നു് താഴത്തെ മുറിയിൽ കെട്ടിയിട്ടിട്ടുണ്ടു്. പക്ഷെ ആടു് കുറെ സാഹസിയാണു്. കെട്ടറുത്തു പോകാൻ കിടന്നു പിടയുകയാണതു്. അങ്ങു് കുറച്ചുനേരം ഈ കയറൊന്നു പിടിക്കുമെങ്കിൽ ഞാൻ ചെന്നു് അതിൻെറ ഉടമസ്ഥനോടു വിവരം പറയാം." ഭൃത്യൻ പറഞ്ഞു.

ന്യായമായ അഭ്യർത്ഥനകളൊന്നും ഒരിക്കലും നിരസിക്കാത്ത വൃദ്ധ ലാമ അതുപ്രകാരം ചെയ്യുവാനൊരുങ്ങി, എഴുന്നേറ്റു് ഭൃത്യൻെറകൂടെ അടുത്തമുറിയിലേക്കു ചെന്നു.

"ഇതാ ഈ കയറുപിടിക്കു." ആടിനെ കെട്ടിയ കയറിൻെറ മറേറതല ലാമയുടെ കയ്യിൽക്കൊടുത്തു് ഭൃത്യൻ പറഞ്ഞു. "കയർ ബലമായിപ്പിടിക്കണേ, അല്ലെങ്കിലതു പൊയ്ക്കളയും."

ലാമ കയർ മുറുക്കിപ്പിടിച്ചു. ഷീടുവിട്ട് പോകുവാൻ ഭാവിക്കുന്ന നിലയിൽ ഭൃത്യൻ താഴത്തേക്കിറങ്ങിപ്പോയി. അവൻ നേരെ ആട്ടിനെ കെട്ടിയിട്ടിരുന്ന മുറിയിൽച്ചെന്ന് ഒരു കൂർത്ത വടിയെടുത്തു് അതിനെ കുത്തി ഞെരുക്കുവാൻ തുടങ്ങി. പ്രാണവേദനയിൽ ആട്ട് ഉള്ള ശക്തി മുഴവനുമിട്ട് പിടയുവാൻ തുടങ്ങി. ആട്ട് പിടയുന്തോറും ലാമ മുകളിൽനിന്ന് വലിമുറുക്കി. അവസാനം അല്പനേരത്തെ വലി കഴിഞ്ഞപ്പോൾ, ആട്ടിൻെറ കഴുത്തിലെക്കെട്ടു മുറുകി അതു് ശ്വാസം മുട്ടിച്ചത്തു.

ഒന്നു രണ്ടു മണിക്കൂർ കഴിഞ്ഞശേഷം ഭൃത്യൻ മടങ്ങിവന്ന് മീതെ ചെന്ന് ലാമയോട്ട്, താൻ ആട്ടിൻെറ ഉടമസ്ഥനെ അന്വേഷിക്കുവാൻ പോയതിന്നുള്ളിൽ ആട്ട ചത്തുപോയിയെന്നു പറഞ്ഞു. ആ പരിതസ്ഥിതിയിൽ അതിനെ പാകംചെയ്യുന്നതാണുത്തമമെന്നും അവനഭിപ്രായപ്പെട്ടു. യാതൊരു ശങ്കയും തോന്നാതെ ലാമ അതിന്നു സമ്മതിച്ചു. കുറെ ദിവസത്തിന്ന് ഭൃത്യന്നു് ഇഷ്ടംപോലെ ഒന്നാന്തരം മാംസവും തിന്നാൻ കുഴിഞ്ഞു.

ഇടയച്ചെറുക്കൻ ആടിനെത്തിരഞ്ഞു് ലാമയുടെ വീട്ടിൽ വന്നു് ജനാലയിൽക്കൂടിയെത്തിനോക്കിയപ്പോൾ സംഭവങ്ങളെല്ലാം കണ്ടു. അവൻ ചെന്ന് രക്ഷിതാക്കളോട്ട് വിവരം പറഞ്ഞു. കുപിതരായ അവർ വന്നു് ലാമയോട്ട് ഭൃത്യൻെറ നടപടിയെപ്പററി ആവലാതി പറഞ്ഞു. ഭൃത്യൻെറ ചതിയും ക്രൂരതയുംകണ്ടു് ദ്വേഷ്യംവന്ന ലാമ ഉടനെത്തന്നെ അവനെ പിരിച്ചയച്ചു. മേലിൽ അങ്ങോട്ടു് തിരിഞ്ഞുനോക്കരുതെന്നും പറഞ്ഞു. റിൻസിംഹൻ ഭാണ്ഡംകെട്ടി സ്ഥലംവിട്ടു. ലോകത്തിൽ മറെറവിടെയെങ്കിലും ജീവിതം കഴിക്കാൻ നോക്കാമെന്നു കരുതി.

ആദ്യമൊക്കെ അവന്നു് വളരെയധികം വ്യസനം തോന്നി. പക്ഷെ ജന്മനാ യാതൊരു മനക്കരുത്തുമില്ലാത്ത അവൻ

കഴിഞ്ഞതെല്ലാം മറന്നു് വീണ്ടും ഉത്സാഹത്തോടെ പാടിയാന ന്ദിച്ചുകൊണ്ടു് വഴിനടന്നുപോയി. പോകുമ്പോൾ വല്ലതും വഴിയിൽവന്നു ചാടുമോ എന്നു് നോക്കിക്കൊണ്ടായിരുന്ന അവൻെറ പോക്കു്. അധികം ദൂരം പോകുന്നതിന്നുമുമ്പുതന്നെ അവനു്, അതേവഴി പോയിരുന്ന മറെറാരു ചെറുപ്പക്കാരനെ കൂട്ടു കിട്ടി. രണ്ടുപേരും ചേർന്നു് സംഭാഷണം തുടങ്ങി. റിൻസിംഹൻ കഴിഞ്ഞ സംഭവങ്ങളൊക്കെ സ്നേഹിതനെ പറഞ്ഞു കേൾപ്പിച്ചു. അല്പം പണം സമ്പാദിക്കുവാൻ തനിക്കു മോഹമുണ്ടെന്നും അറിയിച്ചു.

"സന്തോഷം, സഹോദരാ," മററവൻ പറഞ്ഞു. താങ്കളെ സഹായിക്കാൻ പററിയ മനുഷ്യൻ ഞാൻതന്നെയാണു്. കാരണം ഞാനൊരു കള്ളനാണു്. മനസ്സിലാക്കിക്കൊള്ളു. എന്നാണു് ഭാഗ്യം കടാക്ഷിക്കുന്നതെന്നു നോക്കി നടക്കുകയാണു് ഞാൻ. നമുക്കൊരുമിച്ചുകൂടാം. കാലതാമസമില്ലാതെ നമുക്കെന്തെങ്കിലും നേടാം. അല്ലെങ്കിൽ നമ്മെ ഒന്നിന്നും കൊള്ളില്ലെന്നാണർത്ഥം. അവരൊരുമിച്ചു നടന്നു. വൈകുന്നേരത്തോടെ അവർ ഫലഭൂയിഷ്ഠമായ ഒരു തോട്ടമുള്ള വീടു് കണ്ടു. കള്ളൻ തനിച്ചുപോയി അന്വേഷണങ്ങൾ തുടങ്ങി. അവൻ മടങ്ങിവന്നു് കിട്ടിയ വിവരങ്ങളെല്ലാം ചങ്ങാതിയോടു് പറഞ്ഞു. ആ വീട്ടിൻെറ ഉടമസ്ഥൻ തലേന്നാൾ മരിച്ചുവെന്നും, അയാളെ അയാളുടെ മുറിയിൽത്തന്നെ മറചെയ്യുവാൻ പോകുകയാണെന്നും ഭൃത്യന്മാർ അവനോടു പറഞ്ഞിരുന്നു. അയാളുടെ ഏകബന്ധു മകൾ മാത്രമാണു്. അക്കണ്ടസ്വത്തിനത്രയും അവകാശിനി അവളാണു്. അവൾ ആ വലിയ വീട്ടിൽക്കിടന്നു് അച്ഛനെയോർത്തു് കരയുകയാണു്. പുറമെ അയാൾക്കു് ഒരുകാലത്തു് ഒരു മകനുണ്ടായിരുന്നുവെന്നും അവൻ വളരെക്കൊല്ലങ്ങൾക്കുമുമ്പു് വീടുവിട്ടു് ഓടിപ്പോയെന്നും പിന്നീടവനെപ്പററി യാതൊരു വിവരവുമില്ലെന്നുംകൂടി കള്ളൻ മനസ്സിലാക്കിയിരുന്നു.

"എനിക്കൊരു സൂത്രം തോന്നുന്നു. താങ്കൾ ജനലിൽക്കൂടി

ക്കയറി ആ കിഴവനെ മറചെയ്യുന്ന മുറിയിൽ കടക്കണം. എന്നിട്ടെവിടെയെങ്കിലും ഒളിഞ്ഞിരിക്കണം. താങ്കൾ തയ്യാറായിക്കഴിഞ്ഞാൽ ഞാൻ ആ വീട്ടിൽച്ചെന്ന് ആ സ്ത്രീയോട് ഞാനവളുടെ സഹോദരനാണെന്നും വളരെക്കാലം ചുററിത്തിരിഞ്ഞ ശേഷം മടങ്ങിവന്നിരിക്കയാണെന്നും പറയാം. ഒരു പക്ഷെ അവളതു വിശ്വസിക്കുകയില്ല. സത്യം തെളിയാൻ അച്ഛന്റെ ശവത്തോട് ചോദിക്കണമെന്നു ഞാൻ അഭിപ്രായപ്പെടാം. ശവം കിടക്കുന്ന മുറിയിൽ ഞങ്ങൾ വന്ന്, ഞാൻ അയാളുടെ പുത്രനല്ലേയെന്നു ചോദിക്കുമ്പോൾ താങ്കൾ അതെയെന്നു പറയണം. അങ്ങിനെ അതു തെളിയിച്ചാൽ പകുതി സ്വത്തെങ്കിലും എനിക്കു കിട്ടും. അതിലോഹരി തീർച്ചയായും താങ്കൾക്കുമുണ്ട്. പക്ഷെ ഒന്നു ശ്രദ്ധിക്കണം. രാവിലെയാകുന്നതിന്നുമുമ്പ് മുറിയിൽ നിന്നിറങ്ങിപ്പോകരുത്. പോയാൽ രാത്രി തെണ്ടിത്തിരിയുന്ന നായ്ക്കൾ താങ്കളെ കണ്ടുപിടിക്കും." കള്ളൻ പറഞ്ഞു.

റിൻസിംഹൻ എല്ലാം സമ്മതിച്ചു. അവൻ ജനാലയിൽകൂടി കയറി, ശവം കിടക്കുന്ന മുറിയിലെത്തി, അതിന്റെയടുക്കെ ചങ്ങാതിയുടെ വരവും കാത്ത് ഒളിഞ്ഞുകിടന്നു. കള്ളൻ ധൈര്യസമേതം ഉമ്മറത്തു ചെന്ന് വാതില്ക്കൽ ഉറക്കെ മുട്ടി. ഭൃത്യന്മാർ വാതിൽ തുറന്നു. അവൻ നേരെ ആ യുവതിയുടെ മുറിയിലേക്കു കയറിച്ചെന്നു.

"ആരാണ് നിങ്ങൾ? എന്താണ് വേണ്ടതു്?"

"എന്റെ പൊന്നനുജത്തീ, നിന്റെ ജ്യേഷ്ഠനാണ് ഞാൻ നീയെന്നെ തിരിച്ചറിയുന്നില്ലേ?"

"ഇല്ല, നിങ്ങളെ തിരിച്ചറിയുവാൻ എനിക്കു സാധ്യമല്ല. കാരണം നിങ്ങളോടിപ്പോയ കാലത്ത് ഞാൻ ചെറിയൊരു കുട്ടിയായിരുന്നു. അച്ഛനല്ലാതെ മററാർക്കും നിങ്ങളെ തിരിച്ചറിയുവാൻ കഴിയുകയില്ല. പക്ഷെ, അദ്ദേഹം, അയ്യോ, ഇന്നലെ മരിച്ചു." അവൾ പറഞ്ഞു.

"അതു കഷ്ടമായിപ്പോയി. കാരണം ഇനി എന്റെ വാസ്ത

വങ്ങൾ തെളിയിക്കാൻ വിഷമമാണ്. ഏതായാലും അച്ഛന്റെ മൃതദേഹം കിടക്കുന്ന മുറിയിൽച്ചെന്ന് ഞാനദ്ദേഹത്തിന്റെ പുത്രനല്ലേയെന്നു ചോദിച്ചുനോക്കാം." കള്ളൻ പറഞ്ഞു.

ആ സ്ത്രീ സമ്മതിച്ചു. അവർ രണ്ടുപേരും ശവംവെച്ച മുറിയിലേക്കു ചെന്നു.

ആ ശവത്തെ മറചെയ്യുവാൻ തിബത്തിലെ ആചാരപ്രകാരം ഒരുക്കിക്കിടത്തിയിരുന്നു.

"അച്ഛാ, അച്ഛനില്ലേ അവിടെ?" ആ ഇരുളടഞ്ഞ മുറിയിൽ കടക്കുന്നതോടെ കള്ളൻ ചോദിച്ചു. റിൻസിംഹൻ പ്രേതത്തിന്റെ സ്വരത്തിൽ അതിന്നു മറുപടി പറഞ്ഞു. "ഉണ്ട്."

"ഞാൻ അവിടുത്തെ നഷ്ടപ്പെട്ട പുത്രനാണോ അല്ലയോ എന്ന് ചോദിക്കുവാനാണ് ഞങ്ങൾ വന്നിരിക്കുന്നത്."

"ആണ്." റിൻസിംഹൻ മറുപടി പറഞ്ഞു.

അതു കേട്ടവുടൻ കള്ളൻ തിരിഞ്ഞുനടന്നു. അവനാരെന്നു പൂർണ്ണബോദ്ധ്യം വന്ന ആ യുവതി അവന്റെ പിന്നാലെ ച്ചെന്നു.

"അനുജത്തീ" അവരിരുവരും തനിച്ചായപ്പോൾ കള്ളൻ പറഞ്ഞു. "എന്റെ കഥ നീ അറിഞ്ഞുവല്ലോ. പക്ഷെ നിർഭാഗ്യവശാൽ എനിക്ക് ഇവിടെ താമസിക്കുവാൻ സൌകര്യമില്ല. എനിക്കിന്ന് രാത്രിതന്നെ അടിയന്തിരമായി ഒരു കാര്യം ചെയ്തുതീർക്കേണ്ടതുണ്ട്. അതിനാൽ ഈ വീടും സകല ഭൂസ്വത്തുക്കളും ഞാൻ നിനക്കു വിട്ടുതരുന്നു. എന്റെ ഓഹരിയായി എനിക്കെടുക്കുവാൻ കഴിയുന്നത്ര സ്വർണ്ണം മാത്രമെ ഞാൻ നിന്നോടാവശ്യപ്പെടുന്നുള്ളു."

ആ സ്ത്രീ ആ വ്യവസ്ഥ സമ്മതിച്ച് കള്ളനു് വലിയൊരു ചാക്കുനിറയെ സ്വർണ്ണം കൊടുത്തു. അവൻ റിൻസിംഹനെ ആ ശവമുറിയിൽത്തന്നെ വിട്ട് യാത്രപറഞ്ഞ് കഴിയുന്നത്ര വേഗത്തിൽ വലിഞ്ഞുനടന്നു.

പിറേറദിവസം രാവിലെ നേരത്തെ റിൻസിംഹൻ ജനാലിൽക്കൂടി പുറത്തിറങ്ങി. താഴെ വന്നു് വീട്ടിന്റെ മുമ്പിൽ ച്ചെന്നു് അവൻ ആ സ്ത്രീയോടു് അവളുടെ സഹോദരനെവിടെയെന്നു ചോദിച്ചു.

ചേട്ടൻ ഇന്നലെ രാത്രിതന്നെ പോയിയെന്നും അവൾ അയാൾക്കു് ഒരു ചാക്കനിറയെ സ്വർണ്ണം കൊടുത്തുവെന്നും പറഞ്ഞു ആ സ്ത്രീ. റിൻസിംഹന്നു് കള്ളന്റെ ചതി മനസ്സിലായി. അവന്നു് അടക്കാനാവാത്ത കോപമുണ്ടായി. പിന്നാലെച്ചെന്നു് അവനെ പിടിച്ചു് പകരം ചോദിക്കുവാൻ നിശ്ചയിച്ചു റിൻസിംഹൻ. അവൻ ആ സ്ത്രീയോടു് ഒരു കുതിരയെ കടംവാങ്ങി കഴിയുന്നത്ര വേഗത്തിൽ ഓടിച്ചുപോയി. ഏതാണ്ടു് ഉച്ചയായപ്പോൾ അവന്റെ മുമ്പിൽ കുറെ ദൂരെ ഒരു മരത്തണലിൽ കള്ളനിരുന്നു് വിശ്രമിക്കുന്നതു കണ്ടു. റിൻസിംഹന്നു് ഒരു കുതിരയെ കിട്ടുമെന്നു് അവൻ സ്വപ്നേപി വിചാരിച്ചില്ല. അതിനാൽ പതുക്കെ വിശ്രമിച്ചു പോകാമെന്നു കരുതി.

കള്ളനെപ്പിടികൂടി തന്റെ ഓഹരി വാങ്ങണമെന്നാണു് റിൻസിംഹൻ ആദ്യം വിചാരിച്ചതു്. പക്ഷെ തുടർന്നു ചിന്തിച്ചപ്പോൾ അവന്റെ കയ്യിൽ ആയുധമില്ലെന്നും കള്ളന്റെ കയ്യിൽ വാളും തോക്കുമുണ്ടെന്നും ഒരു പോരാട്ടം വേണ്ടിവന്നെങ്കിൽ കേട്ടു് തനിക്കാണു് പററുക എന്നും അവന്നു തോന്നി. അതിനാൽ കുതിരയുടെ കഴുത്തിലേക്കു കുനിഞ്ഞിരുന്നു് അവൻ കള്ളനെക്കണ്ടില്ലെന്നു നടിച്ചുംകൊണ്ടു് ധൃതിയിൽ പോകുകയാണെന്ന നിലക്കു് കുതിരയെ പറപറപ്പിച്ചുപോയി. കള്ളന്റെ കണ്ണെത്താത്ത ദൂരത്തെത്തിയപ്പോൾ അവൻ കുതിരയെ ഒരു മതിലിന്നരികിൽ നിർത്തി. കയ്യിലുള്ള കെട്ടിൽനിന്നു് ഒരു പുതിയ ചെരിപ്പെടുത്തു അവൻ വഴിനടുവിലിട്ടു. കുറച്ചുദൂരം പിന്നേയും പോയശേഷം അവൻ ആ ചെരുപ്പിന്റെ ഇണച്ചെരുപ്പും വഴിനടുവിലിട്ടു. അതും കഴിഞ്ഞു് അവൻ വഴിവിട്ടു് അടുത്തുള്ള കാട്ടിൽ കുതിരയോടുകൂടി ഒളിഞ്ഞിരുന്നു.

റിൻസിംഹൻ കണ്ണിൽനിന്നു മറഞ്ഞശേഷം കള്ളനെഴുന്നേററു. തന്നെ അവൻ കണ്ടില്ലെന്നതിൽ കള്ളനു സന്തോഷംതോന്നി. അവൻ സ്വർണ്ണച്ചാക്കും പേറിക്കൊണ്ടു് യാത്രതുടർന്നു. കുറച്ചുദൂരം ചെന്നപ്പോൾ വഴിനടുവിൽ ഒരു പുതിയ ചെരുപ്പു് കിടക്കുന്നതു കണ്ടു.

“ആ വങ്കൻ ധൃതികൊണ്ടു് അവൻെറ ഒരു ചെരുപ്പു് വീണതറിഞ്ഞിട്ടില്ല! പക്ഷെ ഈ ഒരു ചെരുപ്പെട്ടത്തിട്ടെന്തു പ്രയോജനം? ഒരുപയോഗവുമില്ല. രണ്ടും അവൻ വിട്ടുപോകാഞ്ഞതു് എന്തൊരു കഷ്ടമായിപ്പോയി!” ആ ചെരുപ്പവിടെത്തന്നെയിട്ടു് അവൻ യാത്രതുടർന്നു. വെയിൽ കൂടി. ഭാരിച്ച സ്വർണ്ണച്ചാക്കു് ഏററി നടക്കേണ്ടിവന്നതിനാൽ കള്ളൻ വളരെ ക്ഷീണിച്ചു. മറേറ ചെരുപ്പു് കിടന്നിരുന്ന സ്ഥലത്തെത്തിയപ്പോഴേക്കും അവൻ തളർന്നുകഴിഞ്ഞിരുന്നു.

“അതാ മറേറ ചെരുപ്പു്! ഇതു കളയുക വയ്യ. ഞാൻ പോയി മറേറ ചെരുപ്പും എടുത്തുകൊണ്ടുവരട്ടെ. ഒരു ചെലവുമില്ലാതെ ഒരു ജോടി പുത്തൻചെരുപ്പു കിട്ടി. പക്ഷെ ഈ ചുമടത്രയും പിന്നോക്കം ഏററിനടക്കാൻ വയ്യ.” ചെരുപ്പുകണ്ട സന്തോഷത്തിൽ കള്ളൻ വിചാരിച്ചു.

അങ്ങിനെ വിചാരിച്ചു് അവൻ വഴിയരുകിലുള്ള പുൽക്കൂട്ടത്തിൽ സ്വർണ്ണച്ചാക്കു് ഒളിച്ചുവെച്ചു് ആദ്യത്തെ ചെരുപ്പെടുക്കുവാൻ പിന്നോക്കം പോയി. അവൻ കണ്ണിൽനിന്നു് മറഞ്ഞവുടൻ റിൻസിംഹൻ ഒളിഞ്ഞേടത്തുനിന്നു് പുറത്തുവന്നു് ആ സ്വർണ്ണച്ചാക്കെടുത്തു കുതിരപ്പുറത്തുവെച്ചു് അതിവേഗത്തിൽ പോവുകയും ചെയ്തു.

# വീരബലൻ

(ഹിന്ദിയിൽനിന്നു്)

രൂപസേനമഹാരാജാവാണു് ഒരു കാലത്തു് ബർദ്ധാൻ ഭരിച്ചിരുന്നതു്. ഒരുദിവസം സ്വകാര്യമുറിയിലിരിക്കുമ്പോൾ അദ്ദേഹം താഴെനിന്നു് വലിയ ശബ്ദകോലാഹലം കേട്ടു. കാവല്ക്കാരനോടു് ആ ഉപദ്രവമെന്താണെന്നു ചോദിച്ചു. അവൻ പറഞ്ഞു. “പൊന്നുതിരുമേനി; പലതരക്കാരായ ആളുകൾ പണക്കാരുടെ വീട്ടിൽ ചെന്നിരുന്നു് വെടിപറയുന്ന ബഹളമാണതു്.” രാജാവു് മറുപടിയൊന്നും പറഞ്ഞില്ല. പക്ഷെ ചിന്തയിലാണ്ടു. അല്പനേരം കഴിഞ്ഞു് പാറാവുകാരൻ വന്നു തൊഴുതു പറഞ്ഞു. “പ്രഭോ, അന്യനാട്ടിൽനിന്നു വന്ന ഒരാൾ അങ്ങയുടെ കീഴിൽ ഒരുദ്യോഗം കിട്ടിയാൽ തരക്കേടില്ലെന്നും പറഞ്ഞു അവിടുത്തെ കാണാൻ കാത്തുനിൽക്കുന്നു.”

രാജാവു് ആ മനുഷ്യനെ തന്റെ മുമ്പിൽകൊണ്ടുവരുവാൻ കല്പിച്ചു. പാറാവുകാരൻപോയി കുറച്ചു കഴിഞ്ഞു് ആ ആളേയുംകൊണ്ടു വന്നു. പുതിയ ആൾ ഭക്ത്യാദരങ്ങളോടെ രാജാവിനെ തൊഴുതുനിന്നു. “നമ്മുടെ കീഴിൽ സേവനമനുഷ്ഠിക്കുവാൻ

ആഗ്രഹമുണ്ടോ?" രാജാവു ചോദിച്ചു. "പേരെന്താ? എന്തു ശമ്പളമാണു് വേണ്ടതു്?"

"പ്രഭോ," ആ അപരിചിതൻ പറഞ്ഞു. "അടിയൻെറ പേർ വീരബ്ബലൻ എന്നാണു്. അടിയൻ ഒരു രജപുത്രനാണു്. അടിയൻ അവിടത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നു. ദിവസേന ആയിരം തോല സ്വർണ്ണം ശമ്പളം കിട്ടിയെങ്കിലേ അടിയനു് ജീവിക്കാനൊക്കുകയുള്ളു.

"കൂടെ എത്ര ആളെകൊണ്ടുവന്നിട്ടുണ്ടു്?" രാജാവു ചോദിച്ചു.

"ഭാര്യയും മകനും മകളും മാത്രം." വീരബ്ബലൻ മറുപടി പറഞ്ഞു. "മററാരും അടിയൻെറ കൂടെയില്ല." ഇതു കേട്ടുനിന്നിരുന്നവരെല്ലാവരും ചിരിക്കുവാൻ തുടങ്ങി. പക്ഷെ രാജാവ് ഉള്ളിലോർത്തു, "ഇവനിത്രയധികം ശമ്പളം ചോദിക്കാനെന്താ കാരണം? ഇവനു് എന്തെങ്കിലും ചില പ്രത്യേക ഗുണങ്ങളുണ്ടാവണം. ഒരുപക്ഷെ ഒരുകാലത്തു് എന്തെങ്കിലും ഒരു വലിയ കാര്യം അവൻ എനിക്കുവേണ്ടി ചെയ്യുവെന്നുവരും." എന്നും വിചാരിച്ചു് രാജാവു അവനെ ഉദ്യോഗത്തിൽ നിശ്ചയിച്ചു. ധനകാര്യക്കാരനോടു് അയാൾക്കു് പ്രതിദിനം ആയിരം തോല ശമ്പളം കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു.

വീരബ്ബലൻ ഈ സംഖ്യയിലെ പകുതി ബ്രാഹ്മണർക്കും, ശേഷമുള്ളതിൻെറ പകുതി സാധുക്കൾക്കും നീക്കിവെച്ചു. ബാക്കിയുള്ളതു് തൻെറ കുടുംബച്ചെലവിനും ഉപയോഗിച്ചു. വീട്ടുജോലികൾ കഴിഞ്ഞു് വൈകുന്നേരം അയാൾ വാളും കുന്തവും ധരിച്ചു് രാജാവിൻെറ കിടപ്പുമുറിയുടെ ഉമ്മറത്തുവന്നു നിൽക്കും. രാജാവു് ചോദിക്കും:

"ആരവിടെ?" വീരബ്ബലൻ മറുപടി പറയും. "അടിയൻ, പ്രഭോ."

എന്തുപണി പറഞ്ഞാലും അയാൾ സന്തോഷത്തോടെ ചെയ്തിരുന്നു. അങ്ങിനെ കുറെക്കാലം കഴിഞ്ഞു.

ഒരുദിവസം രാത്രി പതിവുപോലെ വീരബലൻ കാവൽ നിൽക്കുമ്പോരം കൊട്ടാരത്തിന്നടുത്തെവിടെനിന്നോ രാജാവു് ഒരു സ്ത്രീയുടെ ദീനരോദനം കേട്ടു.

"ആരവിടെ?" അദ്ദേഹം ചോദിച്ചു.

"അടിയൻ വീരബലൻ പ്രഭോ. എന്താണാവോ കല്പന?"

"ആരാ, എന്തിനാ കരയുന്നതെന്നു ചെന്നു നോക്കു."

"വീരബലൻ രാജശാസനവും വഹിച്ചു് പോയി. പക്ഷെ രാജാവു് അയാരം മടങ്ങിവരുന്നതുവരെ കാത്തിരുന്നില്ല. ജിജ്ഞാസനില്ലാതെ അദ്ദേഹം വേഷപ്രഛന്നനായി അയാളുടെ പിന്നാലെച്ചെന്നു. വീരബലൻ കരച്ചിൽ കേട്ട സ്ഥലത്തെത്തി. അവിടെ സുന്ദരിയായ ഒരു സ്ത്രീ തലയിൽ തല്ലി നിലവിളിക്കുന്നതുകണ്ടു. അവളാരാണെന്നും, കരയുന്നതെന്തിനാണെന്നും ചോദിച്ചു.

"ഞാൻ രാജാവിന്റെ പരദേവതയാണു്." അവരം മറുപടി പറഞ്ഞു. "കരയുന്നതെന്തിനാണു്?" വീരബലൻ ചോദിച്ചു. "രാജകുടുംബത്തിൽ വളരെ അനർത്ഥങ്ങളുണ്ടാകാൻ പോകുന്നു. ഇനി ഇവിടെ ദുർദ്ദേവത ബാധിക്കും. എനിയ്ക്കിവിടം വിട്ടേണ്ടിവരും. ഒരു മാസത്തിന്നുള്ളിൽ രാജാവു് വലിയൊരപകടത്തിൽപ്പെട്ടു മരിക്കും. അതോർത്താണു് ഞാൻ കരയുന്നതു്. വളരെക്കാലമായി ഞാൻ ഇവിടെ സുഖമായി കഴിയുകയായിരുന്നു. അദ്ദേഹത്തെ ഓർത്താണു് ഞാൻ വേദനിക്കുന്നതു്. ഞാൻ നിങ്ങളോടു പറയുന്നതെല്ലാം സത്യമാണു്."

ഇതു കേട്ടു് വീരബലൻ ചോദിച്ചു. "രാജാവിനെ രക്ഷിക്കാനും അദ്ദേഹത്തിനു് ഒരു നൂറുകൊല്ലത്തെ ആയുസ്സുണ്ടാക്കാനും എന്താണുപായം?" "ഇവിടെനിന്നു് സുമാർ പന്ത്രണ്ടുനാഴിക കിഴക്കു് ഒരു ദേവീക്ഷേത്രമുണ്ടു്. ആരെങ്കിലും സ്വന്തം കൈകൊണ്ടു് സ്വന്തം മകന്റെ തലവെട്ടി ആ ദേവിയുടെ പാദങ്ങളിലർപ്പിച്ചാൽ രാജാവു് നൂറുകൊല്ലം ജീവിച്ചിരിക്കും. അദ്ദേഹത്തിന്നു് യാതൊരു വിഷമങ്ങളുമുണ്ടാകയുമില്ല."

ഇതു കേട്ടവുടൻ വീരബലൻ തൻെറ വീട്ടിലേക്കാണു് തിരിച്ചതു്. രാജാവും ഒളിഞ്ഞു പിന്നാലെച്ചെന്നു. വീരബലൻെറ ഭാര്യ ഉറങ്ങിയിരുന്നു. അയാൾ ആ സ്ത്രീയെ വിളിച്ചുണർത്തി നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. എല്ലാം കേട്ടശേഷം അവർ തൻെറ മകനെ ഉണർത്തിപ്പറഞ്ഞു. "മകനേ, നീ രാജാവിന്നു വേണ്ടി ജീവനുപേക്ഷിക്കണം. എന്നാലദ്ദേഹം രക്ഷപ്പെടുകയും വളരെക്കാലം ജീവിച്ചിരിക്കുകയും ചെയ്യും."

"അമ്മേ" ആ ബാലൻ പറഞ്ഞു. "മൂന്നു കാരണങ്ങൾകൊണ്ടു് ഞാൻ സന്തോഷത്തോടുകൂടി എൻെറ ജീവനുപേക്ഷിക്കുന്നതാണു്. ഒന്നു്, അമ്മയുടെ ആജ്ഞയാണു്. രണ്ടു് ആത്മബലി രാജാവിന്നു വേണ്ടിയാണു്. മൂന്നു്, ജീവനർപ്പിക്കുന്നതു് ദേവീപാദങ്ങളിലാണു്. ഇനി എന്തിനാണു് വൈകിക്കുന്നതു്?"

വീരബലൻ ഭാര്യയോടു പറഞ്ഞു. "മനസ്സാ നീയതനുവദിക്കുമെങ്കിൽ ഞാൻ മകനെ ബലികഴിച്ചുകൊള്ളാം." "എനിക്കു് മകനോ മകളോ അല്ലവലുതു്." ആ സ്ത്രീ മറുപടി പറഞ്ഞു. "അങ്ങാണു് എനിക്കു വലുതു്. എൻെറ സൽഗതിക്കുള്ള മാർഗ്ഗം അങ്ങുമാത്രമാണു്. കാരണം, "പതിഭക്തിയില്ലാത്ത സ്ത്രീകൾ നിത്യദുഃഖമനുഭവിക്കുമെന്നു് പറഞ്ഞുകേട്ടിട്ടുണ്ടു്." മകൻ പറഞ്ഞു. "അച്ഛാ, അന്യൻെറ നന്മക്കുവേണ്ടി ആത്മാർപ്പണം ചെയ്യുന്നതിൽ കവിഞ്ഞ വലിയ ധർമ്മം ലോകത്തിലില്ല."

അങ്ങനെ കാര്യങ്ങൾ തീർച്ചയാക്കി ആ അച്ഛനും അമ്മയും മക്കളുംകൂടി ദേവീക്ഷേത്രത്തിലേക്കുപോയി. വീരബലൻ ദേവിയുടെ മുമ്പിൽനിന്നു പറഞ്ഞു: "ദേവി, അവിടുന്നു് രാജാവിന്നു് നൂറുവർഷം ആയുസ്സുകൊടുത്തരുളുവാൻ കനിയുമാറാകണം. അതിന്നായി അടിയനിതാ അടിയൻെറ പുത്രൻെറ തല അവിടുത്തെ പാദങ്ങളിൽ അർപ്പിക്കുന്നു."

പ്രാർത്ഥന കഴിഞ്ഞു് അയാൾ മകൻെറ തലവെട്ടി ദേവിയുടെ പാദങ്ങളിൽവെച്ചു. സഹോദരൻ മരിച്ചതുകണ്ടു് വ്യസനം സഹിക്കാതെ ആ മകൾ വാളെടുത്തു് അവളുടെ ജീവൻ

കളഞ്ഞു. രണ്ടു മക്കളും മരിച്ചതുകണ്ടു് അമ്മയും ആത്മഹത്യ ചെയ്തു.

അവർ മൂന്നുപേരും മരിച്ചതുകണ്ടു് വീരബലൻ വിചാരിച്ചു. "എൻെറ ഭാൎയ്യയും മക്കളും മരിച്ചശേഷം ഞാനെന്തിനു ജീവിക്കുന്നു? ഞാനെന്തിനുദ്യോഗം നോക്കുന്നു? എൻെറ പ്രയത്നം മുഴുവൻ അവൎക്കുവേണ്ടിയല്ലേ? ഇനിയെന്തിനു ജീവിതം?" അയാളും ജീവൻ വെടിഞ്ഞു.

ഒളിഞ്ഞുനിന്നിരുന്ന രാജാവു അവരോരോരുത്തരായി മരിച്ചതുകണ്ടു് വിചാരിച്ചു. "എനിക്കുവേണ്ടി ഇവരെല്ലാവരും മരിച്ചു. ഒരു കുടുംബം മുഴുവൻ രാജാവിനുവേണ്ടി ഇങ്ങിനെ ദുരന്തമായി മുടിയുമ്പോൾ രാജാവു് സുഖിച്ചു വാഴുന്നതു ഉചിതമല്ല." എന്നും വിചാരിച്ചു് അദ്ദേഹം വാളൂരി തൻെറ കഴുത്തിനുനേരെയോങ്ങി. അവസാനം ദേവി പ്രസാദിച്ചു. "നിൎത്തു! വത്സ, നിൻെറ നീതിയിലും ധൎമ്മത്തിലും ഞാൻ സന്തുഷ്ടയായിരിക്കുന്നു. എന്തുവരം വേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളുക." ദേവിയരുളി.

"അംബാ!" രാജാവു് പറഞ്ഞു. "അവിടന്നു് പ്രസാദിച്ചരുളുമെങ്കിൽ ഈ മരിച്ചവരെ ജീവിപ്പിച്ചതരുമാറാകണം."

"അങ്ങിനെതന്നെ" എന്നും പറഞ്ഞു് ദേവി ആ ക്ഷേത്രം വിട്ടുപോയി, പാതാളത്തിൽച്ചെന്നു് അമൃതു് കൊണ്ടുവന്നു. അതിൻെറ ദിവ്യശക്തിയാൽ മരിച്ചവർ വീണ്ടും ഉയൎന്നെഴുനേററു.

പിന്നീടു രാജാവു് അവരേയുംകൂട്ടി അരമനയിലേക്കു മടങ്ങുകയും അവരെല്ലാവരും സുഖമായി ജീവിക്കുകയും ചെയ്തു.

൧

# ഗ്രാമീണനും രാക്കുയിലും

ഒരു ഗ്രാമീണന്നു് നല്ലൊരു തോട്ടവും അതിൽ പലതരം പൂച്ചെടികളുമുണ്ടായിരുന്നു. അതിലുള്ള ഒരു പനിനീർച്ചെടി അവന്റെ ജീവനായിരുന്നു. ദിവസേന ഒരു രാക്കുയിൽ പനിനീർപ്പൂക്കൾ കൊത്തി നശിപ്പിക്കാൻ തുടങ്ങി. അവന്നു് വല്ലാത്ത ദ്വേഷ്യം വന്നു. ഗ്രാമീണൻ ആ രാക്കുയിലിനെ കെണിവെച്ചു പിടിച്ചു് കൂട്ടിലിട്ടു. അത്ര ക്രൂരത കാണിക്കാനെന്താണു് കാരണമെന്നു് രാക്കുയിൽ ഗ്രാമീണനോടു ചോദിച്ചു. തന്റെ പൂക്കൾ നശിപ്പിച്ചതിനുള്ള ശിക്ഷയാണതെന്നു് അവൻ പറയുകയും ചെയ്തു. പൂ നശിപ്പിച്ചതിന്നു് അയാൾക്കു് ഇത്രയധികം കോപവും താപവുമുണ്ടായാൽ കൂട്ടിലിട്ടടച്ചതിന്നു് എത്രയുണ്ടാവണമെന്നു് കുയിൽ ചോദിച്ചു. ആ സംഭാഷണത്തിന്നു ഫലമുണ്ടായി. ഗ്രാമീണൻ കുയിലിനെ തുറന്നുവിട്ടു. കുയിൽ ആ ദയക്കു് നന്ദികാണിച്ചു് തോട്ടത്തിലുള്ള ഒരു മരത്തിന്റെ ചുവട്ടിൽ നിധിയുണ്ടെന്നു് തോട്ടക്കാരനോടു പറഞ്ഞു. അതനുസരിച്ചു നിധി കണ്ടപ്പോൾ ഗ്രാമീണന്നു് ഒരു പക്ഷിക്കു് ഭൂമിയ്ക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന സ്വർണ്ണം കണ്ടുപിടിക്കാനെങ്ങിനെ കെൽപ്പുണ്ടായെന്നത്ഭുതം തോന്നി. മാത്രമല്ല ഭൂമിക്കു മീതെ

വെച്ച വല കാണാനതിന്നു കഴിഞ്ഞില്ലെന്നും! "നിങ്ങൾക്കറിയില്ലേ?" അതായിരുന്നു മറുപടി "എത്ര കാത്തുനടന്നാലും വിധി ഫലിക്കുകതന്നെ ചെയ്യും."

കാള അങ്ങിനെ പറഞ്ഞ സമയത്ത് കൌശലക്കാരനായ കുറുക്കൻ കിട്ടിയ സന്ദർഭം പാഴാക്കിയില്ല. രാജാവ് ദുരാത്മാവും വഞ്ചകനുമാണെന്നും ഏഷണിക്കാരുടെ വലയിൽപ്പെട്ട് വിശ്വസ്തനായ ഒരു സേവകനെ അദ്ദേഹം തെററിദ്ധരിച്ചുവെന്നും, അതു ധർമ്മമല്ലെന്നും പറഞ്ഞു. "ശരിയാണ്." വളരെയധികം വ്യസനത്തോടെ കാള പറഞ്ഞു. "ഞാൻ വലിയ അപകടത്തിലാണ്. ഉള്ളതുപോലെ കഴിഞ്ഞാൽ മതിയായിരുന്നു. വലിയവരുടെ സേവയും മൈത്രിയും നല്ലതാണെന്നു കരുതി." "അതുതന്നെ." കുറുക്കൻ പറഞ്ഞു. "താങ്കളുടെ കഥ ആ വേടൻെറ കഥപോലെയാണ്."

## വേടനും കുറുക്കനും

വേടൻ ഇരയുംതേടി ഒരു മൈതാനത്തിൽ ചുററി അലയുകയായിരുന്നു. ആ സമയത്തു് അവനൊരു കുറുക്കനെ കണ്ടു. അവൻ അതിൻെറ പിന്നാലെ പോയി. അതിൻെറ മട കണ്ടുപിടിച്ചു് അവൻ മടയുടെ മുമ്പിൽ ഒരു കുഴികുത്തി ചപ്പും ചവറുമിട്ടു് നിറച്ചു്, മീതെ ഒരു ശവംവെച്ചു. മാംസത്തിൻെറ മണം തട്ടി വായിൽ വെള്ളംവന്ന കുറുക്കൻ പതുക്കെ ആ കുഴിയുടെ വക്കുവരെ വന്നു. ആ മൃഷ്ടാന്നത്തിൽ അതിന്നു കൊതിയുണ്ടായിരുന്നെങ്കിലും വല്ല അപകടവും പററുമോ എന്നു കരുതി ഉള്ളിലൊരു പേടിതോന്നി. അവസാനം കുറുക്കൻ അതു വേണ്ടെന്നുവെച്ചു പോയി. അതിനിടക്കു്, വിശന്നുവലഞ്ഞ ഒരു പുലി ആ ശവം കണ്ടു് ആർത്തിപിടിച്ചു് ആ കുഴിയിലേക്കു ചാടി. ഒരു മൃഗം വീണ ശബ്ദംകേട്ടു് വേടൻ അതിനെ പിടിക്കുവാൻ കുഴിയിലിറങ്ങി. കുറുക്കനാണെന്നേ അവൻ കരുതിയതു്. അബദ്ധമായെന്നു ചിന്തിക്കുന്നതിന്നുമുമ്പു് പുലി അവൻെറ കഥ കഴിച്ചു. അങ്ങിനെ അവൻ സ്വന്തം ദുർമ്മോഹത്തിന്നും ആലോചനക്കുറവിന്നും ഉള്ള ശിക്ഷയനുഭവിച്ചു.

ഞാൻ അവിവേകം കാണിച്ചുവെന്നു് കാള സമ്മതിച്ചു. "ശരിയാണു്, സിംഹം യാഥാർത്ഥ്യവും സത്യസന്ധതയും അറിയുന്നില്ല. ഇല്ലെങ്കിൽത്തന്നെ ചുററുപാടുമുള്ള ചിലർ എനിക്കു വിപരീതമായി ഗൂഢതന്ത്രങ്ങൾ നടത്തുന്നുണ്ടു്. പക്ഷെ എനിക്കു് ശക്തിയില്ല. ഞാൻ ആ ഒട്ടകത്തിൻെറ പരിതസ്ഥിതിയിലാണു്."

## ചെന്നായ, കാക്ക, കുറുക്കൻ, സിംഹം

ഒരു കണ്ണുകടിയൻ കാക്ക, ഭയങ്കരനായ ചെന്നായ, സൂത്രക്കാരനായ കുറുക്കൻ എന്നിവയാണ് സിംഹത്തിൻെറ സേവക്കാർ. ഒരു ദിവസം ഒരു വർത്തകസംഘം അവരുടെ ഒരു ഒട്ടകത്തെ, ഏതാണ്ടിവർ താമസിക്കുന്നതിൻെറ കുറെ അടുക്കെയായി വിട്ടു പോയി. കുറച്ചുകഴിഞ്ഞു് ക്ഷീണംതീർന്ന് ഒട്ടകം ഭക്ഷണംതേടി ചുററും അലഞ്ഞുനടന്നു. യദൃച്ഛയാ അതു് ഈ സിംഹത്തെ കണ്ടു മുട്ടി. ഗത്യന്തരമില്ലാതെ അതു് താണുതൊഴുതു. രാജാവു് അഭയം കൊടുത്തു. ഒട്ടകം സേവകവൃന്ദത്തിലൊന്നായി. മനസ്സിന്നു് സമാധാനവും ദേഹത്തിന്നു് നല്ല തീററയും കിട്ടുവാൻ തുടങ്ങിയപ്പോറം അതു് തടിച്ചുകൊഴുത്തു. ഒരു ദിവസം സിംഹവും ഒരു മദിച്ച ആനയും തമ്മിൽ പോരുനടന്നു. സിംഹത്തിന്നു് കുറച്ചു പരുക്കുപററി. അതു് മടങ്ങിവന്നു് ഗുഹയിൽ കിടന്നു. ചെന്നായയും, കാക്കയും, കുറുക്കനും സിംഹത്തിൻെറ ഉച്ഛിഷ്ടം കഴിച്ചാണു് ജീവിച്ചിരുന്നതു്. പരിതസ്ഥിതി മാറിയപ്പോറം അവയ്ക്കു് പിഴപ്പില്ലാതായി. അവ കൂടിയാലോചിച്ചു. തങ്ങറംക്കും സിംഹത്തിന്നും ആ ഒട്ടകത്തെ എങ്ങനെ വിനിയോഗിക്കാമെന്നായി അവരുടെ ചിന്ത. ഒടുവിൽ തീർച്ചയാക്കി, ഒട്ട

കത്തെക്കൊല്ലുവാൻ സിംഹത്തെ പ്രേരിപ്പിക്കുകയെന്നും അങ്ങനെ തങ്ങൾക്കും രാജാവിന്നും വേണ്ട ഭക്ഷണമുണ്ടാക്കുകയെന്നും. കുറുക്കൻ അതിനോടു യോജിച്ചില്ല. അമ്മാതിരിയുള്ളൊരു ചതിപ്പണി വനരാജാവിന്നു് ഭൂഷണമല്ലെന്നും കുറുക്കൻ പ്രസംഗിച്ചു.

കാക്ക അതിന്നൊരു സൂത്രം കണ്ടുപിടിച്ചു. അതുടനെ രാജാവിന്റെ മുമ്പിൽച്ചെന്നു. ഒട്ടകത്തെക്കൊന്നു രാജാവിന്റെ ജീവൻ രക്ഷിക്കേണ്ട ആവശ്യകതയെപ്പററി കാക്കമന്ത്രി ഊന്നിപ്പറഞ്ഞു. രാജാവിന്നു ദേഷ്യംവന്നു. അമ്മാതിരിയൊരു ഹീനകൃത്യം ചെയ്യുന്നതു് അപഖ്യാതിക്കു് കാരണമാകുമെന്നു പറഞ്ഞു വനരാജൻ. അതുകൊണ്ടൊന്നും ഒഴിഞ്ഞുമാറുന്നവനല്ല ആ കൌശലക്കാരൻ കാക്ക. അതു തത്വോപദേശം തുടങ്ങി. ഒരുത്തനെക്കളഞ്ഞു ഒരിടത്തേയും, ഒരിടത്തെയുപേക്ഷിച്ചു് ഒരു സമുദായത്തേയും, ഒരു സമുദായത്തെയുപേക്ഷിച്ചു ഒരു നാടിനേയും, നാടിനെയുപേക്ഷിച്ചു രാജാവിനേയും സംരക്ഷിക്കേണ്ട ആവശ്യകതയെപ്പററി കാകൻ ആപ്തവാകൃങ്ങളുദ്ധരിച്ചു സംസാരിച്ചു. പോരെങ്കിൽ ഏതപഖ്യാതിയും കാലക്രമേണ തീർന്നുകൊള്ളുമെന്നും പറഞ്ഞു പ്രസംഗമവസാനിപ്പിച്ചു.

സിംഹം ഒന്നും പറഞ്ഞില്ല. കാക്ക തിരികെ ചങ്ങാതികളുടെ അടുക്കെയെത്തി. എല്ലാം വിചാരിച്ചപോലെ നടക്കുമെന്നേററുപറഞ്ഞു. അവർ വീണ്ടും കൂടിയാലോചന നടത്തി ഒട്ടകത്തിന്റെ അടുക്കെച്ചെന്നു. രാജാവിന്റെ പട്ടിണി തീർക്കാൻ തങ്ങൾ ഓരോരുത്തരായി തിരുമുമ്പിൽച്ചെന്നു് ആത്മബലി ചെയ്യാമെന്നു് ഏൽക്കുകയല്ലാതെ മററൊരു മാർഗ്ഗവുമില്ലെന്നു ഒട്ടകത്തിനെ ബോദ്ധ്യപ്പെടുത്തുകയും അതിന്നു സന്നദ്ധനായ ഒട്ടകത്തെക്കൂട്ടി തിരുമുമ്പിലേക്കു പോകുകയും ചെയ്തു. അവർ രാജസന്നിധിയിലെത്തി. കാക്ക കൂറും ഭക്തിയും നടിച്ചു് താൻ തിരുമേനിക്കുവേണ്ടി ജീവനെ അർപ്പിക്കുവാൻ തയാറാണെന്നു പറഞ്ഞു. ഉടനെ അയാളുടെ കൂട്ടുകാർ ഒരേ സ്വരത്തിൽ, ഒരു

കാക്കയുടെ മാംസം രാജാവിന്റെ അമൃതേത്തിന്നു പററിയതല്ലെന്നായി. പിന്നത്തെ ഊഴം കുറുക്കന്റേതാണ്. അതും ആത്മബലിക്കു സന്നദ്ധത പ്രകടിപ്പിച്ചു. ഒരു കുറുക്കന്റെ മാംസം നാററമുള്ളതാണെന്നു പറഞ്ഞു കൂട്ടുകാർ. അതും വർജ്ജിയ്ക്കപ്പെട്ടു. ചെന്നായയുടെ കഥയുമതുതന്നെ. പിന്നത്തെ ഊഴം ഒട്ടകത്തിന്റേതാണ്. "ഉയരമുള്ളവർക്കു വിവരമില്ല" എന്ന ചൊല്ലിന്നു മകുടോദാഹരണം കാണിക്കുന്ന ആ സാധുമൃഗം പൊന്നുതിരുമേനിക്കുവേണ്ടി തന്റെ ജീവനെ അർപ്പിക്കാമെന്നു പ്രഖ്യാപിച്ചു. ഒട്ടകം അതു പറയേണ്ട താമസം, കൂട്ടുകാർ ചാടിവീണ് അതിനെ അടിച്ചുകൊന്ന് പിച്ചുചീന്തി.

കാളയെ സംബന്ധിച്ചേടത്തോളം ഈ കഥയുടെ സാരം വിശദീകരിയ്ക്കേണ്ടിയിരുന്നില്ല. എന്താ ചെയ്യാൻ പോകുന്നതെന്നു ചോദിക്കയല്ലാതെ കുറുക്കന് മറെറാരു മാർഗ്ഗവും തോന്നിയില്ല. കാള പറഞ്ഞു. "ഒരു യുദ്ധത്തിന്നൊരുങ്ങുകതന്നെ. എന്നിട്ടു ചാവുകയാണെങ്കിൽക്കൂടി അഭിമാനവും അന്തസ്സുമുണ്ടല്ലോ." കുറുക്കന് ആ അഭിപ്രായം ബുദ്ധിപൂർവ്വമാണെന്നു തോന്നിയില്ല: ഒരു കലഹമുണ്ടാക്കിവിടാനെളുപ്പമാണ്. ശത്രുവിന്റെ പ്രാബല്യത്തെ നിസ്സാരമായിക്കരുതുന്നത് അവിവേകമാണ്. അതിന്നുദാഹരണമായി കുറുക്കൻ കടൽക്കാക്കയുടെ കഥ പറഞ്ഞു.

# അഗറിയ-ലോകസൃഷ്ടി

(മദ്ധ്യപ്രദേശത്തെ പുരാണകഥ)

ഭഗവാൻ ആദ്യം ഒരു താമരദളംകൊണ്ടു് ലോകം സൃഷ്ടിച്ചു. പക്ഷെ സൂര്യന്റെ ചുട്ടകിരണങ്ങൾ തട്ടി ആ ദളം വാടി.

പിന്നീട്ടു് ഭഗവാൻ അരക്കുകൊണ്ടു് ലോകമുണ്ടാക്കി. പക്ഷെ അദ്ദേഹം അതിൽ ചവിട്ടിയപ്പോൾ അതു് ആയിരം കഷണങ്ങളായിനുറുങ്ങി.

അവസാനം അദ്ദേഹം തന്റെ മാറത്തെ ചളിയിൽനിന്നു് ഒരു കാക്കയെ സൃഷ്ടിച്ചു. അതിന്നു് നിറയെ പാലൂട്ടിപ്പറഞ്ഞു. "നീ എന്നിൽനിന്നു് പാൽ കുടിച്ചു. ഇനി നിനക്കു് വിശപ്പോ ദാഹമോ ഉണ്ടാവില്ല. നമുക്കു രണ്ടുപേർക്കുംകൂടി ഭൂമിയെ വീടെയെന്നു തിരയാം."

കാക്ക വളരെ വളരെ ദൂരം പറന്നുപോയി. തളർന്നുവീഴാറായപ്പോൾ അതു വിചാരിച്ചു: "എന്റെ പിതാവു് എന്റെ ശത്രുവാണു്. കൊല്ലാൻവേണ്ടി മാത്രമാണു് അദ്ദേഹം എന്നെ സൃഷ്ടിച്ചതു്. അതു് കക്കുമാൽ കഷാത്ത്ര എന്ന വലിയ ഞണ്ടിന്റെ മീതെ വീണു. കക്കുമാൽ കഷാത്ത്രവെള്ളത്തിന്റെ അടിയിലേക്കുതാണു. അവിടെ നളരാജാവിനേയും നളറാണിയേയും കണ്ടു. അവർ പന്ത്രണ്ടുകൊല്ലമായി ഉറങ്ങുകയാണു്.

ഞെണ്ടു് താണുവന്ന ഇളക്കത്തിൽ അവർ ഉണർന്നു. നളരാജാവു പറഞ്ഞു. "നൈസാംരാജാവിന്റെ കയ്യിലാണു് ഭൂമി. എന്റെ കയ്യിലല്ല." പക്ഷെ ഞെണ്ടു് അദ്ദേഹത്തിന്റെ കഴുത്തിൽ പിടികൂടി, അദ്ദേഹം മണ്ണു് മുഴവൻ ഛർദ്ദിക്കുന്നതുവരെ ഇറുക്കി. കാക്ക ആ മണ്ണെടുത്തുകൊണ്ടും പിതാവിന്റെ അടുക്കൽചെന്നു. ഭഗവാൻ ലോകവും സൃഷ്ടിച്ചു.

അഞ്ചുകൊല്ലത്തിന്നുശേഷം ഭൂമിയിലെ ഒരു വിള്ളലിൽനിന്നു് വൈഗപുറപ്പെട്ടു. വൈഗ ഭൂമാതാവിനോടു പറഞ്ഞു: "അമ്മേ, എന്റെ വീണയെവിടെ?" ഭൂമി പറഞ്ഞു: "മകനേ നീ ഇപ്പോഴും ഒരു ചെറിയ പിഞ്ചാണു്. നിനക്കിപ്പോൾ എന്തിന്നാണൊരു വീണ?" പക്ഷെ അന്നേദിവസം വേണുകന്യക ജനിച്ചു. വൈഗ വേണുവിന്റെ അടിയും തലയും വെട്ടി. അവൻ തന്റെ തലനാരുകൊണ്ടു് അതിന്നു കമ്പികെട്ടി. അതിൽനിന്നുയൎന്ന ശബ്ദം ഭഗവാന്റെ ഇരിപ്പിടമിളക്കി. ഭഗവാൻ വൈഗ ജനിച്ചതറിഞ്ഞു. അവനെ വിളിക്കാനാളയയ്ക്കുകയും ചെയ്തു. പക്ഷെ ആ ദൈവദൂതൻ, വൈഗ ഒരു മരത്തിന്നടിയിൽകിടന്നുറങ്ങുന്നതു കണ്ടു. ഭൂമാതാവു് പറഞ്ഞു. "മകനേ പോകേണ്ട" പക്ഷെ വൈഗ തന്റെ വീണയുമെടുത്തു് പോവുകതന്നെ ചെയ്തു. ഭഗവാൻ അവനോടു പറഞ്ഞു. "ഭൂമി ഉറപ്പിക്കാൻ നിന്റെ നഖം തരുക." വൈഗക്കു നഖമുണ്ടായിരുന്നില്ല. അവൻ അതിനാൽ തന്റെ വലത്തെ കയ്യിലെ ചെറുവിരൽ മുറിച്ചു് ഭൂമിയിൽ തറച്ചു. പക്ഷെ ഭഗവാന്നു് തൃപ്തിയായില്ല. "ബലമുള്ള തൂണുകൾ വേണം" അദ്ദേഹം പറഞ്ഞു.

വൈഗ അഗന്യാസുരനെ ധ്യാനിച്ചു. അഗന്യാസുരൻ ജ്വലിച്ചുയൎന്നു. ആ ജ്വാലയിൽനിന്നു് ഒരു 'അഗറിയ' ഉണ്ടായി. അഗറിയ തീയിൽനിന്നുണ്ടായതിനാൽ നമുക്കതിനെ പേടിക്കേണ്ടാവശ്യമില്ല. പഴുത്ത ഇരുമ്പിൽനിന്നുകൂടി നമുക്കു് കൈകൊണ്ടു് തുരുമ്പുകളയാം. പിന്നെ ആ അഗറിയ പച്ചിരുമ്പുകൊണ്ടു് പന്ത്രണ്ടു തൂണുകളുണ്ടാക്കി. അവയെ ലോകത്തിന്റെ നാലുമൂലയിലും നാട്ടി. ലോകം ഉറച്ചു. ഭഗവാൻ അതിൽ വിത്തിറക്കുകയും ചെയ്തു.

# വൈഗ-സൂൎയ്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടേയും കഥ

ലോകാരംഭത്തിലൊരിക്കൽ ഭക്ഷണത്തിന്നുവഴിയില്ലാതെ ദേവന്മാർ വിശന്നുവലഞ്ഞു. അവർ ഭക്ഷണം യാചിക്കുവാൻ, ഒരു വ്യാപാരിയുടെ (ദാസ്സർ-?) അടുക്കെച്ചെന്നു. വ്യാപാരി പറഞ്ഞു. "ഞാൻ നിങ്ങൾക്കു വേണ്ടതൊക്കെത്തരാം. പക്ഷെ നിങ്ങളാദ്യം എന്റെ കയ്യിൽനിന്നു ഭക്ഷണം വാങ്ങികഴിക്കണം." ദേവന്മാർക്കെന്തുചെയ്യാൻ കഴിയും? അവർക്കതിന്നു സമ്മതിക്കേണ്ടിവന്നു. വ്യാപാരിക്കു് ധാന്യം നിറച്ച വലിയൊരു പത്തായമുണ്ടായിരുന്നു. അതിന്റെ അടിയിലുള്ള ദ്വാരത്തിൽക്കൂടി ധാന്യമെടുക്കാൻ അവൻ ദേവന്മാരോടു പറഞ്ഞു. അവരതു പുറത്തെടുത്തു. വ്യാപാരി അതിൽനിന്നു് അവർക്കു വേണ്ട ഭക്ഷണത്തിനുള്ളതെടുത്തു പാകംചെയ്തു.

പക്ഷെ ദേവന്മാർ സ്വകാൎയ്യമായി ഭീമസേനനെ അയച്ചു് കാററിനെവരുത്തി. തങ്ങൾ ഭക്ഷണത്തിന്നിരിക്കുമ്പോൾ ഭക്ഷണമെല്ലാം അടിച്ചുകൊണ്ടുപോകണമെന്നു ദേവന്മാർ കാററിനോടു പറഞ്ഞു. കാരണം ഒരു വ്യാപാരിയുടെ കയ്യിൽനിന്നു് അവരെങ്ങിനെ ഭക്ഷണം കഴിക്കും?

അതങ്ങിനെതന്നെ നടന്നു. വ്യാപാരി ദേവന്മാരുടെ മുമ്പിൽ ഭക്ഷണംവെച്ചുപോയി. ഒരു കൊടുങ്കാററുവന്നു് അതെല്ലാം അടിച്ചുകൊണ്ടുംപോയി. വ്യാപാരി തിരിച്ചുവന്നപ്പോൾ പാത്രങ്ങളെല്ലാം ഒഴിഞ്ഞുകണ്ടു. അവർ അതൊക്കെ കഴിച്ചു കഴിഞ്ഞുവെന്നു വിചാരിച്ചു വ്യാപാരി. പക്ഷെ ദേവന്മാർ ധാന്യംകൊണ്ടു പോകുന്നതുകണ്ടു് വ്യാപാരി ചോദിച്ചു. "ആരാണു് എനിക്കിതിന്നു വിലതരിക?" "സൂൎയ്യനും ചന്ദ്രനും തന്നുകൊള്ളും." അവർ പറഞ്ഞു. വ്യാപാരി പറഞ്ഞു. "ശരി. അവർ പത്തായത്തിന്റെ അടിയിലുള്ള ദ്വാരത്തിൽക്കൂടെ ധാന്യം

നിറക്കേണ്ടിവരും. മുകളിൽക്കൂടെയല്ല. അതാണെൻെറ നിയമം." ദേവന്മാർ പോയി.

കുറച്ചു ദിവസങ്ങൾക്കുശേഷം വ്യാപാരി സൂര്യചന്ദ്രന്മാരെ വരുത്തി. അവർ അടിയിലുള്ള ദ്വാരത്തിൽക്കൂടെ പത്തായം നിറക്കുവാൻ ശ്രമിച്ചു. പക്ഷെ പററിയില്ല. അതിനാൽ വ്യാപാരി സൂര്യനേയും ചന്ദ്രനേയും പിടിച്ചു് തൻെറ വീട്ടിൽവെച്ചു. ഒടുവിൽ ദേവന്മാർ വന്നവരെ വിടുവിച്ചു.

വീണ്ടും കുറച്ചുകാലം കഴിഞ്ഞു് സൂര്യനും ചന്ദ്രനും ധാന്യങ്ങൾകൊണ്ടുവന്നു. പത്തായം നിറക്കുവാൻ നോക്കി. ഓരോ പ്രാവശ്യവും ദേവന്മാർ വന്നു വിടുവിക്കുന്നതുവരെ വ്യാപാരി സൂര്യചന്ദ്രന്മാരെ പിടിച്ചു നിർത്തി.

അതങ്ങിനെ തുടർന്നുവരുന്നു. അതാണു് സൂര്യചന്ദ്രന്മാർ ഇടക്കു് ഇരുണ്ടുപോകുന്നതു്. അതായതു് വ്യാപാരിയുടെ വീട്ടിൻെറ ചുമരുകളുടെ നിഴൽ അവരുടെ മീതെ വീഴുകയാണു്. ആയാളുടെ കടം ഒരുകാലത്തും തീരുന്നതല്ല. എന്തെന്നാൽ അടിയിലുള്ള ഒരു ദ്വാരത്തിൽക്കൂടെ മേലോട്ടു് ധാന്യം നിറക്കുവാനാർക്കാണു് കഴിയുക?

## ദുർവാ—വെള്ളത്തിൻെറ കഥ

ലോകത്തിനു ചുററും വെള്ളവും വെള്ളത്തിൽ നിറയെ ചെറിയ മത്സ്യങ്ങളുമുണ്ടായിരുന്നു. മഴക്കാലത്തു് അവ പുറമെ വന്നു് മേലോട്ടും, കീഴോട്ടും, അങ്ങോട്ടും, ഇങ്ങോട്ടും കളിക്കും. അവരുടെ കളിയാണു് മിന്നൽ.

സന്തതികളില്ലാതെ മരിച്ചുപോയവർ ഒരുമിച്ചു് ചേർന്നു് മഴ തോരാതെ പെയ്യുന്ന സമയത്തു് ഇരുമ്പും, അമ്പും, കൊഴുവും, കത്തിയും, അരുവാളും, കോക്കോട്ടുംകൊണ്ടുണ്ടാക്കിയ ഒരു തേരു് വലിച്ചുകൊണ്ടുപോകും. അതാണു് ഇടി. ചിലപ്പോൾ ഈ സാധനങ്ങൾ ആകാശത്തിൽനിന്നു് താഴോട്ടുവീഴും. ആ സമയത്തു് ഭൂമി ഗർഭം ധരിക്കുകയും ഫലസമൃദ്ധമാവുകയും ചെയ്യും.

## പങ്ക—തീയിൻെറ കഥ

ആദ്യകാലങ്ങളിൽ മനുഷ്യർ വേവിക്കാത്ത ഭക്ഷണങ്ങളാണ് കഴിച്ചിരുന്നതു്. മഹാദരിദ്രനായ ഒരാളുണ്ടായിരുന്നു. അയാൾക്കു് മൂന്നു മക്കളും. മൂന്നുപേർക്കും അടുത്ത വീടുകളിൽ ചെറിയ ജോലികൾ കിട്ടി. മൂത്തവൻ കല്യാണം കഴിച്ചു. ഒരു ദിവസം അവൻെറ ഭാര്യ അവൻെറ അച്ഛനമ്മമാരോടും സഹോദരന്മാരോടും പറഞ്ഞു. "ഓരോരുത്തരും അവനവൻെറ ഇഷ്ടപ്രകാരമാണ് നടക്കുന്നതു്. വേണ്ടതു പറഞ്ഞുകൊടുക്കാനൊരാളില്ല." അവരെല്ലാവരും ആലോചിച്ചു. അവസാനം അവളെത്തന്നെ തറവാട്ടമ്മയാക്കി. അവൾ പറഞ്ഞു. "ശരി. ഞാനീ ഭാരമേടുക്കാം. പക്ഷെ നിങ്ങൾ ഞാൻ പറഞ്ഞതു കേൾക്കണം." അവരേററു.

"ഒരു പുതിയ വീടുണ്ടാക്കിൻ." അതായിരുന്നു ആദ്യത്തെ കല്പന അതായപ്പോൾ അവൾ പറഞ്ഞു. "നിങ്ങൾ പണികഴിഞ്ഞു വരുമ്പോൾ വഴിയിൽ കണ്ടതു്—അതൊരു വിറകിൻകൊള്ളിയോ, കയറിൻെറ കഷണമോ, വല്ല പഴമോ എന്തായാലും ശരി—അതെടുത്തുകൊണ്ടുവന്നു് വീട്ടിൽ വെക്കണം." അവരതു ചെയ്തു. ഒരുത്തൻ കൊണ്ടുവന്നതു് ചാണകമാണു്. മററവൻ

ഒരു കഷണം വിറകു്. മൂന്നാമത്തവൻ ചില ഉണങ്ങിയ ഇല കഠം, അതെല്ലാം വീട്ടിനകത്തിട്ടു് അവർ യജമാനൻെറ വീട്ടിലേക്ക ഭക്ഷണത്തിന്ന പോയി.

ഒരു ദിവസം ഇളയ സഹോദരൻ വളരെ ക്ഷീണിച്ചാണു് വന്നതു്. അവനന്നു് വീട്ടിലേക്കൊന്നും കൊണ്ടുവരാൻ കഴിഞ്ഞില്ല. പക്ഷെ ജ്യേഷ്ഠത്തിയമ്മ ദേഷ്യപ്പെട്ടമെന്ന ഭയന്നു് അവൻ എന്തെങ്കിലും കൊണ്ടുവരാൻവേണ്ടി തിരികെപ്പോയി. ചത്തുകിടക്കുന്ന ഒരു പാമ്പിനെയാണവൻ കണ്ടതു്. അവനതിനെ എടുത്തുകൊണ്ടുവന്നു് ആ പുതിയ വീട്ടിലിട്ട. അതു നിലത്തുവീണ ഉടൻ അതിൻെറ വായയിൽനിന്നു് തീവന്നു. ആ സ്ത്രീ അതുകണ്ടു് സെമൂർ മരത്തിൽനിന്നു് കുറച്ചു പഞ്ഞിയും എടുത്തുകൊണ്ടോടിവന്നു. അവഠം പാമ്പിൻെറ വായ്പിടിച്ചു് പഞ്ഞിയിൽ തീപിടിപ്പിച്ചു. അവഠം ഭക്ഷണം വേവിച്ചു് അവർക്ക കൊടുത്തു. എല്ലാവർക്കും വളരെ സന്തോഷമായി.

അവഠം ആ പാമ്പിനെ വീട്ടിൻെറ മോന്തായത്തിലിട്ടുവെക്കുകയും ചെയ്തു.

# ഗോത്രവർഗ്ഗ പരിഷ്കർത്താക്കൾ

ശങ്കരം, ചിപ്ലിയം, ഗുലംഗാ, ഡാക്കാ എന്നീ താലൂക്കുകൾ ചേർന്നതായിരുന്നു 'ഗോത്രദേശം' എന്ന രാജ്യം. ആ ദേശം മുഴുവൻ കാടായിരുന്നു. പിന്നീട് ഗോത്രജന്മാർ വന്ന് അവിടെ താമസിച്ച്, കാടു വെട്ടിത്തെളിയിച്ച് നിലം കൃഷിക്കുപയുക്തമാക്കി. ഗഢോവിലെ ഗോത്രരാജാവിന്ന് സമരസിംഹൻ എന്നായിരുന്നു പേർ. അദ്ദേഹം ബർദ്വാൻ രാജാവിന്ന് കപ്പംകൊടുത്തിരുന്നു.

ഒരിക്കൽ പത്തോ പന്ത്രണ്ടോ ഗോത്രജന്മാർ കപ്പംകൊടുക്കാനായിക്കൊണ്ട് ബർദ്വാനിലേക്കുപോയി. കപ്പംകൊടുത്ത ശേഷം അവിടുത്തെ രാജാവ് അവർക്കൊരു സദ്യകൊടുത്തു. കിടക്കാനായി ഒരു മുറിയൊരുക്കി. അതിലേക്ക് ഒരു കിടക്കയും കൊടുത്തയച്ചു. ആരാണ് ആ കിടക്കയിൽ കിടക്കേണ്ടതെന്നായി ഗോത്രജന്മാരുടെ വാദം. ആർക്കും അലോഹ്യമുണ്ടാവരുതെന്നു കരുതി എല്ലാവരും നിലത്തുതന്നെ കിടക്കുവാനും കാലുകൾമാത്രം കിടക്കമേൽ വെയ്ക്കുവാനും തീർച്ചയാക്കി. എങ്കിൽ എല്ലാവർക്കും അതിൽ ഒരുപോലെ അവകാശം കിട്ടുമല്ലോ. അവരങ്ങിനെ ചെയ്തു. ബർദ്വാൻ രാജാവ് കാലത്തുവന്ന് ഇവർ വിചിത്രമായ രീതിയിൽ കിടക്കുന്നതുകണ്ട് അത്ഭുതപ്പെട്ടു. കിടക്ക കൊടുത്തയച്ചത് ആ സംഘത്തിലെ തലവനു കിടക്കാനാണെന്നും അദ്ദേഹം പറഞ്ഞു. അവരുടെയിടയിൽ നിലയും വിലയും നോക്കുക പതിവില്ലേ എന്നും ചോദിച്ചു. "ഉവ്വ്" അവർ പറഞ്ഞു. "ഞങ്ങളുടെ ഗ്രാമങ്ങളിൽ അതു നോക്കുക പതിവുണ്ട്; പക്ഷെ ഇവിടെ ഞങ്ങൾ ഒരന്യനാട്ടിലാണ്". മാത്രമല്ല, ഞങ്ങളെല്ലാവരും ഒരു ഗ്രാമക്കാരല്ലാത്തതുകൊണ്ട് ഞങ്ങളിൽ ആരാ

ണ് പ്രധാനി എന്ന് ആർ നിശ്ചയിക്കും? നാടുവിട്ടാൽ നാമെല്ലാവരും സമന്മാരാണ്."

## പുകയിലമാഹാത്മ്യം

പുകയില ഉണ്ടായതെങ്ങിനെയാണ്? അതോ? പറയാം. ഒരു ബ്രാഹ്മണകന്യകയുണ്ടായിരുന്നു. ബന്ധുക്കളവളെ കല്യാണംകഴിച്ചു കൊടുത്തില്ല. അവൾ അവിവാഹിതയായിത്തന്നെ മരിച്ചു. ശവദഹനം കഴിഞ്ഞു് ആളുകൾ പോയപ്പോൾ ഈശ്വരൻ വിചാരിച്ചു. "കഷ്ടം! ഞാൻ ഈ സ്ത്രീയെ ലോകത്തിലേക്കയച്ചു. ആരും അവളിൽ പ്രീതി കാട്ടിയില്ല. ശരി. ഞാനവൾക്കൊരു വരം കൊടുക്കും. അതുകാരണം പുരുഷന്മാർ അവളെ ഓരോ ദിവസവും ആവശ്യപ്പെടും." അങ്ങിനെ അദ്ദേഹം ആ ചിതയിൽ പുകയില വിതച്ചു. അതു വളർന്നു തളിർക്കുകയും ചെയ്തു. അവിടെ ഒരു ഇടയച്ചെറുക്കനുണ്ടായിരുന്നു. അവൻ ആ സ്ഥലത്തിന്നു ചുററും കാലികളെ മേയ്ക്കുക പതിവായിരുന്നു. അവൻെറ ആടുകൾ ആർത്തിയോടെ പുകയില കടിച്ചുതിന്നുന്നതുകണ്ടു് ആ ഇല എന്തായിരിക്കുമെന്നായി അവൻെറ അത്ഭുതം. ഉടനെചെന്ന് അവൻ അതു് കടിച്ചുനോക്കുകയും കശപ്പുകൊണ്ടു് തുപ്പുകയും ചെയ്തു. പക്ഷെ കുറച്ചു ദിവസങ്ങൾക്കുശേഷം അവന്നു് പല്ലുവേദന തുടങ്ങി. പല മരുന്നുകളും നോക്കി, പ്രയോജനമുണ്ടായില്ല. അവൻ ആ കശത്ത പുകയില ഓർമ്മിച്ചു. അതു് ചവച്ചു് കുറച്ചുനേരം വായിലിട്ടുനോക്കി. പല്ലുവേദന പറന്നു. അന്നുമുതൽ അവൻ പുകയില മുറുക്കാൻ തുടങ്ങി. ഒരു ദിവസം അവൻ കരിഞ്ഞ ഒരു സാധനം — എല്ലോ ചുണ്ണാമ്പോ —കണ്ടു. അവൻ അതെടുത്തു് വിരലിന്നിടയിൽ തിരുമ്പി അതെന്താണെന്നു നോക്കി. അതു കഴിഞ്ഞു് കുറച്ചു പുകയില പൊട്ടിച്ചു വായിലിട്ടു. അപ്പോൾ അതിന്നു കുറച്ചുകൂടി കാരംതോന്നി. അന്നുമുതൽ അവൻ ചുണ്ണാമ്പുകൂട്ടി പുകയില മുറുക്കുവാൻ തുടങ്ങി. പല്ലുവേദനയുള്ള മററു കൂട്ടർക്കും അവൻ ഈ ഇല ശിപാർശിചെയ്തു. അവരും അതു മുറുക്കുവാൻ തുടങ്ങി. അതിന്നു് പുകയില എന്നു പേരും കൊടുത്തു. അങ്ങിനെ പല്ലുവേദനയുള്ള

വരെല്ലാം പുകയില ഉപയോഗിക്കാൻ തുടങ്ങി. ജനങ്ങൾക്കു് അതിലാസക്തിയും കൂടി. ഇങ്ങിനെയാണു് പുകയിലയുടെ ഉത്ഭവവും ഉപയോഗവുമുണ്ടായതെന്നാണു് പൂർവ്വികന്മാർ പറയുന്നതു്.

## പരലോകം

പരലോകത്തെപ്പററി ഗോത്രവർഗ്ഗക്കാർ പറയുന്നതിങ്ങിനെയാണു്. മരണത്തിനുശേഷം മനുഷ്യർക്കു് പരലോകത്തിൽ വെച്ചു് കുറെ യാതനകളനുഭവിക്കേണ്ട ഒരു സമയമുണ്ടു്. ഈശ്വരൻ (പന്തോബങ്ക –?) അവരെക്കൊണ്ടു കഠിനമായി ജോലി ചെയ്യിക്കും. സ്ത്രീകൾക്കു് ഉലക്കകൊണ്ടു് ആവണക്കിന്റെ കുരു കുത്തേണ്ടിവരും. അതിന്റെ വിത്തിൽനിന്നാണു് ദൈവം മനുഷ്യരെ സൃഷ്ടിക്കുന്നതു്. ദിവസം മുഴുവനും അവർ പണിയെടുക്കണം. കുട്ടികളുള്ള സ്ത്രീകൾക്കു് മുലകൊടുക്കാനുള്ള ചെറിയൊരിടകിട്ടും. എന്നാൽ കുട്ടികളില്ലാത്തവർക്കു് വിശ്രമമേയില്ല. പുരുഷന്മാർക്കു് പുകയില മുറുക്കുവാനുള്ള ചെറിയൊരിട അനുവദിച്ചുകിട്ടും. പക്ഷെ മുറുക്കില്ലാത്തവർക്കു് രാവിലെമുതൽ രാത്രിവരെ നില്ക്കാതെ പണിയെടുക്കേണ്ടിവരും. ഇതുകൊണ്ടാണു് ജീവിച്ചിരിക്കുന്ന കാലത്തു് ഗോത്രവർഗ്ഗക്കാർ മുറുക്കുന്നതു്. വെറും ഹുക്കവലിച്ചതുകൊണ്ടു് പ്രയോജനമില്ല. പരലോകത്തിൽ ഹുക്കവലിക്കാനുള്ള സമയം അനുവദിക്കപ്പെടുകയില്ല. അവിടെ കുടിക്കുവാനുള്ള വെള്ളം കിട്ടാൻ പ്രയാസമാണു്. വെള്ളം കുടിക്കാൻ ചെല്ലുന്നവരെ ആട്ടിയോടിക്കുവാൻ തവളകൾ കാവൽനില്ക്കും. അതിനാൽ ഗോത്രജന്മാർ മരിച്ചുപോകുന്നവർക്കു് വെള്ളം കുടിക്കുവാനുള്ള പാത്രവും കൊടുത്തയക്കുന്നു. എന്നാൽ വെള്ളം കൂടെക്കൊണ്ടുപോകാമല്ലൊ. ജീവിതത്തിൽ ആൽ നട്ടുവളർത്തിയവർക്കും, പരലോകത്തിൽ ശിക്ഷകിട്ടും. മാത്രമല്ല, അവരെ വെള്ളത്തിൽ ചീഞ്ഞളിയുന്ന എല്ലാ ഇലകളും പെറുക്കിക്കളയാനയക്കും. പക്ഷെ അവർക്കു് ഇലകൾ പെറുക്കാൻ ചെല്ലുമ്പോൾ വെള്ളം കുടിക്കാനുള്ള സന്ദർഭം കിട്ടും. ഇതൊക്കെ ശരിയാണോ എന്നെനിക്കറിയില്ല.

# കട്ടിയാകോൺഡ്—പക്ഷി

(ഒറീസ്സായിലെ പഴങ്കഥ)

കിളി കുറെ ചാമ കൊത്തിക്കൊണ്ടു് കൂട്ടിലേക്കു പോയി. മുള്ളൻപന്നി—അതെന്തു ചെയ്തുവെന്നറിയാമോ? അതു് ചാമ മുഴവൻ അതിന്റെ കാലുകൊണ്ടു മെതിച്ചു. പിടക്കോഴി—അതെന്തുചെയ്തു? അതു് ചിറകടിച്ചു് ചാമ ചേറി. മത്സ്യം—അതെന്തുചെയ്തു? അതു് ചാമ ഒരു കല്ലിലിട്ടുണക്കി. മരംകൊത്തി—അതെന്തുചെയ്തു? അതതിന്റെ കൊക്കുകൊണ്ടു് ചാമ കുത്തി അരിയാക്കി. കാടപ്പക്ഷി—അതെന്തുചെയ്തു? അതു് ചിറകുകൊണ്ടു് ചാമ വെടുപ്പാക്കി. ഞണ്ടു്—അതെന്തുചെയ്തു? അതു് ചാമ വെച്ചു. എലി—അതെന്തുചെയ്തു? അതു ചാമ പങ്കിട്ടു. കുരുവി—അതെന്തുചെയ്തു? അതു ചാമ തിന്നു, വളരെത്തിന്നു. അതിന്റെ പുറത്തു ചാമ മുളയ്ക്കുന്നതുവരെ തിന്നു.

ഓന്തു് എച്ചിലിലകൾ വലിച്ചെറിഞ്ഞു. തവള അതുകണ്ടു ചിരിച്ചു. ഓന്തിന്നു ദേഷ്യംവന്നു. അതു് തവളയെക്കൊന്നു. മറ്റുള്ളവർക്കു് ദേഷ്യം വന്നു. അവ ഓന്തിനെ ചീത്തപറഞ്ഞു. "അതെന്തിനെ എന്നെ പരിഹസിച്ചതു്?" ഓന്തു ചോദിച്ചു. അവർ പറഞ്ഞു. "നാം ഒരുമിച്ചു കഴിഞ്ഞിരുന്നവരാണു്. പക്ഷെ നീ ഇപ്പോൾ തവളയെ കൊന്നു. ഇനി നമുക്കു വേറിടണം." അതോടെ മുള്ളൻപന്നി കാട്ടിലേക്കും, എലി നിലത്തൊരു മാളമുണ്ടാക്കി അതിലേക്കും പോയി ജീവിച്ചു. കോഴി മനുഷ്യരുടെ കൂടെ താമസിക്കുവാൻ പോയി. ഓന്തു് ഒരു മരപ്പൊത്തിലേക്കു പോയി. മരംകൊത്തി മരങ്ങളിലുള്ള കൃമികളെ കൊത്തിത്തിന്നു ജീവിച്ചു. പക്ഷികൾ മരത്തിൽപ്പോയി താമസിച്ചു. മത്സ്യം പുഴയിൽപ്പോയി ചളിതിന്നു ജീവിച്ചു. ഞണ്ടു് കരയോരത്തും കൂടി.

# ഹിൽസവോറ—ആന.

പണ്ടുകാലത്തു് ആനകൾക്കു് നന്നാലു വലിയ ചിറകുകളുണ്ടായിരുന്നു. ദേവേശൻ (കിട്ടംഗ്—?) അവയിലൊന്നിൽ സവാരിചെയ്യുക പതിവായിരുന്നു. പക്ഷെ ലോകം സൃഷ്ടിച്ചുകഴിഞ്ഞു. മനുഷ്യരതിൽ താമസിക്കാൻ തുടങ്ങിയപ്പോൾ അവർക്കു് ഈ ആനകളൊരുപദ്രവമായിത്തീർന്നു. ആനകൾ ഒന്നിച്ചാകാശത്തിൽ പറക്കാനും തളർന്നാൽ താഴെവന്നു് പുരകൾക്കുമീതെ അടഞ്ഞുവീഴാനും തുടങ്ങി. അവയുടെ ഘനംകൊണ്ടു് വീടുകൾ വീണുതകർന്നു.

ഇതുകേട്ടു് ദേവേശനു് അസഹ്യതയായി. അക്കാലത്തു് മയിലിന്നു വാലില്ല. ഒരു ദിവസം ദേവേശൻ ആനകളെ ഒരു സദ്യക്കു ക്ഷണിച്ചു. ആ ജന്തുക്കൾ വയറുനിറയെ തിന്നു് കിടന്നുറങ്ങി. ഉറങ്ങുന്ന സമയത്തു് ദേവേശൻ അവയുടെ ചിറകുകൾ മുറിച്ചു. അവയിൽ രണ്ടെണ്ണം അദ്ദേഹം മയിലിന്നു കൊടുത്തു. അങ്ങിനെയാണു് മയിലിന്നു വാലുണ്ടായതു്. മറ്റെ രണ്ടെണ്ണം അദ്ദേഹം വാഴയിലൊട്ടിച്ചു. അതുകൊണ്ടാണു് വാഴയ്ക്കു് വലിയ ഇലകളുണ്ടായതു്.

ആനകളുണർന്നു് തങ്ങളുടെ ചിറകുകൾ നഷ്ടപ്പെട്ടുവെന്നറിഞ്ഞപ്പോൾ ദേഷ്യപ്പെട്ടു. അവ കാട്ടിലേക്കോടിപ്പോവുകയും എന്നെന്നേക്കും മനുഷ്യരുടെ ശത്രുക്കളായിത്തീരുകയും ചെയ്തു.

# ജാതികളുടേയും വർഗ്ഗങ്ങളുടേയും ഉത്ഭവം

ദേവേശന്റെ ഭാര്യ ആഭരണങ്ങൾ സൂക്ഷിച്ചിരുന്നതു് ഒരു മൺകുടത്തിലും വിത്തുകൾ സൂക്ഷിച്ചിരുന്നതു് മുളപ്പത്തായത്തിലുമായിരുന്നു. ഒരുകൊല്ലം വിത്തിറക്കേണ്ടകാലം വന്നപ്പോൾ ദേവേശപത്നി പതിവുപോലെ പത്തായത്തിന്റെ മുമ്പിൽ പൂജകഴിച്ചു. പിന്നെ ദേവി വിത്തെടുക്കുവാൻ പത്തായത്തിൽ കയ്യിട്ടു പക്ഷെ പത്തായത്തിന്റെ ഉള്ളിൽനിന്നു് ഒരു പെൺകുട്ടി വിത്തെടുത്തുകൊടുത്തു പറഞ്ഞു. "ഇതാ അമ്മേ വിത്തു്." ഇതു കേട്ടു് ദേവി ഭർത്താവിനെ വിളിക്കുകയും അവർ രണ്ടുപേരുംകൂടി പത്തായത്തിൽ കയറി പെൺകുട്ടിയെ പുറത്തെടുക്കുകയും ചെയ്തു.

പൂജ കഴിഞ്ഞു് ദേവി തന്റെ ആഭരണങ്ങളെടുക്കുവാൻ പോയി. അതെടുക്കുവാൻ പാത്രത്തിൽ കയ്യിട്ടപ്പോൾ ആ പാത്രത്തിന്റെ ഉള്ളിൽനിന്നും ഒരു പെൺകുട്ടി ആഭരണമെടുത്തുകൊണ്ടു പറഞ്ഞു. "അമ്മേ ഇതാ ആഭരണം." അതു കേട്ടപ്പോൾ ദേവി വീണ്ടും ഭർത്താവിനെ വിളിക്കുകയും രണ്ടുപേരുംകൂടി ആ പെൺകുട്ടിയെ പുറത്തെടുക്കുകയും ചെയ്തു. അവർ ആ രണ്ടുകുട്ടികളേയും കുളിപ്പിച്ചു് ചോറുകൊടുത്തു് പേരിട്ടു. പത്തായത്തിൽനിന്നു് കിട്ടിയ കുട്ടിക്കു് സീതാബായ് എന്നും, കുടത്തിൽനിന്നു കിട്ടിയ കുട്ടിക്കു് രൂപസുന്ദരി എന്നും പേരിട്ടു. കുട്ടികൾ മുതിർന്നപ്പോൾ സീതാബായിയെ രാമദേവനും മററവളെ ഭീമദേവനും കല്യാണം കഴിച്ചു കൊടുത്തു. അതുകൊണ്ടാണു് രാമദേവനിൽനിന്നുണ്ടായ 'സഭോറ' കൾക്കു് ധാരാളം ധാന്യങ്ങ

ളും ഭീമദേവനിൽനിന്നുണ്ടായ ഹിന്ദുക്കൾക്കു് വേണ്ടത്ര സ്വർണ്ണവും വെള്ളിയും ഉണ്ടായതു്.

രാമദേവൻെറ ശക്തികണ്ടു് ബ്രാഹ്മണർ അദ്ദേഹത്തെപ്പിടിച്ചു് ഒരുകൽമണ്ഡപത്തിലിട്ടടച്ചു. സീതാബായി തനിച്ചായി. അവൾ പിന്നെ റണാഡിയുദേവനെ കല്യാണം കഴിച്ചു. അദ്ദേഹം അവളെ കുറച്ചുകാലം മണ്ടിയാമ്പൂർ കുന്നിലും പിന്നെ പൂരിയിലുംകൊണ്ടുപോയി താമസിപ്പിച്ചു.

ഓരോ പൂജയ്ക്കും നല്ല വിളയുണ്ടാവാൻവേണ്ടി നാം സീതാബായിയെ ധ്യാനിക്കുന്നു. കാരണം അവളാണു് ഓരോ കതിരും ഫലഭൂയിഷ്ഠമാക്കുന്നതു്.

216233
Y1:351:13:2:N5
32K01
UNIVERSITY LIBRARY MADRAS
MUL
216233

5 FEB 1965